Email:
contact.seckerala@gmail.com
electionker@gmail.com

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

29th December 2015

## വോട്ടിംഗ് യന്ത്രത്തകരാറ് സർക്യൂട്ട് ബോർഡിലെ തകരാറ് മൂലം

തദ്ദേശഭരണ തിരഞ്ഞെടുപ്പിൽ മലപ്പുറം, തൃശ്ശൂർ ജില്ലകളിൽ വോട്ടിംഗ് യന്ത്രങ്ങൾ തകരാറിലായത് ബാലറ്റ് യൂണിറ്റ് സർക്യൂട്ട് ബോർഡിലെ ഈർപ്പം കാരണമാണെന്ന് ഉന്നതതല അന്വേഷണ കമ്മീഷൻ കണ്ടെത്തി.

മുന്നൂറിൽപ്പരം ബാലറ്റ് യൂണിറ്റുകളാണ് പ്രസ്സ് എറർ മൂലം തകരാറിലായത്. ഇതു കാരണം ചില ബൂത്തുകളിൽ പോളിംഗ് വൈകി ആരംഭിക്കുകയും തടസ്സപ്പെടുകയും ചെയ്തിരുന്നു. 114 ബൂത്തുകളിൽ റീപോളിംഗും ആവശ്യമായി വന്നു.

ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺയൂണിവേഴ്സിറ്റി മുൻ പ്രോ വൈസ്ചാൻസലർ പ്രൊഫ. കെ. ആർ. ശ്രീവത്സൻ, സീഡാക് ഡയറക്ടർ ജനറൽ പ്രൊഫ. രജത് മൂന, സീഡാക് എക്സിക്യൂട്ടീവ് ഡയറക്ടർ ബി. രമണി എന്നിവരടങ്ങിയ സമിതിയാണ് പരിശോധന നടത്തി യത്.

വോട്ടിംഗ് യന്ത്രത്തിലെ കണ്ട്രോൾ യൂണിറ്റുകൾക്ക് തകരാറില്ലെന്ന് പ്രാഥമിക പരിശോധ നയിൽ തെളിഞ്ഞിരുന്നു. കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഇലക്ട്രോണിക് കോർപ്പറേഷൻ ഓഫ് ഇൻഡ്യയാണ് വോട്ടിംഗ്യന്ത്രങ്ങൾ നിർമ്മിച്ചു നൽകിയത്. ആകെയുള്ള 1.12 ലക്ഷം ബാലറ്റ് യൂണിറ്റുകളിൽ ഒരു ബാച്ചിൽപ്പെട്ട 20000 ത്തോളം യൂണിറ്റുകളിലെ സർക്യൂട്ട് ബോർഡ്, ഈർപ്പമുള്ള കാലാവസ്ഥയിൽ, ചില സന്ദർഭങ്ങളിൽ പ്രവർത്തന രഹിതമാകാൻ സാദ്ധ്യതയുണ്ടെന്നുള്ള അന്വേഷണ കമ്മീഷന്റെ നിഗമനത്തിന്റെ അടിസ്ഥാനത്തിൽ ആ ബാച്ചിലെ മുഴുവൻ ബാലറ്റ്യൂണിറ്റുകളുടെ സർക്യൂട്ട്ബോർഡിലും ആവശ്യമായ ക്രമീകരണം നടത്താൻ റിപ്പോർട്ടിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ തിരഞ്ഞെടുപ്പ് കമ്മീഷൻ ഇലക്ട്രോ ണിക് കോർപ്പറേഷന് നിർദ്ദേശം നൽകി.

*(എസ്.ഇ.സി. 230/2015)*

Email:
contact.seckerala@gmail.com
electionker@gmail.com

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

16th December 2015

## തിരഞ്ഞെടുപ്പ് കമ്മീഷനിൽ ഒഴിവ്

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ തിരുവനന്തപുരം ഓഫീസിൽ ഡ്രൈവർ തസ്തികയിലെ ഒരു ഒഴിവിലേയ്ക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു.

സംസ്ഥാന സർക്കാർ വകുപ്പുകൾ (സെക്രട്ടേറിയറ്റ് ഉൾപ്പെടെ), പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ സമാന തസ്തികയിൽ ജോലി ചെയ്യുന്ന ജീവനക്കാരിൽ നിന്ന് വകുപ്പ് തലവൻ മുഖേന, കേരള സർവ്വീസ് ചട്ടങ്ങളിൽ നിർദ്ദേശിച്ച പ്രകാരമുള്ള അപേക്ഷ, സെക്രട്ടറി, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, കോർപ്പറേഷൻ കോംപ്ലക്സ്, എൽ.എം.എസ് ജംഗ്ഷൻ, വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം പിൻ -695033 എന്ന വിലാസത്തിൽ 2016 ജനുവരി 20-നകം ലഭിച്ചിരിക്കണം.

*(എസ്.ഇ.സി. 229/2015)*

| | | |
|---|---|---|
| Email:<br>**contact.seckerala@gmail.com**<br>**electionker@gmail.com** | **പത്രക്കുറിപ്പ്** | TELEPHONE: 0471-2321233<br>MOBILE :8281000127<br><br>**www.sec.kerala.gov.in** |
| | **കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ** | **9th December 2015** |

## അടിമാലി ബ്ലോക്ക് പഞ്ചായത്ത് തിരഞ്ഞെടുപ്പ് ഫലം

ഇടുക്കി അടിമാലി ബ്ലോക്ക് പഞ്ചായത്തിലെ കല്ലാർ ഡിവിഷനിലേക്ക് ചൊവ്വാഴ്ച നടന്ന തിരഞ്ഞെടുപ്പിൽ എൽ.ഡി.എഫ് സ്വതന്ത്ര സ്ഥാനാർത്ഥി ഷൈല ജോസ് 714 വോട്ടുകൾക്ക് വിജയിച്ചു.

*(എസ്.ഇ.സി. 228/2015)*

Email:
contact.seckerala@gmail.com
electionker@gmail.com

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

8th December 2015

## തദ്ദേശ ഭരണ പ്രത്യേക തിരഞ്ഞെടുപ്പ് ഫലം

ഇന്ന് (ഡിസംബർ എട്ട്) നടന്ന തദ്ദേശ ഭരണ പ്രത്യേക/ഉപ തിരഞ്ഞെടുപ്പിൽ മൂന്നു വാർഡുകളിൽ എൽ.ഡി.എഫും, രണ്ടു വാർഡുകളിൽ യു.ഡി.എഫും, ഒരു വാർഡിൽ ബി.ജെ.പിയും വിജയിച്ചു. സ്ഥാനാർത്ഥികളുടെ മരണം, രാജി എന്നിവ കാരണമാണ് പ്രത്യേക/ഉപതിരഞ്ഞെടുപ്പ് ആവശ്യമായി വന്നത്. പത്തനംതിട്ട ഏറാത്ത് ഗ്രാമപഞ്ചായത്തിലെ ചൂരക്കോട് വാർഡിൽ എൽ.ഡി.എഫിൻെറ ടി.ഡി. സജി 233 വോട്ടുകൾക്ക് വിജയിച്ചു. തൃശ്ശൂർ ചേലക്കര ഗ്രാമപഞ്ചായത്തിലെ തോട്ടേക്കാട് വാർഡിൽ യു.ഡി.എഫിലെ എൻ പ്രസന്ന 62 വോട്ടുകൾക്കും, പാലക്കാട് പുതുശ്ശേരി ഗ്രാമപഞ്ചായത്തിലെ ചന്ദ്രാപുരം വാർഡിൽ എൽ.ഡി.എഫിലെ എം റാഫി 241 വോട്ടുകൾക്കും ചെർപ്പുളശ്ശേരി നഗരസഭയിലെ കൂളിയാട് വാർഡിൽ യു.ഡി.എഫിലെ അബ്ദുൾ അസീസ്(കെ.കെ. എ അസീസ്) 247 വോട്ടുകൾക്കും, കണ്ണൂർ ധർമ്മടം ഗ്രാമപഞ്ചായത്തിലെ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് വാർഡിൽ എൽ.ഡി.എഫിലെ ടി.കെ.പവിത്രൻ 328 വോട്ടുകൾക്കും, കാസർഗോഡ് മഞ്ചേശ്വരം ഗ്രാമപഞ്ചായത്തിലെ അയ്യർകട്ടെ വാർഡിൽ ബി.ജെ.പി യിലെ പ്രമീള പി. മഞ്ജു 69 വോട്ടുകൾക്കും വിജയിച്ചു. ഇടുക്കി അടിമാലി ബ്ലോക്ക് പഞ്ചായത്തിലെ കല്ലാർ ഡിവിഷനിൽ നടന്ന തിരഞ്ഞെടുപ്പിൻെറ ഫലം ബുധനാഴ്ച പ്രഖ്യാപിക്കുന്നതാണ്.

ചൊവ്വാഴ്ച നടന്ന തിരഞ്ഞെടുപ്പിൽ രേഖപ്പെടുത്തിയ പോളിംഗ് ശതമാനം ചുവടെ.

| | | |
|---|---|---|
| ഏറാത്ത് | - ചൂരക്കോട് | - 77.95 |
| അടിമാലി | - കല്ലാർ | - 61.44 |
| ചേലക്കര | - തോട്ടേക്കാട് | - 85.55 |
| പുതുശ്ശേരി | - ചന്ദ്രപുരം | - 90.71 |
| ചെർപ്പുളശ്ശേരി | - കൂലിയാട് | - 81.38 |
| ധർമ്മടം | - ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് | - 83 |
| മഞ്ചേശ്വരം | - അയ്യർകട്ടെ | - 72.13 |

*(എസ്.ഇ.സി. 227/2015)*

Email:
contact.seckerala@gmail.com
electionker@gmail.com

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

5th December 2015


## തിരഞ്ഞെടുപ്പ് ചെലവ് കണക്ക് ഡിസംബർ 7 –വരെ സ്വീകരിക്കും

തദ്ദേശഭരണ തിരഞ്ഞെടുപ്പിൽ മത്സരിച്ച സ്ഥാനാർത്ഥികളുടെ ചെലവ് കണക്ക് ഡിസംബർ 07 വരെ സ്വീകരിക്കുമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു.

ഗ്രാമപഞ്ചായത്തിൽ മത്സരിച്ചവർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയ്ക്കും ബ്ലോക്ക് പഞ്ചായത്തിൽ മത്സരിച്ചവർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയ്ക്കും ജില്ലാ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തലങ്ങളിൽ മത്സരിച്ചവർ ജില്ലാ കലക്ടർക്കുമാണ് കണക്ക് നൽകേണ്ടത്.

ഗ്രാമപഞ്ചായത്തിൽ ഒരു സ്ഥാനാർത്ഥി 10,000 രൂപ വരെയും ബ്ലോക്ക് പഞ്ചായത്ത്, മുനിസിപ്പാലിറ്റി എന്നിവിടങ്ങളിൽ 30,000 രൂപവരെയും ജില്ലാ പഞ്ചായത്തിലേയ്ക്കും കോർപ്പറേഷനിലേയ്ക്കും മത്സരിച്ച വർ 60,000 രൂപവരെയും ചെലവാക്കാം. സ്ഥാനാർത്ഥിയോ, ഏജന്റോ സ്ഥാനാർത്ഥിയ്ക്കുവേണ്ടി മറ്റാരെങ്കി ലുമോ ചെലവാക്കിയ തുക കണക്കിൽപ്പെടുത്തണം.

സ്ഥാനാർത്ഥി നാമനിർദ്ദേശം ചെയ്യപ്പെട്ട ദിവസം മുതൽ ഫലപ്രഖ്യാപന ദിവസം വരെയുള്ള ചെലവു കണക്കാണ് നൽകേണ്ടത്. കണക്കിനൊപ്പം രസീത്, വൗച്ചർ, ബില്ല് എന്നിവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പും നൽകണം. അവയുടെ ഒർജിനൽ സ്ഥാനാർത്ഥി സൂക്ഷിക്കുകയും ആവശ്യപ്പെടുന്നപക്ഷം പരിശോധനയ്ക്കായി നൽകുകയും വേണം. സ്ഥാനാർത്ഥികൾ എൻ 30 ഫാറത്തിലാണ് കണക്ക് നൽകേണ്ടത്. നിശ്ചിത തീയതിയ്ക്കകം ചെലവ് കണക്ക് നൽകാത്തവരേയും, തെറ്റായ കണക്ക് നൽകിയ വരേയും അഞ്ചു വർഷത്തേക്ക് തദ്ദേശഭരണ തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിൽ അയോഗ്യരാക്കുമെന്നും കമ്മീഷൻ അറിയിച്ചു.

*(എസ്.ഇ.സി. 226/2015)*

Email:
contact.seckerala@gmail.com
electionker@gmail.com

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

27th November 2015

## തിരഞ്ഞെടുപ്പ് ചെലവ് കണക്ക് ഡിസംബർ 7 നകം നൽകണം

തദ്ദേശഭരണ തിരഞ്ഞെടുപ്പിൽ മത്സരിച്ച സ്ഥാനാർത്ഥികൾ ഡിസംബർ 07 നകം ചെലവ് കണക്ക് നൽകണമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ കെ. ശശിധരൻ നായർ അറിയിച്ചു.

ഗ്രാമപഞ്ചായത്തിൽ മത്സരിച്ചവർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയ്ക്കും ബ്ലോക്ക് പഞ്ചായത്തിൽ മത്സരിച്ചവർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയ്ക്കും ജില്ലാ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തലങ്ങളിൽ മത്സരിച്ചവർ ജില്ലാ കലക്ടർക്കുമാണ് കണക്ക് നൽകേണ്ടത്.

ഗ്രാമപഞ്ചായത്തിൽ ഒരു സ്ഥാനാർത്ഥി 10,000 രൂപ വരെയും ബ്ലോക്ക് പഞ്ചായത്ത്, മുനിസിപ്പാലിറ്റി എന്നിവിടങ്ങളിൽ 30,000 രൂപവരെയും ജില്ലാ പഞ്ചായത്തിലേയ്ക്കും കോർപ്പറേഷനുലേയ്ക്കും മത്സരിച്ച വർ 60,000 രൂപവരെയും ചെലവാക്കാം. സ്ഥാനാർത്ഥിയോ, ഏജന്റോ സ്ഥാനാർത്ഥിയ്ക്കുവേണ്ടി മറ്റാരെങ്കിലുമോ ചെലവാക്കിയ തുക കണക്കിൽപ്പെടുത്തണം.

സ്ഥാനാർത്ഥി നാമനിർദ്ദേശം ചെയ്യപ്പെട്ട ദിവസം മുതൽ ഫലപ്രഖ്യാപന ദിവസം വരെയുള്ള ചെലവു കണക്കാണ് നൽകേണ്ടത്. കണക്കിനൊപ്പം രസീത്, വൗച്ചർ, ബില്ല് എന്നിവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പും നൽകണം. അവയുടെ ഒർജിനൽ സ്ഥാനാർത്ഥി സൂക്ഷിക്കുകയും ആവശ്യപ്പെടുന്നപക്ഷം പരിശോധനയ്ക്കായി നൽകുകയും വേണം. സ്ഥാനാർത്ഥികൾ എൻ 30 ഫാറത്തിലാണ് കണക്ക് നൽകേണ്ടത്. തിരഞ്ഞെടുപ്പ് ചെലവ് കണക്ക് നൽകുന്നതിൽ വീഴ്ച വരുത്തുന്നവരെ കമ്മീഷൻ അഞ്ചു വർഷത്തേയ്ക്ക് തദ്ദേശഭരണ തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിന് അയോഗ്യനാക്കും. നിശ്ചിത പരിധിയിൽ കൂടുതൽ തുക ചെലവാക്കിയാലും തെറ്റായ വിവരമാണ് നൽകിയതെന്ന് ബോദ്ധ്യപ്പെട്ടാലും കമ്മീഷൻ അവരെ അയോഗ്യരാക്കും. കഴിഞ്ഞ പൊതു തിരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥികളായവരിൽ 11000ത്തോളം പേർക്ക് അയോഗ്യത കാരണം ഇത്തവണ മത്സരിക്കാൻ കഴിഞ്ഞിട്ടില്ല. അതിനാൽ ഡിസംബർ 7 നകം കണക്ക് സമർപ്പിച്ചെന്ന് സ്ഥാനാർത്ഥികളും രാഷ്ട്രീയ കക്ഷികളും ഉറപ്പ് വരുത്തണമെന്നും കമ്മീഷണർ നിർദ്ദേശിച്ചു.

*(എസ്.ഇ.സി. 225/2015)*

Email:
contact.seckerala@gmail.com
electionker@gmail.com

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

20th November 2015

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അദ്ധ്യക്ഷൻ തിരഞ്ഞെടുപ്പ് ഫലം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ 12 അദ്ധ്യക്ഷ സ്ഥാനങ്ങളിലേയ്ക്ക് വെള്ളിയാഴ്ച നടന്ന തിരഞ്ഞെടുപ്പിൽ എൽ.ഡി.എഫിന്റെ അഞ്ചും യു.ഡി.എഫിന്റെ ഏഴും സ്ഥാനാർത്ഥികൾ വിജയിച്ചു. വിശദാംശങ്ങൾ ചുവടെ:

| ജില്ല | തദ്ദേശ സ്വയംഭരണ സ്ഥാപനം | അദ്ധ്യക്ഷൻ | മുന്നണി |
|---|---|---|---|
| കൊല്ലം | പവിത്രേശ്വരം ഗ്രാമപഞ്ചായത്ത് | ധന്യാകൃഷ്ണൻ | എൽ.ഡി.എഫ് |
| പത്തനംതിട്ട | അരുവാപ്പുലം ഗ്രാമപഞ്ചായത്ത് | സുനിൽ വർഗ്ഗീസ് ആന്റണി | യു.ഡി.എഫ് |
| കോട്ടയം | മേലുകാവ് ഗ്രാമപഞ്ചായത്ത് | ഷീബാ മോൾ | യു.ഡി.എഫ് |
| | തീക്കോയി ഗ്രാമപഞ്ചായത്ത് | കെ.സി.ജയിംസ് | യു.ഡി.എഫ് |
| | ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത് | പി.വി.മൈക്കിൾ | യു.ഡി.എഫ് |
| ഇടുക്കി | അടിമാലി ഗ്രാമ പഞ്ചായത്ത് | പി.ആർ. ബിനു | യു.ഡി.എഫ് |
| എറണാകുളം | വെങ്ങോല ഗ്രാമ പഞ്ചായത്ത് | ധന്യ ലിജു | എൽ.ഡി.എഫ് |
| പാലക്കാട് | കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്ത് | വി.കെ.ഷംസുദീൻ | എൽ.ഡി.എഫ് |
| മലപ്പുറം | കാളിക്കാവ് ഗ്രാമ പഞ്ചായത്ത് | നീലേക്കാടൻ സൈതാലി | എൽ.ഡി.എഫ് |
| | കേളകം ഗ്രാമപഞ്ചായത്ത് | മൈഥിലി രമണൻ | എൽ.ഡി.എഫ് |
| കോഴിക്കോട് | വേളം ഗ്രാമപഞ്ചായത്ത് | അബ്ദുള്ള പുത്തൻ പുരയിൽ | യു.ഡി.എഫ് |
| വയനാട് | കല്പറ്റ നഗരസഭ | ബിന്ദു ജോസഫ് | യു.ഡി.എഫ് |

*(എസ്.ഇ.സി. 222/2015)*

## വോട്ടിംഗ് യന്ത്ര തകരാർ: അന്വേഷണത്തിന് ഉന്നതതല സമിതിയെ നിയോഗിച്ചു

നവംബർ അഞ്ചിന് തൃശ്ശൂർ, മലപ്പുറം ജില്ലകളിൽ നടന്ന തദ്ദേശഭരണ തിരഞ്ഞെടുപ്പിൽ ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രങ്ങൾ തകരാറിലായതു സംബന്ധിച്ച് അന്വേഷിക്കുന്നതിനായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സാങ്കേതിക വിദഗ്ധരടങ്ങുന്ന ഉന്നതതല സമിതിയെ നിയോഗിച്ച് ഉത്തരവായി. ഇന്ദിരാഗാന്ധി ഓപ്പൺ യൂണിവേഴ്സിറ്റി മുൻ പ്രോ വൈസ് ചാൻസിലർ പ്രൊഫസർ ഡോ.കെ.ആർ.ശ്രീവത്സൻ, സി.ഡാക്ക് ഡയറക്ടർ ജനറൽ പ്രൊഫ.രജത് മൂന, സി-ഡാക്ക് എക്സിക്യൂട്ടീവ് ഡയറക്ടർ രമണി.ബി എന്നിവരടങ്ങുന്ന സമിതിക്കാണ് അന്വേഷണ ചുമതല. സമിതി ഒരു മാസത്തിനുള്ളിൽ അന്വേഷണ റിപ്പോർട്ട് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന് സമർപ്പിക്കുന്നതാണ്.

*(എസ്.ഇ.സി. 223/2015)*

## ഗ്രാമപഞ്ചായത്തംഗങ്ങളുടെ സത്യപ്രതിജ്ഞയും അധ്യക്ഷൻമാരുടെ തിരഞ്ഞെടുപ്പും : തീയതി പ്രഖ്യാപിച്ചു

നവംബർ 12-നു ശേഷം കാലാവധി പൂർത്തിയാക്കുന്ന തദ്ദേശഭരണ സമിതികളിലേയ്ക്ക് തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ സത്യപ്രതിജ്ഞാ തീയതിയും അധ്യക്ഷൻ/ഉപാധ്യക്ഷൻ തിരഞ്ഞെടുപ്പ് തീയിതിയും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ പ്രഖ്യാപിച്ചു. ഇത് സംബന്ധിച്ച നിർദ്ദേശങ്ങൾ കമ്മീഷൻ ബന്ധപ്പെട്ട വരണാധികാരികൾക്ക് നൽകി. അധ്യക്ഷൻമാരുടെ സത്യപ്രതിജ്ഞ രാവിലെ 11-നും ഉപാധ്യക്ഷൻമാരുടേത് ഉച്ചക്ക് ശേഷം രണ്ടിനുമാണ് നടക്കുക.നവംബർ 16-നും 19-നും അംഗങ്ങൾ സത്യപ്രതിജ്ഞ ചെയ്തുകഴിഞ്ഞ സ്ഥാപനങ്ങളിൽ നവംബർ 25-ന് അധ്യക്ഷൻ/ഉപാധ്യക്ഷൻ തിരഞ്ഞെടുപ്പ് നടക്കും. മറ്റുള്ളിടങ്ങളിലെ സത്യപ്രതിജ്ഞ, തിരഞ്ഞെടുപ്പ് തീയതികളുടെ വിശദാംശങ്ങൾ ചുവടെ:

| ക്രമ നമ്പർ | തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പേര് | ജില്ല | തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ സത്യപ്രതിജ്ഞ / ദൃഢ പ്രതിജ്ഞ ചെയ്യുന്ന തിനുള്ള തീയതി | അദ്ധ്യക്ഷൻ/ഉപാദ്ധ്യക്ഷൻ തിരഞ്ഞെടുപ്പ് നട ത്തേണ്ട തീയതി |
|---|---|---|---|---|
| 1. | കാവനൂർ ഗ്രാമപഞ്ചായത്ത് | മലപ്പുറം | 26/11/2015 | 02.12.2015 |
| 2. | ആലങ്കോട് ഗ്രാമപഞ്ചായത്ത് | മലപ്പുറം | 29/11/2015 | 07.12.2015 |
| 3. | ആനിക്കാട് ഗ്രാമപഞ്ചായത്ത് | പത്തനംതിട്ട | 30/11/2015 | " |
| 4. | എടക്കാട്ടുവയൽ ഗ്രാമപഞ്ചായത്ത് | എറണാകുളം | 30/11/2015 | " |
| 5. | മാറാടി ഗ്രാമപഞ്ചായത്ത് | എറണാകുളം | 30/11/2015 | " |
| 6. | മുടക്കുഴ ഗ്രാമപഞ്ചായത്ത് | എറണാകുളം | 30/11/2015 | " |
| 7. | പാറക്കടവ് ഗ്രാമപഞ്ചായത്ത് | എറണാകുളം | 30/11/2015 | " |
| 8. | കുന്നുകര ഗ്രാമപഞ്ചായത്ത് | എറണാകുളം | 30/11/2015 | " |
| 9. | ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് | എറണാകുളം | 30/11/2015 | " |
| 10. | പാറക്കടവ് ബ്ലോക്ക് പഞ്ചായത്ത് | എറണാകുളം | 30/11/2015 | " |
| 11. | തൃക്കാക്കര മുനിസിപ്പാലിറ്റി | എറണാകുളം | 30/11/2015 | " |
| 12. | കരീപ്ര ഗ്രാമപഞ്ചായത്ത് | കൊല്ലം | 01/12/2015 | " |
| 13. | നെടുവത്തൂർ ഗ്രാമപഞ്ചായത്ത് | കൊല്ലം | 01/12/2015 | " |
| 14. | പിറവന്തൂർ ഗ്രാമപഞ്ചായത്ത് | കൊല്ലം | 01/12/2015 | " |
| 15. | ബുധനൂർ ഗ്രാമപഞ്ചായത്ത് | ആലപ്പുഴ | 01/12/2015 | " |
| 16. | ചെമ്പ് ഗ്രാമപഞ്ചായത്ത് | കോട്ടയം | 01/12/2015 | " |
| 17. | മരങ്ങാട്ടുപ്പള്ളി ഗ്രാമപഞ്ചായത്ത് | കോട്ടയം | 01/12/2015 | " |
| 18. | പാമ്പാടി ഗ്രാമപഞ്ചായത്ത് | കോട്ടയം | 01/12/2015 | " |
| 19. | തലനാട് ഗ്രാമപഞ്ചായത്ത് | കോട്ടയം | 01/12/2015 | " |
| 20. | കടവല്ലൂർ ഗ്രാമപഞ്ചായത്ത് | തൃശൂർ | 01/12/2015 | " |
| 21. | കൈപ്പറമ്പ് ഗ്രാമപഞ്ചായത്ത് | തൃശൂർ | 01/12/2015 | " |
| 22. | എളവള്ളി ഗ്രാമപഞ്ചായത്ത് | തൃശൂർ | 01/12/2015 | " |
| 23. | പാഞ്ഞാൾ ഗ്രാമപഞ്ചായത്ത് | തൃശൂർ | 01/12/2015 | " |
| 24. | വള്ളത്തോൾ ഗ്രാമപഞ്ചായത്ത് | തൃശൂർ | 01/12/2015 | " |
| 25. | തൃത്താല ഗ്രാമപഞ്ചായത്ത് | പാലക്കാട് | 01/12/2015 | " |
| 26. | വാഴയൂർ ഗ്രാമപഞ്ചായത്ത് | മലപ്പുറം | 01/12/2015 | " |
| 27. | ആയഞ്ചേരി ഗ്രാമപഞ്ചായത്ത് | കോഴിക്കോട് | 01/12/2015 | " |
| 28. | ചേളന്നൂർ ഗ്രാമപഞ്ചായത്ത് | കോഴിക്കോട് | 01/12/2015 | " |
| 29. | കുന്ദമംഗലം ഗ്രാമപഞ്ചായത്ത് | കോഴിക്കോട് | 01/12/2015 | " |
| 30. | ഓമശ്ശേരി ഗ്രാമപഞ്ചായത്ത് | കോഴിക്കോട് | 01/12/2015 | " |
| 31. | മൂപ്പൈനാട് ഗ്രാമപഞ്ചായത്ത് | വയനാട് | 01/12/2015 | " |
| 32. | കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത് | വയനാട് | 01/12/2015 | " |
| 33. | കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് | വയനാട് | 01/12/2015 | " |
| 34. | പൈവളിഗെ ഗ്രാമപഞ്ചായത്ത് | കാസറഗോഡ് | 01/12/2015 | " |
| 35. | എടവണ്ണ ഗ്രാമപഞ്ചായത്ത് | മലപ്പുറം | 05/12/2015 | 11.12.2015 |
| 36. | പുൽപ്പറ്റ ഗ്രാമപഞ്ചായത്ത് | മലപ്പുറം | 17/12/2015 | 26.12.2015 |

| ക്രമ നമ്പർ | തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പേര് | ജില്ല | തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ സത്യപ്രതിജ്ഞ / ദൃഢ പ്രതിജ്ഞ ചെയ്യുന്നതിനുള്ള തീയതി | അദ്ധ്യക്ഷൻ/ഉപാദ്ധ്യക്ഷൻ തിരഞ്ഞെടുപ്പ് നടത്തേണ്ട തീയതി |
|---|---|---|---|---|
| 37. | മാമ്പാട് ഗ്രാമപഞ്ചായത്ത് | മലപ്പുറം | 19/12/2015 | " |
| 38. | അമരമ്പലം ഗ്രാമപഞ്ചായത്ത് | മലപ്പുറം | 19/12/2015 | " |
| 39. | വണ്ടൂർ ബ്ലോക്ക് പഞ്ചായത്ത് | മലപ്പുറം | 22/12/2015 | 01.01.2016 |
| 40. | ചോക്കാട് ഗ്രാമപഞ്ചായത്ത് | മലപ്പുറം | 26/12/2015 | " |
| 41. | തൃക്കലങ്ങോട് ഗ്രാമപഞ്ചായത്ത് | മലപ്പുറം | 16/01/2016 | 22.01.2016 |
| 42. | മംഗലം ഗ്രാമപഞ്ചായത്ത് | മലപ്പുറം | 01/02/2016 | 08.02.2016 |
| 43. | വെട്ടം ഗ്രാമപഞ്ചായത്ത് | മലപ്പുറം | 01/02/2016 | " |
| 44. | തിരുനാവായ ഗ്രാമപഞ്ചായത്ത് | മലപ്പുറം | 01/02/2016 | " |
| 45. | മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്ത് | മലപ്പുറം | 01/02/2016 | " |
| 46. | തിരൂർ ബ്ലോക്ക് പഞ്ചായത്ത് | മലപ്പുറം | 01/02/2016 | " |

*(എസ്.ഇ.സി. 224/2015)*

Email:
contact.seckerala@gmail.com
electionker@gmail.com

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

**19th November 2015**

## ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് തിരഞ്ഞെടുപ്പ് എൽ.ഡി.എഫ് 545 യു.ഡി.എഫ് 313

സംസ്ഥാനത്തെ 879 ഗ്രാമപഞ്ചായത്തുകളിൽ പ്രസിഡന്റ് സ്ഥാനത്തേക്ക് വ്യാഴാഴ്ച നടന്ന തിരഞ്ഞെടുപ്പിൽ 545 എണ്ണത്തിൽ എൽ.ഡി.എഫും, 313 എണ്ണത്തിൽ യു.ഡി.എഫും 12 എണ്ണത്തിൽ ബി.ജെ.പി യും നേടി.ഒമ്പത് പഞ്ചായത്തുകളിൽ സ്വതന്ത്രർ തിരഞ്ഞെടുക്കപ്പെട്ടു.

145 ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സ്ഥാനങ്ങളിൽ 92 എണ്ണം എൽ.ഡി.എഫും 53 എണ്ണം യു.ഡി.എഫും, നേടി. ആകെയുള്ള 14 ജില്ലാ പഞ്ചായത്തുകളിൽ എൽ.ഡി.എഫും യു.ഡി.എഫും 7 എണ്ണം വീതം നേടി. വിശദാംശങ്ങൾ ചുവടെ.

| ജില്ല | ജില്ലാ പഞ്ചായത്ത് | | | | ബ്ലോക്ക് പഞ്ചായത്ത് | | | | ഗ്രാമപഞ്ചായത്ത് | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | എൽ.ഡി.എഫ് | യു.ഡി.എഫ് | ബി.ജെ.പി | സ്വതന്ത്രർ | എൽ.ഡി.എഫ് | യു.ഡി.എഫ് | ബി.ജെ.പി | സ്വതന്ത്രർ | എൽ.ഡി.എഫ് | യു.ഡി.എഫ് | ബി.ജെ.പി | സ്വതന്ത്രർ |
| തിരുവനന്തപുരം | 01 | | | | 08 | 02 | | | 51 | 18 | 04 | |
| കൊല്ലം | 01 | | | | 11 | | | | 55 | 09 | | |
| പത്തനംതിട്ട | | 01 | | | 03 | 05 | | | 28 | 19 | 02 | 02 |
| ആലപ്പുഴ | 01 | | | | 09 | 03 | | | 45 | 24 | 01 | 01 |
| കോട്ടയം | | 01 | | | 02 | 08 | | | 24 | 40 | | 01 |
| ഇടുക്കി | | 01 | | | 03 | 05 | | | 22 | 28 | | |
| എറണാകുളം | | 01 | | | 05 | 07 | | | 40 | 35 | | 01 |
| തൃശ്ശൂർ | 01 | | | | 13 | 03 | | | 64 | 16 | 01 | |
| പാലക്കാട് | 01 | | | | 11 | 02 | | | 68 | 18 | | 01 |
| മലപ്പുറം | | 01 | | | 02 | 11 | | | 27 | 43 | | 01 |
| കോഴിക്കോട് | 01 | | | | 09 | 03 | | | 40 | 21 | | 01 |
| വയനാട് | | 01 | | | 01 | 02 | | | 16 | 05 | | |
| കണ്ണൂർ | 01 | | | | 11 | | | | 50 | 20 | | |
| കാസർഗോഡ് | | 01 | | | 04 | 02 | | | 15 | 17 | 04 | 01 |

*(എസ്.ഇ.സി. 221 /2015)*

Email:
contact.seckerala@gmail.com
electionker@gmail.com

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

18th November 2015

## കോർപ്പറേഷൻ മേയർ തിരഞ്ഞെടുപ്പ്: എൽ.ഡി.എഫ് – 5 യു.ഡി.എഫ് – 1

സംസ്ഥാനത്തെ ആറു കോർപ്പറേഷനുകളിലെ മേയർ സ്ഥാനത്തേക്ക് നടന്ന തിരഞ്ഞെടുപ്പിൽ തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിൽ എൽ.ഡി.എഫ് സ്ഥാനാർത്ഥിയും കൊച്ചിയിൽ യു.ഡി.എഫ് സഥാനാർത്ഥിയും തിരഞ്ഞെടുക്കപ്പെട്ടു. ഡെപ്യൂട്ടി മേയർ സ്ഥാനങ്ങളിൽ തിരുവനന്തപുരം, കൊല്ലം,തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ എൽ.ഡി.എഫ് സ്ഥാനാർത്ഥിയും കൊച്ചി, കണ്ണൂർ എന്നിവിടങ്ങളൽ യു.ഡി.എഫ് സ്ഥാനാർത്ഥിയും തിരഞ്ഞെടുക്കപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ജില്ല, മേയർ, ഡെപ്യൂട്ടി മേയർ എന്ന ക്രമത്തിൽ:

| ജില്ല | മേയർ | ഡെപ്യൂട്ടി മേയർ |
|---|---|---|
| തിരുവനന്തപുരം | വി.കെ.പ്രശാന്ത് | രാഖി രവികുമാർ |
| കൊല്ലം | അഡ്വ.വി.രാജേന്ദ്ര ബാബു | വിജയ ഫ്രാൻസിസ് |
| കൊച്ചി | സൗമിനി ജെയിൻ | പി.ജെ.വിനോദ് |
| തൃശ്ശൂർ | അജിത ജയരാജൻ | വർഗ്ഗീസ് കണ്ടംകുളത്തി |
| കോഴിക്കോട് | വി.കെ.സി.മമ്മദ് കോയ | മീരാ ദർസക് |
| കണ്ണൂർ | ഇ.പി.ലത | സി.സമീർ |

## നഗരസഭ അധ്യക്ഷന്മാരുടെ തിരഞ്ഞെടുപ്പ് എൽ.ഡി.എഫിന് 43 യു.ഡി.എഫിന് 38

നഗരസഭ അദ്ധ്യക്ഷന്മാരുടെ സ്ഥാനത്തേക്ക് ഇന്ന് (നവംബർ 18) നടന്ന തിരഞ്ഞെടുപ്പിൽ എൽ.ഡി.എഫിന്റെ 43 ഉം യു.ഡി.എഫിന്റെ 38 ഉം സ്ഥാനാർത്ഥികൾ തിരഞ്ഞെടുക്കപ്പെട്ടു. കൂടാതെ ഒരു ബി.ജെ.പി സ്ഥാനാർത്ഥിയും ഒരു സ്വതന്ത്ര സ്ഥാനാർത്ഥിയും തിരഞ്ഞെടുക്കപ്പെട്ടു. കളമശ്ശേരി, കൽപ്പറ്റ നഗരസഭകളിൽ ക്വാറം തികയാത്തതിനാൽ തിരഞ്ഞെടുപ്പ് നടന്നില്ല. ഭരണസമിതിയുടെ കാലാവധി പൂർത്തിയാകാത്തതിനാൽ തൃക്കാക്കര മുനിസിപ്പാലിറ്റിയിൽ അദ്ധ്യക്ഷ സ്ഥാനത്തേക്കുള്ള തിരഞ്ഞെടുപ്പ് നടന്നില്ല.

തിരഞ്ഞെടുക്കപ്പെട്ടവരുടെ വിശദാംശങ്ങൾ ചുവടെ.

## നഗരസഭ അധ്യക്ഷന്മാർ

| ജില്ല | നഗരസഭ | എൽ.ഡി.എഫ് | യു.ഡി.എഫ് | മറ്റുള്ളവർ |
|---|---|---|---|---|
| തിരുവനന്തപുരം | നെയ്യാറ്റിൻകര | ഡബ്ല്യു.ആർ.ഹീബ | | |
| | നെടുമങ്ങാട് | ചെറ്റച്ചൽ സഹദേവൻ | | |
| | ആറ്റിങ്ങൽ | എം.പ്രദീപ് | | |
| | വർക്കല | ബിന്ദു ഹരിദാസ് | | |
| കൊല്ലം | പറവൂർ | കെ.പി.കുറുപ്പ് | | |

| | | | | |
|---|---|---|---|---|
| | പുനലൂർ | എം.എ.രാജഗോപാൽ | | |
| | കരുനാഗപ്പള്ളി | എം.ശോഭന | | |
| | കൊട്ടാരക്കര | ഗീതാ സുധാകരൻ | | |
| പത്തനംതിട്ട | അടൂർ | ഷൈനി ജോസ് | | |
| | പത്തനംതിട്ട | | രജനി പ്രദീപ് | |
| | തിരുവല്ല | | കെ.വി.വർഗ്ഗീസ് | |
| | പന്തളം | ടി.കെ.സതി | | |
| ആലപ്പുഴ | കായംകുളം | അഡ്വ.എൻ.ശിവദാസൻ | | |
| | മാവേലിക്കര | ലീലാ അഭിലാഷ് | | |
| | ചെങ്ങന്നൂർ | | ജോൺ.എം.തോമസ് | |
| | ആലപ്പുഴ | | തോമസ് ജോസഫ് | |
| | ചേർത്തല | | ഐസക് മാടവന | |
| | ഹരിപ്പാട് | | സുധ കോട്ടോർ | |
| കോട്ടയം | ചങ്ങനാശ്ശേരി | | സെബാസ്റ്റ്യൻ മാത്യൂ | |
| | കോട്ടയം | | സോനാ.പി.ആർ | |
| | വൈക്കം | എൻ.അനിൽ.ബിശ്വാസ് | | |
| | പാലാ | | ലീനാ സണ്ണി | |
| | ഏറ്റുമാനൂർ | | ജയിംസ് തോമസ് | |
| | ഇരാറ്റുപേട്ട | ടി.എം.റഷീദ് | | |
| ഇടുക്കി | തൊടുപുഴ | | സഫിയ ജബ്ബാർ | |
| | കട്ടപ്പന | | ജോണി കുളമ്പല്ലിൽ | |
| എറണാകുളം | തൃപ്പുണ്ണിതുറ | ചന്ദ്രികാ ദേവി | | |
| | മുവാറ്റുപുഴ | ഉഷാ ശശിധരൻ | | |
| | കോതമംഗലം | | മഞ്ചു സിജു | |
| | പെരുമ്പാവൂർ | സതി ജയകൃഷ്ണൻ | | |
| | ആലുവ | | ലിസി എബ്രഹാം | |
| | കളമശ്ശേരി | ക്വാറമില്ലാതെ പിരിഞ്ഞു | | |
| | നോർത്ത് പറവൂർ | | രമേഷ്.ഡി.കുറുപ്പ് | |
| | അങ്കമാലി | എം.എ.ഗ്രേസി | | |
| | ഏലൂർ | സിജി.ബാബു | | |
| | തൃക്കാക്കര | - - - - | - - - - - | - - - - - |
| | മരട് | | അജിത നന്തകുമാർ | |
| | പിറവം | | ബാബു.കെ.ജേക്കബ് | |
| | കൂത്താട്ടുകുളം | | പ്രിൻസ് | |
| തൃശ്ശൂർ | ചാലക്കുടി | ഉഷാ പരമേശ്വരൻ | | |
| | ഇരിങ്ങാലക്കുട | | നിമ്യാ ഷിജു | |
| | കൊടുങ്ങല്ലൂർ | വിപിൻ ചന്ദ്രൻ | | |
| | ചാവക്കാട് | അക്ബർ | | |

| | | | | |
|---|---|---|---|---|
| | ഗുരുവായൂർ | പി.കെ.ശാന്തകുമാരി | | |
| | കുന്നംകുളം | സീതാ രവീന്ദ്രൻ | | |
| | വടക്കാഞ്ചേരി | ശിവപ്രിയ | | |
| പാലക്കാട് | ഷൊർണ്ണൂർ | വി.വിമല | | |
| | ഒറ്റപ്പാലം | എൻ.എം.നാരായണൻ നമ്പൂതിരി | | |
| | പാലക്കാട് | | | കെ.പ്രമീള കുമാരി (ബി.ജെ.പി) |
| | ചിറ്റൂർ തത്തമംഗലം | | ടി.എസ്.തിരുവെങ്കിടം | |
| | പട്ടാമ്പി | | കെ.പി.കുഞ്ഞുമുഹമ്മദ് റഷീദ് | |
| | ചെർപ്പുളശ്ശേരി | | ശ്രീലജ.വി.എസ് | |
| | മണ്ണാർക്കാട് | | എം.കെ.സുബൈദ | |
| മലപ്പുറം | പൊന്നാന്നി | സി.പി.മുഹമ്മദ് കുഞ്ഞി | | |
| | തിരൂർ | എസ്.ഗിരീഷ് | | |
| | പെരുന്തൽമണ്ണ | എം.മുഹമ്മദ് സലീം | | |
| | മലപ്പുറം | | സി.എച്ച്.ജമീല | |
| | മഞ്ചേരി | | വി.എം.സുബൈദ | |
| | കോട്ടക്കൽ | | കെ.കെ.നാസർ | |
| | നിലമ്പൂർ | | പത്മിനി ഗോപിനാഥ് | |
| | താനൂർ | | സുബൈദ | |
| | പരപ്പനങ്ങാടി | | വി.വി.ജമീല | |
| | വളാഞ്ചേരി | | ഷാഹിന.എം | |
| | തിരൂരങ്ങാടി | | റഹീദ.കെ.ടി | |
| | കൊണ്ടോട്ടി | | | നാടിക്കുട്ടി (മതേതര വികസന മുന്നണി) |
| കോഴിക്കോട് | കൊയിലാണ്ടി | അഡ്വ.കെ.സത്യൻ | | |
| | വടകര | കെ.ശ്രീധരൻ | | |
| | പയ്യോളി | | അഡ്വ.പി.കുൽസു | |
| | കൊടുവള്ളി | | ഷെറീഫാ | |
| | മുക്കം | കുഞ്ഞൻ | | |
| | രാമനാട്ടുകര | ബാലകൃഷ്ണൻ | | |
| | ഫറോക്ക് | | ടി.സുഹറാബി | |
| വയനാട് | മാനന്തവാടി | വി.ആർ.പ്രവീഷ് | | |
| | സുൽത്താൻ ബത്തേരി | സി.കെ.സഹദേവൻ | | |
| | കല്പറ്റ | ക്വാറമില്ലാതെ പിരിഞ്ഞു | | |
| കണ്ണൂർ | തളിപ്പറമ്പ് | | അല്ലംകുളം മഹമ്മൂദ് | |
| | ശ്രീകണ്ഠാപുരം | | പി.പി.രാഘവൻ | |
| | പാനൂർ | | ഒതോയോത്ത് പൊയിൽ റംല | |
| | പയ്യന്നൂർ | അഡ്വ.ശശി വട്ടക്കോവിൽ | | |
| | ആന്തൂർ | പി.കെ.ശ്യാമള | | |
| | ഇരുട്ടി | അശോകൻ | | |

| | | | | |
|---|---|---|---|---|
| | കൂത്തുപറമ്പ് | എം.സുകുമാരൻ | | |
| | തലശ്ശേരി | കാരായി ചന്ദ്രശേഖരൻ | | |
| കാസർഗോഡ് | കാഞ്ഞങ്ങാട് | പി.വി.രമേശൻ | | |
| | കാസർഗോഡ് | | ബിഭാത്തിമ ഇബ്രാഹീം | |
| | നീലേശ്വരം | പ്രഫ.കെ.പി.ജയരാജ് | | |

# നഗരസഭ ഉപാദ്ധ്യക്ഷന്മാർ

| ജില്ല | നഗരസഭ | എൽ.ഡി.എഫ് | യു.ഡി.എഫ് | മറ്റുള്ളവർ |
|---|---|---|---|---|
| തിരുവനന്തപുരം | നെയ്യാറ്റിൻകര | കെ.കെ.ഷിബു | | |
| | നെടുമങ്ങാട് | ലേഖാ വിക്രമൻ | | |
| | ആറ്റിങ്ങൽ | ആർ.എസ്.രേഖ | | |
| | വർക്കല | അനിജോ | | |
| കൊല്ലം | പറവൂർ | ആർ.ഷീബ | | |
| | പുനലൂർ | കെ.പ്രഭ | | |
| | കരുനാഗപ്പള്ളി | സക്കീന സലാം | | |
| | കൊട്ടാരക്കര | എ.ഷാജു | | |
| പത്തനംതിട്ട | അടൂർ | പ്രസാദ്.ജി | | |
| | പത്തനംതിട്ട | | പി.കെ.ജേക്കബ് | |
| | തിരുവല്ല | | ഏലിയാമ്മ തോമസ് | |
| | പന്തളം | ഡി.രവീന്ദ്രൻ | | |
| ആലപ്പുഴ | കായംകുളം | ആർ.ഗിരിജ | | |
| | മാവേലിക്കര | പി.കെ.മഹേന്ദ്രൻ | | |
| | ചെങ്ങന്നൂർ | | കുഞ്ഞൂഞ്ഞമ്മ | |
| | ആലപ്പുഴ | | ബീനാ കൊച്ചു ബാവ | |
| | ചേർത്തല | | ശ്രീലേഖ നായർ | |
| | ഹരിപ്പാട് | | എം.കെ.വിജയൻ | |
| കോട്ടയം | ചങ്ങനാശ്ശേരി | | എൽസമ്മ ജോബ് | |
| | കോട്ടയം | | ജാൻസി ജേക്കബ് | |
| | വൈക്കം | എ.സി.മണിയമ്മ | | |
| | പാലാ | | കുര്യാക്കോസ് | |
| | ഏറ്റുമാനൂർ | | റോസമ്മ സിബി | |
| | ഇരാറ്റുപേട്ട | കുഞ്ഞുമോൾ | | |
| ഇടുക്കി | തൊടുപുഴ | | | ടി.കെ.സുധാകരൻ നായർ |
| | കട്ടപ്പന | | ബിന്ദു സെബാസ്റ്റ്യൻ | |
| എറണാകുളം | തൃപ്പൂണ്ണിതുറ | ഒ.വി.സലീം | | |
| | മുവാറ്റുപുഴ | പി.കെ.ബാബുരാജ് | | |
| | കോതമംഗലം | | എ.ജി.ജോർജ്ജ് | |
| | പെരുമ്പാവൂർ | നിഷാ വിനയൻ | | |
| | ആലുവ | | സി.ഓമന | |
| | കളമശ്ശേരി | ക്വാറമില്ലാതെ പിരിഞ്ഞു | | |

| | | | | |
|---|---|---|---|---|
| | നോർത്ത് പറവൂർ | | ജെസി രാജു | |
| | അങ്കമാലി | ബിജു.പൗലോസ് | | |
| | ഏലൂർ | എ.ഡി.സുജിൻ | | |
| | തൃക്കാക്കര | – – – | – – – – | – – – – |
| | മരട് | കെ.ദേവസി | | |
| | പിറവം | | അയിഷ മാധവൻ | |
| | കൂത്താട്ടുകുളം | | ഓമന | |
| തൃശ്ശൂർ | ചാലക്കുടി | വിൽസൺ പനട്ടുപറമ്പിൽ | | |
| | ഇരിങ്ങാലക്കുട | | രജേശ്വരി ശിവരാമൻ നായർ | |
| | കൊടുങ്ങല്ലൂർ | ഷീല | | |
| | ചാവക്കാട് | മഞ്ചുഷ | | |
| | ഗുരുവായൂർ | കെ.പി.വിനോദ് | | |
| | കുന്നംകുളം | പി.എം.സുരേഷ് | | |
| | വടക്കഞ്ചേരി | അനൂപ് കിഷോർ | | |
| പാലക്കാട് | ഷൊർണ്ണൂർ | ആർ.സുനു | | |
| | ഒറ്റപ്പാലം | രത്നമ്മ | | |
| | പാലക്കാട് | | | സി.കൃഷ്ണകുമാർ (ബി.ജെ.പി) |
| | ചിറ്റൂർ തത്തമംഗലം | | കെ.എ.ഷീബ | |
| | പട്ടാമ്പി | | സി.സംഗീത | |
| | ചെർപ്പുളശ്ശേരി | | അബൂബക്കർ | |
| | മണ്ണാർക്കാട് | ടി.ആർ.സെബാസ്റ്റ്യൻ | | |
| മലപ്പുറം | പൊന്നാന്നി | വി.രമാദേവി | | |
| | തിരൂർ | നാജിറ അഷറഫ് | | |
| | പെരുന്തൽമണ്ണ | നിഷി അനിൽ രാജ് | | |
| | മലപ്പുറം | | പെരുമ്പള്ളി സയ്ദ് | |
| | മഞ്ചേരി | | വി.പി.ഫിറോസ് | |
| | കോട്ടക്കൽ | | ബുഷ്റ ഷബീർ | |
| | നിലമ്പൂർ | | ഹംസ.പി.വി | |
| | താനൂർ | | സി.മുഹമ്മദ് അഷറഫ് | |
| | പരപ്പനങ്ങാടി | | എച്ച്.ഹനീഫ | |
| | വളാഞ്ചേരി | | കെ.വി.ഉണ്ണികൃഷ്ണൻ | |
| | തിരൂരങ്ങാടി | | എം.അബ്ദു റഹിമാൻ | |
| | കൊണ്ടോട്ടി | | | നഫീസ.ഇ(മതേതര വികസന മുന്നണി) |
| കോഴിക്കോട് | കൊയിലാണ്ടി | വി.കെ.പത്മിനി | | |
| | വടകര | കെ.പി.ബിന്ദു | | |
| | പയ്യോളി | | മഠത്തിൽ നാണു മാസ്റ്റർ | |
| | കൊടുവള്ളി | | എ.പി.മജീദ് മാസ്റ്റർ | |
| | മുക്കം | ഹരീദ | | |
| | രാമനാട്ടുകര | സജ്ന | | |

| | | | | |
|---|---|---|---|---|
| | ഫറോക്ക് | | വി.മുഹമ്മദ് ഹസൻ | |
| വയനാട് | മാനന്തവാടി | പ്രദീപ് ശശി | | |
| | സുൽത്താൻ ബത്തേരി | ജിഷാ സജി | | |
| | കല്പറ്റ | ക്വാറമില്ലാതെ പിരിഞ്ഞു | | |
| കണ്ണൂർ | തളിപ്പറമ്പ് | | വൽസല പ്രഭാകരൻ | |
| | ശ്രീകണ്ഠാപുരം | | നിഷിത റഹ്മാൻ | |
| | പാനൂർ | | പത്മനാഭൻ.എം.കെ | |
| | പയ്യന്നൂർ | കെ.പി.ജ്യോതി | | |
| | ആന്തൂർ | കെ.ഷാജു | | |
| | ഇരുട്ടി | അനിത | | |
| | കൂത്തുപറമ്പ് | എം.പി.മറിയം ബീവി | | |
| | തലശ്ശേരി | നജ്മ ഹാഷിം | | |
| കാസർഗോഡ് | കാഞ്ഞങ്ങാട് | സുലൈഖ.എൽ | | |
| | കാസർഗോഡ് | | എൽ.മഹമ്മൂദ് | |
| | നീലേശ്വരം | വി.ഗൗരി | | |

*(എസ്.ഇ.സി. 220 /2015)*

Email:
contact.seckerala@gmail.com
electionker@gmail.com

# പത്രക്കുറിപ്പ്

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

17th November 2015

## സത്യപ്രതിജ്ഞ ചെയ്യാൻ അനുവാദം

വ്യക്തിപരമായ കാരണങ്ങളാൽ നവംബർ 12-ന് സത്യപ്രതിജ്ഞയോ ദൃഢപ്രതിജ്ഞയോ ചെയ്യാൻ സാധിക്കാതെപോയ തദ്ദേശഭരണ സ്ഥാപനങ്ങളിലേക്ക് തിരഞ്ഞെടുക്കപ്പെട്ടവരുടെ സത്യപ്രതിജ്ഞയോ, ദൃഢ പ്രതിജ്ഞയോ ഇന്ന് (നവംബർ 18) രാവിലെ 10 മണിക്ക് നടത്തുന്നതിന് അനുവദിച്ചുകൊണ്ട് സർക്കാർ ഉത്ത രവായി, ഇതിലേക്കാവശ്യമായ ക്രമീകരണങ്ങൾ ബന്ധപ്പെട്ട വരണാധികാരിയും തദ്ദേശഭരണ സ്ഥാപനത്തിലെ സെക്രട്ടറിയും നടത്തേണ്ടതാണ്.

*(എസ്.ഇ.സി. 217 /2015)*

## ത്രിതല പഞ്ചായത്തുകളിലെ സ്റ്റാന്റിംഗ് കമ്മിറ്റി അധ്യക്ഷ സ്ഥാനങ്ങളിലെ സ്ത്രീ സംവരണം വിജ്ഞാപനം ചെയ്തു

തദ്ദേശഭരണ പൊതുതിരഞ്ഞെടുപ്പിനുശേഷം ത്രിതല പഞ്ചായത്തുകളിൽ സ്ത്രീകൾക്കായി സംവരണം ചെയ്യപ്പെടേണ്ട സ്റ്റാന്റിംഗ് കമ്മിറ്റി അധ്യക്ഷ സ്ഥാനങ്ങൾ നിശ്ചയിച്ചുകൊണ്ട് സംസ്ഥാന തിരഞ്ഞെ ടുപ്പ് കമ്മീഷൻ വിജ്ഞാപനം പുറപ്പെടുവിച്ചു. കേരള പഞ്ചായത്ത് രാജ് സ്റ്റാന്റിംഗ് കമ്മിറ്റി ചട്ടങ്ങൾ പ്രകാരം ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകളിലും ജില്ലാ പഞ്ചായത്തുകളിലും സ്റ്റാന്റിംഗ് കമ്മിറ്റി അധ്യക്ഷ സ്ഥാനങ്ങൾ സ്ത്രീകൾക്കായി സംവരണം ചെയ്യുന്നത് സംബന്ധിച്ച് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇത് പ്രകാരം ആദ്യമായി സ്ത്രീകൾക്കായി സംവരണം ചെയ്യപ്പെടേണ്ട സ്റ്റാന്റിംഗ് കമ്മിറ്റി അധ്യക്ഷ സ്ഥാനങ്ങൾ ഗ്രാമ ബ്ലോക്ക് പഞ്ചായ ത്തുകളുടെ കാര്യത്തിൽ വൈസ് പ്രസിഡന്റ് സ്ഥാനം സ്ത്രീകൾക്കായി സംവരണം ചെയ്യപ്പെട്ടിട്ടുണ്ടെങ്കിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ സ്ഥാനവും, വൈസ് പ്രസിഡന്റ് സ്ഥാനം സ്ത്രീകൾക്കായി സംവരണം ചെയ്യപ്പെട്ടിട്ടില്ലെങ്കിൽ വികസന സ്റ്റാന്റിംഗ് കമ്മിറ്റി അധ്യക്ഷ സ്ഥാനവും, ആരോഗ്യവും വിദ്യാഭ്യാ സവും സ്റ്റാന്റിംഗ് കമ്മിറ്റി അധ്യക്ഷ സ്ഥാനവും ആയിരിക്കുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

ജില്ലാ പഞ്ചായത്തുകളുടെ കാര്യത്തിൽ വൈസ് പ്രസിഡന്റ് സ്ഥാനം സ്ത്രീകൾക്കായി സംവരണം ചെയ്യപ്പെട്ടിട്ടുണ്ടെങ്കിൽ പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി അധ്യക്ഷ സ്ഥാനവും, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അധ്യക്ഷ സ്ഥാനവും, വൈസ് പ്രസിഡന്റ് സ്ഥാനം സത്രീകൾക്കായി സംവരണം ചെയ്യപ്പെട്ടിട്ടില്ലെങ്കിൽ വികസന സ്റ്റാന്റിംഗ് അധ്യക്ഷ സ്ഥാനവും, ആരോഗ്യവും വിദ്യാഭ്യാസവും സ്റ്റാന്റിംഗ് കമ്മിറ്റി അധ്യക്ഷ സ്ഥാനവും ആയിരിക്കും. ആദ്യ തവണ ഇപ്രകാരം സ്റ്റാന്റിംഗ് കമ്മിറ്റികളിലെ സംവരണ സ്ഥാനങ്ങൾ വീതിച്ചു നൽകിയശേഷം ഓരോ പൊതുതിരഞ്ഞെടുപ്പിനുശേഷവും ആവർത്തനക്രമം പാലിച്ച് സ്ത്രീകൾക്കുള്ള സംവരണ സ്ഥാനങ്ങൾ നിശ്ചയിക്കേണ്ടതുണ്ട്. അതുപ്രകാരം വിവിധ തദ്ദേശഭരണ സഥ്പനങ്ങളിൽ അധ്യക്ഷ സ്ഥാനം സ്ത്രീകൾക്കായി സംവരണം ചെയ്യപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളുടെ വിശദാംശങ്ങൾ ജില്ല തിരിച്ച് ചുവടെ.

*(എസ്.ഇ.സി. 218/2015)*

# കോർപ്പറേഷൻ മുനിസിപ്പാലിറ്റി സ്റ്റാന്റിംഗ് കമ്മിറ്റി അധ്യക്ഷ സ്ഥാനങ്ങളിലെ സ്ത്രീ സംവരണം വിജ്ഞാപനം ചെയ്തു

കോർപ്പറേഷൻ, മുനിസിപ്പാലിറ്റി തിരഞ്ഞെടുപ്പിനുശേഷം ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ സ്ത്രീകൾക്കായി സംവരണം ചെയ്യപ്പെടേണ്ട സ്റ്റാന്റിംഗ് കമ്മിറ്റി അധ്യക്ഷ സ്ഥാനങ്ങൾ നിശ്ചയിച്ചുകൊണ്ട് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ വിജ്ഞാപനം പുറപ്പെടുവിച്ചു. കേരള മുനിസിപ്പാലിറ്റി ആക്ടിലെ 21-ാം വകുപ്പ് (4 ബി,സി) ഉപകവുപ്പ് പ്രകാരമാണ് നടപടി.

ഇത് പ്രകാരം ഡെപ്യൂട്ടി മേയർ സ്ഥാനം സ്ത്രീകൾക്കായി സംവരണം ചെയ്യപ്പെട്ടിട്ടുള്ള മുനിസിപ്പൽ കോർപ്പറേഷനിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒഴികെയുള്ള മൂന്ന് സ്റ്റാന്റിംഗ് കമ്മിറ്റികളിലെ അധ്യക്ഷ സ്ഥാനങ്ങൾ സ്ത്രീകൾക്കായി സംവരണം ചെയ്തു. ഡെപ്യൂട്ടി മേയർ സ്ഥാനം സ്ത്രീകൾക്കായി സംവരണം ചെയ്യപ്പെട്ടിട്ടില്ലാത്തിടത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒഴികെയുള്ള നാല് സ്റ്റാന്റിംഗ് കമ്മിറ്റികളിലെ അധ്യക്ഷ സ്ഥാനങ്ങളും സ്ത്രീകൾക്കായി സംവരണം ചെയ്തിട്ടുണ്ട്.

മുനിസിപ്പാലിറ്റി ഡെപ്യൂട്ടി ചെയർപേഴ്സൺ സ്ഥാനം സ്ത്രീകൾക്കായി സംവരണം ചെയ്യപ്പെട്ടിട്ടുള്ള ടത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒഴികെയുള്ള രണ്ട് സ്റ്റാന്റിംഗ് കമ്മിറ്റികളിലെ അധ്യക്ഷ സ്ഥാനങ്ങളാണ് സ്ത്രീകൾക്കായി സംവരണം ചെയ്തിട്ടുള്ളത്. ഡെപ്യൂട്ടി ചെയർ പേഴ്സൺ സ്ഥാനം സ്ത്രീകൾക്കായി സംവരണം ചെയ്യപ്പെട്ടിട്ടില്ലാത്തിടത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒഴികെയുള്ള മൂന്ന് സ്റ്റാന്റിംഗ് കമ്മിറ്റികളിലെ അധ്യക്ഷ സ്ഥാനം സ്ത്രീകൾക്കായി സംവരണം ചെയ്തിട്ടുണ്ട്. ഓരോ പൊതുതിരഞ്ഞെടുപ്പിനുശേഷവും ആവർത്തനക്രമം പാലിച്ച് സ്റ്റാന്റിംഗ് കമ്മിറ്റികളുടെ അധ്യക്ഷ സ്ഥാനം സ്ത്രീകൾക്കായി സംവരണം ചെയ്യേണ്ട തുണ്ട്. അതുപ്രകാരം വിവിധ നഗരസഭകളിൽ അധ്യക്ഷ സ്ഥാനം സ്ത്രീകൾക്കായി സംവരണം ചെയ്യപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളുടെ വിശദാംശങ്ങൾ ജില്ല തിരിച്ച് ചുവടെ.

*(എസ്.ഇ.സി. 219 /2015)*

Email:
contact.seckerala@gmail.com
electionker@gmail.com

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

16th November 2015

## ചെയർമാൻ, മേയർ തിരഞ്ഞെടുപ്പ് 18 – നും പ്രസിഡന്റ് തിരഞ്ഞെടുപ്പ് 19 – നും

മുനിസിപ്പൽ ചെയർമാൻ, കോർപ്പറേഷൻ മേയർ തിരഞ്ഞെടുപ്പ് നവംബർ 18-ന് രാവിലെ 11 നും വൈസ് വൈസ് ചെയർമാൻ, ഡെപ്യൂട്ടി മേയർ തിരഞ്ഞെടുപ്പ് ഉച്ചക്ക് രണ്ടിനും നടക്കും.

ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് തിരഞ്ഞെടുപ്പ് നവംബർ 19-നു രാവിലെ 11 മണിക്കും വൈസ് പ്രസിഡന്റ് തിരഞ്ഞെടുപ്പ് ഉച്ചക്ക് രണ്ടിനുമാണ് നടക്കുക.

തിരഞ്ഞെടുപ്പ് ഓപ്പൺ ബാലറ്റ് മുഖേനയായിരക്കും. വോട്ട് രേഖപ്പെടുത്തുന്ന അംഗം ബാലറ്റ് പേപ്പറിന്റെ പുറകുവശത്ത് പേരും ഒപ്പും രേഖപ്പെടുത്തണം. ഏതെങ്കിലും സ്ഥാനത്തേക്ക് ഒരാൾ മാത്രമേ മത്സരിക്കുന്നുള്ളുവെങ്കിൽ വോട്ടെടുപ്പ് നടത്താതെ അയാൾ തിരഞ്ഞെടുക്കപ്പെട്ടതായി പ്രഖ്യാപിക്കും.

തിരഞ്ഞെടുപ്പിനായുള്ള യോഗത്തിൻെറ ക്വാറം ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിലെ അംഗങ്ങളുടെയോ, പകുതിയെങ്കിലും എണ്ണം ആയിരിക്കും. ക്വാറം തികയാത്തപക്ഷം യോഗം അടുത്ത പ്രവൃത്തിദിവസത്തേക്ക് മാറ്റിവെയ്ക്കുന്നതാണ്. അപ്രകാരം മാറ്റിവെച്ച ദിവസം അതേ സ്ഥലത്തും സമയത്തും കൂടുന്ന യോഗത്തിൽ ക്വാറം നോക്കാതെ തന്നെ തിരഞ്ഞെടുപ്പ് നടത്താവുന്നതാണ്.

സ്ഥാനാർത്ഥിയെ ഒരാൾ നാമനിർദ്ദേശം ചെയ്യേണ്ടതും മറ്റൊരാൾ പിന്താങ്ങേണ്ടതുമാണ്. നാമ നിർദ്ദേശം ചെയ്യപ്പെട്ടയാൾ യോഗത്തിൽ ഹാജരില്ലാത്തപക്ഷം അയാൾ സ്ഥാനാർത്ഥിയാകുന്നതിനുള്ള സമ്മതപത്രം ഹാജരാക്കണം. ഒരാൾ ഒന്നിൽ കൂടുതൽ പേരുകൾ നിർദ്ദേശിക്കുവാനോ ഒന്നില ധികം ആളുകളെ പിന്താങ്ങുവാനോ പാടില്ല. സ്ത്രീകൾക്കും പട്ടികജാതിവർഗ്ഗ വിഭാഗങ്ങൾക്കും ആ വിഭാഗത്തിലെ സ്ത്രീകൾക്കും സംവരണം ചെയ്തിട്ടുള്ള സ്ഥാനങ്ങളിൽ മൽസരിക്കുന്ന ഒരംഗത്തെ മറ്റൊരു അംഗം സ്ഥാനാർത്ഥിയായി നാമനിർദ്ദേശം ചെയ്യുകയോ പിന്തുണക്കുകയോ ചെയ്യേണ്ടതില്ല.

രണ്ടു സ്ഥാനാർത്ഥികൾ മാത്രം മൽസരിക്കുമ്പോൾ കൂടുതൽ സാധുവായ വോട്ടുകൾ നേടിയ ആൾ തിരഞ്ഞെടുക്കപ്പെട്ടതായി പ്രഖ്യാപിക്കും. തുല്യ വോട്ടുകളാണ് രണ്ട് സ്ഥാനാർത്ഥികൾക്കും ലഭിക്കുന്നതെങ്കിൽ നറുക്കെടുപ്പു നടത്തേണ്ടതും ആരുടെ പേരാണോ നറുക്കെടുക്കപ്പെടുന്നത് ആ ആൾ തിരഞ്ഞെടുക്കപ്പെടുന്നതുമാണ്. രണ്ടിലധികം സ്ഥാനാർത്ഥികൾ ഉള്ളപ്പോൾ ഒരു സ്ഥാനാർത്ഥിക്ക് മറ്റെല്ലാ സ്ഥാനാർത്ഥികൾക്കും കൂടി കിട്ടിയ മൊത്തം വോട്ടിനെക്കാൾ കൂടുതൽ വോട്ട് ലഭിക്കുന്ന പക്ഷം അപ്രകാരം കൂടുതൽ വോട്ടുകൾ ലഭിച്ചയാൾ തിരഞ്ഞെടുക്കപ്പെടും.

മത്സരിക്കുന്ന സ്ഥാനാർത്ഥികൾ രണ്ടിലധികം ഉണ്ടായിരിക്കുകയും ആദ്യത്തെ വോട്ടെടുപ്പിൽ ഒരു സ്ഥാനാർത്ഥിക്കും മറ്റെല്ലാ സ്ഥാനാർത്ഥികൾക്കും കൂടി കിട്ടിയിട്ടിയ മൊത്തം വോട്ടിനെക്കാൾ കൂടുതൽ വോട്ടുകൾ ലഭിക്കാതിരിക്കുകയും ചെയ്യുന്ന പക്ഷം, ഏറ്റവും കുറച്ചു വോട്ടുകൾ ലഭിച്ച സ്ഥാനാർത്ഥിയെ തിരഞ്ഞെടുപ്പിൽ നിന്നും ഒഴിവാക്കേണ്ടതാണ്. ഒരു സ്ഥാനാർത്ഥിക്ക് മറ്റെല്ലാ സ്ഥാനാർത്ഥികൾക്ക് ലഭിക്കുന്ന മൊത്തം വോട്ടിനേക്കാൾ അധികം വോട്ട് ലഭിക്കുന്നതുവരെ ഈ പ്രക്രിയ തുടരണം.

എന്നാൽ മൂന്നോ അതിലധികമോ സ്ഥാനാർത്ഥികൾ മത്സരിക്കുകയും അതിൽ രണ്ടോ അതില ധികമോ സ്ഥാനാർത്ഥികൾക്ക് തുല്യവോട്ട് ലഭിക്കുകയും ചെയ്യുന്നപക്ഷം നറുക്കെടുപ്പ് നടത്തി ലഭിക്കുന്ന പേര് ഒഴിവാക്കേണ്ടതാണ്. അതുപോലെ മൂന്നോ അതിലധികമോ സ്ഥാനാർത്ഥികൾക്ക് തുല്യവോട്ട് ലഭിക്കുന്ന പക്ഷം ഇതേ രീതിയിൽ ഒരാളെ നറുക്കെടുപ്പിലൂടെ ഒഴിവാക്കി വോട്ടെടുപ്പ് തുടരണം.

ഒന്നിലധികം ഘട്ടങ്ങളിലായി വോട്ടെടുപ്പ് വേണ്ടി വരുമ്പോൾ ഓരോ ഘട്ടം വോട്ടെടുപ്പിലും വ്യത്യസ്ത നിറത്തിലുള്ള ബാലറ്റു പേപ്പറുകൾ ഉപയോഗിക്കണം.

തിരഞ്ഞെടുപ്പ് ഫലം പ്രഖ്യാപിച്ചു കഴിഞ്ഞാൽ മേയർ, ചെയർമാൻ, പ്രസിഡന്റ് എന്നിവർ വരണാധികാരി മുമ്പാകെയാണ് സത്യപ്രതിജ്ഞ ചെയ്യേണ്ടത്. ഡെപ്യൂട്ടി മേയർ, മേയർ മുമ്പാകെയും വൈസ് ചെയർമാൻ ചെയർമാൻ മുമ്പാകെയും, വൈസ് പ്രസിഡന്റ് പ്രസിഡന്റ് മുമ്പാകെയുമാണ് സത്യപ്രതിജ്ഞ ചെയ്യുക. തിരഞ്ഞെടുപ്പ് പൂർത്തിയായ ഉടൻ വരണാധികാരി അതു സംബന്ധിച്ച റിപ്പോർട്ട് തിരഞ്ഞെടുപ്പ് കമ്മീഷനും സർക്കാരിനും ബന്ധപ്പെട്ട സ്ഥാപനത്തിലെ സെക്രട്ടറിക്കും നൽകണമെന്നും തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു.

*(എസ്.ഇ.സി. 216/2015)*

Email:
contact.seckerala@gmail.com
electionker@gmail.com

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

12th November 2015

## ഡിസംബർ എട്ടിനുള്ള തിരഞ്ഞെടുപ്പിന് വിജ്ഞാപനമായി

സ്ഥാനാർത്ഥികളുടെ മരണം മൂലം തിരഞ്ഞെടുപ്പ് റദ്ദാക്കിയ വാർഡുകളിലേക്ക് ഡിസംബർ എട്ടിനു തിരഞ്ഞെടുപ്പ് നടത്തുന്നതു സംബന്ധിച്ചുള്ള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻെറ വിജ്ഞാപനമായി. പത്തനംതിട്ട ഏറാത്ത് ഗ്രാമപഞ്ചായത്ത് ഇടുക്കി അടിമാലി ബ്ലോക്ക് പഞ്ചായത്ത് തൃശ്ശൂർ ചേലക്കര ഗ്രാമപഞ്ചായത്ത്, പാലക്കാട് പുതുശ്ശേരി ഗ്രാമപഞ്ചായത്ത്, ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റി, കണ്ണൂർ ധർമ്മടം ഗ്രാമപഞ്ചായത്ത്, കാസർഗോഡ് മഞ്ചേശ്വരം ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിലെ ബന്ധപ്പെട്ട വാർഡുകളിലാണ് തിരഞ്ഞെടുപ്പ് നടക്കുക.

*(എസ്.ഇ.സി. 214/2015)*

## വോട്ടിംഗ് യന്ത്രം തകരാർ: വിദഗ്ധ സംഘം രൂപീകരിക്കാൻ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻെറ സഹായം തേടി

നവംബർ അഞ്ചിന് നടന്ന തദ്ദേശ ഭരണ തിരഞ്ഞെടുപ്പിൽ മലപ്പുറത്തും തൃശ്ശൂരും വോട്ടിംഗ് യന്ത്രങ്ങൾ തകരാറായ സംഭവത്തെപ്പറ്റിയുള്ള അന്വേഷണത്തിന്വേണ്ട സാങ്കേതിക വിദഗ്ധരുടെ സേവനങ്ങൾക്കായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻെറ സഹായം അഭ്യർത്ഥിച്ചു. നേരത്തെ ഇതു സംബന്ധിച്ച് യന്ത്രത്തിൻെറ നിർമ്മാതാക്കളായ ഇലക്ട്രോണിക് കോർപ്പറേഷൻ ഓഫ് ഇന്ത്യയോട് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു. കൂട്ടത്തോടെയുള്ള യന്ത്ര തകരാൻ അസ്വാഭാവികമാണെന്നാണ് ഇ.സി.ഐ.എൽ അറിയിച്ചിട്ടുള്ളത്. ഈ സാഹചര്യത്തിലാണ് തുടരന്വേഷണത്തിൻെറ ഭാഗമായി സങ്കേതിക വിദഗ്ധർ ഉൾപ്പെടുന്ന സമിതി രൂപീകരിക്കുന്നതിനായി വിദഗ്ധരുടെ സേവനങ്ങൾക്കായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷനെ സമീപിച്ചിട്ടുള്ളത്.

*(എസ്.ഇ.സി. 215/2015)*

| Email:<br>contact.seckerala@gmail.com<br>electionker@gmail.com | പത്രക്കുറിപ്പ് | TELEPHONE: 0471-2321233<br>MOBILE :8281000127<br><br>www.sec.kerala.gov.in |
| --- | --- | --- |
| | കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ | 11th November 2015 |

## തദ്ദേശ സ്ഥാപനങ്ങളിലേക്ക് തിരഞ്ഞെടുക്കപ്പെട്ടവരുടെ സത്യപ്രതിജ്ഞ ഇന്ന് (12.11.2015)

ഒക്ടോബർ 31-നും നവംബർ അഞ്ചിനും ഭരണ സമിതിയുടെ കാലാവധി അവസാനിച്ച തദ്ദേശ ഭരണ സ്ഥാപനങ്ങളിലേക്ക് തിരഞ്ഞെടുക്കപ്പെട്ട എല്ലാ അംഗങ്ങളുടെയും സത്യപ്രതിജ്ഞ/ദൃഢ പ്രതിജ്ഞ ഇന്നു (12.11.2015) നടക്കും. ത്രിതല പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും രാവിലെ 10 മണിക്കും കോർപ്പറേഷനുകളിൽ രാവിലെ 11.30 നുമായിരിക്കും സത്യപ്രതിജ്ഞാ നടപടികൾ ആരംഭിക്കുക. ഇപ്രകാരം സത്യപ്രതിജ്ഞ ചെയ്ത് ചുമതലയേൽക്കുന്നവർക്കു മാത്രമെ നവംബർ 18,19 തീയതികളിൽ നടക്കുന്ന അധ്യക്ഷൻ/ ഉപാധ്യക്ഷൻ തിരഞ്ഞെടുപ്പിൽ പങ്കെടുക്കാൻ കഴിയുകയുള്ളു.

പ്രതിജ്ഞ ചെയ്തു ചുമതലയേൽക്കാത്തവർ അവർ തിരഞ്ഞെടുക്കപ്പെടുന്ന തീയതി മുതൽ 30 ദിവസത്തിനകം പ്രസിഡന്റ്/ചെയർപേഴ്സൺ മുമ്പാകെ സത്യപ്രതിജ്ഞ ചെയ്ത് ചുമതലയേൽക്കാത്തപക്ഷം അവരുടെ അംഗത്വം നഷ്ടപ്പെടുന്നതാണ്. നിശ്ചിത ദിവസത്തിനുള്ളിൽ മതിയായ കാരണങ്ങളില്ലാതെ സത്യപ്രതിജ്ഞയോ, ദൃഢപ്രതിജ്ഞയോ ചെയ്തു സ്ഥാനം ഏറ്റെടുക്കാത്തപക്ഷം അയാൾ തന്റെ സ്ഥാനം സ്വമേധയാ ഒഴിഞ്ഞതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ പ്രഖ്യാപിക്കുന്നതാണ്.

*(എസ്.ഇ.സി. 212/2015)*

## അംഗങ്ങളുടെ സത്യപ്രതിജ്ഞ : മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് പുതുതായി തിരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങളുടെ സത്യപ്രതിജ്ഞ/ദൃഢപ്രതിജ്ഞ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ പുറപ്പെടുവിച്ചു.

ഇതനുസരിച്ച് സംസ്ഥാനത്തെ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിലും, മുനിസിപ്പാലിറ്റികളിലും ആദ്യ അംഗത്തെ സത്യപ്രതിജ്ഞ/ദൃഢപ്രതിജ്ഞ ചെയ്യിക്കേണ്ടത് ബന്ധപ്പെട്ട വരണാധികാരികളാണ്. മുനിസിപ്പൽ കോർപ്പറേഷനുകളിൽ ബന്ധപ്പെട്ട ജില്ലാ

കളക്ടർമാർക്കാണ് ഈ ചുമതല. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കും തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളിൽ ഏറ്റവും പ്രായം കൂടിയ അംഗത്തെയാണ് ആദ്യം പ്രതിജ്ഞചെയ്യിക്കേണ്ടത്. മറ്റ് അംഗങ്ങളെ ആദ്യം സത്യപ്രതിജ്ഞ ചെയ്ത അംഗം സത്യപ്രതിജ്ഞയോ/ദൃഢപ്രതിജ്ഞയോ ചെയ്യിക്കണം. തിരഞ്ഞെടുക്കപ്പെട്ട എല്ലാ അംഗങ്ങൾക്കും നിശ്ചയിച്ചിട്ടുള്ള തീയതിയിൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രതിജ്ഞാ ചടങ്ങിന് സംബന്ധിക്കണമെന്നാവശ്യപ്പെട്ട് രേഖാമൂലം അറിയിപ്പ് നൽകും.

ത്രിതല പഞ്ചായത്തുകളിൽ 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമം രണ്ടാം പട്ടികയിലെ ഫോറത്തിലും മുനിസിപ്പാലിറ്റി/മുനിസിപ്പൽ കോർപ്പറേഷനുകളിൽ 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ മൂന്നാം പട്ടികയിലെ ഫോറങ്ങളിലും വേണം പുതിയ അംഗങ്ങൾ പ്രതിജ്ഞ ചെയ്ത ശേഷം ഒപ്പിട്ടു കൊടുക്കേണ്ടത്. പ്രതിജ്ഞയ്ക്കുശേഷം അംഗങ്ങൾ സത്യപ്രതിജ്ഞാ രജിസ്റ്ററിലും കക്ഷിബന്ധ രജിസ്റ്ററിലും ഒപ്പു വെയ്ക്കണം. ബന്ധപ്പെട്ട വരണാധികാരികൾ ഇതുറപ്പാക്കണം. രജിസ്റ്ററുകൾ അതത് സ്ഥാപനത്തിൽ സൂക്ഷിക്കണം.

സത്യപ്രതിജ്ഞാ ചടങ്ങ് കഴിഞ്ഞാലുടൻ തിരഞ്ഞെടുക്കപ്പെട്ട എല്ലാ അംഗങ്ങളുടെയും ആദ്യയോഗം ആദ്യം പ്രതിജ്ഞ ചെയ്ത അംഗത്തിന്റെ അധ്യക്ഷതയിൽ ചേരണം. യോഗത്തിൽ പ്രസിഡന്റ് / ചെയർപേഴ്സൺ / മേയർ / വൈസ്പ്രസിഡന്റ് / വൈസ് ചെയർപേഴ്സൺ / ഡെപ്യൂട്ടി മേയർ സ്ഥാനങ്ങളിലേയ്ക്കുള്ള തിരഞ്ഞെടുപ്പ് സംബന്ധിച്ച് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ അറിയിപ്പ് സെക്രട്ടറി വായിക്കണം. ഒപ്പം പ്രസ്തുത തിരഞ്ഞെടുപ്പ് സംബന്ധിച്ച് വരണാധികാരി കമ്മീഷൻ നിശ്ചയിക്കുന്ന തീയതിയും സമയവും കാണിച്ച് യോഗത്തിൽവെച്ച് തന്നെ അംഗങ്ങൾക്ക് നിശ്ചിതമാതൃകയിൽ നോട്ടീസ് നൽകണം. ബന്ധപ്പെട്ട വരണാധികാരികളാണ് തിരഞ്ഞെടുപ്പ് നടത്തേണ്ടത്.

സത്യപ്രതിജ്ഞാ ചടങ്ങുകൾക്ക് ഗ്രാമപഞ്ചായത്തുകളിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരും ബ്ലോക്ക് പഞ്ചായത്തുകളിൽ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ)മാരും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും അതത് സെക്രട്ടറിമാരും ജില്ലാ പഞ്ചായത്തുകളിൽ ജില്ലാ കളക്ടർമാരും ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യണമെന്നും തിരഞ്ഞെടുപ്പ് കമ്മീഷൻ ഉത്തരവായി.

*(എസ്.ഇ.സി. 213/2015)*

Email:
contact.seckerala@gmail.com
electionker@gmail.com

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

9th November 2015

## PART TWO

### പുതിയ അംഗങ്ങളുടെ സത്യപ്രതിജ്ഞാ തീയതികൾ

തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പിൽ തിരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങളുടെ സത്യപ്രതിജ്ഞാ തീയതി സംബന്ധിച്ച് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഉത്തരവായി. ഇതനുസരിച്ച് ഒക്ടോബർ 31-നും നവംബർ അഞ്ചിനും ഭരണസമിതിയുടെ കാലാവിധി അവസാനിക്കുന്ന സ്ഥാപനങ്ങളിലെ തിരഞ്ഞെടുക്കപ്പെടുന്ന എല്ലാ അംഗങ്ങളും നവംബർ 12-ന് സത്യപ്രതിജ്ഞ/ദൃഢപ്രതിജ്ഞ ചെയ്ത് അധികാരമേൽക്കണം.

ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് ജില്ലാ പഞ്ചായത്ത്, മുനിസിപ്പാലിറ്റികളിൽ നവംബർ 12-ന് രാവിലെ 10 മണിക്ക് കോർപ്പറേഷനുകളിൽ പകൽ 11.30നുമാണ് പ്രതിജ്ഞാ നടപടികൾ ആരംഭിക്കേണ്ടത്. ഇപ്രകാരം സത്യപ്രതിജ്ഞ ചെയ്ത് അധികാരം ഏറ്റെടുക്കുന്ന അംഗങ്ങൾക്കു മാത്രമേ നവംബർ 18,19 തീയതയിൽ നടക്കുന്ന അദ്ധ്യക്ഷൻ ഉപാദ്ധ്യക്ഷൻ തിരഞ്ഞെടുപ്പുകളിൽ പങ്കെടുക്കാൻ കഴിയുകയുള്ളു. പ്രതിജ്ഞ ചെയ്ത് അധികാരമേറ്റെടുക്കാത്ത അംഗങ്ങൾ അവർ തിരഞ്ഞെടുക്കപ്പെടുന്ന തീയതി മുതൽ 30 ദിവസത്തിനകം പ്രസിഡന്റ് /ചെയർപേഴ്സൺ മുൻപാകെ സത്യപ്രതിജ്ഞ ചെയ്ത് അധികാരം ഏറ്റെടുക്കാത്ത പക്ഷം അവരുടെ അംഗത്വം നഷ്ടപ്പെടുന്നതാണ്. നിശ്ചിത ദിവസത്തിനുള്ളിൽ മതിയായ കാരണങ്ങളില്ലാതെ സത്യ പ്രതിജ്ഞയോ ദൃഢപ്രതിജ്ഞയോ ചെയ്ത് സ്ഥാനം ഏറ്റെടുക്കാത്ത പക്ഷം അയാൾ തന്റെ സ്ഥാനം സ്വമേധയാ ഒഴിഞ്ഞതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ പ്രഖ്യാപിക്കുന്നതാണ്.

തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ സത്യപ്രതിജ്ഞാ തീയതി ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പേര് | ജില്ല | തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ സത്യപ്രതിജ്ഞ / ദൃഢപ്രതിജ്ഞ ചെയ്യുന്നതിനുള്ള തീയതി |
|---|---|---|---|
| 1. | നന്നംമുക്ക് ഗ്രാമപഞ്ചായത്ത് | മലപ്പുറം | 16/11/2015 |
| 2. | പുലമാന്തോൾ ഗ്രാമപഞ്ചായത്ത് | മലപ്പുറം | 19/11/2015 |
| 3. | എടപ്പാൾ ഗ്രാമപഞ്ചായത്ത് | മലപ്പുറം | 19/11/2015 |
| 4. | കാവന്നൂർ ഗ്രാമപഞ്ചായത്ത് | മലപ്പുറം | 26/11/2015 |
| 5. | ആലങ്കോട് ഗ്രാമപഞ്ചായത്ത് | മലപ്പുറം | 29/11/2015 |
| 6. | ആനിക്കാട് ഗ്രാമപഞ്ചായത്ത് | പത്തനംതിട്ട | 30/11/2015 |
| 7. | എടക്കാട്ടുവയൽ ഗ്രാമപഞ്ചായത്ത് | എറണാകുളം | 30/11/2015 |
| 8. | മാറാടി ഗ്രാമപഞ്ചായത്ത് | എറണാകുളം | 30/11/2015 |
| 9. | മുടക്കുഴ ഗ്രാമപഞ്ചായത്ത് | എറണാകുളം | 30/11/2015 |
| 10. | പാറക്കടവ് ഗ്രാമപഞ്ചായത്ത് | എറണാകുളം | 30/11/2015 |
| 11. | കുന്നുകര ഗ്രാമപഞ്ചായത്ത് | എറണാകുളം | 30/11/2015 |

| | | | |
|---|---|---|---|
| 12. | ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് | എറണാകുളം | 30/11/2015 |
| 13. | പാറക്കടവ് ബ്ലോക്ക് പഞ്ചായത്ത് | എറണാകുളം | 30/11/2015 |
| 14. | തൃക്കാക്കര മുനിസിപ്പാലിറ്റി | എറണാകുളം | 30/11/2015 |
| 15. | കരീപ്ര ഗ്രാമപഞ്ചായത്ത് | കൊല്ലം | 01/12/2015 |
| 16. | നെടുവത്തൂർ ഗ്രാമപഞ്ചായത്ത് | കൊല്ലം | 01/12/2015 |
| 17. | പിറവന്തൂർ ഗ്രാമപഞ്ചായത്ത് | കൊല്ലം | 01/12/2015 |
| 18. | ബുധനൂർ ഗ്രാമപഞ്ചായത്ത് | ആലപ്പുഴ | 01/12/2015 |
| 19. | ചെമ്പ് ഗ്രാമപഞ്ചായത്ത് | കോട്ടയം | 01/12/2015 |
| 20. | മരങ്ങാട്ടുപ്പള്ളി ഗ്രാമപഞ്ചായത്ത് | കോട്ടയം | 01/12/2015 |
| 21. | പാമ്പാടി ഗ്രാമപഞ്ചായത്ത് | കോട്ടയം | 01/12/2015 |
| 22. | തലനാട് ഗ്രാമപഞ്ചായത്ത് | കോട്ടയം | 01/12/2015 |
| 23. | കടവല്ലൂർ ഗ്രാമപഞ്ചായത്ത് | തൃശൂർ | 01/12/2015 |
| 24. | കൈപ്പറമ്പ് ഗ്രാമപഞ്ചായത്ത് | തൃശൂർ | 01/12/2015 |
| 25. | എളവള്ളി ഗ്രാമപഞ്ചായത്ത് | തൃശൂർ | 01/12/2015 |
| 26. | പാഞ്ഞാൾ ഗ്രാമപഞ്ചായത്ത് | തൃശൂർ | 01/12/2015 |
| 27. | വള്ളത്തോൾ ഗ്രാമപഞ്ചായത്ത് | തൃശൂർ | 01/12/2015 |
| 28. | തൃത്താല ഗ്രാമപഞ്ചായത്ത് | പാലക്കാട് | 01/12/2015 |
| 29. | വാഴയൂർ ഗ്രാമപഞ്ചായത്ത് | മലപ്പുറം | 01/12/2015 |
| 30. | ആയഞ്ചേരി ഗ്രാമപഞ്ചായത്ത് | കോഴിക്കോട് | 01/12/2015 |
| 31. | ചേളന്നൂർ ഗ്രാമപഞ്ചായത്ത് | കോഴിക്കോട് | 01/12/2015 |
| 32. | കുന്ദമംഗലം ഗ്രാമപഞ്ചായത്ത് | കോഴിക്കോട് | 01/12/2015 |
| 33. | ഓമശ്ശേരി ഗ്രാമപഞ്ചായത്ത് | കോഴിക്കോട് | 01/12/2015 |
| 34. | മൂപ്പൈനാട് ഗ്രാമപഞ്ചായത്ത് | വയനാട് | 01/12/2015 |
| 35. | കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത് | വയനാട് | 01/12/2015 |
| 36. | കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് | വയനാട് | 01/12/2015 |
| 37. | പൈവളിഗെ ഗ്രാമപഞ്ചായത്ത് | കാസറഗോഡ് | 01/12/2015 |
| 38. | എടവണ്ണ ഗ്രാമപഞ്ചായത്ത് | മലപ്പുറം | 05/12/2015 |
| 39. | പുൽപ്പറ്റ ഗ്രാമപഞ്ചായത്ത് | മലപ്പുറം | 17/12/2015 |
| 40. | മാമ്പാട് ഗ്രാമപഞ്ചായത്ത് | മലപ്പുറം | 19/12/2015 |
| 41. | അമരമ്പലം ഗ്രാമപഞ്ചായത്ത് | മലപ്പുറം | 19/12/2015 |
| 42. | വണ്ടൂർ ബ്ലോക്ക് പഞ്ചായത്ത് | മലപ്പുറം | 22/12/2015 |
| 43. | ചോക്കാട് ഗ്രാമപഞ്ചായത്ത് | മലപ്പുറം | 26/12/2015 |
| 44. | തൃക്കലങ്ങോട് ഗ്രാമപഞ്ചായത്ത് | മലപ്പുറം | 16/01/2016 |
| 45. | മംഗലം ഗ്രാമപഞ്ചായത്ത് | മലപ്പുറം | 01/02/2016 |
| 46. | വെട്ടം ഗ്രാമപഞ്ചായത്ത് | മലപ്പുറം | 01/02/2016 |
| 47. | തിരുനാവായ ഗ്രാമപഞ്ചായത്ത് | മലപ്പുറം | 01/02/2016 |
| 48. | മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്ത് | മലപ്പുറം | 01/02/2016 |
| 49. | തിരൂർ ബ്ലോക്ക് പഞ്ചായത്ത് | മലപ്പുറം | 01/02/2016 |

*(എസ്.ഇ.സി.210/2015)*

## മുനിസിപ്പാലിറ്റിയിലെ വരണാധികാരികൾ

മുനിസിപ്പാലിറ്റികളിൽ സത്യപ്രതിജ്ഞ ചെയ്യിക്കാൻ നിയോഗിക്കപ്പെട്ട വരണാധികാരികളുടെ പട്ടിക ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | മുനിസിപ്പാലിറ്റിയുടെ പേര് | വരണാധികാരി |
|---|---|---|
| 1 | നെയ്യാറ്റിൻകര | അസിസ്റ്റന്റ് ഡയറക്ടർ, സർവ്വേ ആന്റ് ലാന്റ് റിക്കോഡ്സ് (റീസർവേ), നെയ്യാറ്റിൻകര |
| 2 | നെടുമങ്ങാട് | ഡെപ്യൂട്ടി ഡയറക്ടർ ഓഫ് ഫിഷറീസ്, തിരുവനന്തപുരം |
| 3 | ആറ്റിങ്ങൽ | ജനറൽ മാനേജർ, ഡിസ്ട്രിക്ട് ഇൻഡസ്ട്രീസ് സെന്റർ, തിരുവനന്തപുരം |
| 4 | വർക്കല | ഡെപ്യൂട്ടി കളക്ടർ (ആർ.ആർ), കളക്ടറേറ്റ്, തിരുവനന്തപുരം |
| 5 | പരവൂർ | ഡിസ്ട്രിക്ട് സോയിൽ കൺസർവേഷൻ ഓഫീസർ, കൊല്ലം |
| 6 | പുനലൂർ | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ടിംബർ സെയിൽസ് ഡിവിഷൻ, പുനലൂർ |
| 7 | കരുനാഗപ്പള്ളി | ജോയിന്റ് ഡയറക്ടർ ഓഫ് കോ-ഓപ്പറേറ്റീവ് ഓഡിറ്റ്, കൊല്ലം |
| 8 | അടൂർ | റവന്യൂ ഡിവിഷണൽ ഓഫീസർ, അടൂർ |
| 9 | പത്തനംതിട്ട | ഡിസ്ട്രിക്ട് സോയിൽ കൺസർവേഷൻ ഓഫീസർ, പത്തനംതിട്ട |
| 10 | തിരുവല്ല | ഡെപ്യൂട്ടി ഡയറക്ടർ ഓഫ് എഡ്യുക്കേഷൻ, തിരുവല്ല |
| 11 | കായംകുളം | ഡിസ്ട്രിക്ട് എംപ്ലോയ്മെന്റ് ഓഫീസർ, ആലപ്പുഴ |
| 12 | മാവേലിക്കര | ജനറൽ മാനേജർ, ഡിസ്ട്രിക്ട് ഇൻഡസ്ട്രീസ് സെന്റർ, ആലപ്പുഴ |
| 13 | ചെങ്ങന്നൂർ | റവന്യൂ ഡിവിഷണൽ ഓഫീസർ, ചെങ്ങന്നൂർ |
| 14 | ആലപ്പുഴ | സബ് കളക്ടർ, ആലപ്പുഴ |
| 15 | ചേർത്തല | എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി ഡബ്ളിയു.ഡി (റോഡ്സ്), ആലപ്പുഴ |
| 16 | ചങ്ങനാശ്ശേരി | ഡെപ്യൂട്ടി ഡയറക്ടർ ഓഫ് എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ്, കോട്ടയം |
| 17 | കോട്ടയം | ജനറൽ മാനേജർ, ഡിസ്ട്രിക്ട് ഇൻഡസ്ട്രീസ് സെന്റർ, കോട്ടയം |
| 18 | വൈക്കം | ഡിസ്ട്രിക്ട് സോയിൽ കൺസർവേഷൻ ഓഫീസർ, കോട്ടയം |
| 19 | പാലാ | അസിസ്റ്റന്റ് കമ്മീഷണർ ഓഫ് കോമഴ്സ്യൽ ടാക്സസ്, പാലാ |
| 20 | തൊടുപുഴ | റവന്യൂ ഡിവിഷണൽ ഓഫീസർ, ഇടുക്കി |
| 21 | തൃപ്പൂണിത്തുറ | എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി. ഡബ്ളിയു. ഡി., റോഡ്സ് ഡിവിഷൻ, എറണാകുളം, കൊച്ചി - 21 |
| 22 | മൂവാറ്റുപുഴ | ഡിസ്ട്രിക്ട് എഡ്യൂക്കേഷണൽ ഓഫീസർ, മൂവാറ്റുപുഴ |
| 23 | കോതമംഗലം | ഡിസ്ട്രിക്ട് എഡ്യൂക്കേഷണൽ ഓഫീസർ, കോതമംഗലം |
| 24 | പെരുമ്പാവൂർ | ഡെപ്യൂട്ടി ഡയറക്ടർ ഓഫ് എഡ്യൂക്കേഷൻ, എറണാകുളം |
| 25 | ആലുവ | ഡിസ്ട്രിക്ട് എഡ്യൂക്കേഷണൽ ഓഫീസർ, ആലുവ |
| 26 | കളമശ്ശേരി | ഡെപ്യൂട്ടി ഡയറക്ടർ ഓഫ് എക്കണോമിക്സ് സ്റ്റാറ്റിസ്റ്റിക്സ്, എറണാകുളം |
| 27 | നോർത്ത് പറവൂർ | ഡിസ്ട്രിക്ട് സപ്ലൈ ഓഫീസർ, എറണാകുളം |

| | | |
|---|---|---|
| 28 | അങ്കമാലി | ഡെപ്യൂട്ടി ഡയറക്ടർ ഓഫ് ഡെയറി ഡെവലപ്മെന്റ്, എറണാകുളം |
| 29 | ഏലൂർ | അസിസ്റ്റന്റ് കൺട്രോളർ (ജനറൽ), ലീഗൽ മെട്രോളജി, എറണാകുളം |
| 30 | തൃക്കാക്കര | ഡെപ്യൂട്ടി കളക്ടർ (എൽ.എ), കളക്ടറേറ്റ്, എറണാകുളം |
| 31 | മരട് | ഡിസ്ട്രിക്ട് ഡെവലപ്മെന്റ് ഓഫീസർ, ഷെഡ്യൂൾഡ് കാസ്റ്റ് ഡെവലപ്മെന്റ്, എറണാകുളം |
| 32 | ചാലക്കുടി | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ചാലക്കുടി |
| 33 | ഇരിഞ്ഞാലക്കുട | ഡെപ്യൂട്ടി കളക്ടർ (എൽ.എ), തൃശ്ശൂർ |
| 34 | കൊടുങ്ങല്ലൂർ | ഡെപ്യൂട്ടി കളക്ടർ (എൽ.ആർ), തൃശ്ശൂർ |
| 35 | ചാവക്കാട് | സബ് കളക്ടർ/റവന്യൂ ഡിവിഷണൽ ഓഫീസർ, തൃശ്ശൂർ |
| 36 | ഗുരുവായൂർ | ഡെപ്യൂട്ടി കളക്ടർ (ആർ. ആർ), തൃശ്ശൂർ |
| 37 | കുന്നംകുളം | ഡിസ്ട്രിക്ട് സോയിൽ കൺസർവേഷൻ ഓഫീസർ, തൃശ്ശൂർ |
| 38 | ഷൊർണ്ണൂർ | എക്സിക്യുട്ടിവ് എഞ്ചിനീയർ, പി. ഡബ്ളിയു. ഡി. (റോഡ്സ്), പാലക്കാട് |
| 39 | ഒറ്റപ്പാലം | സബ് കളക്ടർ/ആർ. ഡി. ഒ., ഒറ്റപ്പാലം |
| 40 | പാലക്കാട് | ഡെപ്യൂട്ടി ഡയറക്ടർ ഓഫ് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ്, പാലക്കാട് |
| 41 | ചിറ്റൂർ തത്തമംഗലം | ഡെപ്യൂട്ടി ഡയറക്ടർ ഓഫ് എഡ്യൂക്കേഷൻ, പാലക്കാട് |
| 42 | പൊന്നാനി | ഡിസ്ട്രിക്ട് എഡ്യൂക്കേഷണൽ ഓഫീസർ, തിരൂർ |
| 43 | തിരൂർ | ഡിസ്ട്രിക്ട് ഓഫീസർ, ഗ്രൗ വാട്ടർ ഡിപ്പാർട്ട്മെന്റ്, മലപ്പുറം |
| 44 | പെരിന്തൽമണ്ണ | ജനറൽ മാനേജർ, ഡിസ്ട്രിക്ട് ഇൻഡസ്ട്രീസ് സെന്റർ, മലപ്പുറം |
| 45 | മലപ്പുറം | ഡിസ്ട്രിക്ട് ഡെവലപ്മെന്റ് ഓഫീസർ ഫോർ ഷെഡ്യൂൾഡ് കാസ്റ്റ്, മലപ്പുറം |
| 46 | മഞ്ചേരി | ഡെപ്യൂട്ടി ഡയറക്ടർ ഓഫ് എഡ്യൂക്കേഷൻ, മലപ്പുറം |
| 47 | കോട്ടക്കൽ | ഡെപ്യൂട്ടി കളക്ടർ (എൽ. ആർ), മലപ്പുറം |
| 48 | നിലമ്പൂർ | ഡിസ്ട്രിക്ട് പ്ലാനിംഗ് ഓഫീസർ, മലപ്പുറം |
| 49 | കൊയിലാണ്ടി | ഡിസ്ട്രിക്ട് ഡെവലപ്മെന്റ് ഓഫീസർ ഫോർ ഷെഡ്യൂൾഡ് കാസ്റ്റ്, കോഴിക്കോട്, സിവിൽ സ്റ്റേഷൻ പി. ഒ., കോഴിക്കോട് |
| 50 | വടകര | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ (ടിംബർ സെയിൽസ്), വനശ്രീ, അരക്കിണർ പി. ഒ., കോഴിക്കോട് |
| 51 | കൽപ്പറ്റ | ജോയിന്റ് രജിസ്ട്രാർ (ജനറൽ), കൽപ്പറ്റ |
| 52 | തളിപറമ്പ | ഇൻസ്പെക്റ്റിംഗ് അസിസ്റ്റന്റ് കമ്മീഷണർ, കൊമേഴ്സ്യൽ ടാക്സസ്, കണ്ണൂർ |
| 53 | കൂത്തുപറമ്പ | അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, സോഷ്യൽ ഫോറസ്ട്രി കണ്ണൂർ |
| 54 | തലശ്ശേരി | എക്സിക്യുട്ടിവ് എഞ്ചിനീയർ, പഴശ്ശി ഇറിഗേഷൻ പ്രോജക്റ്റ്, കണ്ണൂർ |
| 55 | പയ്യന്നൂർ | ഡെപ്യൂട്ടി ഡയക്ടർ ഓഫ് ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ്, സിവിൽ സ്റ്റേഷൻ പി. ഒ., കണ്ണൂർ |
| 56 | കാഞ്ഞങ്ങാട് | ജോയിന്റ് രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് (ജനറൽ), കാസർഗോഡ് |
| 57 | കാസർകോട് | മാനേജർ (ഡി. പി), ഡിസ്ട്രിക്ട് ഇൻഡസ്ട്രീസ് സെന്റർ, കാസർഗോഡ് |
| 58 | നീലേശ്വരം | ഡെപ്യൂട്ടി ഡയറക്ടർ ഓഫ് അഗ്രികൾച്ചർ (വൈ. പി), പ്രിൻസിപ്പൽ അഗ്രികൾച്ചർ ഓഫീസ്, കാസർഗോഡ് |
| 59 | പന്തളം | ഡിസ്ട്രിക്ട് എസ്. സി. ഡെവലപ്മെന്റ് ഓഫീസർ, പത്തനംതിട്ട |

| | | |
|---|---|---|
| 60 | ഹരിപ്പാട് | ഡെപ്യൂട്ടി ഡയറക്ടർ, ഡെയറി ഡെവലപ്മെന്റ്, ആലപ്പുഴ |
| 61 | ഏറ്റുമാനൂർ | ഡിസ്ട്രിക്ട് പ്ലാനിംഗ് ഓഫീസർ, കോട്ടയം |
| 62 | ഈരാറ്റുപേട്ട | പ്രോജക്ട് ഓഫീസർ, ഐ.റ്റി.ഡി.പി., കാഞ്ഞിരപ്പള്ളി |
| 63 | കട്ടപ്പന | സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ, (മൂന്നാർ ലാന്റ് അസൈൻമെന്റ്), കള ക്ടറേറ്റ്, ഇടുക്കി |
| 64 | പിറവം | എക്സിക്യുട്ടീവ് എഞ്ചിനീയർ, ഇറിഗേഷൻ ഡിവിഷൻ, എറണാകുളം |
| 65 | കൂത്താട്ടുകുളം | പ്രോജക്ട് ഡയറക്ടർ, പി. എ. യു., എറണാകുളം, കൊച്ചി - 30 |
| 66 | വടക്കാഞ്ചേരി | ഡിസ്ട്രിക്ട് രജിസ്ട്രാർ (ജനറൽ), തൃശ്ശൂർ |
| 67 | പട്ടാമ്പി | ജനറൽ മാനേജർ, ഡിസ്ട്രിക്ട് ഇൻഡസ്ട്രീസ് സെന്റർ, പാലക്കാട് |
| 68 | ചെർപ്പുളശ്ശേരി | ഡിസ്ട്രിക്ട് ടൗൺ പ്ലാനർ, ടൗൺ പ്ലാനിംഗ് ഓഫീസ്, പാലക്കാട് |
| 69 | മണ്ണാർക്കാട് | ജിയോളജിസ്റ്റ്, മൈനിംഗ് & ജിയോളജി, പാലക്കാട് |
| 70 | താനൂർ | സബ് കളക്ടർ/റവന്യൂ ഡിവിഷണൽ ഓഫീസർ, തിരൂർ |
| 71 | പരപ്പനങ്ങാടി | ഡിസ്ട്രിക്ട് ടൗൺ പ്ലാനർ, മലപ്പുറം |
| 72 | വളാഞ്ചേരി | ഡെപ്യൂട്ടി ഡയറക്ടർ ഓഫ് അഗ്രികൾച്ചർ (ഇ & റ്റി), മലപ്പുറം |
| 73 | തിരൂരങ്ങാടി | ഡിസ്ട്രിക്ട് എഡ്യൂക്കേഷണൽ ഓഫീസർ, തിരൂരങ്ങാടി |
| 74 | പയ്യോളി | മാനേജർ (ആർ. ഇ. റ്റി), ഡിസ്ട്രിക്ട് ഇൻഡസ്ട്രീസ് സെന്റർ, വെള്ളയിൽ പി. ഒ., കോഴിക്കോട് - 673 011 |
| 75 | രാമനാട്ടുകര | എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ്, പുതിയറ, കോഴിക്കോട് |
| 76 | കൊടുവള്ളി | അസിസ്റ്റന്റ് ഡിസ്ട്രിക്ട് ഇൻഡസ്ട്രീസ് ഓഫീസർ, നടക്കാവ് പി. ഒ., കോഴിക്കോട് |
| 77 | മുക്കം | ഡിസ്ട്രിക്ട് പ്ലാനിംഗ് ഓഫീസർ, സിവിൽ സ്റ്റേഷൻ പി. ഒ., കോഴിക്കോട് |
| 78 | ഫറോക്ക് | ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് , കോഴിക്കോട് (നോർത്ത്), സിവിൽ സ്റ്റേഷൻ, കോഴിക്കോട് |
| 79 | മാനന്തവാടി | എക്സിക്യൂട്ടീവ് എഞ്ചിനീയർ, ബി. എസ്. പി. ഡിവിഷൻ, പടിഞ്ഞാറേത്തറ |
| 80 | സുൽത്താൻ ബത്തേരി | എക്സിക്യൂട്ടീവ് എഞ്ചിനീയർ, മൈനർ ഇറിഗേഷൻ ഡിവിഷൻ, സുൽത്താൻ ബത്തേരി |
| 81 | ഇരിട്ടി | ഡിസ്ട്രിക്ട് എംപ്ലോയ്മെന്റ് ഓഫീസർ, കണ്ണൂർ |
| 82 | പാനൂർ | ഡെപ്യൂട്ടി ഡയറക്ടർ ഓഫ് ഫിഷറീസ്, കണ്ണൂർ |
| 83 | ശ്രീകണ്ഠപുരം | ഡിസ്ട്രിക്ട് ലോട്ടറി ഓഫീസർ, കണ്ണൂർ |
| 84 | ആന്തൂർ | ഡിസ്ട്രിക്ട് സോയിൽ കൺസർവേഷൻ ഓഫീസർ, കണ്ണൂർ |
| 85 | കൊട്ടാരക്കര | പ്രിൻസിപ്പൽ, എക്സ്റ്റൻഷൻ ട്രെയിനിംഗ് സെന്റർ, കൊട്ടാരക്കര |
| 86 | കൊണ്ടോട്ടി | ഡിസ്ട്രിക്ട് രജിസ്ട്രാർ (ജനറൽ), മലപ്പുറം |

*(എസ്.ഇ.സി. 211/2015)*

| Email: contact.seckerala@gmail.com electionker@gmail.com | പത്രക്കുറിപ്പ് | TELEPHONE: 0471-2321233 MOBILE :8281000127 www.sec.kerala.gov.in |
|---|---|---|
| | കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ | 9th November 2015 |

# PART ONE

## പ്രാഥമിക വോട്ട് ശതമാനം

തദ്ദേശഭരണ തിരഞ്ഞെടുപ്പിൽ പ്രാഥമിക കണക്കുകളനുസരിച്ച് എൽ.ഡി.എഫിന് 37.36-ഉം യു.ഡി.എഫിന് 37.23-ഉം ബി.ജെ.പി മുന്നണിക്ക് 13.28-ഉം മറ്റുള്ളവർക്ക് 12.12-ഉം ശതമാനം വോട്ടുകൾ ലഭിച്ചു. ആകെ പോൾ ചെയ്ത വോട്ടുകളിൽ എൽ.ഡി.എഫിന് 74,01,160-ഉം, യു.ഡി.എഫിന് 73,76,752-ഉം ബി.ജെ.പി. മുന്നണിക്ക് 26,31,271-ഉം മറ്റുള്ളവർക്ക് 24,01,153-ഉം ലഭിച്ചു. ഇതിൽ നഗര തദ്ദേശഭരണ സ്ഥാപനങ്ങളിൽ എൽ.ഡി.എഫിന് 14,62,902-ഉം യു.ഡി.എഫിന് 15,03,343 ഉം ബി.ജെ.പി മുന്നണിക്ക് 6,41,198 -ഉം മറ്റുള്ളവർക്ക് 5,74,194 ഉം വോട്ടുകളാണ് ലഭിച്ചിട്ടുള്ളത്.ഗ്രാമ തദ്ദേശഭരണ സ്ഥാപനങ്ങളിൽ എൽ.ഡി.എഫിന് 59,38,258-ഉം യു.ഡി.എഫിന് 58,73,409-ഉം ബി.ജെ.പി മുന്നണിക്ക് 19,90,073-ഉം മറ്റുള്ളവർക്ക് 18,26,959 ഉം വോട്ടുകൾ ലഭിച്ചു.

കക്ഷി ബന്ധത്തിൽ സ്പഷ്ടീകരണം ലഭിക്കേണ്ട സ്വതന്ത്ര സ്ഥാനാർത്ഥികളെ മറ്റുള്ളവരുടെ കൂട്ടത്തിലാണ് പ്രാഥമിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഗ്രാമീണ തദ്ദേശഭരണ സ്ഥാപനങ്ങളിൽ 10.56 ശതമാനം വരുന്ന 16,50,439 വോട്ടുകളും നഗര തദ്ദേശഭരണ സ്ഥാപനങ്ങളിൽ 12.07 ശതമാനം വരുന്ന 5,04,727 വോട്ടുകളും ഈ വിഭാഗത്തിൽപ്പെടുന്നു. നിലവിൽ മുന്നണി പിന്തുണയുള്ള സ്വതന്ത്രർമാർക്ക് പുറമെയുള്ളവരാണ് ഈ വിഭാഗം. നടപടിക്രമങ്ങളുടെ ഭാഗമായാണ് ഇവരെ പ്രത്യേക വിഭാഗമായി കണക്കാക്കിയിട്ടുള്ളത്.ഈ വിഭാഗത്തിലെ സ്ഥാനാർത്ഥികൾക്ക് രാഷ്ട്രീയ കക്ഷികളുടെ പിന്തുണ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ശേഖരിച്ചു വരികയാണ്. പ്രസ്തുത വിശദാംശങ്ങൾക്ക് അനുസൃതമായി വിവിധ മുന്നണികൾക്ക് ലഭിച്ചിട്ടുള്ള വോട്ട് ശതമാനത്തിൽ മാറ്റം ഉണ്ടാകുന്നതാണ്.

*(എസ്.ഇ.സി. 206/2015)*

## പ്രാഥമിക കണക്കുകളനുസരിച്ച് തദ്ദേശ ഭരണ തിരഞ്ഞെടുപ്പിൽ വിവിധ വിഭാഗങ്ങൾ നേടിയ വോട്ടുകളുടെ വിശദാംശങ്ങൾ ചുവടെ

### ത്രിതല പഞ്ചായത്ത്

വിഭാഗം, കക്ഷി ആകെ ലഭിച്ച വോട്ട്, ശതമാനം എന്ന ക്രമത്തിൽ

| വിഭാഗം | കക്ഷി | ആകെ ലഭിച്ച വോട്ട് | ശതമാനം |
|---|---|---|---|
| ബി.ജെ.പി മുന്നണി | ബി.ജെ.പി | 1903590 | 12.18 |
| | സ്വത. | 80828 | 0.52 |
| | കെ.സി. | 5178 | 0.03 |

| | | | |
|---|---|---|---|
| | എൽ.ജെ.പി | 77 | 0.00 |
| | ആർ.എസ്.പി (ബോൾ) | 400 | 0.00 |
| | ആകെ | 1990073 | 12.73 |
| എൽ.ഡി.എഫ് | എ.ഐ.എഫ്.ബി | 296 | 0.00 |
| | സി.എം.പി<br>കെ.എസ്.സി. (എ) | 4824 | 0.03 |
| | കോൺ (എസ്) | 5310 | 0.03 |
| | സി.പി.ഐ | 722351 | 4.62 |
| | സി.പി.ഐ (എം) | 4300712 | 27.52 |
| | സ്വത. | 756006 | 4.84 |
| | ഐ.എൻ.എൽ | 20646 | 0.13 |
| | ജെ.ഡി (എസ്) | 54761 | 0.35 |
| | കെ.സി (ബി) | 12364 | 0.08 |
| | കെ.സി. എസ് | 14689 | 0.09 |
| | എൻ.സി.പി | 43571 | 0.28 |
| | എൻ.എസ്.സി | 2728 | 0.02 |
| | ആകെ | 5938258 | 38 |
| മറ്റുള്ളവർ | എ.എ.പി | 9426 | 0.06 |
| | എ.ഐ.എ.ഡി.എം.കെ | 2659 | 0.02 |
| | എ.ഐ.എസ്.എം.കെ | 62 | 0.00 |
| | എ.ഐ.ടി.സി | 79 | 0.00 |
| | എ.കെ.ടി.പി | 16 | 0.00 |
| | ബി.എസ്.പി | 6277 | 0.04 |
| | സി.പി.ഐ (എം.എൽ) | 1997 | 0.01 |
| | ഡി.പി.എസ്.പി | 57 | 0.00 |
| | സ്വതന്ത്രർ<br>(രാഷ്ട്രീയ കക്ഷി പിന്തു ണയുള്ളവർ ഉൾപ്പെടെ) | 1650439 | 10.56 |
| | ജെ.എസ്.എസ് | 2016 | 0.01 |
| | കെ.വി.സി | 23 | 0.00 |
| | എം.സി.പി.ഐ(യു) | 2120 | 0.01 |
| | പി.ഡി.പി | 12883 | 0.08 |
| | പി.എൻ.പി | 42 | 0.00 |
| | ആർ.എൽ.എസ്.പി | 02 | 0.00 |
| | ആർ.പി.ഐ | 33 | 0.00 |
| | ആർ.എസ്.പി (എം) | 1604 | 0.01 |

| | | | |
|---|---|---|---|
| | എസ്.ഡി.പി.ഐ | 93969 | 0.60 |
| | എസ്.എസ് | 1941 | 0.01 |
| | ഡബ്ല്യു.പി.ഐ | 41314 | 0.26 |
| | ആകെ | 1826959 | 11.69 |
| യു.ഡി.എഫ് | സി.എം.പി.സി.സി (സി.പി.ജെ) | 12135 | 0.08 |
| | ഐ.എൻ.സി | 4114676 | 26.33 |
| | സ്വതന്ത്രൻ | 152028 | 0.97 |
| | ഐ.യു.എം.എൽ | 1126103 | 7.21 |
| | ജെ.ഡി. (യു) | 78677 | 0.50 |
| | ജെ.എസ്.എസ് (ആർ) | 2990 | 0.02 |
| | കെ.സി.(ജെ) | 18069 | 0.12 |
| | കെ.സി. (എം) | 315708 | 2.02 |
| | ആർ.എസ്.പി | 53023 | 0.34 |
| | ആകെ | 5873409 | 37.58 |
| നഗരസഭ / കോർപ്പറേഷൻ | | | |
| ബി.ജെ.പി മുന്നണി | ബി.ജെ.പി | 624300 | 14.93 |
| | സ്വതന്ത്രൻ | 14554 | 0.35 |
| | കെ.സി | 1506 | 0.04 |
| | എൽ.ജെ.പി | 183 | 0.00 |
| | ആർ.എസ്.പി (ബോൾ) | 655 | 0.02 |
| | ആകെ | 641198 | 15.33 |
| എൽ.ഡി.എഫ് | എ.ഐ.എഫ്.ബി | 1357 | 0.03 |
| | സി.എം.പി<br>കെ.എസ്.സി (എ) | 4867 | 0.12 |
| | കോൺഗ്രസ്സ് (എസ്) | 14954 | 0.36 |
| | സി.പി.ഐ | 169030 | 4.04 |
| | സി.പി.ഐ (എം) | 1052294 | 25.16 |
| | സ്വതന്ത്രൻ | 150822 | 3.61 |
| | ഐ.എൻ.എൽ | 16820 | 0.40 |
| | ജെ.ഡി (എസ്) | 21355 | 0.51 |
| | കെ.സി.(ബി) | 3155 | 0.08 |
| | കെ.സി.എസ് | 2972 | 0.07 |
| | എൻ.സി.പി | 19525 | 0.47 |
| | എൻ.എസ്.സി | 5751 | 0.14 |
| | ആകെ | 1462902 | 34.98 |

| | | | |
|---|---|---|---|
| മറ്റുള്ളവർ | | | |
| | എ.എ.പി | 6667 | 0.16 |
| | എ.ഐ.എസ്.എം.കെ | 27 | 0.00 |
| | എ.ഐ.ടി.സി | 56 | 0.00 |
| | ബി.എസ്.പി | 769 | 0.02 |
| | സി.പി.ഐ (എം.എൽ) | 2104 | 0.05 |
| | സ്വതന്ത്രർ (രാഷ്ട്രീയ പിന്തുണയുള്ളവർ ഉൾപ്പെടെ) | 504727 | 12.07 |
| | ജെ.എസ്.എസ് | 1514 | 0.04 |
| | കെ.ജെ.പി | 14 | 0.00 |
| | കെ.വി.സി | 07 | 0.00 |
| | എം.സി.പി.ഐ (യു) | 1557 | 0.04 |
| | പി.ഡി.പി | 5572 | 0.13 |
| | പി.എൻ.പി | 233 | 0.01 |
| | ആർ.എൽ.എസ്.പി | 44 | 0.00 |
| | ആർ.പി.ഐ (എ) | 11 | 0.00 |
| | ആർ.എസ്.പി (എം) | 885 | 0.02 |
| | എസ്.ഡി.പി.ഐ | 33601 | 0.80 |
| | എസ്.പി | 48 | 0.00 |
| | എസ്.എസ് | 627 | 0.01 |
| | ഡബ്ല്യു.പി.ഐ | 15731 | 0.38 |
| | ആകെ | 574194 | 13.73 |
| യു.ഡി.എഫ് | സി.എം.പി.സി.സി (സി.പി.ജെ) | 10020 | 0.24 |
| | ഐ.എൻ.സി | 1004703 | 24.03 |
| | സ്വതന്ത്രൻ | 22544 | 0.54 |
| | ഐ.യു.എം.എൽ | 351236 | 8.40 |
| | ജെ.ഡി (യു) | 29051 | 0.69 |
| | ജെ.എസ്.എസ് (ആർ) | 1340 | 0.03 |
| | കെ.സി (ജെ) | 5323 | 0.13 |
| | കെ.സി.എം | 52727 | 1.26 |
| | ആർ.എസ്.പി | 26399 | 0.63 |
| | ആകെ | 1503343 | 35.95 |

*(എസ്.ഇ.സി. 207/2015)*

## പെരുമാറ്റച്ചട്ടം പിൻവലിച്ചു

തദ്ദേശ ഭരണ തിരഞ്ഞെടുപ്പിനോടനുബന്ധിച്ച് നിലവിലിരുന്ന പെരുമാറ്റച്ചട്ടം പിൻവലിച്ചതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു.

*(എസ്.ഇ.സി. 208/2015)*

## ഫറോക്ക് നഗരസഭയിൽ റീപോളിംഗ് നടന്ന വാർഡിൽ യു.ഡി.എഫ് വിജയിച്ചു

വോട്ടിംഗ് യന്ത്രം തകരാറിലായതിനെ തുടർന്ന് തിങ്കളാഴ്ച റീപോളിംഗ് നടന്ന കോഴിക്കോട് ഫറോക്ക് നഗരസഭയിലെ കോതർതോട് വാർഡിൽ യു.ഡി.എഫ് സ്ഥാനാർത്ഥി കോൺഗ്രസ്സിലെ മൊയ്തീൻ കോയ വിജയിച്ചു. തിങ്കളാഴ്ച നടന്ന വോട്ടെടുപ്പിൽ 92 വോട്ടുകൾക്കാണ് വിജയിച്ചത്.

*(എസ്.ഇ.സി. 209/2015)*

Email:
contact.seckerala@gmail.com
electionker@gmail.com

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

7th November 2015

## ഫറോക്ക് മുനിസിപ്പാലിറ്റിയിലെ ഒരു ബൂത്തിൽ തിങ്കളാഴ്ച റീപോളിംഗ്

നവംബർ രണ്ടിനു നടന്ന വോട്ടെടുപ്പിൽ കോഴിക്കോട് ഫറോക്ക് മുനിസിപ്പാലിറ്റിയിലെ കോതർതോട് വാർഡിലെ തെരെഞ്ഞിയാത്തുൽ ഉലൂം മദ്രസ കരുവൻതുരുത്തി - ഇടതു ഭാഗം പോളിംഗ് സ്റ്റേഷനിൽ നവംബർ ഒൻപതിന് (തിങ്കൾ) റീ പോളിംഗ് നടത്തുന്നതാണ്. വോട്ടിംഗ് യന്ത്രം ഫലം തിട്ടപ്പെടുത്താൻ കഴിയാത്ത വിധം തകരാറിലായതിനെ തുടർന്നാണ് ഇത്. രാവിലെ ഏഴു മണി മുതൽ വൈകുന്നേരം അഞ്ചു വരെയായിരിക്കും വോട്ടെടുപ്പ്. പ്രസ്തുത ബൂത്തിലെ വോട്ടെണ്ണലും അന്നേ ദിവസം വൈകുന്നേരം ഏഴു മണിക്ക് ഫറോക്ക് മുനിസിപ്പൽ ഓഫീസിൽ വച്ച് നടത്തുന്നതാണ്.

*(എസ്.ഇ.സി. 204/2015)*

## തിരഞ്ഞെടുപ്പ് റദ്ദാക്കിയ വാർഡുകളിൽ ഡിസംബർ എട്ടിന് വീണ്ടും തിരഞ്ഞെടുപ്പ്

സ്ഥാനാർത്ഥികളുടെ മരണം മൂലം തിരഞ്ഞെടുപ്പ് റദ്ദാക്കിയ വാർഡുകളിലേയ്ക്കുള്ള തിരഞ്ഞെടുപ്പ് ഡിസംബർ എട്ടിന് നടത്തുന്നതാണ്. ഇത് സംബന്ധിച്ച സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ വിജ്ഞാപനം നവംബർ 11-ന് പുറപ്പെടുവിക്കും. നവംബർ 18 ആയിരിക്കും നാമനിർദ്ദേശ പത്രിക സമർപ്പിക്കുന്നതിനുള്ള അവസാന തീയതി. സൂക്ഷ്മപരിശോധന 19-നും പത്രിക പിൻവലിക്കുന്നതിനുള്ള തീയതി നവംബർ 21-ഉം ആയിരിക്കും. ഡിസംബർ ഒൻപതിന് വോട്ടെണ്ണൽ നടത്തുന്നതാണ്. പത്തനംതിട്ട ഏറാത്ത് ഗ്രാമ പഞ്ചായത്ത്, ഇടുക്കി അടിമാലി ബ്ലോക്ക് പഞ്ചായത്ത്, പാലക്കാട് പുതുശ്ശേരി ഗ്രാമപഞ്ചായത്ത്, ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റി, കണ്ണൂർ ധർമ്മടം ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിലെ ബന്ധപ്പെട്ട വാർഡുകളിലായരിക്കും തിരഞ്ഞെടുപ്പ് നടക്കുക.

*(എസ്.ഇ.സി. 205/2015)*

| | | |
|---|---|---|
| Email:<br>contact.seckerala@gmail.com<br>electionker@gmail.com | പത്രക്കുറിപ്പ് | TELEPHONE: 0471-2321233<br>MOBILE :8281000127<br><br>www.sec.kerala.gov.in |
| | കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ | 6th November 2015 |

## തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ യോഗം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള അധ്യക്ഷന്മാരേയും ഉപാധ്യക്ഷന്മാരേയും തിരഞ്ഞെടുക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനായി അംഗങ്ങളുടേയും കൗൺസിലർമാരുടെയും യോഗം വിളിച്ചുകൂട്ടുന്നതിന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി. ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നിവിടങ്ങളിലേക്കുള്ള പ്രസിഡന്റ്, വൈസ് പ്രസിഡന്റ് തിരഞ്ഞെടുപ്പിന് ബന്ധപ്പെട്ട വരണാധികാരികളെയാണ് കമ്മീഷൻ ചുമതലപ്പെടുത്തിയിട്ടുള്ളത്.

കോർപ്പറേഷനുകളിലെ മേയർ, ഡെപ്യൂട്ടി മേയർ തിരഞ്ഞെടുപ്പിന്റെ വരണാധികാരികൾ ബന്ധപ്പെട്ട ജില്ലാ കളക്ടർമാരാണ്. മുനിസിപ്പാലിറ്റികളിലേക്ക് പ്രത്യേകം ഉദ്യോഗസ്ഥരെ കമ്മീഷൻ ചുമതലപ്പെടുത്തിയിട്ടുണ്ട്. യോഗം വിളിക്കുന്നതിനും തിരഞ്ഞെടുപ്പ് നടത്തുന്നതിനും അവലംബിക്കേണ്ട നടപടിക്രമങ്ങൾ സംബന്ധിച്ച് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ കമ്മീഷൻ ബന്ധപ്പെട്ടവർക്ക് നൽകിയിട്ടുണ്ട്.

*(എസ്.ഇ.സി. 197/2015)*

## രണ്ടാംഘട്ട തിരഞ്ഞെടുപ്പിൽ 78.83 ശതമാനം പോളിംഗ്

സംസ്ഥാനത്തെ ഏഴ് ജില്ലകളിൽ നടന്ന രണ്ടാംഘട്ട തദ്ദേശ സ്വയംഭരണ തിരഞ്ഞെടുപ്പിൽ 78.83 ശതമാനം പോളിംഗ്. ആകെ 13995277 വോട്ടർമാരിൽ 11032300 വോട്ടർമാർ വോട്ട് ചെയ്തു. ഏറ്റവും കൂടുതൽ പോളിംഗ് എറണാകുളത്തും (81.47%) ഏറ്റവും കുറവ് പോളിംഗ് പത്തനംതിട്ടയിലുമാണ് (72.80%) മറ്റു ജില്ലകളിൽ ആലപ്പുഴ (80.80%) കോട്ടയം (78.71%) തൃശ്ശൂർ (77.93%) പാലക്കാട് (80.41%) മലപ്പുറം (77.29%).

**കൊച്ചി കോർപ്പറേഷനിൽ** (69.63%) ഉം **തൃശ്ശൂർ കോർപ്പറേഷനിൽ** (71.89%) ഉം ആണ് വോട്ട് രേഖപ്പെടുത്തിയത്

## മുനിസിപ്പാലിറ്റികൾ

**പത്തനംതിട്ട ജില്ല** - അടൂർ (72.13%) പത്തനംതിട്ട (73.3%) തിരുവല്ല (67.6%) പന്തളം (77.45%) **ആലപ്പുഴ ജില്ല**:- കായംകുളം (80.95%) മാവേലിക്കര (73.57%) ചെങ്ങന്നൂർ (71.33%) ആലപ്പുഴ (75.88%) ചേർത്തല (86.58%) ഹരിപ്പാട് (78.87%) **എറണാകുളം ജില്ല**:- തൃപ്പൂണ്ണിതുറ (79.45%) മൂവാറ്റുപുഴ (85.14%) കോതമംഗലം (83.53%) പെരുമ്പാവൂർ (83.97%) ആലുവ (78.23%) കളമശ്ശേരി (80.32%) നോർത്ത് പരവൂർ (83.97%) അങ്കമാലി (84.56%) ഏലൂർ (83.29%) തൃക്കാക്കര (78.21%) മരട് (81.34%) പിറവം (81.75%) കൂത്താട്ടുകുളം (82.91%) **തൃശ്ശൂർ ജില്ല**:-കുന്നംകുളം (78.04%) ഇരിങ്ങാലക്കുട (75.58%) കൊടുങ്ങല്ലൂർ (83.16%) ചാവക്കാട് (76.82%) ഗുരുവായൂർ (76.58%) ചാലക്കുടി (80.09%) വടക്കാഞ്ചേരി (82.09%) **പാലക്കാട് ജില്ല**:- ഷൊർണ്ണൂർ (79.86%) ഒറ്റപ്പാലം (77.83%) പാലക്കാട് (73.73%) ചിറ്റൂർ തത്തമംഗലം (81.07%) പട്ടാമ്പി (79.85%) ചെറുപ്പളശ്ശേരി (79.31%) മണ്ണാർക്കാട് (74.87%) **മലപ്പുറം ജില്ല**:- പൊന്നാന്നി (77.04%) തിരൂർ (80.63%) പെരിന്തൽമണ്ണ (79.45%) മലപ്പുറം (79.31%) മഞ്ചേരി (83.06%) കോട്ടയ്ക്കൽ (76.87%)നിലമ്പൂർ (79.02%) താനൂർ (79.55%) പരപ്പാനങ്ങാടി (80.03%) വളാഞ്ചേരി (80.84%) തിരൂരങ്ങാടി (73.05%) കൊണ്ടോട്ടി (82.04%) **കോട്ടയം ജില്ല** :- ചങ്ങനാശ്ശേരി (75.25%) കോട്ടയം (77.67%) വൈക്കം (80.44%) പാല (77.32%) ഏറ്റുമാനൂർ (78.03%) ഈരാറ്റുപേട്ട (86.42%)

### ബ്ലോക്ക് പഞ്ചായത്തുകൾ

**പത്തനംതിട്ട** :- മല്ലപ്പള്ളി (71.31%) പുളിക്കീഴ് (72.41%) കോയിപ്പ്രം (69.57%) ഇലന്തൂർ (72.33%) റാന്നി (73.49%) കോന്നി (74.03%) പന്തളം (73.72%) പറക്കോട് (74.47%)

**ആലപ്പുഴ** :- തൈക്കാട്ടുശ്ശേരി (87.08%) പട്ടണക്കാട് (86.43%) കഞ്ഞിക്കുഴി (85.99%) ആര്യാട് (83.07%) അമ്പലപ്പുഴ (83.52%) ചമ്പക്കുളം (80.33%) വെളിയനാട് (81.77%) ചെങ്ങന്നൂർ (74.21%) ഹരിപ്പാട് (81.69%) മാവേലിക്കര (75.05%) ഭരണിക്കാവ് (78.93%) മുതുകുളം (80.32%)

**എറണാകുളം**:- പറവൂർ (84.78%) ആലങ്ങാട് (83.66%) അങ്കമാലി (85.4%) കൂവപ്പടി (86.32%) വാഴക്കുളം (87.28%) ഇടപ്പള്ളി (80.11%) വൈപ്പിൻ (81.18%) പള്ളുരുത്തി (83.5%) മുളന്തുരുത്തി (82.93%) വടവുക്കോട് (86.91%) കോതമംഗലം (85.22%) പമ്പാക്കുട (81.83%) പാറക്കടവ് (85.32%) മുവാറ്റുപുഴ (85.33%)

**തൃശ്ശൂർ**:- ഇരിങ്ങാലക്കുട (77.84%) കൊടകര (81.56%) ചേർപ്പ് (80.94%) അന്തിക്കാട് (76.39%) മതിലകം (78.59%) തളിക്കുളം (74.4%) മുല്ലശ്ശേരി (74.26%) പുഴക്കൽ (80.93%) ഒല്ലൂക്കര

(81.84%) പഴയന്നൂർ (78.89%) വടക്കാഞ്ചേരി (81.21%) ചൊവ്വന്നൂർ (78.25%) ചാവക്കാട് (73.29%) വെള്ളങ്ങല്ലൂർ (77.3%) മാള (78.45%) ചാലക്കുടി (79.22%)

**പാലക്കാട്** :- തൃത്താല (78.64%) പട്ടാമ്പി (80.28%) ഒറ്റപ്പാലം (79.05%) ശ്രീകൃഷ്ണപുരം (80.74%) മണ്ണാർക്കാട് (79.91%) അട്ടപ്പാടി (78.87%), പാലക്കാട് (80.05%), കുഴൽമന്ദം (82.55%), ചിറ്റൂർ (85.11%), കൊല്ലങ്കോട് (83.67%), നെന്മാറ (82.77%), മലമ്പുഴ (78.44%), ആലത്തൂർ (81.56%)

**മലപ്പുറം:-** തിരൂർ (75.36%), വേങ്ങര (76.13%), താനൂർ(78.23%), തിരൂരങ്ങാടി (78.51%) കുറ്റിപ്പുറം (80.38%) മങ്കട (77.94%) പെരിന്തൽമണ്ണ (73.95%) മലപ്പുറം (79.53 %) അരീക്കോട് (84.59%) കൊണ്ടോട്ടി (79.88%) കാളികാവ് (81.21%) വണ്ടൂർ (72.93%) നിലമ്പൂർ (79.09%) പൊന്നാനി (73.97%) പെരുമ്പടപ്പ് (53.82%)

**കോട്ടയം** :- വൈക്കം (84.3%) കടുംത്തുരുത്തി (78.86%) ഏറ്റുമാനൂർ (80.71%) ഉഴവൂർ (75.6%) ലാലം (78.26%) ഈരാറ്റുപേട്ട (79.6%) പാമ്പാടി (79.38%) മാടപ്പള്ളി (76.23%) വാഴൂർ (78.34%) കാഞ്ഞിരപ്പള്ളി (78.46%) പള്ളം (78.35%)

*(എസ്.ഇ.സി. 198/2015)*

## വോട്ടിംഗ് യന്ത്ര തകരാറ്: നിർമ്മാതാക്കളോട് റിപ്പോർട്ട് ആവശ്യപ്പെട്ടു

നവംബർ അഞ്ചിന് മലപ്പുറം ജില്ലയിൽ വോട്ടിംഗ് യന്ത്ര തകരാറ് സംഭവിച്ചതിന്മേൽ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ വോട്ടിംഗ് യന്ത്ര നിർമ്മാതാക്കളായ ഇലക്ട്രോണിക് കോർപ്പറേഷൻ ഓഫ് .ഇന്ത്യ ലിമിറ്റഡിനോട് റിപ്പോർട്ട് ആവശ്യപ്പെട്ടു. അന്വേഷണ നടപടികളുടെ ഭാഗമായാണ് യന്ത്ര നിർമ്മാതാക്കളുടെ റിപ്പോർട്ട് കമ്മീഷൻ തേടിയിട്ടുള്ളത്.

*(എസ്.ഇ.സി. 199/2015)*

## തദ്ദേശഭരണ ഭരണ സമിതി തിരഞ്ഞെടുപ്പ് അംഗങ്ങളുടെ സത്യപ്രതിജ്ഞ 12-ന്

തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പിൽ തിരഞ്ഞെടുക്കപ്പെടുന്നവരുടെ സത്യപ്രതിജ്ഞ 12-ന് നടക്കും. ഇതു സംബന്ധിച്ച് സ്വീകരിക്കേണ്ട നടപടി ക്രമങ്ങളുടെ വിശദാംശങ്ങൾ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ബന്ധപ്പെട്ടവർക്ക് നൽകി.

***(എസ്.ഇ.സി.200 /2015)***

## ചെയർമാൻ, മേയർ തിരഞ്ഞെടുപ്പ് 18 – നും പ്രസിഡന്റ് തിരഞ്ഞെടുപ്പ് 19 – നും

മുനിസിപ്പൽ ചെയർമാൻ, കോർപ്പറേഷൻ മേയർ തിരഞ്ഞെടുപ്പ് നവംബർ 18-ന് രാവിലെ 11 നും വൈസ് വൈസ് ചെയർമാൻ, ഡെപ്യൂട്ടി മേയർ തിരഞ്ഞെടുപ്പ് ഉച്ചക്ക് രണ്ടിനും നടക്കും.

ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നിവിടങ്ങളിലെ പ്രസിഡന്റ് തിരഞ്ഞെടുപ്പ് നവംബർ 19-നും വൈസ് പ്രസിഡന്റ് തിരഞ്ഞെടുപ്പ് ഉച്ചക്ക് രണ്ടിനും നടക്കും.

തിരഞ്ഞെടുപ്പ് ഓപ്പൺ ബാലറ്റ് മുഖാന്തിരമായിരിക്കും. വോട്ട് രേഖപ്പെടുത്തുന്ന അംഗം ബാലറ്റ് പേപ്പറിന്റെ പുറകുവശത്ത് പേരും ഒപ്പും രേഖപ്പെടുത്തേണ്ടതാണ്. ഏതെങ്കിലും സ്ഥാനത്തേക്ക് ഒരാൾ മാത്രമേ മത്സരിക്കുന്നുള്ളുവെങ്കിൽ വോട്ടെടുപ്പ് നടത്താതെ തന്നെ ആ സ്ഥാനാർത്ഥി തിരഞ്ഞെടുക്കപ്പെട്ടതായി പ്രഖ്യാപിക്കും.

തിരഞ്ഞെടുപ്പ് ഫലം പ്രഖ്യാപിച്ചു കഴിഞ്ഞാൽ മേയർ, ചെയർമാൻ, പ്രസിഡന്റ് എന്നിവർ വരണാധികാരി മുമ്പാകെയാണ് സത്യപ്രതിജ്ഞ ചെയ്യേണ്ടത്. ഡെപ്യൂട്ടി മേയർ, മേയർ മുമ്പാകെയും വൈസ് ചെയർമാൻ ചെയർമാൻ മുമ്പാകെയും, വൈസ് പ്രസിഡന്റ് പ്രസിഡന്റ് മുമ്പാകെയുമാണ് സത്യപ്രതിജ്ഞ ചെയ്യുക. തിരഞ്ഞെടുപ്പ് പൂർത്തിയായയുടൻ വരണാധികാരികൾ തിരഞ്ഞെടുപ്പ് സംബന്ധിച്ച റിപ്പോർട്ട് തിരഞ്ഞെടുപ്പ് കമ്മീഷനും സർക്കാരിനും ബന്ധപ്പെട്ട സ്ഥാപനത്തിലെ സെക്രട്ടറിക്കും നൽകണമെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശിച്ചു.

*(എസ്.ഇ.സി. 201/2015)*

## വോട്ടെണ്ണൽ ഇന്ന് രാവിലെ എട്ടിന് ആരംഭിക്കും

തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്ക് നവംബർ രണ്ടിനും അഞ്ചിനും നടന്ന പൊതുതിരഞ്ഞെടുപ്പിന്റെ വോട്ടെണ്ണൽ ബന്ധപ്പെട്ട വോട്ടെണ്ണൽ കേന്ദ്രങ്ങളിൽ ഇന്ന് (നവംബർ 7) രാവിലെ എട്ട് മണിക്ക് ആരംഭിക്കും. പൊതു ജനങ്ങൾക്ക് www.trend.kerala.gov.in എന്ന വെബ്സൈറ്റിൽ ഫലം ലഭ്യമാണ്.

*(എസ്.ഇ.സി. 202/2015)*

## റീപോളിംഗ് വോട്ടിംഗ് ശതമാനം

വെള്ളിയാഴ്ച റീപോളിംഗ് നടന്ന മലപ്പുറം ജില്ലയിൽ 80.2 ഉം തൃശ്ശൂരിൽ 78.80 ഉം ശതമാനം വോട്ടർമാർ സമ്മതിദാന അവകാശം വിനിയോഗിച്ചു.

*(എസ്.ഇ.സി. 203 /2015)*

| Email:<br>contact.seckerala@gmail.com<br>electionker@gmail.com | പത്രക്കുറിപ്പ് | TELEPHONE: 0471-2321233<br>MOBILE :8281000127<br>www.sec.kerala.gov.in |
|---|---|---|
| | കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ | 5th November 2015 |

**PART -2** **LATE PRESS RELEASE**

## രണ്ടാംഘട്ട തിരഞ്ഞെടുപ്പ് പോളിംഗ് ശതമാനം 76.86

സംസ്ഥാനത്തെ ഏഴ് ജില്ലകളിൽ നവംബർ അഞ്ചിന് നടന്ന തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പിൽ 76.86 ശതമാനം പേർ വോട്ട് രേഖപ്പെടുത്തി. രണ്ട് ഘട്ടങ്ങളും കൂടി ചേർത്ത് 77.35 ശതമാനമാണ് പോളിംഗ് എറണാകുളം ജില്ലയിലാണ് പോളിംഗ് ശതമാനം കൂടുതൽ 84. കുറവ് തൃശ്ശൂരിൽ 70.2 മറ്റ് ജില്ലകളിലെ പോളിംഗ് ശതമാനം. ആലപ്പുഴ-77.50, പാലക്കാട് -82.34, മലപ്പുറം -71, പത്തനംതിട്ട - 74, കോട്ടയം 79

എറണാകുളം കോർപ്പറേഷനിൽ 68.4 ശതമാനം പേരും തൃശ്ശൂർ കോർപ്പേറഷനിൽ 71 ശതമാനം പേരും, വോട്ടവകാശം വിനിയോഗിച്ചു.

**മുനിസിപ്പാലിറ്റികൾ**

**പത്തനംതിട്ട**: തിരുവല്ല- 69, പത്തനംതിട്ട- 73.03, അടൂർ 71.9 , പന്തളം -77.45

**ആലപ്പുഴ**: ചേർത്തല - 86.4, ആലപ്പുഴ -76, കായംകുളം 84.3 , ചെങ്ങന്നൂർ - 71.4, മാവേലിക്കര- 73.3, ഹരിപ്പാട് -77.18

**കോട്ടയം**: വൈക്കം -80.30 , ഏറ്റുമാനൂർ-76 , പാലാ-77.32 , ഈരാറ്റുപേട്ട- 86.72, ചങ്ങനാശ്ശേരി- 75.26 കോട്ടയം - 74

**എറണാകുളം**: നോർത്ത് പറവൂർ -83.97 , തൃപ്പൂണിത്തുറ- 79.45, ഏലൂർ- 83 , അങ്കമാലി- 84.56, ആലുവ- 78.79, മരട്- 81.34, പെരുമ്പാവൂർ- 83.97, കോതമംഗലം- 83.53, കൂത്താട്ടുകുളം- 82.59, പിറവം- 81.75, മൂവാറ്റുപുഴ- 85.99, കളമശ്ശേരി- 79.96, തൃക്കാക്കര- 78.1, കൊച്ചിൻ കോർപ്പറേഷൻ- 68.4

**തൃശ്ശൂർ**: ഗുരുവായൂർ- 77.58, ചാവക്കാട്- 77.83, കുന്നംകുളം 78.92, വടക്കാഞ്ചേരി- 83.10, കൊടുങ്ങല്ലൂർ- 83.39 ഇരിങ്ങാലക്കുട- 76.51, ചാലക്കുടി - 80.09

**പാലക്കാട്**: പട്ടാമ്പി- 79.06, ഷൊർണ്ണൂർ- 79.86, ഒറ്റപ്പാലം- 77.58, മണ്ണാർക്കാട്-75.69, പാലക്കാട്- 71.38 ചിറ്റൂർ-തത്തമംഗലം - 81.69, ചെർപ്പുളശ്ശേരി-79.38

**മലപ്പുറം**: നിലമ്പൂർ- 79, കൊണ്ടോട്ടി- 74, മഞ്ചേരി- 80, മലപ്പുറം- 80, കോട്ടക്കൽ- 70, പെരിന്തൽമണ്ണ- 77, വളാഞ്ചേരി- 81, താനൂർ- 72, തിരൂരങ്ങാടി- 74, പരപ്പനങ്ങാടി- 75, തിരൂർ- 81, പൊന്നാനി- 72

*(എസ്.ഇ.സി. 196/2015)*

Email:
contact.seckerala@gmail.com
electionker@gmail.com

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

5th November 2015

**PART -1**

## അംഗങ്ങളുടെ സത്യപ്രതിജ്ഞ : മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് പുതുതായി തിരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങളുടെ സത്യ പ്രതിജ്ഞ/ദൃഢപ്രതിജ്ഞ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ പുറപ്പെടുവിച്ചു.

ഇതനുസരിച്ച് സംസ്ഥാനത്തെ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിലും, മുനിസിപ്പാലിറ്റികളിലും ആദ്യ അംഗത്തെ സത്യപ്രതിജ്ഞ/ദൃഢപ്രതിജ്ഞ ചെയ്യിക്കേണ്ടത് ബന്ധപ്പെട്ട വരണാധികാരികളാണ്. മുനിസിപ്പൽ കോർപ്പ റേഷനുകളിൽ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്കാണ് ഈ ചുമതല. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളി ലേയ്ക്കും തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളിൽ ഏറ്റവും പ്രായം കൂടിയ അംഗത്തെയാണ് ആദ്യം പ്രതിജ്ഞചെയ്യിക്കേ ണ്ടത്. മറ്റ് അംഗങ്ങളെ ആദ്യം സത്യപ്രതിജ്ഞ ചെയ്ത അംഗം സത്യപ്രതിജ്ഞയോ/ദൃഢപ്രതിജ്ഞയോ ചെയ്യിക്കണം. തിരഞ്ഞെടുക്കപ്പെട്ട എല്ലാ അംഗങ്ങൾക്കും നിശ്ചയിച്ചിട്ടുള്ള തീയതിയിൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങ ളിൽ പ്രതിജ്ഞാ ചടങ്ങിന് സംബന്ധിക്കണമെന്നാവശ്യപ്പെട്ട് രേഖാമൂലം അറിയിപ്പ് നൽകും.

ത്രിതല പഞ്ചായത്തുകളിൽ 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമം രണ്ടാം പട്ടികയിലെ ഫോറത്തിലും മുനിസിപ്പാലിറ്റി/മുനിസിപ്പൽ കോർപ്പറേഷനുകളിൽ 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ മൂന്നാം പട്ടിക യിലെ ഫോറങ്ങളിലും വേണം പുതിയ അംഗങ്ങൾ പ്രതിജ്ഞ ചെയ്ത ശേഷം ഒപ്പിട്ടു കൊടുക്കേണ്ടത്. പ്രതിജ്ഞയ്ക്കുശേഷം അംഗങ്ങൾ സത്യപ്രതിജ്ഞാ രജിസ്റ്ററിലും കക്ഷിബന്ധ രജിസ്റ്ററിലും ഒപ്പു വെയ്ക്കണം. ബന്ധപ്പെട്ട വരണാധികാരികൾ ഇതുറപ്പാക്കണം. രജിസ്റ്ററുകൾ അതത് സ്ഥാപനത്തിൽ സൂക്ഷിക്കണം.

സത്യപ്രതിജ്ഞാ ചടങ്ങ് കഴിഞ്ഞാലുടൻ തിരഞ്ഞെടുക്കപ്പെട്ട എല്ലാ അംഗങ്ങളുടെയും ആദ്യയോഗം ആദ്യം പ്രതിജ്ഞ ചെയ്ത അംഗത്തിന്റെ അധ്യക്ഷതയിൽ ചേരണം. യോഗത്തിൽ പ്രസിഡന്റ് / ചെയർപേഴ്സൺ / മേയർ / വൈസ്പ്രസിഡന്റ് / വൈസ് ചെയർപേഴ്സൺ / ഡെപ്യൂട്ടി മേയർ സ്ഥാനങ്ങളിലേയ്ക്കുള്ള തിരഞ്ഞെടുപ്പ് സംബന്ധിച്ച് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ അറിയിപ്പ് സെക്രട്ടറി വായിക്കണം. ഒപ്പം പ്രസ്തുത തിരഞ്ഞെടുപ്പ് സംബന്ധിച്ച് വരണാധികാരി കമ്മീഷൻ നിശ്ചയിക്കുന്ന തീയതിയും സമയവും കാണിച്ച് യോഗത്തിൽവെച്ച് തന്നെ അംഗങ്ങൾക്ക് നിശ്ചിതമാതൃകയിൽ നോട്ടീസ് നൽകണം. ബന്ധപ്പെട്ട വരണാധികാരികളാണ് തിരഞ്ഞെടുപ്പ് നടത്തേ ണ്ടത്.

സത്യപ്രതിജ്ഞാ ചടങ്ങുകൾക്ക് ഗ്രാമപഞ്ചായത്തുകളിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരും ബ്ലോക്ക് പഞ്ചായത്തുകളിൽ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ)മാരും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനു കളിലും അതത് സെക്രട്ടറിമാരും ജില്ലാ പഞ്ചായത്തുകളിൽ ജില്ലാ കളക്ടർമാരും ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യണമെന്നും തിരഞ്ഞെടുപ്പ് കമ്മീഷൻ ഉത്തരവായി.

*(എസ്.ഇ.സി. 192/2015)*

## ഫലപ്രഖ്യാപന രേഖകൾ നവംബർ എട്ടിനകം സമർപ്പിക്കണം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുളള പൊതു തിരഞ്ഞെടുപ്പിൻെറ വോട്ടെണ്ണൽ പൂർത്തിയായ ശേഷം ബന്ധപ്പെട്ട വരണാധികാരികൾ ഫലപ്രഖ്യാപന രേഖകൾ നവംബർ എട്ടിനകം ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന് സമർപ്പിക്കണമെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ ഉത്തരവായി. ഈ രേഖകൾ കമ്മീഷൻെറ നിർദ്ദേശങ്ങൾക്ക് അനുസൃത മായി പരിശോധിച്ച് നവംബർ ഒൻപതിന് വൈകിട്ട് 5 മണിക്ക് മുൻപ് തിരഞ്ഞെടുപ്പ് കമ്മീഷൻ ഓഫീസിൽ എത്തിക്കണം.

7, 25എ, 26, 27 എന്നീ നമ്പർ ഫോറങ്ങളാണ് രണ്ട് പ്രതികൾ വീതം വരണാധികാരികൾ സമർപ്പിക്കേണ്ടത്.

*(എസ്.ഇ.സി. 193/2015)*

# പുതിയ അംഗങ്ങളുടെ സത്യപ്രതിജ്ഞാ തീയതികൾ

തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പിൽ തിരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങളുടെ സത്യപ്രതിജ്ഞാ തീയതി സംബന്ധിച്ച് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഉത്തരവായി. ഇതനുസരിച്ച് ഒക്ടോബർ 31-നും നവംബർ അഞ്ചിനും ഭരണസമിതിയുടെ കാലാവധി അവസാനിക്കുന്ന സ്ഥാപനങ്ങളിലെ തിരഞ്ഞെടുക്കപ്പെടുന്ന എല്ലാ അംഗങ്ങളും നവംബർ 12-ന് സത്യപ്രതിജ്ഞ/ദൃഢപ്രതിജ്ഞ ചെയ്ത് അധികാരമേൽക്കണം.

ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് ജില്ലാ പഞ്ചായത്ത്, മുനിസിപ്പാലിറ്റികളിൽ നവംബർ 12-ന് രാവിലെ 10 മണിക്ക് കോർപ്പറേഷനുകളിൽ പകൽ 11.30നുമാണ് പ്രതിജ്ഞാ നടപടികൾ ആരംഭിക്കേണ്ടത്.

ഭരണ സമിതിയുടെ കാലാവധി നവംബർ 11-ന് പൂർത്തിയാകുന്ന സ്ഥാപനങ്ങളിലും സത്യപ്രതിജ്ഞാ തീയതി ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പേര് | ജില്ല | തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ സത്യപ്രതിജ്ഞ / ദൃഢപ്രതിജ്ഞ ചെയ്യുന്നതിനുള്ള തീയതി |
|---|---|---|---|
| 50. | നന്നംമുക്ക് ഗ്രാമപഞ്ചായത്ത് | മലപ്പുറം | 16/11/2015 |
| 51. | പുലമാന്തോൾ ഗ്രാമപഞ്ചായത്ത് | മലപ്പുറം | 19/11/2015 |
| 52. | എടപ്പാൾ ഗ്രാമപഞ്ചായത്ത് | മലപ്പുറം | 19/11/2015 |
| 53. | കാവന്നൂർ ഗ്രാമപഞ്ചായത്ത് | മലപ്പുറം | 26/11/2015 |
| 54. | ആലങ്കോട് ഗ്രാമപഞ്ചായത്ത് | മലപ്പുറം | 29/11/2015 |
| 55. | ആനിക്കാട് ഗ്രാമപഞ്ചായത്ത് | പത്തനംതിട്ട | 30/11/2015 |
| 56. | എടക്കാട്ടുവയൽ ഗ്രാമപഞ്ചായത്ത് | എറണാകുളം | 30/11/2015 |
| 57. | മാറാടി ഗ്രാമപഞ്ചായത്ത് | എറണാകുളം | 30/11/2015 |
| 58. | മുടക്കുഴ ഗ്രാമപഞ്ചായത്ത് | എറണാകുളം | 30/11/2015 |
| 59. | പാറക്കടവ് ഗ്രാമപഞ്ചായത്ത് | എറണാകുളം | 30/11/2015 |
| 60. | കുന്നുകര ഗ്രാമപഞ്ചായത്ത് | എറണാകുളം | 30/11/2015 |
| 61. | ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് | എറണാകുളം | 30/11/2015 |
| 62. | പാറക്കടവ് ബ്ലോക്ക് പഞ്ചായത്ത് | എറണാകുളം | 30/11/2015 |
| 63. | തൃക്കാക്കര മുനിസിപ്പാലിറ്റി | എറണാകുളം | 30/11/2015 |
| 64. | കരീപ്ര ഗ്രാമപഞ്ചായത്ത് | കൊല്ലം | 01/12/2015 |
| 65. | നെടുവത്തൂർ ഗ്രാമപഞ്ചായത്ത് | കൊല്ലം | 01/12/2015 |
| 66. | പിറവന്തൂർ ഗ്രാമപഞ്ചായത്ത് | കൊല്ലം | 01/12/2015 |
| 67. | ബുധനൂർ ഗ്രാമപഞ്ചായത്ത് | ആലപ്പുഴ | 01/12/2015 |
| 68. | ചെമ്പ് ഗ്രാമപഞ്ചായത്ത് | കോട്ടയം | 01/12/2015 |
| 69. | മരങ്ങാട്ടുപ്പള്ളി ഗ്രാമപഞ്ചായത്ത് | കോട്ടയം | 01/12/2015 |
| 70. | പാമ്പാടി ഗ്രാമപഞ്ചായത്ത് | കോട്ടയം | 01/12/2015 |
| 71. | തലനാട് ഗ്രാമപഞ്ചായത്ത് | കോട്ടയം | 01/12/2015 |
| 72. | കടവല്ലൂർ ഗ്രാമപഞ്ചായത്ത് | തൃശൂർ | 01/12/2015 |
| 73. | കൈപ്പറമ്പ് ഗ്രാമപഞ്ചായത്ത് | തൃശൂർ | 01/12/2015 |
| 74. | എളവള്ളി ഗ്രാമപഞ്ചായത്ത് | തൃശൂർ | 01/12/2015 |
| 75. | പാഞ്ഞാൾ ഗ്രാമപഞ്ചായത്ത് | തൃശൂർ | 01/12/2015 |
| 76. | വള്ളത്തോൾ ഗ്രാമപഞ്ചായത്ത് | തൃശൂർ | 01/12/2015 |
| 77. | തൃത്താല ഗ്രാമപഞ്ചായത്ത് | പാലക്കാട് | 01/12/2015 |

| | | | |
|---|---|---|---|
| 78. | വാഴയൂർ ഗ്രാമപഞ്ചായത്ത് | മലപ്പുറം | 01/12/2015 |
| 79. | ആയഞ്ചേരി ഗ്രാമപഞ്ചായത്ത് | കോഴിക്കോട് | 01/12/2015 |
| 80. | ചേളന്നൂർ ഗ്രാമപഞ്ചായത്ത് | കോഴിക്കോട് | 01/12/2015 |
| 81. | കുന്ദമംഗലം ഗ്രാമപഞ്ചായത്ത് | കോഴിക്കോട് | 01/12/2015 |
| 82. | ഓമശ്ശേരി ഗ്രാമപഞ്ചായത്ത് | കോഴിക്കോട് | 01/12/2015 |
| 83. | മൂപ്പൈനാട് ഗ്രാമപഞ്ചായത്ത് | വയനാട് | 01/12/2015 |
| 84. | കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത് | വയനാട് | 01/12/2015 |
| 85. | കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് | വയനാട് | 01/12/2015 |
| 86. | പൈവളിഗെ ഗ്രാമപഞ്ചായത്ത് | കാസറഗോഡ് | 01/12/2015 |
| 87. | എടവണ്ണ ഗ്രാമപഞ്ചായത്ത് | മലപ്പുറം | 05/12/2015 |
| 88. | പുൽപ്പറ്റ ഗ്രാമപഞ്ചായത്ത് | മലപ്പുറം | 17/12/2015 |
| 89. | മാമ്പാട് ഗ്രാമപഞ്ചായത്ത് | മലപ്പുറം | 19/12/2015 |
| 90. | അമരമ്പലം ഗ്രാമപഞ്ചായത്ത് | മലപ്പുറം | 19/12/2015 |
| 91. | വണ്ടൂർ ബ്ലോക്ക് പഞ്ചായത്ത് | മലപ്പുറം | 22/12/2015 |
| 92. | ചോക്കാട് ഗ്രാമപഞ്ചായത്ത് | മലപ്പുറം | 26/12/2015 |
| 93. | തൃക്കലങ്ങോട് ഗ്രാമപഞ്ചായത്ത് | മലപ്പുറം | 16/01/2016 |
| 94. | മംഗലം ഗ്രാമപഞ്ചായത്ത് | മലപ്പുറം | 01/02/2016 |
| 95. | വെട്ടം ഗ്രാമപഞ്ചായത്ത് | മലപ്പുറം | 01/02/2016 |
| 96. | തിരുനാവായ ഗ്രാമപഞ്ചായത്ത് | മലപ്പുറം | 01/02/2016 |
| 97. | മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്ത് | മലപ്പുറം | 01/02/2016 |
| 98. | തിരൂർ ബ്ലോക്ക് പഞ്ചായത്ത് | മലപ്പുറം | 01/02/2016 |

*(എസ്.ഇ.സി. 194/2015)*

## മുനിസിപ്പാലിറ്റിയിലെ വരണാധികാരികൾ

മുനിസിപ്പാലിറ്റികളിൽ സത്യപ്രതിജ്ഞ ചെയ്യിക്കാൻ നിയോഗിക്കപ്പെട്ട വരണാധികാരികളുടെ പട്ടിക ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | മുനിസിപ്പാലിറ്റിയുടെ പേര് | വരണാധികാരി |
|---|---|---|
| 1 | നെയ്യാറ്റിൻകര | അസിസ്റ്റന്റ് ഡയറക്ടർ, സർവ്വേ ആന്റ് ലാന്റ് റിക്കോഡ്സ് (റീസർവേ), നെയ്യാറ്റിൻകര |
| 2 | നെടുമങ്ങാട് | ഡെപ്യൂട്ടി ഡയറക്ടർ ഓഫ് ഫിഷറീസ്, തിരുവനന്തപുരം |
| 3 | ആറ്റിങ്ങൽ | ജനറൽ മാനേജർ, ഡിസ്ട്രിക്ട് ഇൻഡസ്ട്രീസ് സെന്റർ, തിരുവനന്തപുരം |
| 4 | വർക്കല | ഡെപ്യൂട്ടി കളക്ടർ (ആർ.ആർ), കളക്ടറേറ്റ്, തിരുവനന്തപുരം |
| 5 | പരവൂർ | ഡിസ്ട്രിക്ട് സോയിൽ കൺസർവേഷൻ ഓഫീസർ, കൊല്ലം |
| 6 | പുനലൂർ | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ടിംബർ സെയിൽസ് ഡിവിഷൻ, പുനലൂർ |
| 7 | കരുനാഗപ്പള്ളി | ജോയിന്റ് ഡയറക്ടർ ഓഫ് കോ-ഓപ്പറേറ്റീവ് ഓഡിറ്റ്, കൊല്ലം |
| 8 | അടൂർ | റവന്യൂ ഡിവിഷണൽ ഓഫീസർ, അടൂർ |
| 9 | പത്തനംതിട്ട | ഡിസ്ട്രിക്ട് സോയിൽ കൺസർവേഷൻ ഓഫീസർ, പത്തനംതിട്ട |
| 10 | തിരുവല്ല | ഡെപ്യൂട്ടി ഡയറക്ടർ ഓഫ് എഡ്യുക്കേഷൻ, തിരുവല്ല |
| 11 | കായംകുളം | ഡിസ്ട്രിക്ട് എംപ്ലോയ്മെന്റ് ഓഫീസർ, ആലപ്പുഴ |

| | | |
|---|---|---|
| 12 | മാവേലിക്കര | ജനറൽ മാനേജർ, ഡിസ്ട്രിക്ട് ഇൻഡസ്ട്രീസ് സെന്റർ, ആലപ്പുഴ |
| 13 | ചെങ്ങന്നൂർ | റവന്യൂ ഡിവിഷണൽ ഓഫീസർ, ചെങ്ങന്നൂർ |
| 14 | ആലപ്പുഴ | സബ് കളക്ടർ, ആലപ്പുഴ |
| 15 | ചേർത്തല | എക്സിക്യൂട്ടിവ് എഞ്ചിനീയർ, പി ഡബ്ളിയു.ഡി (റോഡ്സ്), ആലപ്പുഴ |
| 16 | ചങ്ങനാശ്ശേരി | ഡെപ്യൂട്ടി ഡയറക്ടർ ഓഫ് എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ്, കോട്ടയം |
| 17 | കോട്ടയം | ജനറൽ മാനേജർ, ഡിസ്ട്രിക്ട് ഇൻഡസ്ട്രീസ് സെന്റർ, കോട്ടയം |
| 18 | വൈക്കം | ഡിസ്ട്രിക്ട് സോയിൽ കൺസർവേഷൻ ഓഫീസർ, കോട്ടയം |
| 19 | പാലാ | അസിസ്റ്റന്റ് കമ്മീഷണർ ഓഫ് കോമഴ്സ്യൽ ടാക്സസ്, പാലാ |
| 20 | തൊടുപുഴ | റവന്യൂ ഡിവിഷണൽ ഓഫീസർ, ഇടുക്കി |
| 21 | തൃപ്പൂണിത്തുറ | എക്സിക്യൂട്ടിവ് എഞ്ചിനീയർ, പി. ഡബ്ളിയു. ഡി., റോഡ്സ് ഡിവിഷൻ, എറണാകുളം, കൊച്ചി - 21 |
| 22 | മൂവാറ്റുപുഴ | ഡിസ്ട്രിക്ട് എഡ്യൂക്കേഷണൽ ഓഫീസർ, മൂവാറ്റുപുഴ |
| 23 | കോതമംഗലം | ഡിസ്ട്രിക്ട് എഡ്യൂക്കേഷണൽ ഓഫീസർ, കോതമംഗലം |
| 24 | പെരുമ്പാവൂർ | ഡെപ്യൂട്ടി ഡയറക്ടർ ഓഫ് എഡ്യൂക്കേഷൻ, എറണാകുളം |
| 25 | ആലുവ | ഡിസ്ട്രിക്ട് എഡ്യൂക്കേഷണൽ ഓഫീസർ, ആലുവ |
| 26 | കളമശ്ശേരി | ഡെപ്യൂട്ടി ഡയറക്ടർ ഓഫ് എക്കണോമിക്സ് സ്റ്റാറ്റിസ്റ്റിക്സ്, എറണാകുളം |
| 27 | നോർത്ത് പറവൂർ | ഡിസ്ട്രിക്ട് സപ്ലൈ ഓഫീസർ, എറണാകുളം |
| 28 | അങ്കമാലി | ഡെപ്യൂട്ടി ഡയറക്ടർ ഓഫ് ഡെയറി ഡെവലപ്മെന്റ്, എറണാകുളം |
| 29 | ഏലൂർ | അസിസ്റ്റന്റ് കൺട്രോളർ (ജനറൽ), ലീഗൽ മെട്രോളജി, എറണാകുളം |
| 30 | തൃക്കാക്കര | ഡെപ്യൂട്ടി കളക്ടർ (എൽ.എ), കളക്ടറേറ്റ്, എറണാകുളം |
| 31 | മരട് | ഡിസ്ട്രിക്ട് ഡെവലപ്മെന്റ് ഓഫീസർ, ഷെഡ്യുൾഡ് കാസ്റ്റ് ഡെവലപ്മെന്റ്, എറണാകുളം |
| 32 | ചാലക്കുടി | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ചാലക്കുടി |
| 33 | ഇരിഞ്ഞാലക്കുട | ഡെപ്യൂട്ടി കളക്ടർ (എൽ.എ), തൃശ്ശൂർ |
| 34 | കൊടുങ്ങല്ലൂർ | ഡെപ്യൂട്ടി കളക്ടർ (എൽ.ആർ), തൃശ്ശൂർ |
| 35 | ചാവക്കാട് | സബ് കളക്ടർ/റവന്യൂ ഡിവിഷണൽ ഓഫീസർ, തൃശ്ശൂർ |
| 36 | ഗുരുവായൂർ | ഡെപ്യൂട്ടി കളക്ടർ (ആർ. ആർ), തൃശ്ശൂർ |
| 37 | കുന്നംകുളം | ഡിസ്ട്രിക്ട് സോയിൽ കൺസർവേഷൻ ഓഫീസർ, തൃശ്ശൂർ |
| 38 | ഷൊർണ്ണൂർ | എക്സിക്യുട്ടിവ് എഞ്ചിനീയർ, പി. ഡബ്ളിയു. ഡി. (റോഡ്സ്), പാലക്കാട് |
| 39 | ഒറ്റപ്പാലം | സബ് കളക്ടർ/ആർ. ഡി. ഒ., ഒറ്റപ്പാലം |
| 40 | പാലക്കാട് | ഡെപ്യൂട്ടി ഡയറക്ടർ ഓഫ് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ്, പാലക്കാട് |
| 41 | ചിറ്റൂർ തത്തമംഗലം | ഡെപ്യൂട്ടി ഡയറക്ടർ ഓഫ് എഡ്യൂക്കേഷൻ, പാലക്കാട് |
| 42 | പൊന്നാനി | ഡിസ്ട്രിക്ട് എഡ്യൂക്കേഷണൽ ഓഫീസർ, തിരൂർ |
| 43 | തിരൂർ | ഡിസ്ട്രിക്ട് ഓഫീസർ, ഗ്രൗ വാട്ടർ ഡിപ്പാർട്ട്മെന്റ്, മലപ്പുറം |
| 44 | പെരിന്തൽമണ്ണ | ജനറൽ മാനേജർ, ഡിസ്ട്രിക്ട് ഇൻഡസ്ട്രീസ് സെന്റർ, മലപ്പുറം |
| 45 | മലപ്പുറം | ഡിസ്ട്രിക്ട് ഡെവലപ്മെന്റ് ഓഫീസർ ഫോർ ഷെഡ്യൂൾഡ് കാസ്റ്റ്, മലപ്പുറം |
| 46 | മഞ്ചേരി | ഡെപ്യൂട്ടി ഡയറക്ടർ ഓഫ് എഡ്യൂക്കേഷൻ, മലപ്പുറം |
| 47 | കോട്ടക്കൽ | ഡെപ്യൂട്ടി കളക്ടർ (എൽ. ആർ), മലപ്പുറം |

| | | |
|---|---|---|
| 48 | നിലമ്പൂർ | ഡിസ്ട്രിക്ട് പ്ലാനിംഗ് ഓഫീസർ, മലപ്പുറം |
| 49 | കൊയിലാണ്ടി | ഡിസ്ട്രിക്ട് ഡെവലപ്മെന്റ് ഓഫീസർ ഫോർ ഷെഡ്യൂൾഡ് കാസ്റ്റ്, കോഴിക്കോട്, സിവിൽ സ്റ്റേഷൻ പി. ഒ., കോഴിക്കോട് |
| 50 | വടകര | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ (ടിംബർ സെയിൽസ്), വനശ്രീ, അരക്കിണർ പി. ഒ., കോഴിക്കോട് |
| 51 | കൽപ്പറ്റ | ജോയിന്റ് രജിസ്ട്രാർ (ജനറൽ), കൽപ്പറ്റ |
| 52 | തളിപറമ്പ | ഇൻസ്പെക്റ്റിംഗ് അസിസ്റ്റന്റ് കമ്മീഷണർ, കൊമേഴ്സ്യൽ ടാക്സസ്, കണ്ണൂർ |
| 53 | കൂത്തുപറമ്പ | അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, സോഷ്യൽ ഫോറസ്ട്രി കണ്ണൂർ |
| 54 | തലശ്ശേരി | എക്സിക്യുട്ടിവ് എഞ്ചിനീയർ, പഴശ്ശി ഇറിഗേഷൻ പ്രോജക്ട്, കണ്ണൂർ |
| 55 | പയ്യന്നൂർ | ഡെപ്യൂട്ടി ഡയക്ടർ ഓഫ് ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ്, സിവിൽ സ്റ്റേഷൻ പി. ഒ., കണ്ണൂർ |
| 56 | കാഞ്ഞങ്ങാട് | ജോയിന്റ് രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് (ജനറൽ), കാസർഗോഡ് |
| 57 | കാസർകോട് | മാനേജർ (ഡി. പി), ഡിസ്ട്രിക്ട് ഇൻഡസ്ട്രീസ് സെന്റർ, കാസർഗോഡ് |
| 58 | നീലേശ്വരം | ഡെപ്യൂട്ടി ഡയറക്ടർ ഓഫ് അഗ്രികൾച്ചർ (വൈ. പി), പ്രിൻസിപ്പൽ അഗ്രികൾച്ചർ ഓഫീസ്, കാസർഗോഡ് |
| 59 | പന്തളം | ഡിസ്ട്രിക്ട് എസ്. സി. ഡെവലപ്മെന്റ് ഓഫീസർ, പത്തനംതിട്ട |
| 60 | ഹരിപ്പാട് | ഡെപ്യൂട്ടി ഡയറക്ടർ, ഡെയറി ഡെവലപ്മെന്റ്, ആലപ്പുഴ |
| 61 | ഏറ്റുമാനൂർ | ഡിസ്ട്രിക്ട് പ്ലാനിംഗ് ഓഫീസർ, കോട്ടയം |
| 62 | ഈരാറ്റുപേട്ട | പ്രോജക്ട് ഓഫീസർ, ഐ.റ്റി.ഡി.പി., കാഞ്ഞിരപ്പള്ളി |
| 63 | കട്ടപ്പന | സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ, (മൂന്നാർ ലാന്റ് അസൈൻമെന്റ്), കളക്ടറേറ്റ്, ഇടുക്കി |
| 64 | പിറവം | എക്സിക്യുട്ടീവ് എഞ്ചിനീയർ, ഇറിഗേഷൻ ഡിവിഷൻ, എറണാകുളം |
| 65 | കൂത്താട്ടുകുളം | പ്രോജക്ട് ഡയറക്ടർ, പി. എ. യു., എറണാകുളം, കൊച്ചി -30 |
| 66 | വടക്കാഞ്ചേരി | ഡിസ്ട്രിക്ട് രജിസ്ട്രാർ (ജനറൽ), തൃശ്ശൂർ |
| 67 | പട്ടാമ്പി | ജനറൽ മാനേജർ, ഡിസ്ട്രിക്ട് ഇൻഡസ്ട്രീസ് സെന്റർ, പാലക്കാട് |
| 68 | ചെർപ്പുളശ്ശേരി | ഡിസ്ട്രിക്ട് ടൗൺ പ്ലാനർ, ടൗൺ പ്ലാനിംഗ് ഓഫീസ്, പാലക്കാട് |
| 69 | മണ്ണാർക്കാട് | ജിയോളജിസ്റ്റ്, മൈനിംഗ് & ജിയോളജി, പാലക്കാട് |
| 70 | താനൂർ | സബ് കളക്ടർ/റവന്യൂ ഡിവിഷണൽ ഓഫീസർ, തിരൂർ |
| 71 | പരപ്പനങ്ങാടി | ഡിസ്ട്രിക്ട് ടൗൺ പ്ലാനർ, മലപ്പുറം |
| 72 | വളാഞ്ചേരി | ഡെപ്യൂട്ടി ഡയറക്ടർ ഓഫ് അഗ്രികൾച്ചർ (ഇ & റ്റി), മലപ്പുറം |
| 73 | തിരൂരങ്ങാടി | ഡിസ്ട്രിക്ട് എഡ്യൂക്കേഷണൽ ഓഫീസർ, തിരൂരങ്ങാടി |
| 74 | പയ്യോളി | മാനേജർ (ആർ. ഇ. റ്റി), ഡിസ്ട്രിക്ട് ഇൻഡസ്ട്രീസ് സെന്റർ, വെള്ളയിൽ പി. ഒ., കോഴിക്കോട് -673 011 |
| 75 | രാമനാട്ടുകര | എക്സിക്യൂട്ടിവ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ്, പുതിയറ, കോഴിക്കോട് |
| 76 | കൊടുവള്ളി | അസിസ്റ്റന്റ് ഡിസ്ട്രിക്ട് ഇൻഡസ്ട്രീസ് ഓഫീസർ, നടക്കാവ് പി. ഒ., കോഴിക്കോട് |
| 77 | മുക്കം | ഡിസ്ട്രിക്ട് പ്ലാനിംഗ് ഓഫീസർ, സിവിൽ സ്റ്റേഷൻ പി. ഒ., കോഴിക്കോട് |
| 78 | ഫറോക്ക് | ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് , കോഴിക്കോട് (നോർത്ത്), സിവിൽ സ്റ്റേഷൻ, കോഴിക്കോട് |
| 79 | മാനന്തവാടി | എക്സിക്യൂട്ടിവ് എഞ്ചിനീയർ, ബി. എസ്. പി. ഡിവിഷൻ, പടിഞ്ഞാറേത്തറ |

| | | |
|---|---|---|
| 80 | സുൽത്താൻ ബത്തേരി | എക്സിക്യൂട്ടിവ് എഞ്ചിനീയർ, മൈനർ ഇറിഗേഷൻ ഡിവിഷൻ, സുൽത്താൻ ബത്തേരി |
| 81 | ഇരിട്ടി | ഡിസ്ട്രിക്ട് എംപ്ലോയ്മെന്റ് ഓഫീസർ, കണ്ണൂർ |
| 82 | പാനൂർ | ഡെപ്യൂട്ടി ഡയറക്ടർ ഓഫ് ഫിഷറീസ്, കണ്ണൂർ |
| 83 | ശ്രീകണ്ഠപുരം | ഡിസ്ട്രിക്ട് ലോട്ടറി ഓഫീസർ, കണ്ണൂർ |
| 84 | ആന്തൂർ | ഡിസ്ട്രിക്ട് സോയിൽ കൺസർവേഷൻ ഓഫീസർ, കണ്ണൂർ |
| 85 | കൊട്ടാരക്കര | പ്രിൻസിപ്പൽ, എക്സ്റ്റൻഷൻ ട്രെയിനിംഗ് സെന്റർ, കൊട്ടാരക്കര |
| 86 | കൊണ്ടോട്ടി | ഡിസ്ട്രിക്ട് രജിസ്ട്രാർ (ജനറൽ), മലപ്പുറം |

*(എസ്.ഇ.സി. 195/2015)*

Email:
contact.seckerala@gmail.com
electionker@gmail.com

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

4th November 2015

## ക്രമക്കേട് തടയാൻ ശക്തമായ നിരീക്ഷണ സംവിധാനം

തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പിൽ ക്രമക്കേട് തടയാൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഏർപ്പെടുത്തിയ വെബ്കാസ്റ്റിംഗ്, വീഡിയോ ചിത്രീകരണ സംവിധാനങ്ങൾ ഇന്ന് (നവംബർ അഞ്ച്) നടക്കുന്ന തിരഞ്ഞെടുപ്പിലും സജീവമായുണ്ടാകും. ആദ്യഘട്ട വോട്ടെടുപ്പിന് കമ്മീഷൻ ഏർപ്പെടുത്തിയിരുന്ന നിരീക്ഷണ സംവിധാനങ്ങൾ ഏറെ ഫലപ്രദമായിരുന്നുവെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ കെ. ശശിധരൻ നായർ അറിയിച്ചു. വോട്ടെടുപ്പിൽ പോളിംഗ് ബൂത്തുകളിൽ നിയമവിരുദ്ധമായി പെരുമാറുന്നവരെ തത്സമയം തന്നെ നിരീക്ഷിക്കാനും തുടർ നടപടി സ്വീകരിയ്ക്കാനും തിരഞ്ഞെടുപ്പ് കമ്മീഷന്റെ സംവിധാനം പ്രയോജനപ്പെട്ടിട്ടുണ്ട്. കമ്മീഷൻ ശേഖരിക്കുന്ന വീഡിയോ ദൃശ്യങ്ങൾ സുരക്ഷിതമായി സൂക്ഷിക്കുന്നതിനും സംവിധാനമൊരുക്കിയിട്ടുണ്ട്.

നവംബർ അഞ്ചിന് നടക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള രണ്ടാംഘട്ട തിരഞ്ഞെടുപ്പിൽ വിവിധ ജില്ലകളിലായി 186 പ്രശ്ന ബാധിത ബൂത്തുകളിലാണ് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ വെബ്കാസ്റ്റിംഗ് ഏർപ്പെടുത്തിയിട്ടുള്ളത്. ആലപ്പുഴ - 20, കോട്ടയം - 15, എറണാകുളം - 48, തൃശ്ശൂർ - 43, പാലക്കാട് - 42, മലപ്പുറം -18 എന്നിങ്ങനെയാണ് വെബ്കാസ്റ്റിംഗ് ഏർപ്പെടുത്തുന്ന ബൂത്തുകളുടെ എണ്ണം.രണ്ട് ഘട്ടങ്ങളിലുമായി ഒട്ടാകെ 1019 ബൂത്തുകളിലാണ് വെബ്കാസ്റ്റിംഗ് ഏർപ്പെടുത്തുന്നത്. ബൂത്തുകളിൽ ഇതിനായി കമ്പ്യൂട്ടർ ഓപ്പറേറ്റർ, ലാപ്ടോപ്, വെബ് കാം എന്നിവ സജ്ജീകരിക്കുന്നതിന്റെ ചുമതല അക്ഷയ ജില്ലാ കോ-ഓർഡിനേറ്റർമാർക്കാണ്. ബി.എസ്.എൻ.എൽ, കെ.എസ്. വാൻ നെറ്റ്വർക്കിലൂടെയാണ് പോളിംഗ് ബൂത്തുകളിലെ ക്യാമറകളെ സെർവറുമായി ബന്ധിപ്പിച്ചിട്ടുള്ളത്. കെൽട്രോൺ ആണ് പദ്ധതിയുടെ സോഫ്റ്റ്വെയർ രൂപകൽപന ചെയ്തിട്ടുള്ളത്. സംസ്ഥാന ഐ.ടി മിഷൻ ഡയറക്ടർ കെ. മുഹമ്മദ് വൈ സഫറുള്ള ആണ് നോഡൽ ഓഫീസർ.

സംസ്ഥാന തലത്തിൽ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, സംസ്ഥാന പോലീസ് മേധാവി, കേരള സ്റ്റേറ്റ് ഐ.ടി മിഷൻ, ജില്ലാ തലത്തിൽ ജില്ലാ ഇലക്ഷൻ ഓഫീസർ, ജില്ലാ പോലീസ് മേധാവി (റൂറൽ, സിറ്റി) എന്നിവർക്ക് വെബ് കാസ്റ്റിംഗ് വീക്ഷിക്കുന്നതിനുള്ള സൗകര്യം ഉണ്ട്.

*(എസ്.ഇ.സി. 190 /2015)*

## ഫലപ്രഖ്യാപനത്തിന് ക്രമീകരണങ്ങളായി

തിരഞ്ഞെടുപ്പ് നടന്ന എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും വോട്ടെണ്ണൽ നവംബർ ഏഴിന് 8 മണിക്ക് ആരംഭിക്കും. ത്രിതല പഞ്ചായത്തുകളിൽ ബ്ലോക്കു തലത്തിലുള്ള വിതരണ സ്വീകരണ കേന്ദ്രങ്ങളും നഗരസഭകളിൽ അതാത് സ്ഥാപനങ്ങളുടെ വിതരണ സ്വീകരണ കേന്ദ്രങ്ങളുമായിരിക്കും വോട്ടെണ്ണൽ കേന്ദ്രങ്ങൾ. ബ്ലോക്ക് തലത്തിലുള്ള വോട്ടെണ്ണൽ കേന്ദ്രങ്ങളിലെ അടി

സ്ഥാന സൗകര്യങ്ങൾ അതാത് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാരും നഗരസഭകളിൽ അതാത് ഇല ക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാരുമാണ് സജ്ജീകരിക്കുന്നത്. വോട്ടെണ്ണൽ പുരോഗതി അപ്പപ്പോൾ തന്നെ തിരഞ്ഞെടുപ്പ് കമ്മീഷനെയും, മാധ്യമങ്ങളെയും പൊതുജനങ്ങളെയും അറിയിക്കുന്നതിനായി ട്രെൻഡ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. വോട്ട് വിവരം വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്ന തിനായി കൗണ്ടിംഗ് സെന്ററിൽ ബ്ലോക്ക് വരണാധികാരിയുടെ ഹാളിന് സമീപവും, നഗരസഭകളിലെ കൗണ്ടിംഗ് സെന്ററുകളിലും ഡേറ്റാ അപ്‌ലോഡിംഗ് സെന്ററിന് വേണ്ടി പ്രത്യേകം മുറി സജ്ജമാക്കുന്ന താണ്. ഡേറ്റാ അപ്‌ലോഡിംഗ് സെന്ററിൽ ത്രിതല പഞ്ചായത്തുകളെ സംബന്ധിച്ച് അതാത് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർമാർ ബ്രോഡ്ബാൻഡ് കണക്ഷനുള്ള 6 കമ്പ്യൂട്ടറുകൾ, 3 ലേസർ പ്രിന്ററു കൾ എന്നിവയും അവ കണക്ട് ചെയ്യുന്നതിനുള്ള യു.പി.എസും സജ്ജീകരിക്കുന്നതാണ്. മുനിസി പ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷനുകളെ സംബന്ധിച്ച് 4 കമ്പ്യൂട്ടറും 2 ലേസർ പ്രിന്ററുകളും ഉണ്ടാ കും.

കമ്പ്യൂട്ടറുകൾ യൂണിക്കോഡ് സപ്പോർട്ട് ചെയ്യുന്നതായിരിക്കും. ഈ സെന്ററിന്റെ മേൽനോട്ടം വഹിക്കുന്നതിന് സൂപ്രണ്ട് തസ്തികയിലുള്ള ഒരു ഓഫീസറെയും, ടെക്നിക്കൽ സപ്പോർട്ടിനായി ഇൻഫർമേഷൻ കേരളാ മിഷനിൽ നിന്ന് ബ്ലോക്ക് ഓഫീസിലോ മുനിസിപ്പൽ ഓഫീസിലോ നിയമിച്ചി ട്ടുള്ള ഒരു കമ്പ്യൂട്ടർ വിദഗ്ദനെയും നിയോഗിച്ചിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിലെ സെന്ററിലേയ്ക്ക് ബ്ലോക്കിനു കീഴിൽ വരുന്ന പഞ്ചായത്തുകളിലെ 5 ടെക്നിക്കൽ അസിസ്റ്റന്റ്മാരെ ഡേറ്റാ എൻട്രിക്ക് ചുമതലപ്പെടുത്തിയിട്ടുണ്ട്. മുനിസിപ്പാലിറ്റി ഡാറ്റാ സെന്ററുകളിൽ ഇൻഫർമേഷൻ കേരളാ മിഷനിൽ നിന്നുള്ള 2 ഡേറ്റാ എൻട്രി ഓപ്പറേറ്റർമാർ ആയിരിക്കും ഉണ്ടാവുക.

ബ്ലോക്ക് തലത്തിലുള്ള വോട്ടെണ്ണൽ കേന്ദ്രങ്ങളിൽ കഴിവതും ബ്ലോക്ക് പഞ്ചായത്ത് വരണാധി കാരിക്ക് ഒരു ഹാളും ആ ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന ഗ്രാമപഞ്ചായത്തുകൾക്ക് പ്രത്യേകം പ്രത്യേകം കൗണ്ടിംഗ് ഹാളുകളും/മുറികളും സജ്ജീകരിക്കുന്നതാണ്. ഓരോ ഗ്രാമപഞ്ചായ ത്തിന്റെയും കൗണ്ടിംഗ് ഹാളിൽ, വരണാധികാരിക്കുള്ള വേദിയും, ടാബുലേഷൻ, പാക്കിംഗ്, വോട്ടെ ണ്ണൽ എന്നിവയ്ക്ക് പ്രത്യേകം മേശകളും ഉണ്ടാകും. പരാമാവധി 8 പോളിംഗ് സ്റ്റേഷനുകൾക്ക് ഒരു കൗണ്ടിംഗ് ടേബിൾ എന്ന രീതിയിൽ ആയിരിക്കും കൗണ്ടിംഗ് ടേബിളുകൾ സജ്ജീകരിക്കുക. ഇത്തര ത്തിൽ ആകെ പോളിംഗ് സ്റ്റേഷനുകളുടെ എണ്ണത്തിന് ആനുപാതികമായി കൗണ്ടിംഗ് ടേബിളുകൾ ഉണ്ടാകും.

പോസ്റ്റൽ വോട്ടുകൾ ആയിരിക്കും ആദ്യം എണ്ണുക. ഓരോ തലത്തിലെയും പോസ്റ്റൽ വോട്ടു കൾ അതാത് തലത്തിലെ വരണാധികാരികൾ മാത്രം എണ്ണേണ്ടതാണ്. ഒരു ഗ്രാമപഞ്ചായത്തിന്റെ കൗണ്ടിംഗ് ഹാളിൽ എത്ര വോട്ടെണ്ണൽ മേശകൾ സജ്ജീകരിച്ചിട്ടുണ്ടോ അത്രയും എണ്ണം വാർഡുക ളിലെ കൺട്രോൾ യൂണിറ്റുകൾ ആയിരിക്കും ആദ്യം സ്ട്രോങ്ങ് റൂമിൽ നിന്നും ഏറ്റ് വാങ്ങി വോട്ടെ ണ്ണൽ നടത്തുക.

വോട്ടെണ്ണൽ ഒന്നാം വാർഡു മുതൽ എന്ന ക്രമത്തിൽ ആയിരിക്കും ആരംഭിക്കുക. ത്രിതല പഞ്ചായത്തുകളെ സംബന്ധിച്ച് ഓരോ ടേബിളിലും ഒരു കൗണ്ടിംഗ് സൂപ്പർവൈസർ രണ്ട് കൗണ്ടിംഗ് അസിസ്റ്റന്റുമാർ എന്ന ക്രമത്തിൽ സ്റ്റാഫ് ഉണ്ടാകും. നഗരസഭകളിൽ ഒരു കൗണ്ടിംഗ് സൂപ്പർവൈസറിനെയും ഒരു കൗണ്ടിംഗ് അസിസ്റ്റന്റും ആകും ഉണ്ടാവുക. ടാബുലേഷൻ, പാക്കിംഗ് എന്നിവയ്ക്കും പ്രത്യേകം സ്റ്റാഫിനെയും നിയമിച്ചിട്ടുണ്ട്.

ഓരോ പോളിംഗ് സ്റ്റേഷന്റെയും വോട്ടെണ്ണൽ പൂർത്തിയാകുന്ന മുറയ്ക്ക് കൗണ്ടിംഗ് സൂപ്പർവൈസർമാർ ഫാറം 24എ-ൽ വോട്ടെണ്ണലിന്റെ ഫലം രേഖപ്പെടുത്തുകയും ട്രെൻഡിൽ നിന്ന് ലഭിക്കുന്ന ഫോറങ്ങൾ പൂരിപ്പിച്ച് ഒപ്പ് രേഖപ്പെടുത്തുന്നതുമാണ്. തുടർന്ന് ഉടൻതന്നെ പൂരിപ്പിച്ച ട്രൻഡിലെ ഫാറങ്ങൾ/ഫാറം 24എ-യുടെ ഭാഗം -2 -ന്റെ ഡ്യൂപ്ലിക്കേറ്റ് ഇതിലേയ്ക്ക് നിയോഗിച്ച ജീവനക്കാരൻ മുഖേന ഡേറ്റാ അപ്‌ലോഡിംഗ് സെന്ററിൽ ലഭ്യമാക്കും. ഗ്രാമപഞ്ചായത്ത് വരണാധികാരി ഗ്രാമപഞ്ചായത്തിന്റെ 24 എ ഫാറത്തിൽ ഒപ്പ് രേഖപ്പെടുത്തി ഫാറം 25-ലെ റിസൾട്ട് ഷീറ്റ് തയ്യാറാക്കും. ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ 24എ ഫാറങ്ങൾ ഉടൻതന്നെ ബ്ലോക്ക് വരണാധികാരിക്ക് ലഭ്യമാക്കും.

കൗണ്ടിംഗ് ഹാളിൽ നിന്നും ഡേറ്റാ അപ്‌ലോഡിംഗ് സെന്ററിലേയ്ക്കും ബ്ലോക്ക് വരണാധികാരികൾക്കും 24എ ഫാറങ്ങൾ ലഭ്യമാക്കുന്നതിന് മാത്രം ഓരോ ഗ്രാമപഞ്ചായത്തിലേയ്ക്കും ഒരു ജീവനക്കാരനെ ചുമതലപ്പെടുത്തുന്നതാണ്. വോട്ടെണ്ണൽ പൂർത്തിയായി ഫാറം 25-ലെ റിസൾട്ട് ഷീറ്റ് തയ്യാറാക്കുന്ന മുറയ്ക്ക് ഓരോ ഗ്രാമപഞ്ചായത്ത് വാർഡിലെയും ഫലപ്രഖ്യാപനം ഗ്രാമപഞ്ചായത്ത് വരണാധികാരി നടത്തും ബ്ലോക്ക് പഞ്ചായത്ത് വരണാധികാരി, വിവിധ ഗ്രാമപഞ്ചായത്ത് കൗണ്ടിംഗ് മേശകളിൽ നിന്നും ലഭിക്കുന്ന ടാബുലേഷൻ ഷീറ്റുകളുടെ അടിസ്ഥാനത്തിൽ ഓരോ ബ്ലോക്ക് വാർഡിലെയും വോട്ടുകൾ ക്രമീകരിച്ച് ആ ബ്ലോക്ക് വാർഡുകളുടെ ഫലപ്രഖ്യാപനം നടത്തും.

ജില്ലാ പഞ്ചായത്ത് ഡിവിഷനുകളിലെ 24എ വോട്ടുകണക്കുകളുടെ ഫാറങ്ങൾ ശേഖരിച്ച് ബ്ലോക്ക് വരണാധികാരി കഴിയുന്നതും വേഗം പ്രത്യേക ദൂതൻ മുഖേന ജില്ലാ വരണാധികാരിയായ ജില്ലാ കളക്ടർക്ക് ലഭ്യമാക്കും.

വോട്ടെണ്ണലിനു ശേഷം ത്രിതല പഞ്ചായത്തുകളെ സംബന്ധിച്ച് സുരക്ഷിത സൂക്ഷിപ്പിൽ വയ്ക്കേണ്ട രേഖകളും ഡിറ്റാച്ചബിൾ മെമ്മറി മോഡ്യൂൾ (ഡി.എം.എം)-ഉം ബന്ധപ്പെട്ട ട്രഷറികളിൽ സൂക്ഷിക്കുന്നതാണ്. നഗരസഭകളിൽ മറ്റു രേഖകളോടൊപ്പം ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ കൂടി ട്രഷറികളിൽ സൂക്ഷിക്കും. വോട്ടെണ്ണലുമായി ബന്ധപ്പെട്ട് ആവശ്യമായ ജീവനക്കാരെ നിയമിച്ച് അതാത് വരണാധികാരികൾ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർമാർ ഒക്ടോബർ എട്ടിന് തന്നെ ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകൾ ജില്ലാ കേന്ദ്രങ്ങളിലെ ഗോഡൗണുകളിൽ തിരികെ എത്തിക്കേണ്ടതാണ് എന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശിച്ചിട്ടുണ്ട്.

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനു വേണ്ടി ബി.എസ്.എൻ.എൽ ആണ് സംസ്ഥാനമൊട്ടാകെ യുള്ള 244 വോട്ടെണ്ണൽ കേന്ദ്രങ്ങളെയും ഇന്റർനെറ്റുമായി സംയോജിപ്പിച്ചിട്ടുള്ളത്. കേരള സംസ്ഥാന

ഐ.ടി.മിഷൻ, സ്റ്റേറ്റ് ഡാറ്റാ സെന്റർ, കെൽട്രോൺ എന്നീ സ്ഥാപനങ്ങൾ സാങ്കേതിക സഹായം ലഭ്യമാക്കി. നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ (എൻ.ഐ.സി) രൂപകല്പന ചെയ്ത സോഫ്റ്റ് വെയർ ആണ് ട്രെൻഡിനു വേണ്ടി ഉപയോഗിച്ചിട്ടുള്ളത്. വിവിധ ജില്ലകളിലെ വോട്ടെണ്ണൽ കേന്ദ്രങ്ങളുടെ എണ്ണം ചുവടെ ജില്ല, വോട്ടെണ്ണൽ കേന്ദ്രങ്ങളുടെ എണ്ണം എന്ന ക്രമത്തിൽ.

| **ജില്ല** | **വോട്ടെണ്ണൽ കേന്ദ്രങ്ങളുടെ എണ്ണം** |
|---|---|
| തിരുവനന്തപുരം | 16 |
| കൊല്ലം | 16 |
| പത്തനംതിട്ട | 12 |
| ആലപ്പുഴ | 18 |
| കോട്ടയം | 17 |
| ഇടുക്കി | 10 |
| എറണാകുളം | 28 |
| തൃശ്ശൂർ | 24 |
| പാലക്കാട് | 20 |
| മലപ്പുറം | 27 |
| കോഴിക്കോട് | 20 |
| വയനാട് | 7 |
| കണ്ണൂർ | 20 |
| കാസർഗോഡ് | 9 |

***(എസ്.ഇ.സി. 191/2015)***

Email:
contact.seckerala@gmail.com
electionker@gmail.com

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

3rd November 2015

## രണ്ടാംഘട്ടത്തിൽ 1.39 കോടി വോട്ടർമാർ, 86 ലക്ഷം സ്ത്രീ വോട്ടർമാർ

നവംബർ അഞ്ചിന് ഏഴ് ജില്ലകളിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് നടക്കുന്ന തിരഞ്ഞെടുപ്പിൽ 1,39,97,529 വോട്ടർമാർ. സ്ത്രീ വോട്ടർമാർ 86,08,540, പുരുഷ വോട്ടർമാർ 53,89,079

ജില്ലകളും വോട്ടർമാരും (ബ്രാക്കറ്റിൽ യഥാക്രമം സ്ത്രീ പുരുഷ വോട്ടർമാർ)

| | | |
|---|---|---|
| പത്തനംതിട്ട | 1001325 | (532518, 468807) |
| ആലപ്പുഴ | 1640898 | (864124, 776774) |
| കോട്ടയം | 1503581 | (765156, 738425) |
| എറണാകുളം | 2379087 | (1211417, 1167670) |
| തൃശ്ശൂർ | 2436213 | (1280206, 1156007) |
| പാലക്കാട് | 2131322 | (1097951, 1033371) |
| മലപ്പുറം | 2905103 | (1480329, 1424774) |

*(എസ്.ഇ.സി. 185/2015)*

## രണ്ടാംഘട്ട വോട്ടെടുപ്പിൽ മൊത്തം 12,651 വാർഡുകൾ : സ്ഥാനാർത്ഥികൾ 44,388

രണ്ടാംഘട്ട വോട്ടെടുപ്പ് നടക്കുന്ന പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം ജില്ലകളിലെ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവിടങ്ങളിലെ 12,651 വാർഡുകളിലേയ്ക്ക് 44,388 സ്ഥാനാർത്ഥികൾ മത്സരിക്കുന്നു. ഇതിൽ ഏറ്റവും കൂടുതൽ വാർഡുകളും സ്ഥാനാർത്ഥികളുമുള്ളത് മലപ്പുറത്താണ്. ഇവിടെ മൊത്തം 2,510 വാർഡുകളിലേക്ക് 8,693 സ്ഥാനാർത്ഥികളാണുള്ള ത് (പുരുഷൻമാർ- 4541, സ്ത്രീകൾ - 4152). ഏറ്റവും കുറവ് വാർഡുകളും സ്ഥാനാർത്ഥികളും പത്തനംതിട്ടയിലാണ്. ഇവിടെ 1,042 വാർഡുകളും 3,814 സ്ഥാനാർത്ഥികളുമുണ്ട് (പുരുഷൻമാർ 1,769 ഉം വനിതകൾ 2,045). മറ്റ് ജില്ലക ളിലെ വാർഡുകളുടേയും സ്ഥാനാർത്ഥികളുടേയും എണ്ണം ചുവടെ. ബ്രാക്കറ്റിൽ പുരുഷൻമാരും സ്ത്രീകളും. ആലപ്പുഴ- 1565; 5513 (2607; 2906), കോട്ടയം- 1512; 5401 (2589; 2812), എറണാകുളം- 2044; 7431 (3749; 3682), തൃശ്ശൂർ- 2036; 7070 (3503; 3567), പാലക്കാട്- 1942; 6466 (3210; 3256).

രണ്ടാം ഘട്ട വോട്ടെടുപ്പിൽ സ്ഥാനാർത്ഥികളുടെ എണ്ണം

ജില്ല, ബ്ലോക്ക്, ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, എന്ന ക്രമത്തിൽ. ബ്രാക്കറ്റിൽ വാർഡുകളുടെ എണ്ണം

പത്തനംതിട്ട - 61 (16), 348 (106), 2875 (788), 510 (132)
ആലപ്പുഴ - 74 (23), 521 (158), 4097 (1169), 821 (215)

കോട്ടയം - 86 (22), 480 (146), 4120 (1140), 715 (204)

എറണാകുളം - 101 (27), 620 (184), 4815 (1338), 1492 (421)

തൃശ്ശൂർ - 106 (29), 687 (213), 5096 (1465), 936 (274)

പാലക്കാട് - 121 (30), 614 (182), 4933 (1490), 798 (240)

മലപ്പുറം - 151 (32), 801 (221), 6212 (1778), 1529 (479)

*(എസ്.ഇ.സി. 186/2015)*

# പോളിംഗ് ശതമാനം: 77.83

സംസ്ഥാനത്തെ ഏഴു ജില്ലകളിൽ നവംബർ രണ്ടിന് നടന്ന തദ്ദേശ സ്വയംഭരണ തിരഞ്ഞെടുപ്പിൽ 77.83 ശതമാനം പേർ സമ്മതിദാനവകാശം രേഖപ്പെടുത്തി. ആകെയുള്ള 11100509 വോട്ടർമാരിൽ 8639811 പേർ വോട്ടു ചെയ്തു. പോളിംഗ് ശതമാനം ഏറ്റവും കൂടിയ ജില്ല വയനാടും (82.18) കുറവ് തിരുവനന്തപുരത്തുമാണ് (72.40) കൊല്ലം (76.24), കോഴിക്കോട് (81.46), കണ്ണൂർ (80.91), കാസർകോട് (78.43), ഇടുക്കി (78.33) എന്നിങ്ങനെയാണ് മറ്റ് ജില്ലകളിലെ അന്തിമ പോളിംഗ് ശതമാനം.

തിരുവനന്തപുരം കോർപ്പറേഷനിൽ 63.09 ഉം കൊല്ലത്ത് 69.09 ഉം കോഴിക്കോട് 74.78 ഉം കണ്ണൂരിൽ 74.75 ശതമാനം പേരും സമ്മതിദാനവാവകാശം വിനിയോഗിച്ചു.

## മുനിസിപ്പാലിറ്റികൾ

**തിരുവനന്തപുരം**:- നെയ്യാറ്റിൻകര - 78.47, നെടുമങ്ങാട് - 77.86, ആറ്റിങ്ങൽ - 74.23, വർക്കല - 72.49

**കൊല്ലം**:- പരവൂർ - 76.24, പുനലൂർ - 76.88 കരുനാഗപ്പള്ളി - 81.77, കൊട്ടാരക്കര - 72.38.

**ഇടുക്കി**:- തൊടുപുഴ - 83.44, കട്ടപ്പന - 78.71

**കോഴിക്കോട്** - കൊയിലാണ്ടി - 82.55, വടകര - 82.33 പയ്യോളി - 82.52, രാമനാട്ടുകര - 82.72, കൊടുവള്ളി - 81.8, മുക്കം - 84.75, ഫറോക്ക് - 81.34

**വയനാട്**:- കൽപ്പറ്റ - 81.99, മാനന്തവാടി - 80.56, സുൽത്താൻ ബത്തേരി - 79.8

**കണ്ണൂർ**:- തളിപ്പറമ്പ് - 79.25, കുത്തുപറമ്പ് - 82.59, തലശ്ശേരി - 76.07, പയ്യന്നൂർ - 83.04, ഇരിട്ടി - 84.61, പാനൂർ - 75.37, ശ്രീകണ്ഠപുരം - 81.63, ആന്തൂർ - 91.84.

**കാസർഗോഡ്**:- കാഞ്ഞങ്ങാട് - 79.56, കാസർഗോഡ് - 70.41, നീലേശ്വരം - 79.07.

## ബ്ലോക്ക് പഞ്ചായത്തുകൾ

### തിരുവനന്തപുരം ജില്ല

പാറശ്ശാല - 76.86, പെരുങ്കടവിള - 79.15, അതിയന്നൂർ - 78.26, നേമം - 77.57, പോത്തൻകോട് - 73, വെള്ളനാട് - 77.68, നെടുമങ്ങാട് - 76.25, വാമനപുരം - 74.56, കിളിമാനൂർ - 75.79, ചിറയിൻകീഴ് - 74.49 വർക്കല - 73.26.

### കൊല്ലം ജില്ല

ഓച്ചിറ - 81.1, ശാസ്താംകോട്ട - 80.57, വെട്ടിക്കവല - 76.91, പത്തനാപുരം - 75.6, അഞ്ചൽ - 74.62, കൊട്ടാരക്കര - 77.42, ചിറ്റുമല - 77.73, ചവറ - 80.31, മുഖത്തല - 77.2, ചടയമംഗലം - 76.19, ഇത്തിക്കര - 74.22.

### ഇടുക്കി ജില്ല

അടിമാലി - 78.02, ദേവികുളം - 76.36, നെടുങ്കണ്ടം - 79.16, ഇളംദേശം - 81.82, ഇടുക്കി - 77.76, കട്ടപ്പന - 77.33, തൊടുപുഴ - 81.31, അഴുത - 74.78.

### കോഴിക്കോട് ജില്ല

വടകര - 80.53, തുണേരി - 79.02, കുന്നുമ്മൽ - 82.27, തോടന്നൂർ - 82.33, മേലാടി - 83.8, പേരാമ്പ്ര - 85.82, ബാലുശ്ശേരി - 84.15, പന്തലായനി - 83, ചേലന്നൂർ - 85.8, കൊടുവള്ളി - 81.53, കുന്നമംഗലം - 84.89, കോഴിക്കോട് - 82.88.

### വയനാട് ജില്ല

മാനന്തവാടി - 81.99 സുൽത്താൻ ബത്തേരി - 85.19, കൽപ്പറ്റ - 82.35, പനമരം - 80.83

**കണ്ണൂർ ജില്ല**

കല്ല്യാശ്ശേരി - 80.67, പയ്യന്നൂർ - 84.93, തളിപറമ്പ് - 82.72, ഇരികൂർ - 82.76, കണ്ണൂർ - 78.37, ഇടക്കാട് - 80.53, തലശ്ശേരി - 81.78, കുത്തുപറമ്പ് - 82.34, പാനൂർ - 81.08, ഇരിട്ടി - 81.32, പേരാവൂർ - 82.07.

**കാസർഗോഡ് ജില്ല**

കാറടുക്ക - 81.64, മഞ്ചേശ്വരം - 73.87, കാസർഗോഡ് - 74.39, കാഞ്ഞങ്ങാട് - 80.03, പരപ്പ - 82.66, നീലേശ്വരം - 83.48,

*(എസ്.ഇ.സി. 187/2015)*

## എസ്.എൻ.ഡി.പി യൂണിയൻെറ നടപടി തിരഞ്ഞെടുപ്പ് പെരുമാറ്റ ചട്ട ലംഘനം

തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പിൽ സി.പി.ഐ (എം) സ്ഥാനാർത്ഥികളെ പരാജയപ്പെടുത്തണമെന്ന് അഭ്യർത്ഥിച്ച് ചങ്ങനാശ്ശേരി എസ്.എൻ.ഡി.പി യൂണിയൻ പ്രസിദ്ധീകരിച്ച നോട്ടീസ് തിരഞ്ഞെടുപ്പ് പെരുമാറ്റചട്ടത്തിന്റെ ലംഘനമാണെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ.

ജാതി, സമുദായ സ്പർദ്ധ ഉണർത്തി ഒരു സ്ഥാനാർത്ഥിയെ വിജയിപ്പിക്കുന്നതിനും പരാജയപ്പെടുത്തുന്നതിനും ആഹ്വാനം ചെയ്യുന്നത് കമ്മീഷൻ അതീവ ഗൗരവത്തോടെയാണ് കാണുന്നത്. മേലിൽ ഇത്തരം നോട്ടീസുകൾ പ്രസിദ്ധപ്പെടുത്താനോ വിതരണം ചെയ്യാനോ പാടില്ലായെന്ന് കമ്മീഷൻ എസ്.എൻ.ഡി.പി-യ്ക്ക് കർശന നിർദ്ദേശം നൽകി.

മാതൃകാ പെരുമാറ്റച്ചട്ടത്തിൻെറ യും കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ 121, 126(ബി) വകുപ്പുകളുടെയും, കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ 145-ാം വകുപ്പിൻെറയും ലംഘനമാരോപിച്ച് എസ്എൻ.ഡി.പി യോഗം ചങ്ങനാശ്ശേരി യൂണിയൻ പ്രസിഡന്റിനും സെക്രട്ടറിയ്ക്കുമെതിരെ സി.പി.ഐ(എം) കോട്ടയം ജില്ല സെക്രട്ടേറിയറ്റ് അംഗം എ.വി.റസാൽ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന് നൽകിയ ഹർജിയിലാണ് തീർപ്പുണ്ടായിട്ടുള്ളത്.

*(എസ്.ഇ.സി. 188/2015)*

## വോട്ടിംഗ് യന്ത്രങ്ങൾക്ക് തകരാർ വന്നാൽ നേരിട്ട് തിരഞ്ഞെടുപ്പ് കമ്മീഷനെ അറിയിക്കണം

തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പിൽ ഏതെങ്കിലും ബൂത്തിൽ വോട്ടിംഗ് യന്ത്രത്തിന് തകരാർ സംഭവിച്ചാൽ ബന്ധപ്പെട്ട സെക്ടറൽ ഓഫീസറേയും റിട്ടേണിംഗ് ഓഫീസറെയും അറിയിച്ച ശേഷം നേരിട്ട് തിരഞ്ഞെടുപ്പ് കമ്മീഷനെ അറിയിക്കണമെന്ന് നിർദ്ദേശം. കമ്മീഷനിലെ താഴെ പറയുന്നവരെയാണ് വിവരം തൽസമയം അറിയിക്കേണ്ടത്.

| ക്രമ നമ്പർ | പേര് | തസ്തിക | മൊബൈൽ നമ്പർ |
|---|---|---|---|
| 1 | കെ.വി.മുരളീധരൻ | അഡീഷണൽ സെക്രട്ടറി | 8281000120<br>9496020802 |
| 2 | പി.ഫ്രാൻസിസ് ഡിക്രൂസ് | അഡീഷണൽ സെക്രട്ടറി | 8281000119<br>9400852450 |
| 3 | എ.അൻസാരി | അഡീഷണൽ സെക്രട്ടറി | 8281000118<br>9447857716 |
| 4 | കെ.റ്റി.ജോർജ്ജ് | കമ്മീഷണറുടെ പ്രൈവറ്റ് സെക്രട്ടറി | 8281000129<br>9447589017 |

ഗ്രാമപഞ്ചായത്ത്, ജില്ലാ പഞ്ചായത്തുകളുടെ ബാലറ്റ് യൂണിറ്റുകൾ യഥാക്രമം ശ്രേണിയിൽ തന്നെയാണോ സ്ഥാപിച്ചിരിക്കുന്നതെന്ന് പ്രിസൈഡിംഗ് ഓഫീസർമാർ ഉറപ്പുവരുത്തണമെന്നും കമ്മീഷൻ നിർദ്ദേശിച്ചു.

*(എസ്.ഇ.സി. 189/2015)*

Email:
contact.seckerala@gmail.com
electionker@gmail.com

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

2nd November 2015

## PRESS RELEASE SECOND PART

### തിരഞ്ഞെടുപ്പ് സമാധാനപരം

സംസ്ഥാനത്തെ ഏഴ് ജില്ലകളിലെ തദ്ദേശഭരണ സ്ഥാപനങ്ങളിലേക്ക് തിങ്കളാഴ്ച നടന്ന തിരഞ്ഞെടുപ്പ് തികച്ചും സമാധാനപരമായിരുന്നു എന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ കെ. ശശിധരൻ നായർ അറിയിച്ചു. പ്രാഥമിക വിവരം അനുസരിച്ച് ഗ്രാമപഞ്ചായത്തുകളിൽ 12 ബൂത്തുകളും നഗരസഭകളിൽ 5 സ്ഥലത്തും വോട്ടിംഗ് മെഷീൻ തകരാറിലായതുമൂലം പുതിയ മെഷീൻ ഉപയോഗിച്ച് വോട്ടെടുപ്പ് തുടരേണ്ടി വന്നു.

കണ്ണൂർ പരിയാരം ഗ്രാമപഞ്ചായത്തിലെ കാഞ്ഞിരങ്ങാട് എ.എൻ.പി സ്കൂളിലെ ഒരു ബൂത്ത്, തിരുവനന്തപുരം നഗരസഭയിലെ കോട്ടപ്പുറത്ത് രണ്ട് ബൂത്ത്, മാണിക്യവിളാകം ഡിവിഷനിലെ ഒരു ബൂത്ത് എന്നിവടങ്ങളിൽ വെബ് ക്യാമറ സംവിധാനം തകരാറിലാക്കി. തുടർന്ന് തകരാറ് പരിഹരിച്ചശേഷം വോട്ടെടുപ്പ് തുടർന്നു.

*(എസ്.ഇ.സി. 182/2015)*

### സംസ്ഥാനത്ത് 76.20 ശതമാനം പോളിംഗ് ഏറ്റവും കൂടുതൽ വയനാട്ടിൽ കുറവ് തിരുവനന്തപുരം

സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് നടന്ന ഒന്നാം ഘട്ട വോട്ടെടുപ്പിൽ 76.20 ശതമാനം പേർ വോട്ട് രേഖപ്പെടുത്തി. തിരുവനന്തപുരം, കൊല്ലം, ഇടുക്കി, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലാണ് ഒന്നാം ഘട്ടം തിരഞ്ഞെടുപ്പ് നടന്നത്. ഇതിൽ ഏറ്റവും കൂടുതൽ പോളിംഗ് 81.58 വയനാട്ടിലും കുറവ് 69 ശതമാനം തിരുവനന്തപുരം ജില്ലയിലുമാണ്. ഓരോ ജില്ലയിലെയും പോളിംഗ് ശതമാനം ചുവടെ. ത്രിതല പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, ആകെ എന്ന ക്രമത്തിൽ.

തിരുവനന്തപുരം -72, 75, 60, 69
കൊല്ലം- 75, 76.88, 69.12, 73.67
ഇടുക്കി - 75, 86.70, 00, 80.85
കോഴിക്കോട് - 81.10, 76, 74.93, 77.34
വയനാട് - 82.19, 80.97, 00, 81.58
കണ്ണൂർ - 75.48, 77.74, 67.73, 73.65
കാസർഗോഡ് - 78.46, 76.15, 00, 77.31

*(എസ്.ഇ.സി. 183/2015)*

### കോർപ്പറേഷനുകളിൽ 67.95 ശതമാനം പോളിംഗ്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് തിങ്കളാഴ്ച നടന്ന ഒന്നാം ഘട്ട വോട്ടെടുപ്പിൽ കോർപ്പറേഷനുകളിൽ 67.95 ശതമാനം പോളിംഗ് രേഖപ്പെടുത്തി. ഏറ്റവും കൂടുതൽ പോളിംഗ് ശതമാനം കോഴിക്കോട് ആണ് (74.93). മറ്റ് കോർപ്പറേഷനുകളിലെ പോളിംഗ് ശതമാനം തിരുവനന്തപുരം 60, കൊല്ലം 69.12, കണ്ണൂർ 67.73 ശതമാനം.

*(എസ്.ഇ.സി. 184/2015)*

Email:
contact.seckerala@gmail.com
electionker@gmail.com

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

2nd November 2015

# PRESS RELEASE FIRST PART

## രണ്ടാംഘട്ട വോട്ടെടുപ്പിൽ കൊച്ചി, തൃശ്ശൂർ കോർപ്പറേഷനുകളിലായി 129 വാർഡുകൾ

സംസ്ഥാനത്ത് 5-നു നടക്കുന്ന രണ്ടാംഘട്ട തദ്ദേശഭരണ വോട്ടെടുപ്പിൽ സംസ്ഥാനത്തെ മൊത്തം ആറ് കോർപ്പറേഷനുകളിൽ രണ്ടെണ്ണം മാത്രം. കൊച്ചി, തൃശ്ശൂർ എന്നിവയാണ് ഇവ. ഇവിടങ്ങളിൽ യഥാക്രമം 74 ഉം 55 ഉം വാർഡുകളാണുളളത്. കൊച്ചിയിൽ 403 ഉം തൃശ്ശൂരിൽ 245 ഉം സ്ഥാനാർത്ഥികൾ മത്സരിക്കുന്നു.

*(എസ്.ഇ.സി.176 /2015)*

## രണ്ടാംഘട്ട വോട്ടെടുപ്പിൽ 55 മുനിസിപ്പാലിറ്റികൾ: വാർഡുകൾ – 1965: പുതിയ മുനിസിപ്പാലിറ്റികൾ – 14

സംസ്ഥാനത്ത് അഞ്ചിനു നടക്കുന്ന രണ്ടാംഘട്ട തദ്ദേശഭരണ വോട്ടെടുപ്പിൽ ഏഴു ജില്ലകളിലെ പുതിയ 14 മുനിസിപ്പാലിറ്റികൾ ഉൾപ്പെടെ 55 മുനസിപ്പാലിറ്റികളിലായി 1965 വാർഡുകൾ. ഇതിൽ ഏറ്റവും കൂടുതൽ മുനിസിപ്പാലിറ്റികളും വാർഡുകളും മലപ്പുറം ജില്ലയിലാണ്. ഇവിടെ 12 മുനിസിപ്പാലിറ്റികളിലായി 479 വാർഡുകളാണുളളത്. ഏറ്റവും കുറവ് പത്തനംതിട്ടയിലാണ് നാല് മുനിസിപ്പാലിറ്റികളിലായി 132 വാർഡുകൾ. മറ്റ് ജില്ലകളിലെ മുനിസിപ്പാലിറ്റികളുടെയും വാർഡുകളുടെയും എണ്ണം:

| ജില്ല | മുനിസിപ്പാലിറ്റികൾ | വാർഡുകൾ |
|---|---|---|
| ആലപ്പുഴ | 6 | 215 |
| കോട്ടയം | 6 | 204 |
| എറണാകുളം | 13 | 421 |
| തൃശ്ശൂർ | 7 | 274 |
| പാലക്കാട് | 7 | 240 |

രണ്ടാംഘട്ട വോട്ടെടുപ്പിൽ പുതിയതായി രൂപീകരിച്ച 14 മുനിസിപ്പാലിറ്റികളുണ്ട്. പന്തളം, ഹരിപ്പാട്, എറ്റുമാനൂർ, ഈരാറ്റുപേട്ട, പിറവം, കൂത്താട്ടുകുളം, വടക്കാഞ്ചേരി, പട്ടാമ്പി, ചെർപ്പുളശ്ശേരി, മണ്ണാർക്കാട്, താനൂർ, പരപ്പനങ്ങാടി, വടക്കാഞ്ചേരി, തിരൂരങ്ങാടി എന്നിവയാണിവ . 14 പുതിയ മുനിസിപ്പാലിറ്റികളിലായി മൊത്തം 469 വാർഡുകളാണുള്ളത്.

*(എസ്.ഇ.സി.177 /2015)*

## 2011–ലെ സെൻസസ് പ്രകാരം കേരളത്തിലെ ജനസംഖ്യ

കേരളത്തിൽ 2011-ൽ പൂർത്തീകരിച്ച സെൻസസ് പ്രകാരം സംസ്ഥാനത്ത് ആകെ 7923242 കുടുംബങ്ങളാണുള്ളത്. ഇതിൽ ജില്ലാ ബ്ലോക്ക് ഗ്രാമപഞ്ചായത്തുകളിലായി 6376219 കുടുംബങ്ങളും, മുൻസിപ്പാലിറ്റിയുടെ പരിധിയിൽ 830192 കുടുംബങ്ങളും, കോർപ്പറേഷൻ പരിധിയിൽ 716831 കുടുംബങ്ങളുമാണുള്ളത്. സ്ത്രീ പുരുഷാനുപാതം നോക്കുമ്പോൾ ആകെ ജനസംഖ്യയായ 33719012 പേരിൽ ഭൂരിഭാഗം സ്ത്രീകളാണ്. 17543476 സ്ത്രീകൾ പുരുഷന്മാർ 16175536. ഇതിൽ ജില്ലാ - ബ്ലോക്ക് - ഗ്രാമപഞ്ചായത്തുകളിൽ 14154846 സ്ത്രീകളും 13037994 പുരുഷന്മാരുമാണുള്ളത്. മുൻസിപ്പാലിറ്റിയിൽ 1691692 പുരുഷന്മാരും 1853263 സ്ത്രീകളുമുണ്ട്. കോർപ്പറേഷൻ പരിധിയിലെ സ്ത്രീ പുരഷന്മാർ യഥാക്രമം 1535367, 1445850.

ആകെ ജനസംഖ്യയിൽ 3056099 പട്ടിക ജാതി വിഭാഗവും, 485715 പട്ടികവർഗ്ഗ വിഭാഗ വുമാണുള്ളത്. ജില്ലാ - ബ്ലോക്ക് - ഗ്രാമപഞ്ചായത്തുകളിലായി 1349590 പട്ടിക ജാതി സ്ത്രീകളും, 1277621 പട്ടികജാതി പുരഷന്മാരുമുണ്ട്. മുൻസിപ്പാലിറ്റിയിൽ പട്ടിക ജാതി സ്ത്രീ പുരുഷന്മാർ യഥാക്രമം 122474 ഉം, 114812 മാണുള്ളത്. കോർപ്പറേഷൻ പരിധിയിൽ 98173 സ്ത്രീകളും 93429 പുരുഷന്മാരുമുണ്ട്.

പട്ടികവർഗ്ഗ വിഭാഗത്തിൽ ജില്ലാ - ബ്ലോക്ക് - ഗ്രാമപഞ്ചായത്തുകളിലായി 234597 സ്ത്രീകളും 226898 പുരുഷന്മാരും മുൻസിപ്പാലിറ്റിയിൽ 7592 സ്ത്രീകളും 7025 പുരുഷന്മാരുമുണ്ട്. കോർപ്പറേഷൻ പരിധിയിൽ യഥാക്രമം 4916, 4687 പട്ടികവർഗ്ഗ സ്ത്രീ, പുരുഷന്മാരുമുണ്ട്.

*(എസ്.ഇ.സി. 178/2015)*

## രണ്ടാം ഘട്ട തിരഞ്ഞെടുപ്പ് ആകെ 19328 പോളിംഗ് സ്റ്റേഷനുകൾ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് നവംബർ അഞ്ചിന് നടക്കുന്ന രണ്ടാംഘട്ട തിരഞ്ഞെടു പ്പിൽ ഏഴ് ജില്ലകളിലായി 19328 പോളിംഗ് സ്റ്റേഷനുകൾ. പഞ്ചായത്തുകളിൽ 16681, നഗര മേഖലയിൽ 2647 എന്നിങ്ങനെയാണ് പോളിംഗ് സ്റ്റേഷനുകളുടെ വിന്യാസം.

തിരഞ്ഞെടുപ്പ് നടക്കുന്ന ജില്ലകളും ആകെ പോളിംഗ് സ്റ്റേഷനുകളും ബ്രാക്കറ്റിൽ യഥാക്രമം ഗ്രാമീണ മേഖലകളിലെയും നഗരമേഖലകളിലെയും സ്റ്റേഷനുകൾ.

| | | |
|---|---|---|
| പത്തനംതിട്ട | 1458 | (1326, 132) |
| ആലപ്പുഴ | 2252 | (1984, 268) |
| കോട്ടയം | 2331 | (2078, 253) |
| എറണാകുളം | 3104 | (2356, 748) |
| തൃശ്ശൂർ | 3298 | (2816, 482) |
| പാലക്കാട് | 2974 | (2690, 284) |
| മലപ്പുറം | 3911 | (3431, 480) |

*(എസ്.ഇ.സി. 179 /2015)*

## രണ്ടാം ഘട്ട തിരഞ്ഞെടുപ്പ് : പോളിംഗ് സാമഗ്രികളുടെ വിതരണത്തിന് 146 കേന്ദ്രങ്ങൾ

നവംബർ അഞ്ചിന് തദ്ദേശഭരണ വോട്ടെടുപ്പ് നടക്കുന്ന ഏഴ് ജില്ലകളിലേയ്ക്ക് 146 കേന്ദ്രങ്ങളിലായാണ് പോളിംഗ് സാമഗ്രികളുടെ വിതരണം. 89 ബ്ലോക്ക് സെന്ററുകൾ, 57 കോർപ്പറേഷൻ/മുനിസിപ്പാലിറ്റി കേന്ദ്രങ്ങളിലായാണ് ക്രമീകരണം.

ജില്ലകളും വിതരണ കേന്ദ്രങ്ങളുടെ എണ്ണവും

| | **ബ്ലോക്ക് സെന്റർ** | **കോർപ്പറേഷൻ/ മുനിസിപ്പാലിറ്റി** | **ആകെ** |
|---|---|---|---|
| പത്തനംതിട്ട | 8 | 4 | 12 |
| കോട്ടയം | 11 | 6 | 17 |
| ആലപ്പുഴ | 12 | 6 | 18 |
| എറണാകുളം | 14 | 14 | 28 |
| തൃശ്ശൂർ | 16 | 8 | 24 |
| പാലക്കാട് | 13 | 7 | 20 |
| മലപ്പുറം | 15 | 12 | 27 |

*(എസ്.ഇ.സി. 180 /2015)*

## രണ്ടാം ഘട്ട വോട്ടെടുപ്പിന്റെ പ്രചാരണം ഇന്ന് അവസാനിക്കും (03.11.2015)

രണ്ടാം ഘട്ട വോട്ടെടുപ്പ് നടക്കുന്ന പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം ജില്ലകളിലെ പ്രചാരണ പരിപാടികൾ ഇന്ന് (03.11.2015) വൈകിട്ട് 5-ന് അവസാനിക്കും. ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവിടങ്ങളിലേക്കുള്ള മൊത്തം 12651 വാർഡുകളിലേക്ക് 44388 സ്ഥാനാർത്ഥികളാണ് മൽസരിക്കുന്നത്. ഒന്നാംഘട്ടത്തിൽ ഏഴ് ജില്ലകളിലെ മൊത്തം 9220 വാർഡുകളിലേക്ക് 31161 സ്ഥാനാർത്ഥികളാണുണ്ടായിരുന്നത്.

*(എസ്.ഇ.സി.181/2015)*

Email:
contact.seckerala@gmail.com
electionker@gmail.com

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

1st November 2015

## വോട്ടർമാർക്കുള്ള സ്ലിപ്പുകളിൽ ചിഹ്നം പാടില്ല

തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പിൽ വോട്ടർമാർക്ക് വിതരണം ചെയ്യുന്ന സ്ലിപ്പുകൾ വെള്ളക്കടലാസ്സിലാകണമെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശിച്ചു.

സ്ലിപ്പുകളിൽ ഏതെങ്കിലും പാർട്ടിയുടെ പേരോ ചിഹ്നമോ പാടില്ല. രാഷ്ട്രീയ കക്ഷികൾ വോട്ടെടുപ്പ് ദിവസം അവരുടെ അംഗീകൃത പ്രവർത്തനങ്ങൾക്ക് ബാഡ്ജും തിരിച്ചറിയൽ കാർഡും നൽകണം. സംഘർഷം ഒഴിവാക്കാനായി പോളിംഗ് സ്റ്റേഷനുകൾക്ക് സമീപം രാഷ്ട്രീയ കക്ഷികളും സ്ഥാനാർത്ഥികളും നിൽക്കുന്ന ക്യാമ്പിൻെറ പരിസരത്ത് ആൾക്കൂട്ടം ഒഴിവാക്കണം. ഇത്തരം ക്യാമ്പുകൾ ഗ്രാമപ്രദേശങ്ങളിൽ പോളിംഗ് സ്റ്റേഷനുകളിൽ നിന്ന് 200 മീറ്ററും നഗര പ്രദേശങ്ങളിൽ 100 മീറ്ററും അകലം പാലിച്ചുവേണം നിൽക്കുവാൻ. ക്യാമ്പുകളിൽ ചുമർ പരസ്യങ്ങളും കൊടികളൊ ചിഹ്നമോ മറ്റു പ്രചരണന വസ്തുക്കളോ പാടില്ല. പോളിംഗ് സ്റ്റേഷന് 100 മീറ്റർ പരിധിയിലുള്ള പാർട്ടി ഓഫീസുകൾ പോളിംഗ് ദിവസം അടച്ചിടണം.

വോട്ടെടുപ്പ് ദിവസം വാഹനങ്ങൾ ഉപയോഗിക്കുന്നതിന് ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ പാലിക്കുകയും, പെർമിറ്റ് വാഹനങ്ങളിൽ പ്രദർശിപ്പിക്കുകയും വേണം. സമ്മതിദായകൻ ഒഴികെ തിരഞ്ഞെടുപ്പ് കമ്മീഷൻെറ നിയമാനുസൃതമായ പാസില്ലാത്ത ആരെയും പോളിംഗ് സ്റ്റേഷനുകളിൽ പ്രവേശിപ്പിക്കില്ല. തിരഞ്ഞെടുപ്പ് കമ്മീഷൻ നിയോഗിച്ചിട്ടുള്ള നിരീക്ഷകർ പോളിംഗ് ദിവസം ജില്ലകളിൽ ക്യാമ്പു ചെയ്യുകയും സുഗമമായ പോളിംഗ് ഉറപ്പാക്കുകയും ചെയ്യും.

*(എസ്.ഇ.സി. 168/2015)*

## മൊബൈൽ ഫോൺ ഉപയോഗിക്കരുത്

പോളിംഗ് സ്റ്റേഷനുകളിൽ പ്രിസൈഡിംഗ് ഓഫീസർ ഒഴികെ മറ്റാരും മൊബൈൽ ഫോൺ ഉപയോഗിക്കുന്നത് നിരോധിച്ചു. മൊബൈൽ ഫോൺ ഉപയോഗിക്കുന്ന ഉദ്യോഗസ്ഥർ അത് സൈലന്റ് മോഡിൽ ആണെന്ന് ഉറപ്പാക്കണമെന്നും നിർദ്ദേശിച്ചു.

*(എസ്.ഇ.സി. 169/2015)*

## പൊതു തിരഞ്ഞെടുപ്പിൽ സമ്മതിദായകർക്കുള്ള തിരിച്ചറിയൽ രേഖകൾ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പൊതു തിരഞ്ഞെടുപ്പിൽ പോളിംഗ് സ്റ്റേഷനിലേക്ക് ഓരോ സമ്മതിദായകരും പ്രവേശിക്കുമ്പോഴും പ്രിസൈഡിംഗ് ഓഫീസറുടേയോ അദ്ദേഹം അധികാരപ്പെടുത്തിയിട്ടുള്ള പോളിംഗ് ഓഫീസറുടേയോ മുമ്പാകെ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള തിരിച്ചറിയൽ കാർഡ്, പാസ്പോർട്ട്, ഡ്രൈവിംഗ് ലൈസൻസ്, പാൻകാർഡ്, ആധാർ കാർഡ്, ഫോട്ടോ പതിച്ചിട്ടുള്ള എസ്.എസ്.എൽ.സി ബുക്ക് ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും തിരഞ്ഞെടുപ്പ് തീയതിയ്ക്ക് ആറുമാസം മുമ്പ് വരെ നൽകിയിട്ടുള്ള ഫോട്ടോ പതിച്ച പാസ്ബുക്ക്, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള തിരിച്ചറിയൽ കാർഡ് ഇവയിലേതെങ്കിലും ഒന്ന് ഹാജരാക്കേണ്ടതാണെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഉത്തരവിട്ടു.

*(എസ്.ഇ.സി.170/2015)*

## ജില്ലാ തിരഞ്ഞെടുപ്പ് നിരീക്ഷകരുടെ ഫോൺ നമ്പരുകൾ

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ വിവിധ ജില്ലകളിൽ പൊതു നിരീക്ഷകരായി നിയമിച്ചവരുടെ മൊബൈൽ നമ്പരുകൾ ചുവടെ:

| ജില്ല | പേര് | മൊബൈൽ നമ്പർ |
|---|---|---|
| തിരുവനന്തപുരം | ഡോ.എം.റ്റി.രാജ് | 9495999600 |
| കൊല്ലം | ശ്രീ.കെ.രാമചന്ദ്രൻ | 9447633155 |
| പത്തനംതിട്ട | ശ്രീ.വി.സനൽ കുമാർ | 9400906676 |
| ആലപ്പുഴ | ശ്രീ.പി.എം.ഫ്രാൻസിസ് | 9446544774 |
| കോട്ടയം | ശ്രീ.ഇ.ദേവദാസൻ | 9446534818 |
| ഇടുക്കി | ഡോ.കെ.ആർ.സാബു | 9447979045 |
| എറണാകുളം | ശ്രീ.ജോസഫ് തോമസ് | 8547183216 |
| തൃശ്ശൂർ | ശ്രീമതി.ദീപ.കെ.എസ് | 9447979162 |
| പാലക്കാട് | ശ്രീ.ഷേയ്ക്ക് ഹൈദർ | 9447979172 |
| മലപ്പുറം | ശ്രീ.വി.വി.ഷാജിമോൻ | 9447112971 |
| കോഴിക്കോട് | ശ്രീമതി.സി.മീനാക്ഷി | 9489356835 |
| വയനാട് | ഡോ.ആർ.അടലരശൻ | 8547009379/9447979160 |
| കണ്ണൂർ | ശ്രീ.സുയോഗ് പട്ടീൽ സുബാഷ് റാവു | 9496182420 |
| കാസർഗോഡ് | ശ്രീ.കൃഷ്ണ കുമാർ | 8289843860/8006649764 |

*(എസ്.ഇ.സി.171/2015)*

## പോളിംഗ് സാധനങ്ങളുടെ വിതരണം പൂർത്തിയായി

ഇന്നു (നവംബർ രണ്ട്) തിരഞ്ഞെടുപ്പ് നടക്കുന്ന ജില്ലകളിലെ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ ബന്ധപ്പെട്ട 98 വിതരണ സ്വീകരണ കേന്ദ്രങ്ങളിൽ നിന്നും പോളിംഗ് സാധനങ്ങൾ ഞായറാഴ്ച ഏറ്റുവാങ്ങി. രാവിലെ പത്തു മണിക്ക് ആരംഭിച്ച പോളിംഗ് സാധന സാമഗ്രികളുടെ വിതരണം ആരംഭിച്ചു. ഇന്നു തിരഞ്ഞെടുപ്പ് നടക്കുന്ന ജില്ലകളിലെ വിതരണ സ്വീകരണ കേന്ദ്ര ങ്ങളുടെ വിശദാംശങ്ങൾ ചുവടെ. ജില്ല, ബ്ലോക്ക് തല വിതരണ കേന്ദ്രങ്ങളുടെ എണ്ണം, പട്ടണ പ്രദേശത്തെ വിതരണ കേന്ദ്രങ്ങളുടെ എണ്ണം, ആകെ വിതരണ കേന്ദ്രങ്ങളുടെ എണ്ണം എന്ന ക്രമത്തിൽ.

| ജില്ല | ബ്ലോക്ക് തല വിതരണ കേന്ദ്രം | പട്ടണ പ്രദേശത്തെ വിതരണ കേന്ദ്രം | ആകെ വിതരണ കേന്ദ്രങ്ങളുടെ എണ്ണം |
|---|---|---|---|
| തിരുവനന്ത പുരം | 11 | 05 | 16 |
| കൊല്ലം | 11 | 05 | 16 |
| ഇടുക്കി | 08 | 02 | 10 |
| കോഴിക്കോട് | 12 | 08 | 20 |
| വയനാട് | 04 | 03 | 07 |
| കണ്ണൂർ | 11 | 09 | 20 |
| കാസർഗോഡ് | 06 | 03 | 09 |

*(എസ്.ഇ.സി.172/2015)*

## റീ പോളിംഗ് തീയതികളിൽ മാറ്റം

ഇന്നു (നവംബർ 2) വോട്ടെടുപ്പ് നടക്കുന്ന ജില്ലകളിൽ റീപോളിംഗ് ആവശ്യമായി വരുന്നിടങ്ങളിൽ നാളെ (നവംബർ 3-നും) നവംബർ 5-നും വോട്ടെടുപ്പ് നടക്കുന്നിടങ്ങളിൽ റീ പോളിംഗ് ആവശ്യമെങ്കിൽ നവംബർ 6-നും നടത്താവുന്നതാണെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി. കേരള പഞ്ചായത്ത് രാജ് ആക്ടിലെ 71, 72, 73 വകുപ്പുകൾ പ്രകാരവും കേരള മുനിസിപ്പാലിറ്റി ആക്ടിലെ 127, 128, 129 വകുപ്പുകൾ പ്രകാരവും വീണ്ടും വോട്ടെടുപ്പ് വേണ്ടി വരുന്ന സാഹചര്യങ്ങളിലാണ് ഈ തീയതികളിൽ റീ പോളിംഗ് നടക്കുക.

*(എസ്.ഇ.സി.173/2015)*

## ബൂത്തുകളിലെ വീഡിയൊ ചിത്രീകരണം മാർഗ്ഗനിർദ്ദേശങ്ങൾ നൽകി

രാഷ്ട്രീയ പാർട്ടികളും മറ്റ് സംഘടനകളും സ്ഥാനാർത്ഥികളും ആവശ്യപ്പെടുന്ന ബൂത്തു കളിൽ അവരുടെ ചെലവിൽ വീഡിയോഗ്രാഫി ഏർപ്പെടുത്തുന്നതു സംബന്ധിച്ച് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

സ്ഥാനാർത്ഥികൾ സ്വന്തം നിലയ്ക്ക് പോളിംഗ് ബുത്തുകളിൽ വീഡിയോഗ്രാഫി നടത്തുന്നതിന് കൊടുക്കുന്ന പണം ജില്ലാ കളക്ടറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലോ, ജില്ലാ കളക്ടറുടേയും ഇലക്ഷൻ ഡെപ്യൂട്ടി കളക്ടറുടേയും പേരിൽ ഉള്ള ജോയിന്റ് അക്കൗണ്ടിലോ നിക്ഷേപിക്കേണ്ടതാണ്. തിരഞ്ഞെടുപ്പിനു ശേഷം വീഡിയോഗ്രാഫിയുടെ ബില്ലും, ക്ലെയിമും ഹാജരാക്കുന്ന മുറയ്ക്ക് വീഡിയോഗ്രാഫി സ്ഥാപനത്തിന് പ്രസ്തുത തുക പ്രസ്തുത അക്കൗണ്ടിൽ നിന്നും നൽകണം.

തിരഞ്ഞെടുപ്പു സ്വതന്ത്രമോ നീതി പൂർവ്വകമായും നടക്കണം എന്ന ലക്ഷ്യത്തോടെയാണ് സ്ഥാനാർത്ഥികളോ രാഷ്ട്രീയകക്ഷികളോ മറ്റുള്ളവരോ പോളിംഗ് ബൂത്തിൽ വീഡിയോഗ്രാഫി നടത്തുവാൻ ആവശ്യപ്പെടുന്നത്. ആയതിനാൽ ഇതിലേയ്ക്കാവശ്യമായ ചെലവ് ഒരു സ്ഥാനാർത്ഥിയുടെ തിരഞ്ഞെടുപ്പ് പ്രചാരണ ചെലവായി പരിഗണിക്കേണ്ടതില്ല. വീഡിയോ ചിത്രങ്ങൾ മികച്ച ഗുണ നിലവാരത്തിൽ റെക്കോർഡ് ചെയ്യപ്പെടും എന്ന് ഉറപ്പാക്കേണ്ടതാണ്. യാതൊരു കാരണവശാലും സമ്മതിദായകർ വോട്ട് ചെയ്യുന്ന പ്രക്രിയ ചിത്രീകരിക്കുവാനും സമ്മതിദാന അവകാശത്തിന്റെ സ്വകാര്യതയിൽ ഭംഗം വരുവാനും പാടുള്ളതല്ല. വീഡിയോ റിക്കോർഡിംഗിന്റെ പകർപ്പ് വീഡിയോഗ്രാഫർ ജില്ലാ തിരഞ്ഞെടുപ്പുദ്യോഗസ്ഥനല്ലാതെ മറ്റാർക്കും നല്കുന്നില്ല എന്നുറപ്പാക്കേണ്ടതാണ്.

***(എസ്.ഇ.സി.174/2015)***

**ഇന്നത്തെ തിരഞ്ഞെടുപ്പിന് 60359 പോളിംഗ് ഉദ്യോഗസ്ഥർ**

ഇന്ന് (നവംബർ രണ്ട്) നടക്കുന്ന തദ്ദേശഭരണ തിരഞ്ഞെടുപ്പിനായി ഏഴ് ജില്ലകളിലായി മൊത്തം 60359 ഉദ്യാഗസ്ഥരെയാണ് പോളിംഗ് ഡ്യൂട്ടിയ്ക്ക് നിയോഗിച്ചിട്ടുള്ളത്. ഇവരിൽ 23,397 പേർ സ്ത്രീകളും 36,962 പേർ പുരുഷന്മാരുമാണ്. ഡ്യൂട്ടിയ്ക്ക് നിയോഗിക്കപ്പെട്ടിട്ടുള്ള പോളിംഗ് ഉദ്യോഗസ്ഥരുടെ വിശദാംശങ്ങൾ ചുവടെ :
ജില്ല, വനിതാ പോളിംഗ് ഉദ്യോഗസ്ഥമാരുടെ എണ്ണം, പുരുഷ ഉദ്യോഗസ്ഥരുടെ എണ്ണം, ആകെ എണ്ണം എന്ന ക്രമത്തിൽ

തിരുവനന്തപുരം - 4857, 8163,13020
കൊല്ലം-5856, 5092, 10948
ഇടുക്കി - 2727, 3075, 5802
കോഴിക്കോട് - 4196,7672,11868
വയനാട് - 1023, 2365, 3388
കണ്ണൂർ - 3232, 6489, 9721
കാസർഗോഡ് - 1506, 4106, 5612

***(എസ്.ഇ.സി.175/2015)***

| | | |
|---|---|---|
| Email: contact.seckerala@gmail.com electionker@gmail.com | പത്രക്കുറിപ്പ് | TELEPHONE: 0471-2321233 MOBILE :8281000127 www.sec.kerala.gov.in |
| | കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ | 31st October 2015 |

## തിരഞ്ഞെടുപ്പ് 21871 വാർഡുകളിൽ

തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പിൽ 1199 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി 21871 വാർഡുകളിലേയ്ക്ക് ആണ് തിരഞ്ഞെടുപ്പ്. ഇതിൽ 941 ഗ്രാമപഞ്ചായത്തുകളിലായി 15962 വാർഡുകളും 152 ബ്ലോക്ക് പഞ്ചായത്തുകളിലായി 2076 വാർഡുകളും 14 ജില്ലാ പഞ്ചായത്തുകളിലായി 331 ഡിവിഷനുകളും 86 മുനിസിപ്പാലിറ്റികളിലായി 3088 വാർഡുകളും 6 മുനിസിപ്പൽ കോർപ്പറേഷനുകളിലായി 414 വാർഡുകളുമാണുള്ളത്.

2010-ലെ തദ്ദേശഭരണ തിരഞ്ഞെടുപ്പിൽ 1209 തദ്ദേശഭരണ സ്ഥാപനങ്ങളിലായി 21682 വാർഡുകളാണ് ഉണ്ടായിരുന്നത്. എന്നാൽ ഇപ്പോൾ 10 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കുറവ് ഉണ്ടായിട്ടുണ്ടെങ്കിലും 189 വാർഡുകൾ കൂടുതലായിട്ടുണ്ട്.

മലപ്പുറം ജില്ലയിലാണ് ഏറ്റവും കൂടുതൽ വാർഡുകൾ 122 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി 2510 വാർഡുകൾ. ഏറ്റവും കുറവ് വയനാട്ടിലാണ്. 31 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി 582 വാർഡുകൾ. 2010-ലെ തിരഞ്ഞെടുപ്പിൽ 123 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി 2439 വാർഡുകളും വയനാട്ടിൽ 31 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങിലായി 560 വാർഡുകളുമാണ് ഉണ്ടായിരുന്നത്.

55 വാർഡുകൾ ഉൾപ്പെടുത്തി കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ രൂപീകരിച്ചതോടെ മുനിസിപ്പൽ കോർപ്പറേഷനുകളുടെ എണ്ണം ആറായി. മുനിസിപ്പാലിറ്റികളുടെ എണ്ണം 60-ൽ നിന്നും 86 ആയി ഉയർന്നിട്ടുണ്ട്. ഏറ്റവും കൂടുതൽ മുനിസിപ്പാലിറ്റികൾ ഉള്ള ജില്ല എറണാകുളമാണ്. 13 മുനിസിപ്പാലിറ്റികൾ. ഏറ്റവും കുറവ് ഇടുക്കിയിലും. രണ്ട് മുനിസിപ്പാലിറ്റികൾ.

*(എസ്.ഇ.സി. 164/2015)*

## അന്ധരായ സമ്മതിദായകർക്ക് വോട്ട് ചെയ്യുന്നതിന് സഹായിയെ അനുവദിക്കും

തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പിൽ അന്ധതയോ മറ്റ് ശാരീരിക അവശത മൂലമോ ഒരു സമ്മതിദായകന് പരസഹായം കൂടാതെ വോട്ട് ചെയ്യാൻ കഴിയുകയില്ലെന്ന് പ്രിസൈഡിംഗ് ഓഫീസർക്ക് ബോദ്ധ്യപ്പെടുന്ന പക്ഷം സമ്മതിദായകന് വേണ്ടി വോട്ട് രേഖപ്പെടുത്തുന്നതിന് സഹായിയുടെ സേവനം വിനിയോഗിക്കാൻ അനുമതി നൽകും. 18 വയസ്സിൽ കുറയാത്ത പ്രായമുള്ള ആളാകണം സഹായി. എന്നാൽ അപ്രകാരമുള്ള സഹായി ഒരു ദിവസം ഒന്നിലധികം സമ്മതിദായകരുടെ സഹായിയായി പ്രവർത്തിക്കാൻ പാടില്ല. മാത്രമല്ല സഹായി ആ നിയോജകമണ്ഡലത്തിലെ സ്ഥാനാർത്ഥിയോ തിരഞ്ഞെടുപ്പ് ഏജന്റോ പോളിംഗ് ഏജന്റോ ആയിരിക്കാൻ പാടില്ല.

*(എസ്.ഇ.സി. 165/2015)*

## പോളിംഗ് ഏജന്റ്

സമ്മതിദായകരെ തിരിച്ചറിയുന്നതിനായി ഒരു സ്ഥാനാർത്ഥിയുടെ പോളിംഗ് ഏജന്റായി നിയമിക്കപ്പെടുന്നയാൾ കഴിവതും ആ നിയോജകമണ്ഡലത്തിലെ സാധാരണ താമസക്കാരനായിരിക്കണം. എന്നാൽ ആ നിയോജകമണ്ഡലത്തിലെ സാധാരണ താമസക്കാരനല്ലാത്ത ഒരാളെയും പോളിംഗ് ഏജന്റായി സ്ഥാനാർത്ഥിക്ക് നിയമിക്കാവുന്നതാണ്.

*(എസ്.ഇ.സി. 166/2015)*

## നവംബർ രണ്ടിനു തിരഞ്ഞെടുപ്പ് നടക്കുന്ന ജില്ലകളിലെ പോളിംഗ് സ്റ്റേഷനുകൾ

നവംബർ രണ്ടിനു തദ്ദേശ സ്വയംഭരണ തിരഞ്ഞെടുപ്പ് നടക്കുന്ന ജില്ലകളിലെ പോളിംഗ് സ്റ്റേഷനുകളുടെ വിശദാംശങ്ങൾ ചുവടെ. ജില്ല, പട്ടണപ്രദേശത്തെ പോളിംഗ് സ്റ്റേഷനുകളുടെ എണ്ണം, ഗ്രാമീണ മേഖലയിലെ പോളിംഗ് സ്റ്റേഷനുകളുടെ എണ്ണം എന്ന ക്രമത്തിൽ.

| ജില്ല | പട്ടണപ്രദേശത്തെ പോളിംഗ് സ്റ്റേഷൻ | ഗ്രാമീണ മേഖലയിലെ പോളിംഗ് സ്റ്റേഷൻ |
|---|---|---|
| തിരുവനന്തപുരം | 792 | 2463 |
| കൊല്ലം | 377 | 2360 |
| ഇടുക്കി | 69 | 1384 |
| കോഴിക്കോട് | 670 | 2297 |
| വയനാട് | 99 | 748 |
| കണ്ണൂർ | 440 | 1994 |
| കാസർഗോഡ് | 119 | 1284 |

*(എസ്.ഇ.സി. 167/2015)*

| Email:<br>contact.seckerala@gmail.com<br>electionker@gmail.com | പത്രക്കുറിപ്പ് | TELEPHONE: 0471-2321233<br>MOBILE :8281000127<br>www.sec.kerala.gov.in |
|---|---|---|
| | കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ | 30th October 2015 |

# LATE PRESS RELEASE

## പത്ര സമ്മേളനം 31.10.2015

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണറുടെ പത്ര സമ്മേളനം ഒക്ടോബർ 31 രാവിലെ 11 മണിക്ക് . തിരഞ്ഞെടുപ്പ് കമ്മീഷൻ കോൺഫറൻസ് ഹാളിൽ.

*(എസ്.ഇ.സി. 160/2015)*

## പരസ്യ പ്രചാരണം ഇന്ന് (31.10.2015) 5 മണിക്ക് അവസാനിക്കും

നവംബർ രണ്ടിന് തദ്ദേശ സ്വയംഭരണ തിരഞ്ഞെടുപ്പ് നടക്കുന്ന തിരുവനന്തപുരം, കൊല്ലം, ഇടുക്കി, കോഴിക്കോട്, കണ്ണൂർ, വയനാട്, കാസർഗോഡ് ജില്ലകളിൽ പരസ്യ പ്രചാരണം ഇന്ന് (31.10.2015) വൈകിട്ട് അഞ്ച് മണിക്ക് അവസാനിക്കും. ഏഴ് ജില്ലകളിലായി 31161 സ്ഥാനാർത്ഥികളാണ് നവംബർ രണ്ടിന് ജനവിധി തേടുക.

*(എസ്.ഇ.സി. 161 /2015)*

## ഡ്യൂട്ടി സർട്ടിഫിക്കറ്റ് വിതരണത്തിന് 31 നോഡൽ ഓഫീസർമാർ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിനോടനുബന്ധിച്ച് പോസ്റ്റൽ ബാലറ്റ് വഴി വോട്ട് രേഖപ്പെടുത്തുന്നതിന് പോലീസ് ഉദ്യോഗസ്ഥർക്ക് ഡ്യൂട്ടി സർട്ടിഫിക്കറ്റും നിയമന ഉത്തരവും നൽകുന്നതിനായി 31 പോലീസ് ഓഫീസർമാരെ നോഡൽ ഓഫീസർമാരായി നിയമിച്ച് ഉത്തരവായി. നോഡൽ ഓഫീസർമാരുടെ വിശദാംശങ്ങൾ ചുവടെ യൂണിറ്റ്, നോഡൽ ഓഫീസർ, തസ്തിക എന്ന ക്രമത്തിൽ.

| യൂണിറ്റ് | നോഡൽ ഓഫീസർ | തസ്തിക |
|---|---|---|
| തിരുവനന്തപുരം സിറ്റി | എൻ.അബ്ദുൾ റഷീദ് | ഡി.സി.ആർ.ബി ഡി.വൈ.എസ്.പി. |
| തിരുവനന്തപുര റൂറൽ | എം.കെ.സുൽഫീക്കർ | ഡി.സി.ആർ.ബി ഡി.വൈ.എസ്.പി. |
| കൊല്ലം സിറ്റി | ജോർജ്ജ് കോശി | അസി.കമ്മീഷണർ ഓഫ് പോലീസ് |
| കൊല്ലം റൂറൽ | കെ.എൽ.ജോണികുട്ടി | അഡ്മിനിസ്ട്രേഷൻ ഡി.വൈ.എസ്.പി |
| പത്തനംതിട്ട | എം.എ.നസീർ | നാർക്കോട്ടിക് സെൽ ഡി.വൈ.എസ്.പി |
| ആലപ്പുഴ | യുവാൻ രത്നം | എ.ആർ.ഡെപ്യൂട്ടി കമാന്റൻ് |
| കോട്ടയം | ജി.അശോക് കുമാർ | എ.ആർ.അസിസ്റ്റന്റ് കമാന്റൻ് |
| ഇടുക്കി | എ.ജി.ലാൽ | അഡ്മിനിസ്ട്രേഷൻ ഡി.വൈ.എസ്.പി |
| എറണാകുളം സിറ്റി | ആമോസ് മാമ്മൻ | കട്രോൾ റൂം എ.സി.പി |
| എറണാകുളം റൂറൽ | കെ.പി.ജോസ് | ഡി.വൈ.എസ്.പി |

| | | |
|---|---|---|
| തൃശ്ശൂർ സിറ്റി | സി.എസ്സ്.ഷാഹുൽ ഹമീദ് | അഡ്മിനിസ്ട്രേഷൻ എസ്.സി.പി |
| തൃശ്ശൂർ റൂറൽ | കെ.എ.സുരേഷ് ബാബു | സ്പെഷ്യൽ ബ്രാഞ്ച് ഡി.വൈ.എസ്.പി |
| പാലക്കാട് | എ.എ.റോക്കി | അഡ്മിനിസ്ട്രേഷൻ ഡി.വൈ.എസ്.പി |
| മലപ്പുറം | എൻ.വി.അബ്ദുൾ ഖാദർ | അഡ്മിനിസ്ട്രേഷൻ ഡി.വൈ.എസ്.പി |
| കോഴിക്കോട് സിറ്റി | എം.എ.മുരളീധരൻ | നാർക്കോട്ടിക് സെൽ എ.സി.പി |
| കോഴിക്കോട് റൂറൽ | കുബേരൻ നമ്പൂതിരി | സ്പെഷ്യൽ ബ്രാഞ്ച് ഡി.വൈ.എസ്.പി |
| വയനാട് | എസ്.പ്രഭാകരൻ | ക്രൈം ബ്രാഞ്ച് ഡി.വൈ.എസ്.പി |
| കണ്ണൂർ | ടി.പി.രഞ്ജിത്ത് | അഡ്മിനിസ്ട്രേഷൻ ഡി.വൈ.എസ്.പി |
| കാസർഗോഡ് | അസിനാർ | സ്പെഷ്യൽ ബ്രാഞ്ച് ഡി.വൈ.എസ്.പി |
| കെ.എ.പി.1 | ബി.മോഹനൻ | അസി.കമാന്റൻ് |
| കെ.എ.പി 2 | കൃഷ്ണൻ കുട്ടി | അസി.കമാന്റൻ് |
| കെ.എ.പി.3 | അലക്സ് എബ്രഹാം | അസി.കമാന്റൻ് |
| കെ.എ.പി.4 | റ്റി.പി.ശ്യാം സുന്ദർ | അസി.കമാന്റന്റ് |
| കെ.എ.പി.5 | വിജയകുമാർ | അസി.കമാന്റന്റ് |
| എം.എസ്.പി. | അബ്ദുൾ ഹമീദ് | അസി.കമാന്റന്റ് |
| എസ്.എ.പി | റ്റി.ചന്ദ്രശേഖരൻ നായർ | അസി.കമാന്റന്റ് |
| ആർ.ആർ.ആർ.എഫ് | ബി.അജിത്കുമാർ | അസി.കമാന്റന്റ് |
| കെ.ഇ.പി.എ | ബൈജു ഭാസ്കർ | അഡ്മിനിസ്ട്രേഷൻ ഡി.വൈ.എസ്.പി |
| ഐ.ആർ.ബറ്റാലിയൻ | കെ.അനിയൻ | ഡെപ്യൂട്ടി കമാന്റൻ് |
| എസ്.ബി.സി.ഐ.ഡി ഹെഡ്ക്വാർട്ടേഴ്സ് | ജെ.പ്രസാദ് | അഡ്മിനിസ്ട്രേഷൻ ഡി.വൈ.എസ്.പി |
| എസ്.പി.റയിൽവേസ് | ജെ.കിഷോർ കുമാർ | അഡ്മിനിസ്ട്രേഷൻ ഡി.വൈ.എസ്.പി |

*(എസ്.ഇ.സി. 162 /2015)*

## വോട്ട് ചെയ്യാൻ അനുമതി നൽകണം

പൊതു തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾക്ക് നിയോഗിക്കപ്പെടുന്ന ഡ്രൈവർമാർ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് സ്വന്തം പോളിംഗ് സ്റ്റേഷനിൽ നേരിട്ട് പോയി വോട്ട് രേഖപ്പെടുത്തുന്നതിനുള്ള അനുമതി നൽകണമെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശിച്ചു. അനുമതി നൽകുവാൻ കഴിയാത്ത സാഹചര്യമുണ്ടെങ്കിൽ പ്രസ്തുത ജീവനക്കാർക്ക് പോസ്റ്റൽ ബാലറ്റ് അനുവദിക്കുന്നതിനാവശ്യ മായ അടിയന്തിര നടപടി സ്വീകരിക്കുവാൻ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി.

*(എസ്.ഇ.സി. 163/2015)*

| | | |
|---|---|---|
| Email: **contact.seckerala@gmail.com** **electionker@gmail.com** | # പത്രക്കുറിപ്പ് | TELEPHONE: 0471-2321233<br>MOBILE :8281000127<br>**www.sec.kerala.gov.in** |
| | **കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ** | **30th October 2015** |


## തിരഞ്ഞെടുപ്പിലെ ക്രമസമാധാന പാലനം: നിർദ്ദേശം നൽകി

തിരഞ്ഞെടുപ്പിലെ പോലീസ് വിന്യാസവും മാരകായുധങ്ങൾ കൈവശം വെക്കുന്നതിനെതിരെയുള്ള നടപടികളും വാഹന പരിശോധനയും സംബന്ധിച്ച് കമ്മീഷൻ നിർദ്ദേശം നൽകി.

തിരഞ്ഞെടുപ്പിൽ പോലീസ് വിന്യാസത്തിൽ പ്രത്യേക കരുതൽ നടപടികൾ കൈക്കൊള്ളണമെന്ന് കമ്മീഷൻ നിർദ്ദേശിച്ചു. തിരഞ്ഞെടുപ്പ് പ്രക്രിയയിലുടനീളവും ഫലപ്രഖ്യാപനം നടന്ന് ഒരാഴ്ച്ച കഴിയുംവരെയും മാരകായുധങ്ങൾ കൈവശം കൊണ്ടു നടക്കരുത് എന്ന് വ്യാപക പ്രചാരണ ത്തിലൂടെ ജനങ്ങളെ അറിയിക്കണം. തിരഞ്ഞെടുപ്പ് ഘട്ടത്തിൽ ആരെയെങ്കിലും ഇത്തരം മാരകായുധങ്ങളു മായി കണ്ടാൽ അവരെ കർശനമായി നേരിടുകയും ആയുധങ്ങൾ പിടിച്ചെടുക്കുകയും വേണം. വോട്ടെടുപ്പ് ദിനത്തിനു മൂന്നു ദിവസം മുമ്പും വോട്ടെടുപ്പ് ദിവസവും വോട്ടെണ്ണൽ പൂർത്തിയാകുന്നതുവരെയും സാമൂഹിക വിരുദ്ധരോ ആയുധങ്ങളോ പുറത്തുനിന്ന് നിയോജക മണ്ഡലങ്ങളിലേക്ക് കടക്കുന്നില്ലെന്ന് വാഹന പരിശോധനയിലൂടെ ഉറപ്പുവരുത്തണം.കുറ്റവാളികളെ പിടികൂടുകയും ആയുധങ്ങളും വാഹനങ്ങളും പിടിച്ചെടുക്കുകയും വേണം.

*(എസ്.ഇ.സി.152 /2015)*

## തദ്ദേശ സ്വയംഭരണ തിരഞ്ഞെടുപ്പ്: പോളിംഗ് ഓഫീസർമാർ രാവിലെ 10 മണിക്ക് ഹാജരാകണം.

തദ്ദേശ സ്വയംഭരണ തിരഞ്ഞെടുപ്പിൻെറ ഭാഗമായി പോളിംഗ് ഡ്യൂട്ടിക്ക് നിയോഗിച്ചിട്ടുള്ള പോളിംഗ് ഓഫീസർമാർ, നവംബർ 2-ന് തിരഞ്ഞെടുപ്പ് നടത്തുന്ന ജില്ലകളിൽ (വർക്കല, ആറ്റിങ്ങൽ, നെടുമങ്ങാട്, നെയ്യാറ്റിൻകര മുനിസിപ്പാലിറ്റികൾ, തിരുവനന്തപുരം കോർപ്പറേഷൻ ഒഴികെ) നവംബർ ഒന്നിന് രാവിലെ 10 മണിക്ക് മുമ്പും, നവംബർ 5-ന് തിരഞ്ഞെടുപ്പ് നടത്തുന്ന ജില്ലകളിൽ നവംബർ 4-ന് രാവിലെ 10 മണിക്ക് മുമ്പും പോളിംഗ് സാധനങ്ങൾ ഏറ്റുവാങ്ങാൻ അതാത് വിതരണ സ്വീകരണ കേന്ദ്രങ്ങളിൽ റിപ്പോർട്ട് ചെയ്യണം. പോളിംഗ് സാധനങ്ങൾ ഏറ്റുവാങ്ങി അവിടെ സജ്ജമാക്കിയിട്ടുള്ള വാഹനങ്ങളിൽ ബന്ധപ്പെട്ട പോളിംഗ് സ്റ്റേഷനുകളിൽ എത്തിച്ചേരണമെന്നും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശിച്ച് ഉത്തരവായി.

പോളിംഗ് ഓഫീസർമാർക്ക് നൽകിയ നിയമന ഉത്തരവിൽ രാവിലെ 8 മണിക്ക് എത്തിച്ചേരണം എന്നാണ് നിഷ്ക്കർഷിച്ചിരുന്നത്. പോളിംഗ് സാധനങ്ങളുടെ വിതരണ സ്വീകരണ ചുമതലയുള്ള ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാരും ബന്ധപ്പെട്ട വരണാധികാരികളും ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ ഉൾപ്പെടെ യുള്ള എല്ലാ പോളിംഗ് സാധനങ്ങളും വിതരണ ദിവസം രാവിലെ 10 മണിക്ക് മുമ്പ് അതാത് വിതരണ കൗണ്ട റുകളിൽ പോളിംഗ് ഓഫീസർമാർക്ക് വിതരണത്തിനായി സജ്ജമാക്കിയിട്ടുണ്ടെന്നും അവ രാവിലെ 10 മണി മുതൽ വിതരണം ചെയ്തു തുടങ്ങി വിശ്ചിത സമയത്തിനകം പൂർത്തിയാക്കുന്നുണ്ടെന്നും ഉറപ്പാക്കണം.

*(എസ്.ഇ.സി. 153 /2015)*

## 1,022 പ്രശ്ന ബാധിത ബൂത്തുകളിൽ വെബ് കാസ്റ്റിംഗ്

അതീവ പ്രശ്ന ബാധിതമായി പോലീസ് കണ്ടെത്തിയ 1,315 പോളിംഗ് ബൂത്തുകളുടെ പട്ടികയിൽ 1,022 ബൂത്തുകളിൽ വെബ്കാസ്റ്റിംഗ് ഏർപ്പെടുത്തി തിരഞ്ഞെടുപ്പ് കമ്മീഷൻ ഉത്തരവായി. വെബ് കാസ്റ്റിംഗിനുള്ള പശ്ചാത്തല സൗകര്യമുണ്ടെന്ന് ബി.എസ്.എൻ.എൽ അധികാരികൾ അറിയിച്ച ബൂത്തുകളിലാണിത്. ശേഷിച്ച ബൂത്തുകളിൽ വീഡിയോഗ്രാഫി ഏർപ്പെടുത്താനും ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്ക് ചുമതല നൽകി. പോളിംഗ് ദിവസം വീഡിയോഗ്രാഫി ഏർപ്പെടുത്തുന്നതിന് ബൂത്തൊന്നിന് 4,000/- രൂപ നിരക്കാണ് നിശ്ചയിച്ചിട്ടുള്ളത്.

ജില്ലാ തിരഞ്ഞെടുപ്പു ഉദ്യോഗസ്ഥരും ജില്ലാ പോലീസ് മേധാവിയും സിറ്റി പോലീസ് കമ്മീഷണറും ചേർന്ന് കണ്ടെത്തുന്ന മറ്റ് പ്രശ്ന ബാധിത ബൂത്തുകളിൽ വീഡിയോഗ്രാഫി ഈ നിരക്കിൽ കമ്മീഷന്റെ ചെലവിൽ ഏർപ്പെടുത്തും. രാഷ്ട്രീയ കക്ഷികളും മറ്റ് സംഘടനകളും സ്ഥാനാർത്ഥികളും ആവശ്യപ്പെടുന്ന ബൂത്തുകളിൽ അവരുടെ ചെലവിൽ വീഡിയോഗ്രാഫി ഏർപ്പെടുത്താനും തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി. ഇതിന് കമ്മീഷൻ നിശ്ചയിച്ച തുക മുൻകൂറായി ആവശ്യക്കാർ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ മുമ്പാകെ കെട്ടിവെക്കണം. വീഡിയോ റിക്കാർഡിംഗിന്റെ എഡിറ്റ് ചെയ്യാത്ത കോപ്പി വോട്ടെടുപ്പ് കഴിഞ്ഞാലുടൻ തന്നെ വീഡിയോഗ്രാഫറിൽ നിന്നും വാങ്ങി ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ സുരക്ഷിത സൂക്ഷിപ്പിൽ വെക്കേണ്ടതാണെന്നും കമ്മീഷൻ നിർദ്ദേശിച്ചു.

*(എസ്.ഇ.സി.154 /2015)*

## ''ട്രെൻഡ്'' സജ്ജീകരണങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കണം

തദ്ദേശ സ്വയം ഭരണ തിരഞ്ഞെടുപ്പിന്റെ ഫല പ്രഖ്യാപനത്തിനായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ മുഖേന രൂപകല്പന ചെയ്ത 'ട്രെൻഡിന്റെ' സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളും സാങ്കേതിക സജ്ജീകരണങ്ങളും സമയബന്ധിതമായി പൂർത്തിയാക്കണമന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശം നൽകി. ഓരോ വോട്ടെണ്ണൽ കേന്ദ്രത്തിലും വോട്ടെണ്ണുന്ന മുറയ്ക്ക് ഫലം ട്രെൻഡിലേക്ക് അപ്ലോഡ് ചെയ്യുന്നതിനായി കമ്പ്യൂട്ടർ, പ്രിന്റർ, മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവ സ്ഥാപിക്കാൻ സുരക്ഷിതത്വമുള്ള മുറി സജ്ജീകരിക്കണം.

കമ്പ്യൂട്ടറുകൾ സ്ഥാപിക്കാനുള്ള പ്ലഗ്പോയിന്റ് അനുബന്ധ സൗകര്യങ്ങളും കെൽട്രോണും ഇന്റർനെറ്റ് കണക്ഷൻ ബി.എസ്.എൻ.എല്ലുമാണ് ഒരുക്കേണ്ടത്. ബ്ലോക്ക് തല വോട്ടെണ്ണൽ കേന്ദ്രങ്ങളിൽ ഇന്റർനെറ്റ് കണക്ട് ചെയ്യാവുന്ന പ്രവർത്തനക്ഷമത ഉറപ്പുള്ള ആറ് കമ്പ്യൂട്ടറുകൾ ബ്ലോക്ക് സെക്രട്ടറിയും നഗരതല കേന്ദ്രങ്ങളിൽ നാല് കമ്പ്യൂട്ടറുകൾ നഗരസഭാ സെക്രട്ടറിയും ലഭ്യമാക്കണം. യു.പി.എസ്. പ്രിന്റർ എന്നിവയും എത്തിക്കണം. വോട്ട് കണക്ക് കമ്പ്യൂട്ടറിൽ എന്റർ ചെയ്യുന്നതിന് ബ്ലോക്കിനു കീഴിൽ വരുന്ന പഞ്ചായത്തുകളിൽ അഞ്ചും നഗര തല കേന്ദ്രങ്ങളിൽ രണ്ടും ടെക്നിക്കൽ അസിസ്റ്റന്റുമാരെയും ഇവരുടെ പ്രവർത്തനം ഏകോപിപ്പിക്കാൻ ഇൻഫർമേഷൻ കേരള മിഷൻ നിയമിച്ച ടെക്നിക്കൽ അസിസ്റ്റന്റിനെയും നിയമിക്കണം ഇവർക്കുള്ള പരിശീലനം ട്രെൻഡിന്റെ ടെക്നിക്കൽ കോ ഓഡിനേറ്റർ ആയ ഡിസ്ട്രിക്റ്റ് ഇൻഫർമേറ്റിക്സ് ഓഫീസർമാർ നൽകണം.

ബ്ലോക്ക് തലത്തിലും നഗരതലത്തിലും ഡാറ്റ അപ്‌ലോഡിംഗ് സെന്ററിന്റെ സൂപ്പർവൈസറായി ചുമതലപ്പെടുത്തിയിട്ടുള്ള ഓഫീസർ സെന്ററിന്റെ സാങ്കേതികവും ഡാറ്റ എൻട്രി സംബന്ധിച്ചതുമായ കാര്യങ്ങൾക്ക് മൊത്തത്തിൽ മേൽനോട്ടം നടത്തുന്നതിന് ഉടൻ നിർദ്ദേശം നൽകണമെന്നും കമ്മീഷൻ അറിയിച്ചു.

*(എസ്.ഇ.സി. 155 /2015)*

## തിരഞ്ഞെടുപ്പ് : രഹസ്യമുദ്ര രണ്ട് ദിവസത്തിനകം കൈപ്പറ്റണം

തദ്ദേശഭരണ സമിതി തിരഞ്ഞെടുപ്പിലേയ്ക്കുള്ള രഹസ്യമുദ്രകൾ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഓഫീസിൽ നിന്നും ബന്ധപ്പെട്ടവർ രണ്ട് ദിവസത്തിനകം കൈപ്പറ്റണമെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകി. തിരഞ്ഞെടുപ്പ് കഴിഞ്ഞാലുടൻ ഇവ തിരികെ കമ്മീഷനിൽ എല്പിക്കേണ്ട താണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

*(എസ്.ഇ.സി. 156 /2015)*

## ജില്ലാ ആസ്ഥാനങ്ങളിൽ മീഡിയ സെന്ററുകൾ

തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും മീഡിയാ സെന്ററുകൾ തുടങ്ങാൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഉത്തരവായി. മീഡിയാ സെന്ററിന്റെ പ്രവർത്തന ചുമതല അതത് ജില്ലാ ഇൻഫർമേഷൻ ഓഫീസർമാർക്കായിരിക്കും. ഫലപ്രഖ്യാപനം നിരീക്ഷിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക, ജില്ലാ തിരഞ്ഞെടുപ്പ് ഗൈഡ് പ്രസിദ്ധീകരിക്കുക, മാധ്യമ പ്രവർത്തന ങ്ങൾക്കുള്ള സഹായങ്ങൾ ലഭ്യമാക്കുക തുടങ്ങിയവ ഇലക്ഷൻ മീഡിയാ സെന്ററുകളുടെ ചുമതലയായിരിക്കും.

*(എസ്.ഇ.സി. 157 /2015)*

## 'ട്രെൻഡ്' ഡേറ്റാ എൻട്രി ഫോറം നൽകണം

തദ്ദേശ സ്വയംഭരണ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പോളിംഗ് ദിവസം രേഖപ്പെടു ത്തിയ വോട്ട് വിവരങ്ങൾ ടെഡർ വോട്ടുകൾ എന്നിവ രേഖപ്പെടുത്തുന്നതിന് പോളിംഗ് ഓഫീസർമാർക്ക് ട്രെൻഡ് ഡേറ്റാ എൻട്രി ഫോറം പോളിംഗ് സാമഗ്രികളോടൊപ്പം വിതരണം ചെയ്യണമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകി.

*(എസ്.ഇ.സി. 158 /2015)*

## പുകയില ഉല്പന്നങ്ങൾ ഉപയോഗിക്കുന്നതിന് നിരോധനം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് തിരഞ്ഞെടുപ്പ് നടക്കുന്ന തീയതികളിൽ പുകയിലയും പുകയില ഉല്പന്നങ്ങളും ഉപയോഗിക്കുന്നതിനെതിരെ കർശന നടപടികൾ എടുക്കണമെന്നും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശം നൽകി. തിരഞ്ഞെടുപ്പ് സാമഗ്രികളുടെ വിതരണ സ്വീകരണ കേന്ദ്രങ്ങൾ, പോളിംഗ് ബൂത്തുകൾ, കൗണ്ടിംഗ് സെന്ററുകൾ എന്നിവിടങ്ങളിൽ പുകവലി, പുകയില ഉല്പന്നങ്ങളുടെ ഉപയോഗം എന്നിവ കർശനമായി നിരോധിച്ചിട്ടുണ്ട്.

*(എസ്.ഇ.സി. 159/2015)*

| Email: contact.seckerala@gmail.com electionker@gmail.com | പത്രക്കുറിപ്പ് | TELEPHONE: 0471-2321233 MOBILE :8281000127 www.sec.kerala.gov.in |
| --- | --- | --- |
| | കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ | 29th October 2015 |

## ആർമി റിക്രൂട്ട്മെന്റ് റാലികൾ ഏഴിനും എട്ടിനും

കോഴിക്കോട്, പാലക്കാട് ജിലകളിലേയ്ക്ക് യഥാക്രമം നവംബർ രണ്ടിനും അഞ്ചിനും നടത്താനിരുന്ന ആർമി റിക്രൂട്ട്മെന്റ് റാലികൾ തിരഞ്ഞെടുപ്പ് പ്രമാണിച്ച് നവംബർ ഏഴ്, എട്ട് തീയതികളിലേയ്ക്ക് മാറ്റിവെച്ചു. ഇത് സംബന്ധിച്ച അറിയിപ്പ് എല്ലാ ഉദ്യോഗാർത്ഥികൾക്കും നൽകുന്നതിന് തിരഞ്ഞെടുപ്പ് കമ്മീഷൻ അതത് ജില്ലാ ഭരണകൂടങ്ങൾക്ക് നിർദ്ദേശം നൽകി.

*(എസ്. ഇ. സി. 147/2015)*

## തദ്ദേശ തിരഞ്ഞെടുപ്പ് : ആൾമാറാട്ടം നടത്തിയാൽ കർശന നടപടി സ്വീകരിക്കണം

തദ്ദേശ സ്വയംഭരണ തിരഞ്ഞെടുപ്പിൽ പോളിംഗ് സ്റ്റേഷനിൽ ആൾമാറാട്ടം നടത്തുന്നതിനുള്ള ശ്രമം ഉണ്ടായാൽ പ്രസൈഡിംഗ് ഓഫീസർ 32-ാം ചട്ടപ്രകാരം നടപടികൾ സ്വീകരിക്കുന്ന കാര്യത്തിൽ വീഴ്ച വരുത്താൻ പാടില്ലാ യെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശം നൽകി.

ഒരു പ്രത്യേക സമ്മതിദായകനാണെന്ന് അവകാശപ്പെടുന്ന ആളിന്റെ നിജസ്ഥിതിയെപ്പറ്റി ഏതെങ്കിലും പോളിംഗ് ഏജന്റ് നിശ്ചിത ഫീസ് അടച്ച് തർക്കം ഉന്നയിച്ചാൽ പ്രിസൈഡിംഗ് ഓഫീസർ തർക്കം സംബന്ധിച്ച് 32-ാം ചട്ടപ്രകാരമുള്ള അന്വേഷണം നടത്തേണ്ടതും അന്വേഷണത്തിൽ തർക്കം തെളിയിക്കപ്പെട്ടതായി കരുതുന്നപക്ഷം തർക്കത്തിൽ വിധേയമായ ആളിനെ വോട്ട് ചെയ്യുന്നതിൽ നിന്ന് തടയേണ്ടതും ഇന്ത്യൻ ശിക്ഷാ നിയമത്തിലെ (ഐപിസി) 171 എഫ് വകുപ്പ് പ്രകാരം അയാളെ അറസ്റ്റ് ചെയ്യാൻ പോലീസ് ഉദ്യോഗസ്ഥന് നിർദ്ദേശം നൽകേണ്ടതു മാണ്.

*(എസ്. ഇ. സി. 148/2015)*

## പോസ്റ്റൽ ബാലറ്റ് പേപ്പറുകൾ അതാത് ദിവസം തന്നെ അയയ്ക്കണം

പോസ്റ്റൽ ബാലറ്റുകൾ അയയ്ക്കുന്നതിന് അവസാനദിവം വരെ കാത്തിരിക്കാതെ ലഭിക്കുന്ന അപേക്ഷകളിന്മേൽ അതാത് ദിവസം തന്നെ ബാലറ്റുകൾ അയയ്ക്കാൻ നടപടി സ്വീകരിക്കണമെന്നന് കമ്മീഷൻ വരണാധികാരികൾക്ക് നിർദ്ദേശം നൽകി. അപേക്ഷകളോടൊപ്പം നിയമന ഉത്തരവിന്റെ പകർപ്പ് ഉണ്ടെന്ന് ഉറപ്പാക്കണം. നവംബർ 2ന് തിരഞ്ഞെടുപ്പ് നടക്കുന്ന ജില്ലകളിൽ പോസ്റ്റൽ ബാലറ്റുകൾക്കുള്ള അപേക്ഷകൾ ഒക്ടോബർ 31 ന് വൈകിട്ട് മൂന്ന് മണിവരെയും മറ്റ് ജില്ലകലിൽ നവംബർ 2ന് വൈകിട്ട് മൂന്ന് മണിവരെയും സ്വീകരിച്ച് ഉടൻതന്നെ ബാലറ്റുകൾ അയയ്ക്കണം,

ബാലറ്റുകൾ പര്യാപ്തമല്ലെങ്കിൽ അധികമായി വേണ്ടിവരുന്നവ ബന്ധപ്പെട്ട പ്രസ്സുകളിൽ നിന്നുതന്നെ അടിയന്തിരമായി അച്ചടിച്ച് വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും കമ്മീഷൻ നിർദ്ദേശിച്ചു.

*(എസ്. ഇ. സി. 149/2015)*

## തിരഞ്ഞെടുപ്പ് ചെലവ് വിശദാംശങ്ങൾ ഉടൻ വരണാധികാരിയെ അറിയിക്കണം

തിരഞ്ഞെടുപ്പിൽ മൽസരിക്കുന്ന സ്ഥാനാർത്ഥികളുടെ ചെലവ് കണക്ക് പരിശോധിക്കുന്നതുമായി ബന്ധപ്പെട്ട മാർഗ നിർദ്ദേശങ്ങളിൽ തിരഞ്ഞെടുപ്പ് കമ്മീഷൻ ഭേദഗതി വരുത്തി. ഭേദഗതിയനുസരിച്ച് ഒരു സ്ഥാനാർത്ഥിക്കുവേണ്ടി സ്ഥാനാർത്ഥിയുടെ ഗുണകാംക്ഷികളോ രാഷ്ട്രീയ പാർട്ടികളോ ചെലവാക്കുന്ന തുക സംബന്ധിച്ച്, ഏതുകാര്യത്തിന്, ആര് ചെലവാക്കിയെന്നും മറ്റുമുള്ള വിശദാംശങ്ങൾ രേഖാമൂലം ഉടൻ തന്നെ വരണാധികാരിയെ അറിയിക്കണം. ചെലവു ചെയ്ത ആളോ രാഷ്ട്രീയ കക്ഷിയോ ചെലവ് തുക എന്തിനു വേണ്ടി, എന്നു ചെലവാക്കിയെന്നതിന്റെ വിശദ വിവരങ്ങൾ സൂക്ഷിച്ചുവെക്കണമെന്നും ഭേദ ഗതിയിൽ നിർദ്ദേശം നൽകിയിട്ടുണ്ട്.

*(എസ്.ഇ.സി. 150/2015)*

## വോട്ടെടുപ്പ് സംബന്ധിച്ച് ജില്ല കളക്ടർമാർക്ക് നിർദ്ദേശം നൽകി

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള പൊതു തിരഞ്ഞെടുപ്പിന്റെ വോട്ടെടുപ്പ് സംബന്ധിച്ച് എല്ലാ ജില്ലാ കളക്ടർമാർക്കും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ പ്രത്യേക നിർദ്ദേശം നൽകി.

വോട്ടെടുപ്പ് ആരംഭിച്ച് 8 മണിവരെ പോൾ ചെയ്ത വോട്ടിന്റെ ശതമാനവും തുടർന്ന് ഓരോ മണിക്കൂർ കൂടുമ്പോഴും വോട്ടെടുപ്പ് അവസാനിക്കുന്നതുവരെയുള്ള പോളിംഗ് ശതമാനവും കമ്മീഷനെ അറിയിക്കണം. അവസാന പോളിംഗ് ശതമാനം 7 മണിക്ക് മുമ്പായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന് ഫാക്സ് / ഇ-മെയിൽ മുഖേന റിപ്പോർട്ട് ചെയ്യാൻ പ്രത്യേകം ശ്രദ്ധിക്കണം.

ജില്ലാ/ബ്ലോക്ക്/ഗ്രാമപഞ്ചായത്തുകളിലേയ്ക്കുള്ള വോട്ടെടുപ്പിൽ മൂന്ന് വോട്ടുകൾ രേഖപ്പെടുത്തുന്നതിന് വോട്ടർമാർക്ക് അവകാശമുണ്ട്. അതിലേയ്ക്ക് സെറ്റ് ചെയ്തിട്ടുള്ള ബാലറ്റ് യൂണിറ്റുകളിൽ ഇത് പ്രിസൈഡിംഗ് ഓഫീസർ ഉറപ്പാക്കേണ്ടതാണ്. ഏതെങ്കിലും തലത്തിലുള്ള വോട്ട് രേഖപ്പെടുത്താൻ താല്പര്യമില്ലാത്ത വോട്ടറോട് അവസാന ബാലറ്റ് യൂണിറ്റിലെ എൻഡ് ബട്ടൺ അമർത്തി വോട്ടിംഗ് പ്രക്രിയ പൂർത്തിയാക്കാനും ആവശ്യപ്പെടണം.

ഏതെങ്കിലും വാർഡിൽ റീപോൾ വേണ്ടിവരികയാണെങ്കിൽ 2015 നവംബർ 2-ന് വോട്ടെടുപ്പ് നടക്കുന്ന സ്ഥലങ്ങളിലും നവംബർ 5-ന് വോട്ടെടുപ്പ് നടക്കുന്ന സ്ഥലങ്ങളിലും അത് നവംബർ 6-ന് നടത്തണമെന്നും കമ്മീഷൻ നിർദ്ദേശം നൽകി.

*(എസ്.ഇ.സി. 151/2015)*

Email:
contact.seckerala@gmail.com
electionker@gmail.com

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

28th October 2015

## അംഗങ്ങളുടെ സത്യപ്രതിജ്ഞാ തീയതികൾ ശുപാർശ ചെയ്തു

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് തിരഞ്ഞെടുക്കപ്പെടുന്ന എല്ലാ അംഗങ്ങളും സത്യപ്രതിജ്ഞ ചെയ്യേണ്ട തീയതി സംബന്ധിച്ച് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ തദ്ദേശഭരണ വകുപ്പിന് ശുപാർശ നൽകി.. ഭരണസമിതി യുടെ കാലാവധി ഒക്ടോബർ 31-നും നവംബർ 5-നും അവസാനിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തിരഞ്ഞെടുക്കപ്പെട്ട എല്ലാ അംഗങ്ങളുടേയും സത്യപ്രതിജ്ഞ നവംബർ 12-ന് നടത്താവുന്നതാണ് എന്ന് കമ്മീഷൻ അറിയിച്ചു

ഭരണസമിതിയുടെ കാലാവധി നവംബർ 11 വരെ പൂർത്തിയാക്കാത്ത സ്ഥാപനങ്ങളിലേയ്ക്ക് തിരഞ്ഞെടുക്കപ്പെടുന്നവരുടെ സത്യപ്രതിജ്ഞാ തീയതി ചുവടെ ചേർക്കുന്നപ്രകാരം നടത്താവുന്നതാണെന്ന് കമ്മീഷൻ ശുപാർശ ചെയ്തു.

| ക്രമ നമ്പർ | തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പേര് | ജില്ല | തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ സത്യപ്രതിജ്ഞ / ദൃഢപ്രതിജ്ഞ ചെയ്യുന്നതിനുള്ള തീയതി |
|---|---|---|---|
| 99. | നന്നംമുക്ക് ഗ്രാമപഞ്ചായത്ത് | മലപ്പുറം | 16/11/2015 |
| 100. | പുലമാന്തോൾ ഗ്രാമപഞ്ചായത്ത് | മലപ്പുറം | 19/11/2015 |
| 101. | എടപ്പാൾ ഗ്രാമപഞ്ചായത്ത് | മലപ്പുറം | 19/11/2015 |
| 102. | കാവന്നൂർ ഗ്രാമപഞ്ചായത്ത് | മലപ്പുറം | 26/11/2015 |
| 103. | ആലങ്കോട് ഗ്രാമപഞ്ചായത്ത് | മലപ്പുറം | 29/11/2015 |
| 104. | ആനിക്കാട് ഗ്രാമപഞ്ചായത്ത് | പത്തനംതിട്ട | 30/11/2015 |
| 105. | എടക്കാട്ടുവയൽ ഗ്രാമപഞ്ചായത്ത് | എറണാകുളം | 30/11/2015 |
| 106. | മാറാടി ഗ്രാമപഞ്ചായത്ത് | എറണാകുളം | 30/11/2015 |
| 107. | മുടക്കുഴ ഗ്രാമപഞ്ചായത്ത് | എറണാകുളം | 30/11/2015 |
| 108. | പാറക്കടവ് ഗ്രാമപഞ്ചായത്ത് | എറണാകുളം | 30/11/2015 |
| 109. | കുന്നുകര ഗ്രാമപഞ്ചായത്ത് | എറണാകുളം | 30/11/2015 |
| 110. | ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് | എറണാകുളം | 30/11/2015 |
| 111. | പാറക്കടവ് ബ്ലോക്ക് പഞ്ചായത്ത് | എറണാകുളം | 30/11/2015 |
| 112. | തൃക്കാക്കര മുനിസിപ്പാലിറ്റി | എറണാകുളം | 30/11/2015 |
| 113. | കരീപ്ര ഗ്രാമപഞ്ചായത്ത് | കൊല്ലം | 01/12/2015 |
| 114. | നെടുവത്തൂർ ഗ്രാമപഞ്ചായത്ത് | കൊല്ലം | 01/12/2015 |
| 115. | പിറവന്തൂർ ഗ്രാമപഞ്ചായത്ത് | കൊല്ലം | 01/12/2015 |
| 116. | ബുധനൂർ ഗ്രാമപഞ്ചായത്ത് | ആലപ്പുഴ | 01/12/2015 |
| 117. | ചെമ്പ് ഗ്രാമപഞ്ചായത്ത് | കോട്ടയം | 01/12/2015 |
| 118. | മരങ്ങാട്ടുപ്പള്ളി ഗ്രാമപഞ്ചായത്ത് | കോട്ടയം | 01/12/2015 |
| 119. | പാമ്പാടി ഗ്രാമപഞ്ചായത്ത് | കോട്ടയം | 01/12/2015 |
| 120. | തലനാട് ഗ്രാമപഞ്ചായത്ത് | കോട്ടയം | 01/12/2015 |
| 121. | കടവല്ലൂർ ഗ്രാമപഞ്ചായത്ത് | തൃശൂർ | 01/12/2015 |

| | | | |
|---|---|---|---|
| 122. | കൈപ്പറമ്പ് ഗ്രാമപഞ്ചായത്ത് | തൃശൂർ | 01/12/2015 |
| 123. | എളവള്ളി ഗ്രാമപഞ്ചായത്ത് | തൃശൂർ | 01/12/2015 |
| 124. | പാഞ്ഞാൾ ഗ്രാമപഞ്ചായത്ത് | തൃശൂർ | 01/12/2015 |
| 125. | വള്ളത്തോൾ ഗ്രാമപഞ്ചായത്ത് | തൃശൂർ | 01/12/2015 |
| 126. | തൃത്താല ഗ്രാമപഞ്ചായത്ത് | പാലക്കാട് | 01/12/2015 |
| 127. | വാഴയൂർ ഗ്രാമപഞ്ചായത്ത് | മലപ്പുറം | 01/12/2015 |
| 128. | ആയഞ്ചേരി ഗ്രാമപഞ്ചായത്ത് | കോഴിക്കോട് | 01/12/2015 |
| 129. | ചേളന്നൂർ ഗ്രാമപഞ്ചായത്ത് | കോഴിക്കോട് | 01/12/2015 |
| 130. | കുന്ദമംഗലം ഗ്രാമപഞ്ചായത്ത് | കോഴിക്കോട് | 01/12/2015 |
| 131. | ഓമശ്ശേരി ഗ്രാമപഞ്ചായത്ത് | കോഴിക്കോട് | 01/12/2015 |
| 132. | മൂപ്പൈനാട് ഗ്രാമപഞ്ചായത്ത് | വയനാട് | 01/12/2015 |
| 133. | കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത് | വയനാട് | 01/12/2015 |
| 134. | കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് | വയനാട് | 01/12/2015 |
| 135. | പൈവളിഗെ ഗ്രാമപഞ്ചായത്ത് | കാസറഗോഡ് | 01/12/2015 |
| 136. | എടവണ്ണ ഗ്രാമപഞ്ചായത്ത് | മലപ്പുറം | 05/12/2015 |
| 137. | പുൽപ്പറ്റ ഗ്രാമപഞ്ചായത്ത് | മലപ്പുറം | 17/12/2015 |
| 138. | മാമ്പാട് ഗ്രാമപഞ്ചായത്ത് | മലപ്പുറം | 19/12/2015 |
| 139. | അമരമ്പലം ഗ്രാമപഞ്ചായത്ത് | മലപ്പുറം | 19/12/2015 |
| 140. | വണ്ടൂർ ബ്ലോക്ക് പഞ്ചായത്ത് | മലപ്പുറം | 22/12/2015 |
| 141. | ചോക്കാട് ഗ്രാമപഞ്ചായത്ത് | മലപ്പുറം | 26/12/2015 |
| 142. | തൃക്കലങ്ങോട് ഗ്രാമപഞ്ചായത്ത് | മലപ്പുറം | 16/01/2016 |
| 143. | മംഗലം ഗ്രാമപഞ്ചായത്ത് | മലപ്പുറം | 01/02/2016 |
| 144. | വെട്ടം ഗ്രാമപഞ്ചായത്ത് | മലപ്പുറം | 01/02/2016 |
| 145. | തിരുനാവായ ഗ്രാമപഞ്ചായത്ത് | മലപ്പുറം | 01/02/2016 |
| 146. | മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്ത് | മലപ്പുറം | 01/02/2016 |
| 147. | തിരൂർ ബ്ലോക്ക് പഞ്ചായത്ത് | മലപ്പുറം | 01/02/2016 |

*(എസ്.ഇ.സി.144/2015)*

## സ്വകാര്യ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവർക്ക് വോട്ടെടുപ്പ് അവധി ഉത്തരവായി

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള പൊതുതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് വോട്ടെടുപ്പ് ദിവസങ്ങളിൽ സ്വകാര്യ മേഖലാ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന വോട്ട് ചെയ്യാൻ അർഹതയുള്ളവർക്ക് അവധി അനുവദിച്ച് തിരഞ്ഞെടുപ്പ് കമ്മീഷൻ ഉത്തരവായി. ഇതിനാവശ്യമായ ക്രമീകരണം വരുത്തുന്നതിന് ലേബർ കമ്മീഷണർക്ക് തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശം നൽകി. ഇതിനായി ബന്ധപ്പെട്ട തൊഴിൽ ഉടമകൾക്ക് അടിയന്തിര നിർദ്ദേശം നൽകുകയും അവ പാലിക്കുന്നുണ്ടെന്ന് ലേബർ കമ്മീഷണർ ഉറപ്പ് വരുത്തുകയും വേണം.

*(എസ്.ഇ.സി.145/2015)*

## തിരഞ്ഞെടുപ്പ് ഡ്യൂട്ടി ഉള്ളവർ സ്ഥാനാർത്ഥിയുടെ ഏജന്റാകരുത്

തിരഞ്ഞെടുപ്പ് ഡ്യൂട്ടിക്ക് നിയോഗിച്ച എയ്ഡഡ് സ്കൂൾ അധ്യാപകർ സ്ഥാനാർത്ഥിയുടെ ഏജന്റായി പ്രവർത്തിച്ചാൽ നടപടിയുണ്ടാകുമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ വ്യക്തമാക്കി. എയ്ഡഡ് സ്കൂൾ അദ്ധ്യാപകർക്ക് സ്ഥാനാർത്ഥികളാകാമെന്നതിനാൽ തിരഞ്ഞെടുപ്പ് ഡ്യൂട്ടിയിൽ നിന്ന് വിട്ടു നിൽക്കാനായി, സ്ഥാനാർത്ഥിയുടെ ഏജന്റായി പ്രവർത്തിക്കാൻ നിരവധി പേർ അനുമതി തേടിയ പശ്ചാത്തലത്തിലാണ് അറിയിപ്പ്.

*(എസ്.ഇ.സി.146/2015)*

| Email:<br>contact.seckerala@gmail.com<br>electionker@gmail.com | **പത്രക്കുറിപ്പ്**<br>കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ | TELEPHONE: 0471-2321233<br>MOBILE :8281000127<br>**www.sec.kerala.gov.in**<br>**27th October 2015** |
| --- | --- | --- |

# തദ്ദേശഭരണ തിരഞ്ഞെടുപ്പ് പോലീസ് നടപടി സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിൽ അഴിമതി പ്രവൃത്തികൾ, തിരഞ്ഞെടുപ്പ് സംബന്ധിച്ച് കുറ്റങ്ങൾ എന്നിവ തടയുന്നതിനായി കർശന നടപടികൾ ബന്ധപ്പെട്ട തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ സ്വീകരിക്കണമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശിച്ചു.

തിരഞ്ഞെടുപ്പ് സംബന്ധിച്ച് മതമോ വംശമോ ജാതിയോ സമുദായമോ ഭാഷയോ ആധാരമാക്കി പൗരന്മാർ തമ്മിൽ ശത്രുതാപരമായ വികാരങ്ങളോ വെറുപ്പോ വളർത്താൻ പാടില്ല. ഒരു നിയോജകമണ്ഡലത്തിലെ തിരഞ്ഞെടുപ്പിനുള്ള വോട്ടെടുപ്പ് അവസാനിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള നാൽപ്പത്തിയെട്ട് മണിക്കൂർ കാലയളവിനുള്ളിൽ ആ നിയോജകമണ്ഡലത്തിലെ തിരഞ്ഞെടുപ്പിന്റെ ഏതെങ്കിലും പൊതുയോഗം വിളിച്ചുകൂട്ടുകയോ നടത്തുകയോ അല്ലെങ്കിൽ അതിൽ പങ്കെടുക്കുകയോ ചെയ്യാൻ പാടില്ല.

തിരഞ്ഞെടുപ്പ് യോഗങ്ങളുടെ നടത്തിപ്പ് തടയുന്നതിന് ക്രമരഹിതമായി പ്രവർത്തിക്കുകയോ യോഗങ്ങൾ അലങ്കോലപ്പെടുത്തുകയോ ചെയ്യുന്നത് നിയമ വിരുദ്ധമാണ്. തിരഞ്ഞെടുപ്പിൽ വോട്ടു രേഖപ്പെടുത്തുകയോ എണ്ണുകയോ ചെയ്യുന്നതു സംബന്ധിച്ച് നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥനോ, ഏജന്റോ അല്ലെങ്കിൽ മറ്റൊരാളോ വോട്ടു ചെയ്യലിന്റെ രഹസ്യ സ്വഭാവം ലംഘിക്കാൻ ഇടയാക്കുന്ന ഏതെങ്കിലും വിവരത്തെക്കുറിച്ച് മറ്റാരെയെങ്കിലും അറിയിക്കാൻ പാടില്ല.

തിരഞ്ഞെടുപ്പിന് നിയോഗിക്കപ്പെട്ട ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥനോ വരണാധികാരിയോ അസിസ്റ്റന്റ് വരണാധികാരിയോ പ്രിസൈഡിംഗ് ഓഫീസറോ പോളിംഗ് ഓഫീസറോ തിരഞ്ഞെടുപ്പ് ജോലിയ്ക്ക് നിയോഗിക്കപ്പെട്ട മറ്റ് ഉദ്യോഗസ്ഥരോ തിരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥികൾക്കു വേണ്ടി പ്രവർത്തിക്കുകയോ വോട്ടു ചെയ്യുന്നതിനെ സ്വാധീനിക്കുകയോ ചെയ്യാൻ പാടില്ല.

വോട്ടെടുപ്പ് നടക്കുന്ന ദിവസങ്ങളിൽ ആ പോളിംഗ് സ്റ്റേഷനകത്തു വച്ചോ പഞ്ചായത്ത് നിയോജകമണ്ഡലത്തിന്റെ ഇരുന്നൂറു മീറ്റർ / മുനിസിപ്പൽ വാർഡ് പോളിംഗ് സ്റ്റേഷന്റെ നൂറു മീറ്റർ ദൂരത്തിനകത്തുള്ള പൊതുസ്ഥലത്തോ സ്വകാര്യ സ്ഥലത്തോ വച്ചോ വോട്ടു പിടിക്കുകയോ പ്രചാരണം നടത്തുകയോ ചെയ്യരുത്. വോട്ടു ചെയ്യാൻ വരുന്നവർക്ക് അസഹ്യത ഉണ്ടാകുന്ന വിധമോ പോളിംഗ് ഉദ്യോഗസ്ഥന്മാരുടേയോ മറ്റാളുകളുടേയോ പ്രവൃത്തിയിൽ ഇടപെടുന്ന വിധമോ പോളിംഗ് സ്റ്റേഷന്റെ അകത്തോ പ്രവേശന വഴിയിലോ പൊതു സ്ഥലത്തോ ക്രമരഹിതമായി പെരുമാറുന്നത് കുറ്റകരമാണ്.

പോളിംഗ് സ്റ്റേഷനിൽ വോട്ടെടുപ്പ് നിശ്ചയിച്ചിട്ടുള്ള സമയത്തിനിടയിൽ അനുചിതമായി പെരുമാറുകയോ പ്രിസൈഡിംഗ് ഓഫീസറുടെ നിയമാനുസൃത നിർദ്ദേശങ്ങൾ അനുസരിക്കാതിരിക്കുകയോ ചെയ്യരുത്.

തിരഞ്ഞെടുപ്പിൽ വാഹനങ്ങൾ നിയമവിരുദ്ധമായി കൂലിക്കെടുക്കുകയോ ആർജിക്കുകയോ ചെയ്യുന്നത് നിയമ വിരുദ്ധമാണ്.

സർക്കാർ ജീവനക്കാരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ജീവനക്കാരോ തിരഞ്ഞെടുപ്പ് ഏജന്റുമാരായോ പോളിംഗ് ഏജന്റായോ പ്രവർത്തിക്കരുത്.

പോളിംഗ് സ്റ്റേഷനോ പോളിംഗിനായി നിശ്ചയിച്ച സ്ഥലമോ പിടിച്ചെടുക്കുകയോ പോളിംഗ് അധികാരികൾ വോട്ടിംഗ് യന്ത്രങ്ങൾ വിട്ടുകൊടുക്കുന്നതിന് ഇടയാക്കുകയോ തിരഞ്ഞെടുപ്പിന്റെ ക്രമമായ നടത്തിപ്പിനെ ബാധിക്കുന്ന മറ്റേതെങ്കിലും പ്രവൃത്തിയോ ചെയ്യുന്നത് നിയമലംഘനമാണ്. പോളിംഗ് സ്റ്റേഷനോ പോളിംഗിന് നിശ്ചയിച്ച സ്ഥലമോ കൈവശപ്പെടുത്തുകയും അയാളുടെയോ അവരുടെയോ അനുയായികളെ മാത്രം വോട്ടവകാശം വിനിയോഗിക്കുന്നതിന് അനുവദിക്കുകയും മറ്റുള്ളവരെ വോട്ട് ചെയ്യുന്നതിൽ നിന്ന് തടയുകയും ചെയ്യുന്നത് കുറ്റകരമാണ്.

ഏതെങ്കിലും വോട്ടറെ ഭീഷണിപ്പെടുത്തി വോട്ടു രേഖപ്പെടുത്തുന്നതിൽ നിന്ന് തടയുക, ബൂത്ത് പിടിച്ചെടുക്കൽ, വോട്ടെണ്ണൽ കേന്ദ്രം പിടിച്ചെടുക്കൽ, വോട്ടെണ്ണലിനെ ബാധിക്കുന്ന ഏതെങ്കിലും കാര്യം ചെയ്യുന്നതും നിയമലംഘനമാണ്. സർക്കാർ /തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർ ഒരു സ്ഥാനാർത്ഥിയുടെ വിജയസാദ്ധ്യത മെച്ചപ്പെടുത്തുന്നതിന് സഹായിക്കുകയോ ഒത്താശ ചെയ്യുകയോ ചെയ്യരുത്.

തിരഞ്ഞെടുപ്പിൽ നാമനിർദ്ദേശ പത്രിക വഞ്ചനാപൂർവ്വം വിരൂപമാക്കുകയോ വഞ്ചനാപൂർവ്വം നശിപ്പിക്കുകയോ ചെയ്യുക, പോസ്റ്റൽ ബാലറ്റ് വഴിയുള്ള വോട്ട് ചെയ്യൽ സംബന്ധിച്ച് ഉപയോഗിക്കപ്പെടുന്ന ഏതെങ്കിലും തിരിച്ചറിയൽ പ്രഖ്യാപനമോ ഔദ്യോഗിക കവറോ വഞ്ചനാപൂർവ്വം വിരൂപമാക്കുകയോ, വഞ്ചനാപൂർവ്വം നശിപ്പിക്കുകയോ ചെയ്യുന്നതും കുറ്റകരമാണ്.

തിരഞ്ഞെടുപ്പിന്റെ ഉപയോഗത്തിനായുള്ള വോട്ടിംഗ് യന്ത്രം യഥാവിധിയുള്ള അധികാരം കൂടാതെ നശിപ്പിക്കുകയോ, തുറക്കുകയോ മറ്റുവിധത്തിൽ ഇടപെടുകയോ ചെയ്യരുത്. ഏതെങ്കിലും സ്ഥാനാർത്ഥിക്ക് വോട്ടു ചെയ്യുന്നത് ദൈവികമായ അപ്രീതിയ്ക്ക് കാരണമാകും എന്ന് ഭീഷണിപ്പെടുത്തി ഒരാളുടെ വോട്ടവകാശം വിനിയോഗിക്കുന്നതിൽ ഇടപെടാൻ പാടില്ല. വോട്ടുചെയ്യുന്നതിനായി വോട്ടറെ അവിഹിതമായി സ്വാധീനിക്കുകയോ ആൾമാറാട്ടം നടത്തുകയോ ചെയ്യുന്നത് ശിക്ഷാർഹമായ കുറ്റമാണ്.

മറ്റൊരാളിന്റെ പേരിൽ ഏതെങ്കിലും ഒരാൾ വോട്ടു ചെയ്യുകയോ, അല്ലെങ്കിൽ ആ തിരഞ്ഞെടുപ്പിൽ ഒരിക്കൽ വോട്ടു ചെയ്ത ആൾ അതേ തിരഞ്ഞെടുപ്പിൽ വീണ്ടും വോട്ടു ചെയ്യുക അല്ലെങ്കിൽ അപ്രകാരം വോട്ടുചെയ്യുന്നതിന് ആരെയെങ്കിലും പ്രേരിപ്പിക്കുകയോ ചെയ്ത് ആൾമാറാട്ടം നടത്തുക എന്നിവയും കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 121, 122, 123, 125, 128, 129, 131, 135, 137 പ്രകാരവും കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 150, 151, 152, 153, 155, 159, 161 പ്രകാരം കുറ്റകരമാണ്.

മേൽവിവരിച്ച തിരഞ്ഞെടുപ്പ് കുറ്റങ്ങൾ ഏതെങ്കിലും ആൾ ചെയ്യുന്നതായി ബോധ്യപ്പെടുന്ന പക്ഷം ബന്ധപ്പെട്ട വരണാധികാരി / തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ വീഴ്ചകൂടാതെ പോലീസ് അധികാരികളെ വിവരം അറിയിക്കേണ്ടതും കുറ്റക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കേണ്ടതുമാണ് എന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശിച്ചു.

*(എസ്.ഇ.സി.139/2015)*

## ആർമി റിക്രൂട്ട്മെന്റ് റാലികൾ മാറ്റിവച്ചു

തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പ് പ്രമാണിച്ച് നവംബർ രണ്ടിന് കോഴിക്കോടും നവംബർ അഞ്ചിന് പാലക്കാടും നടത്താനിരുന്ന ആർമി റിക്രൂട്ട്മെന്റ് റാലികൾ മാറ്റിവച്ചതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു.

*(എസ്.ഇ.സി.140/2015)*

## എസ്.എം.എസുകൾക്ക് നിയന്ത്രണം

തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് മൊബൈൽ ഫോണിൽ നിന്ന് എസ്.എം.എസ് മുഖേന പരസ്യം നൽകുന്നതിന് നിയന്ത്രണം ഏർപ്പെടുത്തി.

ഏതെങ്കിലും സ്ഥാനാർത്ഥിക്കോ രാഷ്ട്രീയ കക്ഷിക്കോ തങ്ങൾക്ക് വോട്ട് ചെയ്യണമെന്ന് ആവശ്യപ്പെട്ട് എസ്.എം.എസ് നൽകാം. എന്നാൽ മറ്റൊരു സ്ഥാനാർത്ഥിക്കോ, പാർട്ടിക്കോ മുന്നണിക്കോ വോട്ട് ചെയ്യരുതെന്ന് ആവശ്യപ്പെട്ടിട്ടും അപകീർത്തികരമായ പരാമർശങ്ങളടങ്ങുന്ന രീതിയിലും എസ്.എം.എസ് അയയ്ക്കുന്നത് തിരഞ്ഞെടുപ്പ് നിയമപ്രകാരം കുറ്റകരമാണ്. ഇവർക്കെതിരെ സൈബർ നിയമപ്രകാരം കേസെടുക്കുമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു.

*(എസ്.ഇ.സി.141/2015)*

## സംസ്ഥാനത്ത് മൊത്തം 2.51 കോടി വോട്ടർമാർ; സ്ത്രീ വോട്ടർമാർ 1.3 കോടി, ഏറ്റവും കൂടുതൽ വോട്ടർമാർ മലപ്പുറത്ത്

ഒടുവിലത്തെ കണക്ക് പ്രകാരം സംസ്ഥാനത്ത് നവംബർ 2, 5 തീയതികളിൽ നടക്കുന്ന തിരഞ്ഞെടുപ്പിൽ മൊത്തം 25108535 വോട്ടർമാർ. ഏറ്റവും കൂടുതൽ വോട്ടർമാരുള്ള ജില്ല മലപ്പുറവും (2905103) ഏറ്റവും കുറവ് വയനാടും (573513) ആണ്. വോട്ടർമാരുടെ എണ്ണത്തിൽ തൊട്ടു പിറകിലുള്ള ജില്ലകൾ തിരുവനന്തപുരവും (2602589) തൃശ്ശൂരുമാണ് (2436213). വയനാട് പോലെ 10 ലക്ഷത്തിൽ താഴെ വോട്ടർമാരുള്ള ജില്ലകളാണ് ഇടുക്കിയും (849184) കാസർഗോഡും (951703).

സംസ്ഥാനത്ത് 13050163 സ്ത്രീ വോട്ടർമാരാണുള്ളത്. പുരുഷ വോട്ടർമാരുടെ എണ്ണം 12058372. എല്ലാ ജില്ലകളിലും സ്ത്രീ വോട്ടർമാർ തന്നെയാണ് എണ്ണത്തിൽ മുന്നിൽ. സ്ത്രീ വോട്ടർമാർ കൂടുതലുള്ളത് മലപ്പുറത്താണ്. 1480329. പുരുഷ വോട്ടർമാർ 1424774. തിരുവനന്തപുരത്ത് 1376749 സ്ത്രീ വോട്ടർമാരും 1225840 പുരുഷ വോട്ടർമാരുമാണുള്ളത്. വയനാട്ടിൽ ഇത് 291312, 282201 എന്നിങ്ങനെയാണ്.

മറ്റു ജില്ലകളിലെ വോട്ടർമാരുടെ എണ്ണം ചുവടെ. ബ്രാക്കറ്റിൽ യഥാക്രമം പുരുഷ, വനിതാ വോട്ടർമാർ.

കൊല്ലം-2023749 (957614, 1066135), പത്തനംതിട്ട- 1001325 (468807; 532518), ആലപ്പുഴ- 1640898 (776774; 864124), കോട്ടയം- 1503581 (738425; 765156), ഇടുക്കി- 849184 (421703; 427481), എറണാകുളം- 2379087 (1167670; 1211417), തൃശ്ശൂർ- 2436213 (1156007; 1280206), പാലക്കാട്- 2131322 (1033371; 1097951), കോഴിക്കോട്- 2276217 (1094341; 1181876), കണ്ണൂർ- 1834051 (850414; 983637), കാസർഗോഡ്- 951703 (460431; 491272).

*(എസ്.ഇ.സി.142/2015)*

## പോസ്റ്റൽ ബാലറ്റിന് അപേക്ഷിക്കുന്നതിനുള്ള തീയതി ദീർഘിപ്പിച്ചു

തദ്ദേശഭരണ തിരഞ്ഞെടുപ്പ് ജോലികൾക്കായി നിയോഗിക്കപ്പെട്ടവർക്ക് പോസ്റ്റൽ ബാലറ്റിന് ബന്ധപ്പെട്ട വരണാധികാരിക്ക് മുമ്പാകെ അപേക്ഷ സമർപ്പിക്കുന്നതിനുള്ള തീയതി ദീർഘിപ്പിച്ചു നൽകാൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ തീരുമാനിച്ചു. ഇതനുസരിച്ച് നവംബർ രണ്ടിന് നടക്കുന്ന തിരഞ്ഞെടുപ്പിന് വോട്ടവകാശം വിനിയോഗിക്കാൻ ആഗ്രഹിക്കുന്നവർക്ക് ഒക്ടോബർ 31 വരെയും നവംബർ അഞ്ചിന് നടക്കുന്ന തിരഞ്ഞെടുപ്പിന് വോട്ടവകാശം വിനിയോഗിക്കാൻ ആഗ്രഹിക്കുന്നവർക്ക് നവംബർ രണ്ട് വരെയും വൈകുന്നേരം മൂന്ന് മണി വരെ ബന്ധപ്പെട്ട വരണാധികാരിക്ക് മുമ്പാകെ പോസ്റ്റൽ ബാലറ്റിനുള്ള അപേക്ഷ സമർപ്പിക്കാവുന്നതാണ്.

*(എസ്.ഇ.സി.143/2015)*

| | | |
|---|---|---|
| Email:<br>contact.seckerala@gmail.com<br>electionker@gmail.com | പത്രക്കുറിപ്പ് | TELEPHONE: 0471-2321233<br>MOBILE :8281000127<br>www.sec.kerala.gov.in |
| | കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ | 26th October 2015 |


## സംസ്ഥാനതല നോഡൽ ഓഫീസർ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പൊതുതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് തിരഞ്ഞെടുപ്പ് ഫലം ഓൺലൈനായി ലഭ്യമാക്കുന്ന പദ്ധതിയുടെ സംസ്ഥാനതല നോഡൽ ഓഫീസറായി സംസ്ഥാന ഐ.ടി. മിഷൻ ഡയറക്ടർ കെ. മുഹമ്മദ് വൈ. സഫറുള്ളയെ നിയമിച്ചു. ജില്ലാതല നോഡൽ ഓഫീസറന്മാരായി അതത് അഡീഷണൽ ജില്ലാ മജിസ്ട്രേറ്റുമാരെയും നിയമിച്ചതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു.

*(എസ്.ഇ.സി. 136/2015)*

## തിരഞ്ഞെടുപ്പ് ഡ്യൂട്ടിയുള്ളവർക്കെല്ലാം പോസ്റ്റൽ ബാലറ്റ് – സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് തിരഞ്ഞെടുപ്പ് ജോലികൾക്കായി നിയോഗിക്കപ്പെട്ടവർക്കെല്ലാം പോസ്റ്റൽ ബാലറ്റ് അനുവദിക്കുമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. തപാൽമാർഗ്ഗം വോട്ട് രേഖപ്പെടുത്താൻ ആഗ്രഹമുള്ള തിരഞ്ഞെടുപ്പ് ഡ്യൂട്ടിയിലുള്ള സമ്മതിദായകൻ വോട്ടെടുപ്പ് തീയതിക്ക് ഏഴ് ദിവസം മുമ്പോ അല്ലെങ്കിൽ വരണാധികാരി അനുവദിക്കുന്ന കാലാവധിക്കു മുമ്പോ വരണാധികാരിയ്ക്ക് അപേക്ഷ നൽകണം. പോളിംഗ് ഡ്യൂട്ടിയ്ക്ക് നിയോഗിക്കപ്പെടുന്ന ഓഫീസർമാർക്ക് പുറമേ പോളിംഗ് ദിവസം തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് മറ്റ് പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിലെ മുഴുവൻ ജീവനക്കാർക്കും പോസ്റ്റൽ ബാലറ്റ് പേപ്പറുകൾ നൽകും. കൂടാതെ ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസുകളിലേയും പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവയിലേയും ഇലക്ഷൻ വിഭാഗം ജീവനക്കാർക്കും വരണാധികാരി, ഉപ വരണാധികാരി എന്നിവരുടെ ഓഫീസുകളിലെ ഇലക്ഷൻ വിഭാഗം ജീവനക്കാർക്കും നിരീക്ഷകൻ, സെക്ടറൽ ഓഫീസർമാർ, തിരഞ്ഞെടുപ്പ് ഡ്യൂട്ടികളിൽ നിയോഗിക്കപ്പെടുന്ന പോലീസ് ഉദ്യോഗസ്ഥർ എന്നിവർക്കും ആവശ്യാനുസരണം ബാലറ്റ് പേപ്പറുകൾ നൽകുന്നതാണ്. തിരഞ്ഞെടുപ്പ് ഡ്യൂട്ടിയിൽ ഏർപ്പെടുന്ന ജീവനക്കാരെ അതിലേയ്ക്ക് നിയോഗിച്ചുകൊണ്ട് ബന്ധപ്പെട്ട ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ, ജില്ലാ പോലീസ് മേധാവി, വരണാധികാരികൾ എന്നിവർ യഥാസമയം ഉത്തരവിറക്കണമെന്നും കമ്മീഷൻ നിർദ്ദേശിച്ചു.

*(എസ്.ഇ.സി. 137/2015)*

## ശാരീരിക വൈകല്യമുള്ളവർക്ക് വോട്ട് രേഖപ്പെടുത്താൻ പ്രത്യേക സൗകര്യം

അന്ധതയോ മറ്റ് ശാരീരികാവശതകളോ ഉള്ളവർക്ക് വോട്ട് ചെയ്യാൻ പ്രത്യേക സൗകര്യം ഏർപ്പെടുത്തുമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രത്തിലെ ബാലറ്റ് യൂണിറ്റിലെ ചിഹ്നം തിരിച്ചറിയുന്നതിനോ പരസഹായം കൂടാതെ വോട്ട് രേഖപ്പെടുത്തുന്നതിനോ സാധിക്കാത്തവർക്ക് 18 വയസ്സിൽ കുറയാത്ത പ്രായമുള്ള ഒരു വ്യക്തിയെ വോട്ട് രേഖപ്പെടുത്താൻ കൂടെ കൊണ്ടു പോകാം. സഹായിയായി പോകുന്നയാൾ മറ്റൊരു സമ്മതിദായകന്റെ സഹായിയായി ഒരു പോളിംഗ് സ്റ്റേഷനിലും പ്രവർത്തിച്ചിട്ടില്ലെന്നും സമ്മതിദായകനുവേണ്ടി താൻ രേഖപ്പെടുത്തിയ വോട്ടിന്റെ രഹസ്യസ്വഭാവം കാത്ത് സൂക്ഷിച്ചുകോള്ളാമെന്നും രേഖാമൂലം ഉറപ്പ് നൽകണം.

സ്ഥാനാർത്ഥികൾക്കോ തിരഞ്ഞെടുപ്പ് ഏജന്റിനോ ഏതെങ്കിലും ഒരു സമ്മതിദായകന്റെ സഹായിയായി പ്രവർത്തിക്കാം. എന്നാൽ പ്രൈസൈഡിംഗ് ഓഫീസറോ മറ്റേതെങ്കിലും പോളിംഗ് ഓഫീസറോ സമ്മതിദായകരുടെ സഹായിയാകാൻ പാടില്ല. ശാരീരികാവശതയുള്ളവരെ ക്യൂവിൽ നിർത്താതെ പ്രത്യേകമായി പോളിംഗ് സ്റ്റേഷനിലേയ്ക്ക് പ്രവേശിപ്പിക്കേണ്ടതാണെന്നും തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു.

*(എസ്.ഇ.സി. 138/ /2015)*

Email:
contact.seckerala@gmail.com
electionker@gmail.com

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

25th October 2015

## തിരഞ്ഞെടുപ്പ് ചെലവ് നിരീക്ഷകരെ നിയമിച്ചു

തദ്ദേശഭരണ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ചെലവുകൾ സംബന്ധിച്ച കാര്യങ്ങൾ നിരീക്ഷിക്കുന്നതിനായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിയോഗിച്ചിട്ടുള്ള നിരീക്ഷകരുടെ വിശദാംശങ്ങൾ ചുവടെ നിരീക്ഷകന്റെ പേര്, ചുമതലപ്പെട്ട ബ്ലോക്ക്/മുനിസിപ്പാലിറ്റി, മൊബൈൽ ഫോൺ നമ്പർ എന്ന ക്രമത്തിൽ.

**തിരുവനന്തപുരം**

എസ്. മുരളീധരൻ- പാറശ്ശാല, പെരുങ്കടവിള, അതിയന്നൂർ, നെയ്യാറ്റിൻകര മുനിസിപ്പാലിറ്റി - 9495339716

റഹിന ബീവി. എസ് - നേമം, പോത്തൻകോട്, വെള്ളനാട് - 9495038989

ബി.എസ്. ബെൻസ് - നെടുമങ്ങാട്, വാമനപുരം, കിളിമാനൂർ, നെടുമങ്ങാട് മുനിസിപ്പാലിറ്റി - 8547640688

സന്ധ്യ. ആർ. നായർ - ചിറയിൻകീഴ്, ആറ്റിങ്ങൽ മുനിസിപ്പാലിറ്റി, വർക്കല മുനിസിപ്പാലിറ്റി, വർക്കല - 9495901925

കെ. ബാബു - തിരുവനന്തപുരം കോർപ്പറേഷൻ - 9388785544

**കൊല്ലം**

ഷാജി. വി.കെ - ഓച്ചിറ, ശാസ്താംകോട്ട, വെട്ടിക്കവല, പുനലൂർ മുനിസിപ്പാലിറ്റി - 9446187969

വി. അജയകുമാർ - പത്തനാപുരം, അഞ്ചൽ, കൊട്ടാരക്കര, കൊട്ടാരക്കര മുനിസിപ്പാലിറ്റി - 9895051970

സാലമ്മ ബസേലിയോസ് - ചിറ്റുമല, ചവറ, മുഖത്തല, കരുനാഗപ്പള്ളി മുനിസിപ്പാലിറ്റി- 9447763953

മോഹനൻ പിള്ള വി.എം - ചടയമംഗലം, ഇത്തിക്കര, പരവൂർ മുനിസിപ്പാലിറ്റി - 9497377001

പി.പി. സുരേഷ് കുമാർ - കൊല്ലം കോർപ്പറേഷൻ - 9605456397

**പത്തനംതിട്ട**

ഷാജഹാൻ. എ - മല്ലപ്പള്ളി, പുലികീഴ്, കോയിപ്രം, തിരുവല്ല മുനിസിപ്പാലിറ്റി - 9961744110

എം. രാമചന്ദ്രൻ - എലന്തൂർ, റാന്നി, കോന്നി, പത്തനംതിട്ട മുനിസിപ്പാലിറ്റി - 9495479925

സാംസൺ ജോൺ - പന്തളം, പറക്കോട്, അടൂർ മുനിസിപ്പാലിറ്റി, പന്തളം മുനിസിപ്പാലിറ്റി - 7403605040

**ആലപ്പുഴ**

വേലപ്പൻ നായർ. കെ - തൈക്കാട്ടുശ്ശേരി, പട്ടണക്കാട്, കഞ്ഞിക്കുഴി, ചേർത്തല മുനിസിപ്പാലിറ്റി - 9446440672വി. വിജയകുമാർ - ആര്യാട്, അമ്പലപ്പുഴ, ചമ്പക്കുളം, വെളിയനാട്, ആലപ്പുഴ മുനിസിപ്പാലിറ്റി - 9495037539

ചന്ദ്രമോഹനൻ. പി - ചെങ്ങന്നൂർ, ഹരിപ്പാട്, കായംകുളം മുനിസിപ്പാലിറ്റി, ചെങ്ങന്നൂർ മുനിസിപ്പാലിറ്റി, ഹരിപ്പാട് മുനിസിപ്പാലിറ്റി - 9447444909

എസ്.ഡി. ഫെറോൾഡ് സേവ്യർ - മാവേലിക്കര, ഭരണിക്കാവ്, മുതുകുളം, മാവേലിക്കര മുനിസിപ്പാലിറ്റി- 9447030790

**കോട്ടയം**

ക്ലിന്നീസ് ജെ. മാത്യൂസ് - വൈക്കം, കടുത്തുരുത്തി, ഏറ്റുമാനൂർ, വൈക്കം മുനിസിപ്പാലിറ്റി, ഏറ്റുമാനൂർ മുനിസിപ്പാലിറ്റി - 9447133114

ജി. അശോക് കുമാർ - ഉഴവൂർ, ളാലം, ഈരാറ്റുപേട്ട, പാലാ മുനിസിപ്പാലിറ്റി, ഈരാറ്റുപേട്ട മുനിസിപ്പാലിറ്റി - 9446013059

ജെയിംസ് ജോസഫ് - പാമ്പാടി, മാടപ്പള്ളി, വാഴൂർ, ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റി - 9446904754

എ.എം. ജാഫർ - കാഞ്ഞിരപ്പള്ളി, പള്ളം, കോട്ടയം മുനിസിപ്പാലിറ്റി - 9447451410

**ഇടുക്കി**

ജെസ്റ്റോ പോൾ - അടിമാലി, ദേവികുളം, നെടുങ്കണ്ടം - 98472 78480

കുരുവിള ജോസഫ്.എം- ഇളംദേശം, ഇടുക്കി, കട്ടപ്പന, കട്ടപ്പന മുനിസിപ്പാലിറ്റി - 9633690237

ജോയ്. കെ. ജെ - തൊടുപുഴ, അഴുത, തൊടുപുഴ മുനിസിപ്പാലിറ്റി - 9446092649

**എറണാകുളം**

ഇ. ശ്രീധരൻ - പറവൂർ, നോർത്ത് പറവൂർ മുനിസിപ്പാലിറ്റി, ആലങ്ങാട്, തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റി, ഏലൂർ മുനിസിപ്പാലിറ്റി - 9995881670

എസ്. അനിൽകുമാർ - അങ്കമാലി, അങ്കമാലി മുനിസിപ്പാലിറ്റി, ആലുവ മുനിസിപ്പാലിറ്റി, കൂവപ്പടി, വാഴക്കുളം, എടപ്പള്ളി - 9495542193

സുരേഷ് രാജു. ഡി - പെരുമ്പാവൂർ മുനിസിപ്പാലിറ്റി, വൈപ്പിൻ, പള്ളുരുത്തി, മുളംതുരുത്തി, മരട് മുനിസിപ്പാലിറ്റി - 9847498684

ധന്യ ബാലകൃഷ്ണൻ - വടവുകോട്, കോതമംഗലം, കോതമംഗലം മുനിസിപ്പാലിറ്റി, കൂത്താട്ടുകുളം മുനിസിപ്പാലിറ്റി, പാമ്പാക്കുട - 9895392115

അശോകൻ. ആർ - പാറക്കടവ്, മൂവാറ്റുപുഴ, പിറവം മുനിസിപ്പാലിറ്റി, മൂവാറ്റുപുഴ മുനിസിപ്പാലിറ്റി - 9446792799

ജെ. വിജയമോഹൻ - കൊച്ചിൻ കോർപ്പറേഷൻ, കളമശ്ശേരി മുനിസിപ്പാലിറ്റി, തൃക്കാക്കര മുനിസിപ്പാലിറ്റി- 94477362688

**തൃശ്ശൂർ**

ജയപ്രകാശ്. പി - ഗുരുവായൂർ മുനിസിപ്പാലിറ്റി, ചാവക്കാട്, ചാവക്കാട് മുനിസിപ്പാലിറ്റി, ചൊവ്വന്നൂർ, കുന്നംകുളം മുനിസിപ്പാലിറ്റി, വടക്കാഞ്ചേരി മുനിസിപ്പാലിറ്റി - 9496119194

കൃഷ്ണകുമാർ. കെ - വടക്കാഞ്ചേരി, പഴയന്നൂർ, ഒല്ലൂക്കര, പുഴക്കൽ - 9446725922

ടോമി. കെ.എ - മുല്ലശ്ശേരി, തളിക്കുളം, കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റി, മതിലകം - 9497789619 അനിൽ കുമാർ. കെ.വി - അന്തിക്കാട്, ചേർപ്പ്, കൊടകര, ഇരിങ്ങാലക്കുട, ഇരിങ്ങാലക്കുട മുനിസിപ്പാലിറ്റി - 9497023322അനിൽചന്ദ്രകുമാർ. പി - വെള്ളാങ്കല്ലൂർ, മാള, ചാലക്കുടി, ചാലക്കുടി മുനിസിപ്പാലിറ്റി - 9495539513എസ്.വി. കലേശൻ - തൃശ്ശൂർ കോർപ്പറേഷൻ - 9495440885

**പാലക്കാട്**

വി. സുശീൽ കുമാർ - തൃത്താല, പട്ടാമ്പി, പട്ടാമ്പി മുനിസിപ്പാലിറ്റി, ഷൊർണ്ണൂർ മുനിസിപ്പാലിറ്റി - 9497003261

സോഫി. എ - ശ്രീകൃഷ്ണപുരം, ഒറ്റപ്പാലം മുനിസിപ്പാലിറ്റി, ഒറ്റപ്പാലം, മണ്ണാർക്കാട്, മണ്ണാർക്കാട് മുനിസിപ്പാലിറ്റി, അട്ടപ്പാടി - 9446016258

വർഗ്ഗീസ്. കെ.ഡി - പാലക്കാട്, കുഴൽമന്ദം, പാലക്കാട് മുനിസിപ്പാലിറ്റി - 9446233125

സത്യൻ. പി - ചിറ്റൂർ-തത്തമംഗലം മുനിസിപ്പാലിറ്റി, ചിറ്റൂർ, കൊല്ലങ്കോട് - 9447952323

രഘുനാഥൻ. പി.എ - നെന്മാറ, മലമ്പുഴ, ആലത്തൂർ -9446462047

**മലപ്പുറം**

സുരേന്ദ്രൻ. പി.ബി - നിലമ്പൂർ, നിലമ്പൂർ മുനിസിപ്പാലിറ്റി, കൊണ്ടോട്ടി, കൊണ്ടോട്ടി മുനിസിപ്പാലിറ്റി, വണ്ടൂർ- 949511432

ജയനാരായണൻ - കാളികാവ്, മരീക്കോട്, മലപ്പുറം, മഞ്ചേരി മുനിസിപ്പാലിറ്റി, മലപ്പുറം മുനിസി പ്പാലിറ്റി, കോട്ടക്കൽ മുനിസിപ്പാലിറ്റി - 9495104716

മുഹമ്മദ് ഹാരിസ് - പെരിന്തൽമണ്ണ, പെരിന്തൽമണ്ണ മുനിസിപ്പാലിറ്റി, വളാഞ്ചേരി മുനിസിപ്പാലിറ്റി, മങ്കട, കുറ്റിപ്പുറം - 9446040586

പി. അനിൽ പ്രസാദ് - താനൂർ, താനൂർ മുനിസിപ്പാലിറ്റി, വേങ്ങര, തിരൂരങ്ങാടി, തിരൂരങ്ങാടി മുനിസിപ്പാലിറ്റി, പരപ്പനങ്ങാടി മുനിസിപ്പാലിറ്റി - 9447004336

എം.ബി. സാനു - തിരൂർ, തിരൂർ മുനിസിപ്പാലിറ്റി, പൊന്നാനി, പൊന്നാനി മുനിസിപ്പാലിറ്റി, പെരുമ്പടപ്പ് - 9446126688

**കോഴിക്കോട്**

ബാലകൃഷ്ണൻ. ഇ.ആർ - വടകര, വടകര മുനിസിപ്പാലിറ്റി, തൂണേരി, കുന്നുമ്മൽ - 9447615229

പി.ജി. ഗോപി - തോടന്നൂർ, മേലടി, പയ്യോളി മുനിസിപ്പാലിറ്റി, പേരാമ്പ്ര - 8086389484

| | 05. മഞ്ചേശ്വരം (01 മുതൽ 21 വരെ) | ,, |
| | 06. പൈവളിഗെ (01 മുതൽ 19 വരെ) | ,, |
| | 07. എൻമഗജെ (01 മുതൽ 17 വരെ) | ,, |
| | 08. ബേളൂർ (01 മുതൽ 13 വരെ) | ,, |
| | 09. കുംബഡാജെ (01 മുതൽ 13 വരെ) | ,, |
| | 10. കാറഡുക്ക (01, 03 മുതൽ 11 വരെ) | ,, |
| | 12. മൂളിയാർ (03, 04, 05) | ,, |
| | 13. ദേലംപാടി (02, 03, 06, 14, 16) | ,, |
| | 18. പനത്തടി (06) | ,, |
| | 22. കുമ്പള (04 മുതൽ 14 വരെ, 16, 21, 22, 23) | ,, |
| | 23. ബദിയഡുക്ക (01, 02, 05, 07, 19) | ,, |
| | 24. ചെങ്കള (01 മുതൽ 05 വരെ, 07, 08, 09) | ,, |
| | 26. മധൂർ (01 മുതൽ 20 വരെ) | ,, |
| | 27. മൊഗ്രാൽ - പുത്തൂർ (02 മുതൽ 06 വരെ, 08, 09, 10, 13, 14) | ,, |

*(എസ്.ഇ.സി. 118/2015)*

Email:
**contact.seckerala@gmail.com**
**electionker@gmail.com**
Website:
www.sec.kerala.gov.in

# പത്രക്കുറിപ്പ്

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

TELEPHONE:
0471-2338288,2321233
FAX: 0471-2338288
0471-2334130

**18th October 2015**

## ബാലറ്റ് പേപ്പർ അച്ചടി ആരംഭിച്ചു

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തിരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥി പട്ടിക പൂർത്തിയായതോടെ ബാലറ്റ് പേപ്പറുകളുടെ അച്ചടി വിവിധ സർക്കാർ പ്രസ്സുകളിൽ ആരംഭിച്ചു. വരണാധികാരികൾ ഓരോ വാർഡിലും ഉൾപ്പെട്ടുവരുന്ന ഒരു പോളിംഗ് സ്റ്റേഷന് അഞ്ച് ബാലറ്റ് ലേബലുകൾ, ടെണ്ടേർഡ് വോട്ടിനായുള്ള 10 ബാലറ്റുകൾ, ആവശ്യാനുസരണമുള്ള പോസ്റ്റൽ ബാലറ്റുകൾ എന്നിവ അച്ചടിക്കണമെന്നാണ് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശം നൽകിയിട്ടുള്ളത്. ഇതനുസരിച്ച് സംസ്ഥാനമൊട്ടാകെ തിരഞ്ഞെടുപ്പ് നടക്കുന്ന 21871 തദ്ദേശഭരണ മണ്ഡലങ്ങൾക്കായി ഏഴ് ലക്ഷത്തോളം ബാലറ്റുകൾ അച്ചടിക്കുന്ന നടപടികളാണ് ഇപ്പോൾ നടന്നു വരുന്നത്. തിരഞ്ഞെടുപ്പ് ചട്ടം 13 അനുസരിച്ച് സ്ഥാനാർത്ഥിത്വം പിൻവലിക്കേണ്ട അവസാന ദിവസം വൈകുന്നേരം 3 മണിക്ക് ശേഷം മത്സര രംഗത്ത് അവശേഷിക്കുന്നവരുടെ പട്ടിക 6-ാം നമ്പർ ഫാറത്തിൽ തയ്യാറാക്കി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള പ്രസ്സിൽ അച്ചടിക്കായി നൽകേണ്ടതുണ്ട് എന്ന വ്യവസ്ഥ പ്രകാരമാണ് ബാലറ്റ് അച്ചടി നടന്നു വരുന്നത്.

പൊതുതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് തിരുവനന്തപുരം കോർപ്പറേഷനിലേയും, പാലക്കാട് ജില്ലയിലെ ചിറ്റൂർ-തത്തമംഗലം മുനിസിപ്പാലിറ്റിയിലേയും തിരഞ്ഞെടുത്ത വാർഡുകളിലെ ബാലറ്റ് ലേബൽ, ബാലറ്റ് പേപ്പർ എന്നിവ തമിഴ് ഭാഷയിൽ കൂടിയും കാസർഗോഡ് മുനിസിപ്പാലിറ്റിയിലേത് കന്നഡ ഭാഷയിൽ കൂടിയും അച്ചടിക്കുന്നതിന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശം നൽകി. തിരുവനന്തപുരം കോർപ്പറേഷനിലെ വലിയശാല, കരമന വാർഡുകളിലേക്കും ചിറ്റൂർ-തത്തമംഗലം മുനിസിപ്പാലിറ്റിയിലെ അരംഗം, വടക്കത്തറ, ദേവാങ്കപുരം എന്നീ വാർഡുകളിലേയ്ക്കുള്ള ബാലറ്റ് ലേബലും ബാലറ്റ് പേപ്പറുമാണ് തമിഴിൽ കൂടി അച്ചടിക്കേണ്ടത്.

കാസർഗോഡ് മുനിസിപ്പാലിറ്റിയിലെ ചേരങ്കൈ വെസ്റ്റ്, ചേരങ്കൈ ഈസ്റ്റ്, അരുക്കത്ത് ബയൽ, താളിപ്പടുപ്പ്, കറന്തക്കാട്, ആനബാഗിലു, നുള്ളിപ്പാടി, നുള്ളിപ്പാടി നോർത്ത്, അണങ്കൂർ, വിദ്യാനഗർ, ബദിര, ചാല, ചാലക്കുന്ന്, തുരുത്തി, കൊല്ലംപാടി, പച്ചക്കാട്, ചെന്നിക്കര, പുലിക്കുന്ന്, കൊറക്കോട്, ഫിഷ് മാർക്കറ്റ്, ഹൊണ്ണമൂല, തെരുവത്ത്, പള്ളിക്കാൽ, ഖാസിലേൻ, തളങ്കര ബാങ്കോട്, തളങ്കര ജദീത് റോഡ്, തളങ്കര കണ്ടത്തിൽ, തളങ്കര കെ.കെ. പുറം, തളങ്കര പടിഞ്ഞാർ, തളങ്കര ദീനാർ നഗർ, തായലങ്ങാടി, താലൂക്ക് ഓഫീസ്, ബീരന്ത് ബയൽ, നെല്ലിക്കുന്ന് പള്ളം, കടപ്പുറം സൗത്ത്, കടപ്പുറം നോർത്ത്, ലൈറ്റ് ഹൗസ് എന്നീ 38 വാർഡുകളിലേയ്ക്കുമുള്ള ബാലറ്റ് ലേബൽ, ബാലറ്റ് പേപ്പർ എന്നിവ കന്നഡ ഭാഷയിൽ കൂടിയും അച്ചടിക്കുന്നതാണ്.

*(എസ്.ഇ.സി. 115/2015)*

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിൽ പാലിക്കേണ്ട പൊതുവായ പെരുമാറ്റച്ചട്ടം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള പൊതുതിരഞ്ഞെടുപ്പിൽ പാലിക്കേണ്ട പെരുമാറ്റച്ചട്ടങ്ങൾ പ്രസിദ്ധപ്പെടുത്തി. വിവിധ ജാതികളും സമുദായങ്ങളും തമ്മിൽ മതപരമോ ഭാഷാപരമോ ആയ സംഘർഷങ്ങൾ ഉളവാക്കുന്നതോ, ഇത്തരം ഭിന്നതകൾക്ക് ആക്കം കൂട്ടുന്നതോ പരസ്പര വിദ്വേഷം ജനിപ്പിക്കുന്നതോ ആയ ഒരു പ്രവർത്തനത്തിലും രാഷ്ട്രീയ കക്ഷികളോ സ്ഥാനാർത്ഥികളോ ഏർപ്പെടുവാൻ പാടില്ല. അത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്ക് മൂന്ന് വർഷം വരെ തടവോ പതിനായിരം രൂപ വരെ പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ ശിക്ഷ ലഭിക്കും.

മറ്റു കക്ഷികളുടെ നേതാക്കൻമാരുടെയും പ്രവർത്തകരുടെയും, പൊതു പ്രവർത്തനവുമായി ബന്ധമില്ലാത്ത സ്വകാര്യ ജീവിതത്തിന്റെ വിവിധ വശങ്ങളെക്കുറിച്ച് രാഷ്ട്രീയ കക്ഷികളും സ്ഥാനാർത്ഥികളും വിമർശിക്കരുത്. മാത്രമല്ല. അടിസ്ഥാന രഹിതമായതോ, വളച്ചൊടിച്ചതോ ആയ ആരോപണങ്ങൾ ഉന്നയിച്ച് മറ്റ് കക്ഷികളെയും അവയിലെ പ്രവർത്തകരെയും വിമർശിക്കുന്നതും ഒഴിവാക്കണം.

ജാതിയുടേയും സമുദായത്തിന്റെയും പേരിൽ വോട്ട് ചോദിക്കുകയോ, ആരാധനാലയങ്ങൾ തിരഞ്ഞെടുപ്പ് പ്രചാരണത്തിനുള്ള വേദിയാക്കുകയോ ചെയ്യരുത്. ഏതെങ്കിലും സ്ഥാനാർത്ഥിക്കോ സമ്മതിദായകനോ അവർക്ക് താത്പര്യമുള്ള വ്യക്തികൾക്കോ എതിരെ സാമൂഹിക ബഹിഷ്കരണം, സാമൂഹിക ജാതിഭ്രഷ്ട് തുടങ്ങിയ ഭീഷണികൾ പുറപ്പെടുവിക്കരുത്.

സമ്മതിദായകർക്ക് കൈക്കൂലി നൽകുക, ഭീഷണിപ്പെടുത്തുക, സമ്മതിദായകരായി ആൾമാറാട്ടം നടത്തുക, മുനിസിപ്പാലിറ്റിയുടെ കാര്യത്തിൽ പോളിംഗ് സ്റ്റേഷന്റെ 100 മീറ്റർ മീറ്ററിനുള്ളിലും പഞ്ചായത്തിന്റെ കാര്യത്തിൽ 200 മീറ്ററിനുള്ളിലും വോട്ടെടുപ്പ് ദിനത്തിൽ വോട്ട് അഭ്യർത്ഥിക്കുക, ഏതെങ്കിലും സ്ഥാനാർത്ഥിക്കുവേണ്ടി തിരഞ്ഞെടുപ്പിൽ വോട്ട് ചെയ്യാതിരിക്കാൻ സമ്മതിദായകനെ പ്രേരിപ്പിക്കുക, വോട്ടെടുപ്പ് അവസാനിപ്പിക്കുന്നതിന് നിശ്ചയിച്ച സമയത്തിന് തൊട്ടുമുമ്പുള്ള 48 മണിക്കൂർ പൊതുയോഗങ്ങൾ നടത്തുക, പോളിംഗ് സ്റ്റേഷനിലേയ്ക്കും അവിടെ നിന്ന് തിരിച്ചും സമ്മതിദായകരെ വാഹനങ്ങളിൽ കൊണ്ടുപോകുക തുടങ്ങിയവ നിയമപ്രകാരം കുറ്റകൃത്യമായി കണക്കാക്കും.

വ്യക്തികളുടെ അഭിപ്രായങ്ങളിലും പ്രവർത്തനങ്ങളിലും പ്രതിഷേധം രേഖപ്പെടുത്തുന്നതിനായി അവരുടെ വീടുകൾക്ക് മുമ്പിൽ പ്രകടനങ്ങൾ സംഘടിപ്പിക്കുക, പിക്കറ്റ് ചെയ്യുക തുടങ്ങിയ രീതികൾ അവലംബിക്കരുത്.

ഒരു വ്യക്തിയുടെ സ്ഥലം, കെട്ടിടം, മതിൽ തുടങ്ങിയവ അയാളുടെ അനുവാദം കൂടാതെ ബാനർ, കൊടിമരം എന്നിവ നാട്ടുന്നതിനോ പരസ്യം ഒട്ടിക്കുന്നതിനോ, മുദ്രാവാക്യങ്ങൾ എഴുതുന്നതിനോ ഉപയോഗിക്കാൻ രാഷ്ട്രീയ കക്ഷികളോ സ്ഥാനാർത്ഥികളോ അവരുടെ അനുയായികളെ അനുവദിക്കാൻ പാടില്ല.

സർക്കാർ ഓഫീസുകളിലും അവയുടെ കോമ്പൗണ്ടിലും പരിസരത്തും ചുവർ എഴുതാനോ പോസ്റ്റർ ഒട്ടിക്കാനോ, ബാനർ, കട്ട് ഔട്ട് തുടങ്ങിയവ സ്ഥാപിക്കാൻ പാടില്ല. പൊതുസ്ഥലത്ത് പരസ്യങ്ങളും ബോർഡുകളും പ്രചാരണോപാധികളും സ്ഥാപിക്കുന്നതിന് തടസ്സമില്ലെങ്കിൽ അവിടെ പരസ്യങ്ങൾ സ്ഥാപിക്കുന്നതിന് എല്ലാ രാഷ്ട്രീയ കക്ഷികൾക്കും തുല്യ അവസരം നൽകണം. പ്രത്യേക കക്ഷിക്കോ സ്ഥാനാർത്ഥിക്കോ മാത്രമായി ഒരു പൊതു സ്ഥലവും മാറ്റിവച്ചിട്ടില്ലെന്ന് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തണം.

രാഷ്ട്രീയ കക്ഷികളോ സ്ഥാനാർത്ഥികളോ ഏതെങ്കിലും പൊതുസ്ഥലമോ സ്വകാര്യസ്ഥലമോ പരസ്യങ്ങൾ, മുദ്രാവാക്യങ്ങൾ എന്നിവ എഴുതി വികൃതമാക്കിയതായി പരാതി ലഭിച്ചാൽ അവ ഉടൻ നീക്കം ചെയ്യാൻ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ നോട്ടീസ് നൽകേണ്ടതാണ്. നോട്ടീസ് ലഭിച്ചിട്ടും അവ നീക്കം ചെയ്തില്ലെങ്കിൽ നടപടി സ്വീകരിയ്ക്കണം. അതിന് വേണ്ടി വരുന്ന ചെലവ് ബന്ധപ്പെട്ട സ്ഥാനാർത്ഥിയുടെ തിരഞ്ഞെടുപ്പ് ചെലവിനോട് ചേർക്കണം.

*(എസ്.ഇ.സി.. 116/2015)*

GRAMS:
KERELECOM
E-mail:
electionker@gmail.com
Website:
www.sec.kerala.gov.in

# പത്രക്കുറിപ്പ്

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

TELEPHONE:
0471-2338288,2321233
FAX: 0471-2338288
0471-2334130

17th October 2015

## Late Press Release

### സംസ്ഥാനത്ത് മൊത്തം 75549 സ്ഥാനാർത്ഥികൾ

തദ്ദേശ ഭരണ തിരഞ്ഞെടുപ്പിൽ സംസ്ഥാനത്ത് 75549 സ്ഥാനാർത്ഥികൾ. നാമനിർദ്ദേശ പത്രിക പിൻവലിക്കാനുള്ള സമയം ശനിയാഴ്ച വൈകിട്ട് മൂന്നു മണിക്ക് അവസാനിച്ചപ്പോൾ 14 ജില്ലാ പഞ്ചായത്തുകളിലേക്ക് 1282-ഉം 152 ബ്ലോക്ക് പഞ്ചായത്തുകളിലേക്ക് 6915-ഉം 941 ഗ്രാമപഞ്ചായത്തുകളിലേക്ക് 54956-ഉം സ്ഥാനാർത്ഥികളാണ് മത്സര രംഗത്തുള്ളത്. 86 മുനിസിപ്പാലിറ്റികളിൽ 10433 -ഉം ആറ് മുനിസിപ്പൽ കോർപ്പറേഷനുകളിൽ 1963 സ്ഥാനാർത്ഥികളുമാണ് ജനവിധി തേടുന്നത്.

ഓരോ ജില്ലയിലേയും സ്ഥാനാർത്ഥികളുടെ അന്തിമ വിവരം ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമ പഞ്ചായത്ത്, കോർപ്പറേഷൻ, മുനിസിപ്പാലിറ്റി എന്ന ക്രമത്തിൽ.

| ജില്ല | ജില്ലാ പഞ്ചായത്ത് | | ബ്ലോക്ക് പഞ്ചായത്ത് | | ഗ്രാമ പഞ്ചായത്ത് | | കോർപ്പറേഷൻ | | മുനിസിപ്പാലിറ്റി | | സ്ഥാനാർത്ഥികൾ | | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | പു. | സ്ത്രീ | പു. | സ്ത്രീ | പു. | സ്ത്രീ | പു. | സ്ത്രീ | പു. | സ്ത്രീ | പു. | സ്ത്രീ | |
| തിരുവനന്തപുരം | 54 | 43 | 242 | 267 | 2384 | 2479 | 249 | 254 | 270 | 265 | 3199 | 3308 | 6507 |
| കൊല്ലം | 57 | 47 | 256 | 260 | 2104 | 2310 | 120 | 131 | 200 | 216 | 2737 | 2964 | 5701 |
| പത്തനംതിട്ട | 33 | 28 | 161 | 187 | 1309 | 1586 | - - | - - | 266 | 244 | 1769 | 2045 | 3814 |
| ആലപ്പുഴ | 37 | 37 | 238 | 283 | 1932 | 2165 | - - | - - | 400 | 421 | 2607 | 2906 | 5513 |
| കോട്ടയം | 49 | 37 | 235 | 245 | 1944 | 2176 | - - | - - | 361 | 354 | 2589 | 2812 | 5401 |
| ഇടുക്കി | 25 | 27 | 176 | 187 | 1328 | 1326 | - - | - - | 139 | 131 | 1668 | 1671 | 3339 |
| എറണാകുളം | 60 | 41 | 316 | 304 | 2398 | 2417 | 213 | 190 | 762 | 730 | 3749 | 3682 | 7497 |
| തൃശ്ശൂർ | 54 | 52 | 349 | 338 | 2519 | 2577 | 113 | 132 | 468 | 468 | 3503 | 3567 | 7070 |
| പാലക്കാട് | 69 | 52 | 302 | 312 | 2436 | 2497 | - - | - - | 403 | 395 | 3210 | 3256 | 6466 |
| മലപ്പുറം | 81 | 70 | 415 | 386 | 3240 | 2972 | - - | - - | 805 | 724 | 4541 | 4152 | 8693 |
| കോഴിക്കോട് | 67 | 60 | 268 | 283 | 1985 | 2087 | 175 | 162 | 460 | 424 | 2955 | 3016 | 5971 |
| വയനാട് | 28 | 28 | 89 | 84 | 650 | 676 | - - | - - | 172 | 155 | 939 | 943 | 1882 |
| കണ്ണൂർ | 43 | 43 | 238 | 234 | 1709 | 1772 | 116 | 108 | 427 | 419 | 2533 | 2576 | 5109 |
| കാസർഗോഡ് | 33 | 27 | 128 | 132 | 952 | 1026 | - - | - - | 169 | 185 | 1282 | 1370 | 2652 |

*(എസ്.ഇ.സി.. 114/2015)*

# തിരഞ്ഞെടുപ്പ് നിരീക്ഷകര്‍

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പൊതുതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് തിരഞ്ഞെടുപ്പ് നടത്തിപ്പിനായി ഓരോ ജില്ലയിലും തിരഞ്ഞെടുത്ത ബ്ലോക്ക് പഞ്ചായത്തുകളിലേക്കും മുനിസിപ്പാലിറ്റികളിലേയ്ക്കുമായി ചെലവ് നിരീക്ഷകരെ നിയോഗിച്ചു. ഓഫീസര്‍മാരുടെയും അവര്‍ക്ക് നിയോഗിച്ചിട്ടുള്ള ബ്ലോക്ക്, പഞ്ചായത്ത്, മുനിസിപ്പാലിറ്റികളുടെയും വിവരങ്ങള്‍ ചുവടെ ചേര്‍ക്കുന്നു. ഒക്ടോബര്‍ 18 മുതല്‍ നവംബര്‍ 7 വരെയാണ് നിരീക്ഷകരെ നിയോഗിച്ചിരിക്കുന്നത്.

| **ജില്ല** | **ബ്ലോക്ക് / മുനിസിപ്പാലിറ്റി** | **നിരീക്ഷകന്‍** |
|---|---|---|
| തിരുവനന്തപുരം | പാറശ്ശാല<br>പെരുങ്കടവിള<br>അതിയന്നൂര്‍<br>നെയ്യാറ്റിന്‍കര മുനിസിപ്പാലിറ്റി | എസ്. മുരളീധരന്‍<br>ജോയിന്റ് സെക്രട്ടറി, വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടറേറ്റ് |
| | നേമം<br>പോത്തന്‍കോട്<br>വെള്ളനാട് | റഹിമ ബീവി. എസ്<br>ജോയിന്റ് ഡയറക്ടര്‍, ഡയറക്ടറേറ്റ്, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, |
| | നെടുമങ്ങാട്<br>വാമനാപുരം<br>കിളിമാനൂര്‍<br>നെടുമങ്ങാട് മുനിസിപ്പാലിറ്റി | ബി.എസ്. ബെന്‍സ്<br>ജോയിന്റ് സെക്രട്ടറി,<br>ഡയറക്ടറേറ്റ് പബ്ലിക് ഇന്‍സ്പെക്ഷന്‍സ്, |
| | വര്‍ക്കല<br>ചിറയിന്‍കീഴ്<br>ആറ്റിങ്ങല്‍ മുനിസിപ്പാലിറ്റി<br>വര്‍ക്കല മുനിസിപ്പാലിറ്റി | സന്ധ്യ. ആര്‍. നായര്‍,<br>സീനിയര്‍ ഡെപ്യൂട്ടി ഡയറക്ടര്‍,<br>കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് |
| | തിരുവനന്തപുരം കോര്‍പ്പറേഷന്‍ | കെ . ബാബു<br>അഡീഷല്‍ സെക്രട്ടറി,<br>ധനകാര്യ വകുപ്പ് |
| കൊല്ലം | ഓച്ചിറ<br>ശാസ്താംകോട്ട<br>വെട്ടിക്കവല<br>പുനലൂര്‍ മുനിസിപ്പാലിറ്റി | എം.പി. സലിം<br>ജോയിന്റ് സെക്രട്ടറി,<br>ധനകാര്യവകുപ്പ് |
| | പത്തനാപുരം<br>അഞ്ചല്‍<br>കൊട്ടാരക്കര<br>കൊട്ടാരക്കര മുനിസിപ്പാലിറ്റി | വി. അജയകുമാര്‍<br>ഡെപ്യൂട്ടി സെക്രട്ടറി, ഡയറക്ടറേറ്റ് ഓഫ് കൊളീജിയേറ്റ് എഡ്യൂക്കേഷന്‍ |
| | ചിറ്റുമല<br>ചവറ<br>മുഖത്തല<br>കരുനാഗപ്പള്ളി മുനിസിപ്പാലിറ്റി | സാലമ്മ ബസേലിയസ്<br>സീനിയര്‍ ഡെപ്യൂട്ടി ഡയറക്ടര്‍,<br>കോര്‍പ്പറേഷന്‍ ഓഡിറ്റ് ഓഫീസ്,<br>കൊല്ലം |
| | ചടയമംഗലം<br>ഇത്തിക്കര<br>പരവൂര്‍ മുനിസിപ്പാലിറ്റി | മോഹനന്‍പിള്ള. വി.എം<br>സീനിയര്‍ ഡെപ്യൂട്ടി ഡയറക്ടര്‍,<br>കേരള സ്റ്റേറ്റ് ഹൗസിംഗ് ബോര്‍ഡ് ഓഡിറ്റ് ഓഫീസ് തിരുവനന്തപുരം |
| | കൊല്ലം കോര്‍പ്പറേഷന്‍ | എ.ആര്‍. അജയകുമാര്‍<br>അഡീഷണല്‍ സെക്രട്ടറി<br>ധനകാര്യ വകുപ്പ് |
| പത്തനംതിട്ട | മല്ലപ്പള്ളി | ഷാജഹാന്‍. എ |

| | | |
|---|---|---|
| | പുളികീഴ്<br>കോയിപ്രം<br>തിരുവല്ല മുനിസിപ്പാലിറ്റി | ജോയിന്റ് ഡയറക്ടർ, ട്രെയിനിംഗ് സെന്റർ പൂജപ്പുര, തിരുവനന്തപുരം |
| | ഇളന്തൂർ<br>റാന്നി<br>കോന്നി<br>പത്തനംതിട്ട മുനിസിപ്പാലിറ്റി | എം. രാമചന്ദ്രൻ<br>ജോയിന്റ് സെക്രട്ടറി, ഓഫീസ് ഓഫ് ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് |
| | പന്തളം<br>പറകോട്<br>അടൂർ മുനിസിപ്പാലിറ്റി<br>പന്തളം മുനിസിപ്പാലിറ്റി | സാംസൺ ജോൺ<br>ജോയിന്റ് സെക്രട്ടറി, കമ്മീഷണറേറ്റ് ഓഫ് റൂറൽ ഡെവലപ്മെന്റ് |
| ആലപ്പുഴ | തൈക്കാട്ടുശ്ശേരി<br>പട്ടണക്കാട്<br>കഞ്ഞിക്കുഴി<br>ചേർത്തല മുനിസിപ്പാലിറ്റി | വേലപ്പൻ നായർ. കെ<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ ഓഡിറ്റ് ഓഫീസ്, തിരുവനന്തപുരം |
| | ആര്യാട്<br>അമ്പലപ്പുഴ<br>ചമ്പക്കുളം<br>വെളിയനാട്<br>ആലപ്പുഴ മുനിസിപ്പാലിറ്റി | വി. വിജയകുമാർ<br>ജോയിന്റ് സെക്രട്ടറി,<br>ധനകാര്യ വകുപ്പ് |
| | ചെങ്ങന്നൂർ<br>ഹരിപ്പാട്<br>കായംകുളം മുനിസിപ്പാലിറ്റി<br>ചെങ്ങന്നൂർ മുനിസിപ്പാലിറ്റി<br>ഹരിപ്പാട് മുനിസിപ്പാലിറ്റി | ചന്ദ്രമോഹനൻ. പി<br>ജോയിന്റ് ഡയറക്ടർ, കേരള യൂണിവേഴ്സിറ്റി ഓഡിറ്റ് ഓഫീസ്, തിരുവനന്തപുരം |
| | മാവേലിക്കര<br>ഭരണിക്കാവ്<br>മുതുകുളം<br>മാവേലിക്കര മുനിസിപ്പാലിറ്റി | എസ്.ഡി. ഫെറോൾഡ് സേവിയർ,<br>ജോയിന്റ് സെക്രട്ടറി, ഡയറക്ടറേറ്റ് ഓഫ് പഞ്ചായത്ത് |
| കോട്ടയം | വൈക്കം<br>കടുത്തുരുത്തി<br>ഏറ്റുമാനൂർ<br>വൈക്കം മുനിസിപ്പാലിറ്റി<br>ഏറ്റുമാനൂർ മുനിസിപ്പാലിറ്റി | ക്ലിനീസ്. ജെ.മാത്യൂസ്<br>ജോയിന്റ് ഡയറക്ടർ, ഡയറക്ടറേറ്റ് കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ്, തിരുവനന്തപുരം |
| | ഉഴവൂർ<br>ലാലം<br>ഈരാറ്റുപേട്ട<br>പാലാ മുനിസിപ്പാലിറ്റി<br>ഈരാറ്റുപേട്ട മുനിസിപ്പാലിറ്റി | ജി. അശോക് കുമാർ<br>ജോയിന്റ് സെക്രട്ടറി<br>ധനകാര്യ വകുപ്പ് |
| | പാമ്പാടി<br>മാടപ്പള്ളി<br>വാഴൂർ<br>ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റി | ജയിംസ് ജോസഫ്<br>ജോയിന്റ് സെക്രട്ടറി<br>ധനകാര്യ വകുപ്പ് |
| | കാഞ്ഞിരപ്പള്ളി<br>പള്ളം<br>കോട്ടയം മുനിസിപ്പാലിറ്റി | എ.എം. ജാഫർ<br>ജോയിന്റ് സെക്രട്ടറി<br>ടൂറിസം ഡയറക്ടറേറ്റ് |
| ഇടുക്കി | അടിമാലി<br>ദേവികുളം<br>നെടുങ്കണ്ടം | ജേസ്സാ പോൾ<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ ജില്ലാ ഓഡിറ്റ് ഓഫീസ്, ഇടുക്കി |
| | ഇളംദേശം<br>ഇടുക്കി<br>കട്ടപ്പന<br>കട്ടപ്പന മുനിസിപ്പാലിറ്റി | കുരുവിള ജോസഫ്.എം,<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ ഓഡിറ്റ് ഓഫീസ്, കോട്ടയം |
| | തൊടുപുഴ<br>അഴുത<br>തൊടുപുഴ മുനിസിപ്പാലിറ്റി | ജോയി.കെ.ജെ,<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ ഓഡിറ്റ് ഓഫീസ്, എറണാകുളം |
| എറണാകുളം | നോർത്ത് പറവൂർ | ഇ. ശ്രീധരൻ, |

| | | |
|---|---|---|
| | പറവൂർ മുനിസിപ്പാലിറ്റി,<br>ആലങ്ങാട്,<br>തൃപ്പൂണ്ണിത്തറ മുനിസിപ്പാലിറ്റി,<br>ഏലൂർ മുനിസിപ്പാലിറ്റി | ജോയിന്റ് സെക്രട്ടറി,<br>സീനിയർ ഫിനാൻസ് ഓഫീസർ,<br>എസ്.സി.ഡയറക്ടറേറ്റ് |
| | അങ്കമാലി<br>അങ്കമാലി മുനിസിപ്പാലിറ്റി<br>ആലുവ മുനിസിപ്പാലിറ്റി<br>കൂവപ്പടി<br>വാഴകുളം<br>ഇടപ്പള്ളി | എസ്. അനിൽകുമാർ,<br>ജോയിന്റ് സെക്രട്ടറി<br>വിജിലൻസ് ഓഫീസർ,<br>ഡയറക്ടറേറ്റ് ഓഫ് അഗ്രികൾച്ചർ |
| | പെരുമ്പാവൂർ മുനിസിപ്പാലിറ്റി<br>മാറാട് മുനിസിപ്പാലിറ്റി<br>വൈപ്പിൻ, പള്ളുരുത്തി,<br>മുളംതുരുത്തി | എൻ.ഗോപകുമാർ,<br>ഡെപ്യൂട്ടി സെക്രട്ടറി,<br>ഡയറക്ടറേറ്റ് ഓഫ് മെഡിക്കൽ<br>ഇൻഷ്വറൻസ്, |
| | പടവുകോട്<br>കോതമംഗലം<br>പാമ്പാക്കുട<br>കോതമംഗലം മുനിസിപ്പാലിറ്റി<br>കൂത്താട്ടുകുളം<br>മുനിസിപ്പാലിറ്റി | ധന്യ ബാലകൃഷ്ണൻ,<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,<br>ജി.സി.ഡി.എ, ഓഡിറ്റ് ഓഫീസ്,<br>കൊച്ചി |
| | പാറക്കടവ്<br>മുവാറ്റുപ്പുഴ<br>പിറവം മുനിസിപ്പാലിറ്റി<br>മുവാറ്റുപുഴ മുനിസിപ്പാലിറ്റി | കെ.എസ്. അജയകുമാർ,<br>ഡെപ്യൂട്ടി സെക്രട്ടറി,<br>ധനകാര്യ വകുപ്പ് |
| | കൊച്ചിൻ കോർപ്പറേഷൻ<br>കളമശ്ശേരി മുനിസിപ്പാലിറ്റി<br>തൃക്കാക്കര മുനിസിപ്പാലിറ്റി | കെ.പി.ചന്ദ്രമോഹനൻ,<br>അഡീഷണൽ സെക്രട്ടറി,<br>ധനകാര്യ വകുപ്പ് |
| തൃശ്ശൂർ | ഗുരുവായൂർ മുനിസിപ്പാലിറ്റി<br>ചാവക്കാട് മുനിസിപ്പാലിറ്റി<br>കുന്നംകുളം മുനിസിപ്പാലിറ്റി<br>വടക്കാഞ്ചേരി മുനിസിപ്പാലിറ്റി<br>ചാവക്കാട്<br>ചൊവ്വന്നൂർ | വി.കെ. രാജേഷ് കുമാർ,<br>ഡെപ്യൂട്ടി സെക്രട്ടറി,<br>ഫിനാൻസ് ഡിപ്പാർട്ട്മെന്റ്<br>ധനകാര്യ വകുപ്പ് |
| | വടക്കാഞ്ചേരി<br>പഴയന്നൂർ<br>ഒല്ലൂക്കര<br>പുഴക്കൽ | മാത്യു.പി.കോശി,<br>ഡെപ്യൂട്ടി സെക്രട്ടറി,<br>ഫിനാൻസ് ഡിപ്പാർട്ട്മെന്റ്<br>ധനകാര്യ വകുപ്പ് |
| | മുല്ലശ്ശേരി, തളിക്കുളം, കൊടുങ്ങല്ലൂർ<br>മുനിസിപ്പാലിറ്റി, മതിലകം | ജോർജ് ജോസഫ്<br>ഡെപ്യൂട്ടി സെക്രട്ടറി<br>ധനകാര്യ വകുപ്പ് |
| | അന്തിക്കാട്, ചേർപ്പ്, കൊടകര,<br>ഇരിഞ്ഞാലക്കുട, ഇരിഞ്ഞാലക്കുട<br>മുനിസിപ്പാലിറ്റി | അനിൽകുമാർ കെ.വി<br>ജോയിന്റ് ഡയറക്ടർ<br>തിരുവിതാംകൂർ ദേവസ്വം<br>ഓഡിറ്റ് ഓഫീസ്<br>തിരുവനന്തപുരം |
| | വെള്ളങ്ങല്ലൂർ, മാള, ചാലക്കുടി,<br>ചാലക്കുടി മുനിസിപ്പാലിറ്റി | അനിൽ ചന്ദ്രകുമാർ.പി.<br>സീനിയർ ഡപ്യൂട്ടി ഡയറക്ടർ<br>ജില്ലാ ഓഡിറ്റ് ഓഫീസ് |

| | | |
|---|---|---|
| | | കൊല്ലം. |
| | തൃശ്ശൂർ കോർപ്പറേഷൻ | എസ്.വി.കലേശൻ<br>അഡീ.സെക്രട്ടറി<br>ധനകാര്യ വകുപ്പ് |
| പാലക്കാട് | തൃത്താല, പട്ടാമ്പി പട്ടാമ്പി മുനിസിപ്പാലിറ്റി, ഷൊർണ്ണൂർ മുനിസിപ്പാലിറ്റി, ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റി | വി.സുശീൽ കുമാർ<br>ഡെപ്യൂട്ടി സെക്രട്ടറി<br>ഫിനാൻസ് വകുപ്പ് |
| | ശ്രീകൃഷ്ണപുരം, ഒറ്റപ്പാലം മുനിസിപ്പാലിറ്റി, ഒറ്റപ്പാലം, മണ്ണാർക്കാട്, മണ്ണാർക്കാട് മുനിസിപ്പാലിറ്റി, അട്ടപ്പാടി | സോഫി.എ<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ<br>ജില്ലാ ഓഡിറ്റ് ഓഫീസ്<br>പാലക്കാട്. |
| | പാലക്കാട്, കുഴൽ മന്ദം, പാലക്കാട് മുനിസിപ്പാലിറ്റി | വർഗ്ഗീസ്.കെ.ഡി<br>സീനിയർ ഡെപ്യൂട്ടി<br>ഡയറക്ടർ, ജില്ലാ ഓഡിറ്റ്<br>ഓഫീസ്, തൃശ്ശൂർ |
| | ചിറ്റൂർ, തത്തമംഗലം, മുനിസിപ്പാലിറ്റി, ചിറ്റൂർ, കൊല്ലങ്ങോട് | സത്യൻ.വി<br>സീനിയർ ഡെപ്യൂട്ടി<br>ഡയറക്ടർ<br>ജില്ലാ ഓഡിറ്റ് ഓഫീസ്, കണ്ണൂർ |
| | നെമ്മാറ, മലമ്പുഴ, ആലത്തൂർ | രഘുനന്ദനൻ.പി.എ<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ<br>കോർപ്പറേഷൻ ഓഡിറ്റ്<br>ഓഫീസ്, കൊച്ചി |
| മലപ്പുറം | നിലമ്പൂർ, കൊണ്ടോട്ടി, വണ്ടൂർ, നിലമ്പൂർ മുനിസിപ്പാലിറ്റി, കൊയ്‌ലാണ്ടി മുനിസിപ്പാലിറ്റി | സി.രാധാകൃഷ്ണൻ നായർ<br>ഡെപ്യൂട്ടി സെക്രട്ടറി<br>ട്രാൻസ്പോർട്ട്<br>കമ്മീഷണറേറ്റ് |
| | കളിക്കാവ്, അരീക്കോട്, മലപ്പുറം, മഞ്ചേരി മുനിസിപ്പാലിറ്റി, മലപ്പുറം മുനിസിപ്പാലിറ്റി, കോട്ടക്കൽ മുനിസിപ്പാലിറ്റി | എൽ.ആർ.സജീവ്കുമാർ<br>ഡെപ്യൂട്ടി സെക്രട്ടറി<br>ധനകാര്യ വകുപ്പ് |
| | പെരിന്തൽമണ്ണ, പെരിന്തൽമണ്ണ മുനസിപ്പാലിറ്റി, വാളഞ്ചേരി മുനിസിപ്പാലിറ്റി, മങ്കട, കുറ്റിപ്പുറം | എം.അനിൽകുമാർ, ഡെപ്യൂട്ടി സെക്രട്ടറി, ധനകാര്യ വകുപ്പ് |
| | താനൂർ, വേങ്ങര, തിരൂരങ്ങാടി, താനൂർ മുനിസിപ്പാലിറ്റി, തിരൂരങ്ങാടി മുനിസിപ്പാലിറ്റി, പരപ്പനങ്ങാടി മുനിസിപ്പാലിറ്റി | പി.അനിൽപ്രസാദ്,<br>ഡെപ്യൂട്ടി സെക്രട്ടറി<br>ധനകാര്യ വകുപ്പ് |
| | തിരൂർ, പൊന്നാന്നി, പെരുമ്പാടപ്പ്, തിരൂർ മുനിസിപ്പാലിറ്റി, പൊന്നാന്നി മുനിസിപ്പാലിറ്റി | പി.അബ്ദുൾ സലാം<br>ഡെപ്യൂട്ടി സെക്രട്ടറി<br>ധനകാര്യ വകുപ്പ് |
| കോഴിക്കോട് | വടകര, തുനേരി, കുന്നുമ്മൽ, വടകര മുനിസിപ്പാലിറ്റി | ബാലകൃഷ്ണൻ.ഇ.ആർ<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ<br>കോർപ്പറേഷൻ ഓഡിറ്റ് ഓഫീസ്<br>തൃശ്ശൂർ |
| | തോടന്നൂർ, മേലാടി, പയ്യോളി മുനിസിപ്പാലിറ്റി, പേരാമ്പ്ര | പി.ജി.ഗോപി<br>ജോയിന്റ് ഡയറക്ടർ<br>സയൻസസ്സ് ടെക്നോളജി<br>യൂണിവേഴ്സിറ്റി ഓഡിറ്റ് ഓഫീസ്,<br>കൊച്ചി |
| | ബാലുശ്ശേരി, പന്തലായനി, ചേലമ്പൂർ, കോയിലാണ്ടി മുനിസിപ്പാലിറ്റി | സങ്കി.ഡി, ജോയിന്റ് ഡയറക്ടർ<br>കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി ഓഡിറ്റ്, തൃശ്ശൂർ |
| | കൊടുവള്ളി, കുന്നമംഗലം, കൊടുവള്ളി മുനിസിപ്പാലിറ്റി, മുക്കം മുനിസിപ്പാലിറ്റി, കോഴിക്കോട് | സുരേഷ് ബാബു.വി<br>ജോയിന്റ് ഡയറക്ടർ,<br>സംസ്കൃത യൂണിവേഴ്സിറ്റി ഓഡിറ്റ് |

| | | |
|---|---|---|
| | | ഓഫീസ്, കാലടി |
| | കോഴിക്കോട് കോർപ്പറേഷൻ, ഫറൂക്ക് മുനിസിപ്പാലിറ്റി, രാമനാട്ടുകര മുനിസിപ്പാലിറ്റി | കെ.ഷാജഹാൻ അഡീ.സെക്രട്ടറി ധനകാര്യ വകുപ്പ് |
| വയനാട് | മാനന്തവാടി, മാനന്തവാടി മുനിസിപ്പാലിറ്റി, സുൽത്താൻ ബത്തേരി, സുൽത്താൻ ബത്തേരി മുനിസിപ്പാലിറ്റി | ശശിധരൻ.കെ.കെ, ജോയിന്റ് ഡയറക്ടർ വെറ്റിനറി യൂണിവേഴ്സിറ്റി ഓഡിറ്റ് ഓഫീസ്, വയനാട് |
| | കൽപ്പറ്റ, കൽപ്പറ്റ മുനിസിപ്പാലിറ്റി, പനമരം | റംല ബിവി.പി.എ സീനിയർ ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ ഓഡിറ്റ് ഓഫീസ്, വയനാട് |
| കണ്ണൂർ | കല്ല്യാശ്ശേരി, പയ്യന്നൂർ, പയ്യന്നൂർ മുനിസിപ്പാലിറ്റി, തളിപ്പറമ്പാ മുനിസിപ്പാലിറ്റി, തളിപ്പറമ്പാ ആന്തൂർ മുനിസിപ്പാലിറ്റി | അബ്ദുൾ മജീദ് യു.പി സീനിയർ ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ ഓഡിറ്റ് ഓഫീസ്, കോഴിക്കോട് |
| | ഇരിക്കൂർ, കണ്ണൂർ, എടക്കാട് | ജയിംസ്.റ്റി.എക്സ്, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ കോർപ്പറേഷൻ ഓഡിറ്റ് ഓഫീസ്, കോഴിക്കോട് |
| | തലശ്ശേരി, കൂത്തുപറമ്പ, പാനൂർ, തലശ്ശേരി മുനിസിപ്പാലിറ്റി, കൂത്ത് പറമ്പ മുനിസിപ്പാലിറ്റി, പാനൂർ മുനിസിപ്പാലിറ്റി | ഉണ്ണികൃഷ്ണൻ.പി, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ ഓഡിറ്റ് ഓഫീസ് മലപ്പുറം. |
| | ഇരിട്ടി മുനിസിപ്പാലിറ്റി, ഇരിട്ടി, ശ്രീകൃഷ്ണപുരം മുനിസിപ്പാലിറ്റി, പേരാവൂർ | മുഹമ്മദ്.സി, ജോയിന്റ് ഡയറക്ടർ, കാലിക്കറ്റ് യൂണിവേഴ്സിറ്റി ഓഡിറ്റ് ഓഫീസ്, മലപ്പുറം. |
| | കണ്ണൂർ കോർപ്പറേഷൻ | ജേക്കബ് കോശി, അഡീഷണൽ സെക്രട്ടറി ധനകാര്യ വകുപ്പ് |
| കാസർഗോഡ് | കാറട്ക, മഞ്ചേശ്വരം, കാസർഗോഡ്, കാസർഗോഡ് മുനിസിപ്പാലിറ്റി | സനൽകുമാർ.എൻ, ജോയിന്റ് ഡയറക്ടർ,കണ്ണൂർ യൂണിവേഴ്സിറ്റി ഓഡിറ്റ് ഓഫീസ്, കണ്ണൂർ. |
| | കാഞ്ഞങ്ങാട്, കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റി, പരപ്പ, നീലേശ്വരം, നീലേശ്വരം മുനിസിപ്പാലിറ്റി | മധുസൂധനം.പി.എൽ, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ ഓഡിറ്റ് ഓഫീസ്, കാസർഗോഡ്. |

*(എസ്.ഇ.സി... 111/2015)*

## അധോറിറ്റി ലെറ്റർ : മാധ്യമപ്രതിനിധികളുടെ പട്ടിക ഒക്ടോബർ 19–നകം ലഭിയ്ക്കണം

തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പിനോടനുബന്ധിച്ച് ജില്ലകളിൽ നിന്ന് റിപ്പോർട്ടിംഗിനായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ അധോറിറ്റി ലെറ്റർ വേണ്ട മാധ്യമ പ്രതിനിധികളുടെ പട്ടിക ഒക്ടോബർ 19-ന് അഞ്ച് മണിക്കകം അയച്ചുതരണമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ജില്ലാ ഇൻഫർമേഷൻ ഓഫീസർമാർക്ക് നിർദ്ദേശം നൽകി. ഇ-മെയിൽ വിലാസം contact.seckerala@gmail.com. ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥനും ജില്ലാ ഇൻഫർമേഷൻ ഓഫീസറും ഒപ്പിട്ട ഫോട്ടോ പതിച്ച അധോറിറ്റി ലെറ്റർ ആയിരിക്കും മാധ്യമ പ്രതിനിധികൾക്ക് നൽകുക.

*(എസ്.ഇ.സി... 112/2015)*

## വിതരണ, സ്വീകരണ, വോട്ടെണ്ണൽ കേന്ദ്രങ്ങളിൽ മാറ്റം

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലേക്കുള്ള പൊതു തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഫറൂക്ക് മുനിസിപ്പാലിറ്റി, അങ്കമാലി, മഞ്ചേശ്വരം, മുളംതുരുത്തി ബ്ലോക്കുകളിൽ അംഗീകരിച്ച വിതരണ, സ്വീകരണ, വോട്ടെണ്ണൽ കേന്ദ്രങ്ങളിൽ മാറ്റമുള്ളതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു.

ഫറൂക്ക് മുനിസിപ്പാലിറ്റിയുടെ ഫറൂക്ക് ടെക്നിക്കൽ കോളേജ് എന്ന് നൽകിയത് ഫറൂക്ക് ട്രെയിനിംഗ് കോളേജായി തിരുത്തിയിട്ടുണ്ട്.

അങ്കമാലി ബ്ലോക്ക് പഞ്ചായത്തിലേത് അങ്കമാലി ഡി.പോൾ കോളേജിൽ നിന്നും കാലടി ശ്രീ.ശങ്കര കോളേജിലേക്കും മുളംതുരുത്തി ബ്ലോക്ക് പഞ്ചായത്തിലെ പ്രസ്തുത കേന്ദ്രം ബ്ലോക്ക് പഞ്ചായത്തിലെ പുതിയ കെട്ടിടം എന്ന് നൽകിയത് ഉദയം പേരൂർ എസ്.എൻ.ഡി.പി ഹയർ സെക്കൻഡറി സ്കൂളിലേക്ക് മാറ്റി.

മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്തിലെ വിതരണ സ്വീകരണ, വോട്ടെണ്ണൽ കേന്ദ്രം മഞ്ചേശ്വരം ഗോവിന്ദ പൈ മെമ്മോറിയൽ ഗവൺമെന്റ് കോളേജിൽ നിന്നും കുമ്പള ഗവ.ഹൈസ്കൂളായും മാറ്റിയിട്ടുണ്ട്.

*(എസ്.ഇ.സി... 113/2015)*

GRAMS:
KERELECOM
E-mail:
electionker@gmail.com
Website:
www.sec.kerala.gov.in

# പത്രക്കുറിപ്പ്

TELEPHONE:
0471-2338288,2321233
FAX: 0471-2338288
0471-2334130

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

16th October 2015

## ചിഹ്നങ്ങൾ അനുവദിക്കുന്നത് സംബന്ധിച്ച് തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശം നൽകി.

തദ്ദേശഭരണ തിരഞ്ഞെടുപ്പ് സ്ഥാനാർത്ഥികൾക്ക് ചിഹ്നം അനുവദിക്കുന്നത് സംബന്ധിച്ച് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ എല്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കും വരണാധികാരിൾക്കും നിർദ്ദേശം നൽകി. നാമനിർദ്ദേശപത്രികയിൽ സ്വതന്ത്ര ചിഹ്നം ആവശ്യപ്പെട്ടിരുന്ന ഒരു സ്ഥാനാർത്ഥിക്ക് ഏതെങ്കിലും ഒരു രാഷ്ട്രീയ കക്ഷിയുടെ ചിഹ്നം അനുവദിക്കണമെന്ന് പ്രസ്തുത രാഷ്ട്രീയ കക്ഷി അതിനായി അധികാരപ്പെടുത്തിയാൽ ശുപാർശ ചെയ്ത് കത്ത് നൽകിയാൽ ആ രാഷ്ട്രീയ കക്ഷിയുടെ ചിഹ്നം പ്രസ്തുത സ്ഥാനാർത്ഥിക്ക് അനുവദിച്ചു കിട്ടുന്നതിന് അർഹതയുണ്ടായിരിക്കുമെന്ന നിർദ്ദേശം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ളത്

*(എസ്.ഇ.സി... 108/2015)*

## ചിഹ്നങ്ങൾ അനുവദിക്കുന്നതിനുള്ള നിബന്ധനകൾ

തദ്ദേശ സ്വയംഭരണ തിരഞ്ഞെടുപ്പിൽ സ്ഥാനാർഥികൾക്ക് ചിഹ്നങ്ങൾ അനുവദിക്കുന്നതിനുള്ള നിയമപരമായ നിബന്ധനകൾ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ പൊതു അവബോധത്തിനായി പ്രസിദ്ധീകരിച്ചു.

ദേശീയ കക്ഷിയായോ സംസ്ഥാന കക്ഷിയായോ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ അംഗീകരിച്ചിട്ടുള്ള കക്ഷികൾക്ക് അവർക്കായി അനുവദിച്ചിട്ടുള്ള ചിഹ്നം മാത്രമേ നൽകൂ.അംഗീകാരമില്ലാത്ത രാഷ്ട്രീയ കക്ഷികൾക്ക് അവരുടെ മുൻഗണനാക്രമമനുസരിച്ച് ചിഹ്നം അനുവദിക്കും അപ്രകാരം അനുവദിക്കുന്ന ചിഹ്നം കഴിയുന്നിടത്തോളം സംസ്ഥാനത്തിലുടനീളം ഒന്ന് തന്നെ ആയിരിക്കണം. മറ്റു സ്ഥാനാർത്ഥികൾക്ക് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ പ്രസിദ്ധീകരിച്ചിട്ടുള്ള ചിഹ്നങ്ങൾ മുൻഗണനാ ക്രമത്തിൽ നാമനിർദ്ദേശ പത്രികയിൽ ആവശ്യപ്പെടും പ്രകാരം നൽകുന്നതാണ്. ഒന്നിലധികം നാമനിർദ്ദേശ പത്രികകൾ സമർപ്പിക്കപ്പെട്ടിട്ടുണ്ടെങ്കിൽ സാധുവായ ആദ്യത്തെ പത്രികയിൽ ആവശ്യപ്പെട്ട ചിഹ്നം അനുവദിക്കണം. ഒന്നിലധികം സ്ഥാനാർത്ഥികൾ ഒരേ ചിഹ്നം ആവശ്യപ്പെടുകയാണെങ്കിൽ എല്ലാവർക്കും നോട്ടീസ് നൽകിയശേഷം നറുക്കെടുപ്പിലൂടെ ചിഹ്നം അനുവദിക്കേണ്ടതാണ്. ഒരു സ്ഥാനാർത്ഥിക്ക് ആവശ്യപ്പെട്ട ചിഹ്നം അനുവദിക്കാൻ കഴിയാതെ വന്നാൽ വരണാധികാരിയ്ക്ക് പട്ടികയിൽ നിന്ന് ഏതെങ്കിലും ചിഹ്നം അനുവദിക്കാം.

തിരഞ്ഞെടുപ്പിൽ മത്സരിക്കുന്ന എല്ലാ സ്ഥാനാർത്ഥികൾക്കും ചിഹ്നം നൽകേണ്ടതാണ്. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സ്വതന്ത്ര ചിഹ്നങ്ങളായി അംഗീകരിച്ചിട്ടുള്ള ചിഹ്നങ്ങളിൽ, ഏതെങ്കിലും ഒരു സ്ഥാനാർത്ഥി മാത്രം ഒരു പ്രത്യേക ചിഹ്നം ചോദിക്കുകയാണെങ്കിൽ അത് അയാൾക്ക് തന്നെ നൽകാവുന്നതാണ്. ചിഹ്നം അനുവദിച്ച് നൽകി കഴിഞ്ഞാലുടൻ സ്ഥാനാർത്ഥിയെ വിവരം അറിയിക്കുകയും നൽകിയ ചിഹ്നത്തിൻെറ ഒരു മാതൃക കൊടുക്കുകയും വേണം. ഭാരത തിരഞ്ഞെടുപ്പ് കമ്മീഷൻ ചിഹ്നം അനുവദിച്ചിട്ടുള്ള ഒരു കക്ഷിയുടെ സ്ഥാനാർത്ഥി ആണെങ്കിൽ അക്കാര്യം വ്യക്തമാക്കുന്ന രേഖാമൂലമുള്ള ഒരറിയിപ്പ്, നാമനിർദ്ദേശ പത്രിക പിൻവലിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള ദിവസം വൈകുന്നേരം മൂന്നുമണിക്ക് മുൻപ് വരണാധികാരിയെ ഏൽപ്പിച്ചിരിക്കണം.അത്തരം ഒരു അറിയിപ്പ് നൽകാൻ കക്ഷിയുടെ ബൈലോപ്രകാരം അധികാരപ്പെടുത്തിയ ആൾ ഒപ്പിട്ട അറിയിപ്പായിരിക്കണമത്.

(തുടരുന്നു....1/2)

(ദേശീയ കക്ഷിയാണെങ്കിൽ സംസ്ഥാനതലത്തിലും അവിടെനിന്നും ജില്ലാതലത്തിലേക്കും സംസ്ഥാന കക്ഷിയാണെങ്കിൽ ജില്ലാതലത്തിലേക്കും അധികാരപ്പെടുത്തിയിരിക്കണം. അപ്രകാരം അറിയിപ്പ് നൽകാൻ അധികാരപ്പെടുത്തിയ ആളുടെ പേര് നിയോജകമണ്ഡലത്തിലെ വരണാധികാരിയെയും ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥനെയും, സ്ഥാനാർത്ഥിത്വം പിൻവലിക്കുന്നതിനായി നിശ്ചയിക്കപ്പെട്ട ദിവസം വൈകുന്നേരം 3 മണി കഴിയുന്നതിനു മുമ്പ് ഏൽപ്പിച്ചിരിക്കണം.

*(എസ്.ഇ.സി... 109/2015)*

## നാമനിർദ്ദേശപത്രിക പിൻവലിക്കൽ ഇന്ന് ഉച്ചക്ക് മൂന്ന് മണി വരെ

തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പിൽ നാമനിർദ്ദേശപത്രിക പിൻവലിക്കുന്നതിനുള്ള സമയപരിധി ഇന്ന് (ഒക്ടോബർ 17) ഉച്ചക്ക് മൂന്ന് മണിയ്ക്ക് അവസാനിക്കും. 3 മണി കഴിഞ്ഞാലുടൻ മത്സരിക്കുന്നതിനുള്ള സ്ഥാനാർത്ഥികളുടെ ലിസ്റ്റ് 6-ാം നമ്പർ ഫാറത്തിൽ വരണാധികാരി തയ്യാറാക്കണം. ഇത് തയ്യാറാക്കി കഴിഞ്ഞാലുടൻ ഒരു പകർപ്പ് വരണാധികാരികളുടേയും ബന്ധപ്പെട്ട പഞ്ചായത്തിന്റേയും ഓഫീസുകളിലെ നോട്ടീസ് ബോർഡുകളിൽ പ്രസിദ്ധീകരിക്കേണ്ടതാണ്. മത്സരിക്കുന്ന സ്ഥാനാർത്ഥികളുടെ പട്ടികയുടെ പകർപ്പ് സ്ഥാനാർത്ഥിക്കോ അയാളുടെ ഏജന്റിനോ നൽകേണ്ടതാണ്. 6-ാം നമ്പർ ഫോറത്തിലുള്ള മത്സരിക്കുന്ന സ്ഥാനാർത്ഥികളുടെ പേരു വിവരവും നൽകപ്പെട്ട ചിഹ്നങ്ങളുടെ വിവരവും തിരഞ്ഞെടുപ്പ് കമ്മീഷനെ ഫാക്സ്/ഇ-മെയിൽ മുഖേനയോ പ്രത്യേക ദൂതൻ മുഖാന്തിരമോ അറിയിക്കേണ്ടതാണ്. കാലതാമസം ബാലറ്റ് പേപ്പർ അച്ചടിക്കുന്ന പ്രവൃത്തികളെ ഗുരുതരമായി ബാധിക്കും.

മത്സരിക്കുന്ന സ്ഥാനാർത്ഥികളുടെ പട്ടികയുടെ കാര്യത്തിൽ മലയാള അക്ഷരമാലാക്രമത്തിൽ വേണം പേരുകൾ കൊടുക്കേണ്ടത്. പേരിന് മുമ്പെയുള്ള ആദ്യ അക്ഷരങ്ങൾ, വല്ലതുമുണ്ടെങ്കിൽ അവഗണിക്കേണ്ടതാണ്. മത്സരിക്കുന്ന സ്ഥാനാർത്ഥികളുടെ പട്ടികയിൽ ചേർത്തിട്ടുള്ള അതേ ക്രമത്തിലായിരിക്കണം ബാലറ്റ് പേപ്പർ അച്ചടിക്കേണ്ടത്.

1995-ലെ തിരഞ്ഞെടുപ്പ് ചട്ടങ്ങളിലെ ചട്ടം 28(4) പ്രകാരം, രണ്ടോ അതിലധികമോ സ്ഥാനാർത്ഥികൾക്ക് പേര് ഒരേപോലെ ആണെങ്കിൽ തിരിച്ചറിയുന്നതിനായി തൊഴിൽ, വീട്ടുപേര് എന്നിവയിൽ ഏതെങ്കിലും ഉപയോഗിച്ച്, അല്ലെങ്കിൽ മറ്റേതെങ്കിലും മാർഗ്ഗം സ്വീകരിച്ച് വ്യത്യാസം കാണിക്കേണ്ടതാണ്. ഇത്തരം സംഗതിയിൽ മത്സരിക്കുന്ന സ്ഥാനാർത്ഥികളുടെ പട്ടികയിലും ബാലറ്റ് പേപ്പറിലും പേരുകൾ വിന്യസിക്കേണ്ടത് വ്യത്യാസം വരുത്താൻ ചേർത്ത പേരിന്റെ ആദ്യ അക്ഷരമാലാക്രമത്തിലായിരിക്കണം. ഒരു സ്ഥാനാർത്ഥിയുടെ പേരിനോടൊപ്പം മാന്യതാസൂചകമായോ വിദ്യാഭ്യാസ സംബന്ധമായോ പാരമ്പര്യദ്യോതകമായോ തൊഴിൽപരമായോ ഒരു പേരോ അല്ലെങ്കിൽ മറ്റേതെങ്കിലും സ്ഥാനപ്പേരോ ചേർക്കുന്നതിൽ തടസ്സമില്ല. എന്നാൽ ഇപ്രകാരം കൂട്ടിച്ചേർത്ത പേര് മത്സരിക്കുന്ന സ്ഥാനാർത്ഥികളുടെ പട്ടികയിലോ ബാലറ്റ്പേപ്പറിലോ പേരുകൾ അക്ഷരമാലാക്രമത്തിൽ വിന്യസിക്കുന്നതിൽ പരിഗണിക്കപ്പെടുകയില്ല.

*(എസ്.ഇ.സി...110/2015)*

GRAMS:
KERELECOM
E-mail:
electionker@gmail.com
Website:
www.sec.kerala.gov.in

# പത്രക്കുറിപ്പ്

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

TELEPHONE:
0471-2338288,2321233
FAX: 0471-2338288
0471-2334130

15th October 2015

## ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയെ സസ്പെൻഡ് ചെയ്തു

തൃശ്ശൂർ മാള ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയും അസിസ്റ്റന്റ് വരണാധികാരിയുമായ എൻ. ഗോപാലകൃഷ്ണൻ നായരെ അന്വേഷണ വിധേയമായി സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തുകൊണ്ട് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ കെ. ശശിധരൻ നായർ ഉത്തരവിട്ടു. പ്രവൃത്തി സമയത്ത് മദ്യപിച്ച് ബോധരഹിതനായി കൃത്യവിലോപം നടത്തിയതായി തൃശ്ശൂർ ജില്ലാ കളക്ടർ കമ്മീഷന് സമർപ്പിച്ച റിപ്പോർട്ടിനെ തുടർന്നാണ് നടപടി.

*(എസ്.ഇ.സി...104/2015)*

## തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പ് : പോലീസ് മേധാവികൾക്കും തിരഞ്ഞെടുപ്പ് ഓഫീസർമാർക്കും നിർദ്ദേശം നൽകി

തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പിനോടനുബന്ധിച്ച് സ്വതന്ത്രവും, സുതാര്യവുമായ തിരഞ്ഞെടുപ്പ് നടത്തിപ്പിനായി പോലീസ് മേധാവികൾക്കും തിരഞ്ഞെടുപ്പ് ഓഫീസർമാർക്കുമുള്ള നിർദ്ദേശങ്ങൾ തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകി. തിരഞ്ഞെടുപ്പ് കാലയളവിൽ ഉത്തരവാദിത്തപ്പെട്ട എല്ലാ ഉദ്യോഗസ്ഥരുടേയും സേവനം തിരഞ്ഞെടുപ്പിന്റെ അവസാനഘട്ടം വരെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന് ലഭ്യമാക്കേണ്ടതാണെന്ന് കമ്മീഷൻ അറിയിച്ചു.

നിയമനടപടികൾ ഭയന്ന് സമ്മതിദായകർ പോളിംഗ് ബൂത്തിലേയ്ക്ക് പോകാൻ മടിക്കുന്നുണ്ട്. അതിനാൽ യാതൊരു വിധത്തിലുള്ള ഭയമോ തടസ്സമോ ഇല്ലാതെ തന്നെ എല്ലാ സമ്മതിദായകർക്കും പോളിംഗ് ബൂത്തിൽ എത്തിച്ചേരാനുള്ള അന്തരീക്ഷം ഉറപ്പുവരുത്തേണ്ടതാണ്. സ്വതന്ത്രമായി വോട്ട് രേഖപ്പെടുത്താൻ സമ്മതിദായകന് സ്വാതന്ത്ര്യം ഒരുക്കികൊടുക്കേണ്ടത് സംസ്ഥാന സർക്കാരിന്റെ ചുമതലയാണ്. സമാധാന പരമായ അന്തരീക്ഷം ഉറപ്പുവരുത്തുന്നതിലൂടെ വോട്ടർമാരുടെ എണ്ണത്തിൽ വർദ്ധനവുണ്ടാവുകുന്നു. ഇതിനായി അക്രമസാദ്ധ്യതയുള്ള പോളിംഗ് ബൂത്തുകളും സ്ഥലങ്ങളും കണ്ടെത്തി രൂപരേഖ തയ്യാറാക്കി, മുൻകൂർ നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്. ഈ മേഖലകളെ അപ്രതീക്ഷിതമായി അക്രമണങ്ങൾ ഉണ്ടാകാൻ സാധ്യതയുള്ളതായി കണക്കാക്കി അവ തടയാനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്. കൂടുതൽ പോലീസ് സേനയോ, വീഡിയോഗ്രാഫിയോ ആവശ്യമായിവരുന്ന സാഹചര്യത്തിൽ ഈ മേഖലകളിൽ ഇവ ലഭ്യമാക്കേണ്ടതാണ്.

സ്വതന്ത്ര്യവും സുതാര്യവുമായ തിരഞ്ഞെടുപ്പ് നടത്തിപ്പിനായി എല്ലാ ജില്ലാ മജിസ്ട്രേറ്റുകളും ആയുധം കൈവശം വയ്ക്കാൻ അധികാരമുള്ള എല്ലാ വ്യക്തികളുടേയും വിശദീകരണം അടങ്ങുന്ന രൂപരേഖ തയ്യാറാക്കേണ്ടതാണ്. ജാമ്യത്തിൽ വിട്ടിട്ടുള്ള വ്യക്തികളും ക്രിമിനൽ പശ്ചാത്തലമുള്ളവരും ഏതെങ്കിലും സമയത്തോ പ്രത്യേകിച്ച് മുൻ തിരഞ്ഞെടുപ്പ് ഘട്ടങ്ങളിലൊ അക്രമണങ്ങളിൽ ഏർപ്പെട്ടിട്ടുള്ളവരേയും ഇതിൽ ഉൾപ്പെടുത്തേണ്ടതാണ്. ഇതിനായി ജില്ലാ മജിസ്ട്രേറ്റ്, ജില്ലാ പോലീസ് മേധാവി, അല്ലെങ്കിൽ കമ്മീഷണറോ ഉൾപ്പെടുന്ന ഒരു സ്ക്രീനിംഗ് കമ്മിറ്റി എല്ലാ ജില്ലകളിലും രൂപീകരിക്കാവുന്നതാണ്.

കൂടാതെ ഇതര സംസ്ഥാനങ്ങളുമായി അതിർത്തി പങ്കിടുന്ന ജില്ലകളിലേയ്ക്ക് കൊണ്ടുവരുന്ന അനധികൃത മദ്യം, മയക്കുമരുന്ന് തുടങ്ങി സാമൂഹിക വിരുദ്ധ ഘടകങ്ങളുടെ നിയന്ത്രണത്തിന് ആവശ്യമായി വരുന്ന നടപടികളും സ്വീകരിയ്ക്കേണ്ടതാണ്.

*(എസ്.ഇ.സി...105/2015)*

(തുടരുന്നു....1/3)

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ പത്രക്കുറിപ്പ്** **(15.10.2015)**

## യോഗം നടത്താൻ മുൻകൂർ അനുമതി തേടണം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് യോഗങ്ങൾ സംഘടിപ്പിക്കുമ്പോൾ പാലിക്കേണ്ട പെരുമാറ്റച്ചട്ടത്തെക്കുറിച്ച് തിരഞ്ഞെടുപ്പ് കമ്മീഷൻ മാതൃകാ പെരുമാറ്റ സംഹിത പ്രസിദ്ധീകരിച്ചു.

ക്രമസമാധാനം പാലിക്കാനും ഗതാഗതം നിയന്ത്രിക്കുവാനും ആവശ്യമായ ഏർപ്പാടുകൾ ചെയ്യാൻ പോലീസിന് സാധ്യമാകത്തക്കവിധം യോഗം നടക്കുന്ന സ്ഥലവും സമയവും ബന്ധപ്പെട്ട പാർട്ടിയോ സ്ഥാനാർത്ഥിയോ തന്നെ സ്ഥലത്തെ പോലീസ് അധികാരികളെ മുൻകൂട്ടി അറിയിക്കേണ്ടതാണ്.

മറ്റു കക്ഷികളുടെ യോഗങ്ങളും ജാഥകളും തങ്ങളുടെ അനുയായികൾ തടസ്സപ്പെടുത്തുന്നില്ലെന്ന് രാഷ്ട്രീയ കക്ഷികളും സ്ഥാനാർത്ഥികളും ഉറപ്പുവരുത്തണം. ഒരു രാഷ്ട്രീയ കക്ഷിയുടെ പ്രവർത്തകർ മറ്റൊരു രാഷ്ട്രീയ കക്ഷി സംഘടിപ്പിക്കുന്ന പൊതുയോഗങ്ങളിൽ തങ്ങളുടെ കക്ഷിയുടെ ലഘുലേഖ വിതരണം ചെയ്തോ, ചോദ്യങ്ങൾ ഉന്നയിച്ചോ, രേഖാമൂലമായോ കുഴപ്പങ്ങൾ ഉണ്ടാക്കാൻ പാടില്ല. ഒരു കക്ഷിയുടെ യോഗം നടക്കുന്ന സ്ഥലത്ത് കൂടി മറ്റൊരു രാഷ്ട്രീയ കക്ഷി ജാഥ നടത്താൻ പാടില്ല. ഒരു കക്ഷിയുടെ ചുവർ പരസ്യങ്ങൾ മറ്റു കക്ഷികളുടെ പ്രവർത്തകർ നീക്കം ചെയ്യരുത്.

യോഗം നടത്താനുദ്ദേശിക്കുന്ന സ്ഥലത്ത് നിയന്ത്രണ ഉത്തരവോ നിരോധനാജ്ഞയോ പ്രാബല്യത്തിൽ ഇല്ലെന്ന് ഉറപ്പ് വരുത്തണം. അത്തരത്തിലുള്ള ഉത്തരവുണ്ടെങ്കിൽ കർശനമായി പാലിക്കേണ്ടതാണ്. ഇവയിൽ നിന്ന് ഒഴിവാക്കപ്പെടാൻ മുൻകൂർ അനുമതി നേടണം.

പൊതുയോഗങ്ങൾ തടസ്സപ്പെടുത്തുകയോ, ക്രമരഹിതമായി പ്രവർത്തിക്കുകയോ അതിന് പ്രേരിപ്പിക്കുകയോ ചെയ്യുന്നവർക്ക് മൂന്ന് മാസം വരെ തടവോ ആയിരം രൂപ പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ ശിക്ഷ ലഭിക്കും. തിരഞ്ഞെടുപ്പ് വിജ്ഞാപനം പുറപ്പെടുവിച്ച തീയതി മുതൽ വോട്ടെടുപ്പ് ദിനം വരെ ആ നിയോജകമണ്ഡലത്തിലോ വാർഡിലോ നടത്തുന്ന രാഷ്ട്രീയ സ്വഭാവമുള്ള എത് പൊതുയോഗത്തിലും ഇത് ബാധകമാണ്. യോഗം നടത്തുന്നതിന് ഉച്ചഭാഷിണിയോ മറ്റു സൗകര്യങ്ങളോ ഉപയോഗിക്കുന്നതിന് അനുവാദം ആവശ്യമായാൽ പാർട്ടിയോ സ്ഥാനാർത്ഥിയോ മുൻകൂറായി അനുവാദം വാങ്ങണം.

സർക്കാരിന്റേയോ സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളുടേയോ ഉടമസ്ഥതയുള്ള ഹാളുകളിൽ യോഗം നടത്താൻ അനുവദിച്ചാൽ എല്ലാ രാഷ്ട്രീയ കക്ഷികൾക്കും തുല്യ അവസരം നൽകണം. യോഗം അവസാനിച്ചാൽ അവിടെ സ്ഥാപിച്ച പ്രചരണ സാമഗ്രികളെല്ലാം സംഘാടകർ നീക്കം ചെയ്യേണ്ടതാണ്.

വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മൈതാനങ്ങൾ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട രാഷ്ട്രീയ പ്രചരണങ്ങൾക്കോ റാലികൾക്കോ ഉപയോഗിക്കരുതെന്നും തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശിക്കുന്നു. ജാഥകളും പൊതുയോഗങ്ങളും നിലവിലുള്ള നിയമവ്യവസ്ഥകളും ഹൈക്കോടതിയുടേയും സുപ്രീംകോടതിയുടേയും ഉത്തരവുകളും അനുസരിച്ചുമായിരിക്കണം.

***(എസ്.ഇ.സി...106/2015)***

**(തുടരുന്നു....2/3)**

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ പത്രക്കുറിപ്പ്** (15.10.2015)

## തദ്ദേശ ഭരണ തിരഞ്ഞെടുപ്പ് : 1,30,597 പത്രികകൾ ലഭിച്ചു

തദ്ദേശ ഭരണ തിരഞ്ഞെടുപ്പിൻെറ നാമനിർദ്ദേശ പത്രിക സമർപ്പണം പൂർത്തിയായപ്പോൾ സംസ്ഥാനത്ത് ആകെ 1,30,597 പത്രികകളാണ് ലഭിച്ചിട്ടുള്ളത്. 18,651 പത്രികകൾ ലഭിച്ച മലപ്പുറം ജില്ലയാണ് പത്രികാ സമർപ്പണ ത്തിൽ മുൻപന്തിയിൽ. കഴിഞ്ഞ തദ്ദേശ ഭരണ തിരഞ്ഞെടുപ്പിലും ഏറ്റവും കൂടുതൽ പത്രിക നല്കിയത് മലപ്പുറം ജില്ലയായിരുന്നു. കഴിഞ്ഞ തിരഞ്ഞെടുപ്പിൻെറ ആവർത്തനമെന്നവണ്ണം ഏറ്റവും കുറവ് പത്രികകൾ ലഭിച്ചത് വയനാട് ജില്ലയിലാണ്. 4,775 പത്രികകളാണ് വയനാട് ജില്ലയിൽ നിന്നും ലഭിച്ചിട്ടുള്ളത്.

സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തിലേക്ക് 54,321 ഉം, ബ്ലോക്ക് പഞ്ചായത്തിലേക്ക് 8,834 ഉം, ജില്ലാ പഞ്ചായ ത്തിലേക്ക് 1,710 ഉം പത്രികകളാണ് ലഭിച്ചത്. മുൻസിപ്പാലിറ്റിയിലേക്ക് 12,348 ഉം, കോർപ്പറേഷനിലേക്ക് 2,600 ഉം പത്രികകൾ ലഭിച്ചു. വിശദാംശങ്ങൾ ചുവടെ.

| ജില്ല | ആകെ |
|---|---|
| തിരുവനന്തപുരം | 12564 |
| കൊല്ലം | 9262 |
| പത്തനംതിട്ട | 6063 |
| ആലപ്പുഴ | 10752 |
| കോട്ടയം | 4939 |
| ഇടുക്കി | 6706 |
| എറണാകുളം | 10302 |
| തൃശ്ശൂർ | 8528 |
| പാലക്കാട് | 11671 |
| മലപ്പുറം | 18651 |
| കോഴിക്കോട് | 11814 |
| വയനാട് | 4775 |
| കണ്ണൂർ | 9275 |
| കാസർഗോഡ് | 5295 |
| ആകെ | 130597 |

നാമനിർദ്ദേശപത്രികകളുടെ സൂക്ഷ്മപരിശോധന ഇന്നലെ (ഒക്ടോബർ 15) ബന്ധപ്പെട്ട വരണാധികാരികൾ ആരംഭിച്ചു. സ്ഥാനാർത്ഥികളുടെ യോഗ്യത സംബന്ധിച്ച് തർക്കമുള്ള സംഗതികളിൽ അതിന്മേലുള്ള തീർപ്പ് നാളെ പ്രഖ്യാപിക്കുന്നതാണ്.

*( എസ്.ഇ.സി...107/2015)*

GRAMS:
KERELECOM
E-mail:
electionker@gmail.com
Website:
www.sec.kerala.gov.in

# പത്രക്കുറിപ്പ്

TELEPHONE:
0471-2338288,2321233
FAX: 0471-2338288
0471-2334130

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

14th October 2015

## നാമനിർദ്ദേശപത്രികകളുടെ സൂക്ഷ്മപരിശോധന ഇന്ന്

തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പിന് മത്സരിക്കുന്നതിനുവേണ്ടി സമർപ്പിച്ചിട്ടുള്ള നാമനിർദ്ദേശപത്രികകളുടെ സൂക്ഷ്മപരിശോധന ഇന്ന് നടക്കും ബന്ധപ്പെട്ട വരണാധികാരികളാണ് സൂക്ഷ്മപരിശോധന നടത്തുക. സൂക്ഷ്മപരിശോധനാ സമയത്ത് സ്ഥാനാർത്ഥിക്കും, തിരഞ്ഞെടുപ്പ് ഏജന്റിനും, സ്ഥാനാർത്ഥിയുടെ ഒരു നിർദ്ദേശകനും സ്ഥാനാർത്ഥി രേഖമൂലം അധികാരപ്പെടുത്തിയ മറ്റൊരാൾക്കും ഹാജരാകാവുന്നതാണ്. സൂക്ഷ്മപരിശോധനാ സമയം എല്ലാ സ്ഥാനാർത്ഥികളുടെടേയും നാമനിർദ്ദേശപത്രികകൾ പരിശോധിക്കുന്നതിനുള്ള സൗകര്യം മേൽപ്പറഞ്ഞവർക്ക് ലഭിക്കുന്നതാണ്.

ഒരു സ്ഥാനാർത്ഥിയുടെ യോഗ്യതയോ അയോഗ്യതയോ നാമനിർദ്ദേശപത്രിക പരിശോധനയ്ക്കായി നിശ്ചയിച്ച ദിവസുമായി ബന്ധപ്പെടുത്തിയാണ് പരിശോധിക്കേണ്ടത്. എന്നാൽ നാമനിർദ്ദേശപത്രിക സമർപ്പിക്കുന്ന ദിവസം 21 വയസ്സ് പൂർത്തിയായിരിക്കേണ്ടതുമാണ്. സൂക്ഷ്മപരിശോധനയ്ക്കുശേഷം സ്ഥാനാർത്ഥികളുടെ പട്ടിക അക്ഷരമാലാക്രമത്തിൽ ഫാറം നമ്പർ 4-ൽ തയ്യാറാക്കേണ്ടതാണ്.

വരണാധികാരിയ്ക്ക് ലഭിച്ചിട്ടുള്ള എല്ലാ നാമനിർദ്ദേശപത്രികകളും ഓരോന്നായി സൂക്ഷ്മപരിശോധന നടത്തേണ്ടതാണ്. ഒരു സ്ഥാനാർത്ഥിയോ അഥവാ സ്ഥാനാർത്ഥിക്കുവേണ്ടിയോ ഒന്നിലധികം നാമനിർദ്ദേശപത്രിക സമർപ്പിച്ചിട്ടുണ്ടെങ്കിൽ അവയെല്ലാം ഒരുമിച്ചെടുത്തശേഷം സൂക്ഷ്മപരിശോധന നടത്തേണ്ടതാണ്. ഏതെങ്കിലും ഒരു നാമനിർദ്ദേശ പത്രികയിൽ കാണുന്ന നിസ്സാര തെറ്റ്, അതായത് പട്ടികയിലെ പാർട്ട് നമ്പർ, ക്രമ നമ്പർ, സ്ഥാനാർത്ഥിയുടെ പേര്, വയസ്സ് എന്നിവ അവഗണിക്കേണ്ടതാണ്. ഒരു സ്ഥാനാർത്ഥിയുടെ നാമനിർദ്ദേശപത്രിക സാധുവാണെന്ന് കണ്ടതിനാൽ അയാളെത്തന്നെ സംബന്ധിക്കുന്ന മറ്റു നാമനിർദ്ദേശപത്രികകൾ സൂക്ഷ്മപരിശോധന നടത്താതെ വിട്ടുകളയാൻ പാടില്ല.

നാമനിർദ്ദേശപത്രിക സൂക്ഷ്മപരിശോധന നടത്തുമ്പോൾ പ്രധാനപ്പെട്ട ഒരു അർദ്ധനീതിന്യായ സ്വഭാവമുള്ള ചുമതലയാണ് വരണാധികാരി നിർവ്വഹിക്കുന്നത്. അതിനാൽ ഈ കർത്തവ്യം നിറവേറ്റുമ്പോൾ വരണാധികാരി ഒരു നീതിപാലകന്റെ ഉയർന്ന മാനദണ്ഡങ്ങൾക്കനുസൃതമായി തിരുമാനമെടുക്കേണ്ടതുണ്ട്. വ്യക്തിപരമോ രാഷ്ട്രീയമോ ആയ മാനസികനിലപാട് വരണാധികാരിയുടെ നടപടികളെയോ തീരുമാനങ്ങളെയോ സ്വാധീനിക്കാൻ അനുവദിക്കരുത്. നിർഭയമായും നിഷ്പക്ഷമായും തീരുമാനമെടുക്കണം എന്നാണ് ബന്ധപ്പെട്ട നിയമങ്ങൾ അനുശാസിക്കുന്നത്.

ഏതെങ്കിലും നാമനിർദ്ദേശപത്രികയെക്കുറിച്ച് തടസ്സവാദം ഉന്നയിക്കപ്പെട്ടാൽ അതേപ്പറ്റി തീർപ്പാക്കുന്നതിന് വരണാധികാരി ഒരു സംക്ഷിപ്ത അന്വേഷണം നടത്തേണ്ടതും ആ നാമനിർദ്ദേശപത്രിക പരിഗണിച്ച് സാധുവാണെന്നോ അല്ലെന്നോ ഉത്തരവാകേണ്ടതുമാണ്. ഓരോന്നിലും, പ്രത്യേകിച്ച് തടസ്സവാദമുന്നയിക്കപ്പെട്ടിട്ടില്ലെങ്കിലും നാമനിർദ്ദേശപത്രിക തള്ളുകയാണെങ്കിൽ വരണാധികാരിയുടെ തീരുമാനം കാര്യകാരണ സഹിതം ബോദ്ധ്യപ്പെടുത്തേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

*(എസ്.ഇ.സി...102/2015)*

**(തുടരുന്നു....1/2)**

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ പത്രക്കുറിപ്പ്** **(14.10.2015)**

## നാമനിർദ്ദേശപത്രിക നിരസിക്കുന്നതിനുള്ള കാരണങ്ങൾ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തിരഞ്ഞെടുപ്പിന് സ്ഥാനാർത്ഥികളുടെ നാമനിർദ്ദേശ പത്രിക നിരസിക്കുന്നതിനുള്ള മതിയായ കാരണങ്ങൾ കേരള പഞ്ചായത്ത് രാജ് ആക്റ്റിലും കേരള മുനിസിപ്പാലിറ്റി ആക്റ്റിലും വ്യക്തമാക്കിയിട്ടുണ്ട്. ഇതനുസരിച്ച് നാമനിർദ്ദേശപത്രിക സമർപ്പിച്ച് സ്ഥാനാർത്ഥി ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനത്തിലെ അംഗമാകാൻ നിയമാനുസൃതം യോഗ്യനല്ലെന്നോ ആ സ്ഥാനാർത്ഥി അപ്രകാരം ബന്ധപ്പെട്ട പഞ്ചായത്തിലെയോ മുനിസിപ്പാലിറ്റിയിലെയോ അംഗമാകുന്ന കാര്യത്തിൽ അയോഗ്യനാണെന്നോ വ്യക്തമായാൽ നാമ നിർദ്ദേശപത്രിക നിരസിക്കപ്പെടുന്നതാണ്.

നാമനിർദ്ദേശപത്രിക സമർപ്പിക്കുന്നതിന് വിജ്ഞാപനം ചെയ്യപ്പെട്ട ഏതെങ്കിലും ദിവസങ്ങളിൽ മൂന്ന് മണിക്ക് ശേഷം സമർപ്പിക്കുവാൻ പാടില്ല. സ്ഥാനാർത്ഥിക്കോ അല്ലെങ്കിൽ അദ്ദേഹത്തെ നാമനിർദ്ദേശം ചെയ്യുന്നയാളോ അല്ലാതെ മറ്റാരെങ്കിലും നാമനിർദ്ദേശപത്രിക സമർപ്പിക്കരുത്.

നാമനിർദ്ദേശപത്രിക നിശ്ചിത 2-ാം നമ്പർ ഫോറത്തിൽ തന്നെ സമർപ്പിക്കേണ്ടതാണ്. നാമനിർദ്ദേശപത്രിക യിൽ സ്ഥാനാർത്ഥിയും നാമനിർദ്ദേശം ചെയ്തയാളും ഒപ്പിട്ടിരിക്കേണ്ടതാണ്. സ്ഥാനാർത്ഥി മത്സരിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ഏതെങ്കിലും നിയോജകമണ്ഡലം (വാർഡിലെ) വോട്ടർ ആയിരിക്കേണ്ടതും എന്നാൽ നാമനിർദ്ദേശം ചെയ്യുന്നയാൾ സ്ഥാനാർത്ഥി മത്സരിക്കുന്ന നിയോജകമണ്ഡലത്തിലെയോ വാർഡിലെയോ വോട്ടർ ആയിരിക്കേണ്ടതാണ്.

ഒരാൾ ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ഒന്നിലധികം നിയോജകമണ്ഡലങ്ങളിലേയ്ക്ക് നാമനിർദ്ദേശ പത്രിക സമർപ്പിക്കാൻ പാടില്ല. കൂടാതെ സ്ഥാനാർത്ഥി യഥാവിധി പണം കെട്ടിവെയ്ക്കുകയും, സത്യപ്രതിജ്ഞ അല്ലെങ്കിൽ ദൃഢപ്രതിജ്ഞ എടുക്കുകയും വേണം. വനിതയ്ക്കോ പട്ടികജാതിയ്ക്കോ പട്ടികവർഗ്ഗത്തിനോ ആയി സംവരണം ചെയ്തിട്ടുള്ള നിയോജകമണ്ഡലത്തിലേയ്ക്ക് ഈ വിഭാഗത്തിൽപ്പെടാത്തവർ പത്രിക സമർപ്പിക്കരുത്. സ്ഥാനാർത്ഥി നാമനിർദ്ദേശപത്രികയിൽ വയസ്സ് കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്. സ്ഥാനാർത്ഥി വേറെ ഏതെങ്കിലും നിയോജകമണ്ഡലത്തിലെ സമ്മതിദായകനായിരിക്കുന്നിടത്ത് ബന്ധപ്പെട്ട വോട്ടർ പട്ടികയോ, പ്രസക്ത ഭാഗമോ, പ്രസക്ത ഭാഗത്തിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പോ നാമനിർദ്ദേശപത്രികക്കൊപ്പമോ അല്ലെങ്കിൽ സൂക്ഷ്മ പരിശോധനാ സമയത്തോ ഹാജരാക്കേണ്ടതുമാണ്. ഒരു സ്ഥാനാർത്ഥി സമർപ്പിച്ച എല്ലാ നാമനിർദ്ദേശപത്രികകളും തള്ളുകയാണെങ്കിൽ അതിനുള്ള കാരണങ്ങൾ ഉടൻ തന്നെ രേഖപ്പെടുത്തി ഉത്തരവിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് നൽകുന്നതാണ്.

ഏതെങ്കിലും ഒരു നാമനിർദ്ദേശപത്രിക സ്വീകരിച്ചിട്ടുണ്ടെങ്കിൽ തള്ളിയ പത്രികകളെ സംബന്ധിച്ച് ഉത്തരവിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സ്ഥാനാർത്ഥി ആവശ്യപ്പെട്ടാൽ നൽകേണ്ടതാണ്. സ്വീകരിക്കപ്പെട്ട നാമ നിർദ്ദേശപത്രികളുടെ കാര്യത്തിൽ അവ സ്വീകരിയ്ക്കാനിടയായ കാരണങ്ങൾ വരണാധികാരി വ്യക്തമാക്കണമെന്നില്ല. എന്നാൽ ഒരു നാമനിർദ്ദേശ പത്രിക സ്വീകരിപ്പെടുന്നതിൽ ആക്ഷേപം ഉന്നയിച്ചിട്ടുള്ള സംഗതികളിൽ പ്രസ്തുത ആക്ഷേപം നിരസിച്ചുകൊണ്ട് എന്തുകൊണ്ട് പത്രിക സ്വീകരിക്കപ്പെട്ടു എന്ന കാര്യം വരണാധികാരി വ്യക്തമാക്കേ ണ്ടതുണ്ട്.

*(എസ്.ഇ.സി.. 103/2015)*

GRAMS:
KERELECOM
E-mail:
electionker@gmail.com
Website:
www.sec.kerala.gov.in

# പത്രക്കുറിപ്പ്

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

TELEPHONE:
0471-2338288,2321233
FAX: 0471-2338288
0471-2334130

13th October 2015

## ഔദ്യോഗിക വാഹനം ഔദ്യോഗികാവശ്യങ്ങൾക്കുമാത്രം: തിരഞ്ഞെടുപ്പ് കമ്മീഷൻ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള പൊതു തിരഞ്ഞെടുപ്പിനോടനുബന്ധിച്ച് നിലവിൽ വന്ന പെരുമാറ്റച്ചട്ട പ്രകാരം ഔദ്യോഗിക വാഹനം, ഔദ്യോഗികമായ ആവശ്യങ്ങൾക്കു മാത്രമേ ഉപയോഗിക്കാവൂ എന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശിച്ചു. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ അംഗങ്ങളും, ഭാരവാഹികളും ഇതിനു വിരുദ്ധമായി പ്രവർത്തിക്കുന്നത്കമ്മീഷൻെറ ശ്രദ്ധയിൽപ്പെട്ടതിനാലാണ് കർശന നടപടി. വാഹനങ്ങൾ, ഔദ്യോഗികാവശ്യത്തിനല്ലാതെ ഉപയോഗിക്കുന്നതും, ഔദ്യോഗികാവശ്യത്തിനെന്ന വ്യാജേന തിരഞ്ഞെടുപ്പ് പ്രചരണത്തിന് ഉപയോഗിക്കുന്നതും കർശനമായി തടയുന്നതിന് സത്വര നടപടികൾ സ്വീകരിക്കുവാൻ എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കും കമ്മീഷൻ നിർദ്ദേശം നല്കി.

*(എസ്.ഇ.സി...98/2015)*

## തിരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം: സംശയ നിവാരണത്തിനായി മോണിറ്ററിംഗ് സെൽ രൂപീകരിച്ചു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് നടത്തുന്ന പൊതു തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് നിലവിൽ വന്ന പെരുമാറ്റ ചട്ടങ്ങളെ സംബന്ധിച്ച സംശയ നിവാരണത്തിനായി സംസ്ഥാന തിരഞ്ഞെടുപ്പു കമ്മീഷനിൽ മോണിറ്ററിംഗ് സെൽ രൂപീകരിച്ചു. രാഷ്ട്രീയ പാർട്ടി പ്രതിനിധികളിൽ നിന്നും സ്ഥാനാർത്ഥികളിൽ നിന്നും പൊതുജനങ്ങളിൽ നിന്നും പെരുമാറ്റച്ചട്ടവുമായി ബന്ധപ്പെട്ട സംശയങ്ങളും പരാതികളും ലഭിച്ചുവരുന്ന സാഹചര്യത്തിലാണ് ഈ തീരുമാനം. സംശയ നിവാരണം നടത്തുന്നതിനും, പരാതികളിൻമേൽ തുടർ നടപടി നിർദ്ദേശിക്കുന്നതിനും ആവശ്യമുള്ള വിശദീകരണം ലഭിക്കുന്നതിനുമായി ചുവടെ പറയുന്ന നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

| പേര് | സ്ഥാനപ്പേര് | ലാന്റ് ഫോൺ നമ്പർ | മൊബൈൽ നമ്പർ |
|---|---|---|---|
| എൻ.ഇ.മേഘനാദ് | കൺസൽട്ടന്റ് | 0471- 2326148 | 8281000128 |
| പി.ഒ.ജോസ് | ലാ ഓഫീസർ | 0471- 2334733 | 8281000122 |
| എം.എസ്.ശ്രീകല | സെക്ഷൻ ഓഫീസർ | 0471- 2325048 | 8281000131 |

ഫോണിലൂടെയും മറ്റുമുള്ള സംശയങ്ങൾക്കും, പരാതികൾക്കും മറുപടി നല്കുന്നതിനായുള്ള സംശയനിവാരണ/പരാതി പരിഹാര സെല്ലിൽ താഴെ കൊടുത്തിരിക്കുന്നനമ്പറുകളിൽ ബന്ധപ്പെടാം.

| പേര് | സ്ഥാനപ്പേര് | ലാന്റ് ഫോൺ നമ്പർ | മൊബൈൽ നമ്പർ |
|---|---|---|---|
| കെ.റ്റി.ജോർജ് | കമ്മീഷണറുടെ പി.എസ് | 0471- 2320765 | 8281000129 |
| കെ.വി.മുരളീധരൻ | അഡീഷണൽ സെക്രട്ടറി | 0471- 2334734 | 8281000120 |
| ഈപ്പൻ ഫ്രാൻസിസ് | ജോയിന്റ് സെക്രട്ടറി | 0471- 2325058 | 8281000125 |
| സി.രാധാകൃഷ്ണകുറുപ്പ് | ജോയിന്റ് സെക്രട്ടറി | 0471- 2320516 | 8281000126 |

*(എസ്.ഇ.സി...99/2015)*

(തുടരുന്നു....1/2)

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ പത്രക്കുറിപ്പ്** **(13.10.2015)**

## വോട്ടെണ്ണൽ കേന്ദ്രങ്ങളിൽ ആവശ്യമായ കമ്പ്യൂട്ടർ സിസ്റ്റം ഉറപ്പുവരുത്താൻ നിർദ്ദേശം

തദ്ദേശ സ്വയംഭരണ സ്ഥാപന തിരഞ്ഞെടുപ്പിനായി നിശ്ചയിച്ചിട്ടുള്ള വോട്ടെണ്ണൽ കേന്ദ്രങ്ങളിൽ ആവശ്യമായ കമ്പ്യൂട്ടർ സിസ്റ്റം ഉണ്ടെന്ന് ഉറപ്പുവരുത്തണമെന്ന് തിരഞ്ഞെടുപ്പു കമ്മീഷൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി. ബ്ലോക്ക് അടിസ്ഥാനത്തിൽ ഒരുക്കുന്ന സ്വീകരണ - വിതരണ - വോട്ടെണ്ണൽ കേന്ദ്രങ്ങളിൽ പ്രവർത്തനക്ഷമമായതും, ഇന്റർനെറ്റ് സൗകര്യമുള്ളതുമായ ആറ് കമ്പ്യൂട്ടറുകൾ ഉണ്ടായിരിക്കണം. മുനിസിപ്പാലിറ്റി കോർപ്പറേഷൻ തല കേന്ദ്രങ്ങളിൽ നാല് വീതം കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ഉണ്ടായിരിക്കണം. ഇവ സജ്ജീകരിക്കുവാൻ എല്ലാ ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസർമാർക്കും, മുനിസിപ്പാലിറ്റി- കോർപ്പറേഷൻ സെക്രട്ടറിമാർക്കും നിർദ്ദേശം നൽകാൻ ഗ്രാമവികസന കമ്മീഷണറോടും, നഗരകാര്യ ഡയറക്ടറോടും കമ്മീഷൻ ആവശ്യപ്പെട്ടു.

*(എസ്.ഇ.സി...100/2015)*

## നാമനിർദ്ദേശപത്രിക സമർപ്പണം ഇന്ന് അവസാനിക്കും

തദ്ദേശഭരണ തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിന് നാമനിർദ്ദേശപത്രിക സമർപ്പിക്കുന്നതിനുള്ള അവസാന ദിവസം ഇന്ന് (ഒക്ടോബർ 14) ആണ്. ബന്ധപ്പെട്ട വരണാധികാരിയുടേയോ, അസിസ്റ്റന്റ് വരണാധികാരിയുടേയോ മുമ്പാകെ ഇന്ന് രാവിലെ 11 മണി മുതൽ ഉച്ചക്കുശേഷം മൂന്ന് മണി വരെ പത്രിക സമർപ്പിക്കാം. നിശ്ചിത സമയത്തിനുള്ളിൽ നാമനിർദ്ദേശപത്രിക സമർപ്പിക്കുന്നതിനായി വരണാധികാരി യുടെയോ അസിസ്റ്റന്റ് വരണാധികാരിയുടെയോ ഓഫീസിൽ സന്നിഹിതരായിട്ടുള്ളവരുടെ പത്രികകൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ മൂന്ന് മണിക്കുള്ളിൽ തന്നെ സ്വീകരിയ്ക്കേണ്ടതാണെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശിച്ചു. ഒക്ടോബർ 15-ന് ആണ് സൂക്ഷ്മപരിശോധന. പത്രിക പിൻവലിക്കാനുള്ള അവസാന ദിവസം ഒക്ടോബർ 17 ആണ്.

*(എസ്.ഇ.സി...101/2015)*

GRAMS:
KERELECOM
E-mail:
electionker@gmail.com
Website:
www.sec.kerala.gov.in

# പത്രക്കുറിപ്പ്

TELEPHONE:
0471-2338288,2321233
FAX: 0471-2338288
0471-2334130

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

**12th October 2015**

## ചിഹ്നം അനുവദിക്കൽ : രാഷ്ട്രീയ കക്ഷി അധികാരപ്പെടുത്തിയവരുടെ വിവരം അറിയിക്കണം

രാഷ്ട്രീയ പാർട്ടി സ്ഥാനാർത്ഥികൾക്ക് ചിഹ്നം അനുവദിക്കുന്നതിനുവേണ്ടി പാർട്ടി അധികാരപ്പെടുത്തിയവരുടെ വിവരം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനെയോ ബന്ധപ്പെട്ട ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥനെയോ, വരണാധികാരിയേയോ, അടിയന്തിരമായി അറിയിക്കണമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. ഇതിനകം ഇതു സംബന്ധിച്ച് കമ്മീഷന് ലഭിച്ച വിവരങ്ങൾ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കു നൽകിയിട്ടുണ്ട്. പാർട്ടി അധികാരപ്പെടുത്തിയവർ ഒക്ടോബർ 17 നു വൈകുന്നേരം മൂന്നു മണിക്ക് മുമ്പ് ബന്ധപ്പെട്ട വരണാധികാരിക്ക് പാർട്ടി ചിഹ്നം അനുവദിക്കുന്നതിനുള്ള ശുപാർശ കത്ത് നൽകേണ്ടതാണ്. അധികാരപ്പെടുത്തിയയാൾ ഒപ്പിട്ടിട്ടുള്ള കത്തുകൾക്ക് മാത്രമേ സാധുതയുണ്ടായിരിക്കുകയുള്ളുവെന്നും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ അറിയിപ്പിൽ പറയുന്നു.

*(എസ്.ഇ.സി. 93 /2015)*

## പട്ടികജാതി പട്ടികവർഗ്ഗക്കാർ കെട്ടിവെയ്ക്കേണ്ട തുക

തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥിയാകുന്നതിനുള്ള നാമനിർദ്ദേശ പത്രികയ്ക്കൊപ്പം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർ കെട്ടിവെയ്ക്കേണ്ട നിക്ഷേപതുക നിശ്ചിത തുകയുടെ 50 ശതമാനമായിരിക്കുമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ വ്യക്തമാക്കി. ഇതനുസരിച്ച് ഗ്രാമപഞ്ചായത്തിൽ 500 ഉം ബ്ലോക്ക് പഞ്ചായത്തിൽ 1,000 ഉം ജില്ലാ പഞ്ചായത്തിൽ 1,500 ഉം മുനിസിപ്പാലിറ്റിയിൽ 1,000 ഉം കോർപ്പറേഷനിൽ 1,500 ഉം രൂപയാണ് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സ്ഥാനാർത്ഥി കെട്ടിവെയ്ക്കേണ്ട നിക്ഷേപ തുക. ഒരു സ്ഥാനാർത്ഥി ഒന്നിൽ കൂടുതൽ നാമനിർദ്ദേശ പത്രിക സമർപ്പിച്ചാലും നിക്ഷേപ തുക ഒന്നിനു മാത്രം മതിയാകും.

*(എസ്.ഇ.സി. 94/2015)*

## വരണാധികാരികൾക്ക് വോട്ടിംഗ് യന്ത്രത്തിലുള്ള പരിശീലനം 19 – ന് ആരംഭിക്കും

ത്രിതല പഞ്ചായത്ത് തിരഞ്ഞെടുപ്പ് വരണാധികാരികൾക്കും സഹ ഉദ്യോഗസ്ഥർക്കും മൾട്ടി പോസ്റ്റ് വോട്ടിംഗ് യന്ത്രം ഉപയോഗിക്കുന്നത് സംബന്ധിച്ച പരിശീലനം ഒക്ടോബർ 19-ന് ആരംഭിച്ച് 21-ന് സമാപിക്കും. ഇത് സംബന്ധിച്ച വിവരങ്ങൾ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കും നൽകി.

*(എസ്.ഇ.സി...95/2015)*

**(തുടരുന്നു....1/2)**

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ പത്രക്കുറിപ്പ്** (12.10.2015)

## പട്ടികജാതി/വർഗ്ഗ വിഭാഗത്തിലുള്ളവരുടെ നാമനിർദ്ദേശപത്രിക സമർപ്പണം

പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോപ്പെട്ടവർക്ക് വേണ്ടി ഒരു സ്ഥാനം സംവരണം ചെയ്യപ്പെട്ടിട്ടുള്ള ഒരു നിയോജകമണ്ഡലത്തിലേയ്ക്കോ ഒരു വാർഡിലേയ്ക്കോ സ്ഥാനാർത്ഥിയായി മത്സരിക്കുന്ന ഒരാൾ അപ്രകാരം സംവരണം ചെയ്തിട്ടുള്ള വിഭാഗത്തിൽപ്പെടുന്ന ഒരാളായിരിക്കണം. ഇത് സംബന്ധിച്ച് അധികാരികതയുള്ള ഉദ്യോഗസ്ഥൻ നൽകിയ ജാതി സർട്ടിഫിക്കറ്റും നാമനിർദ്ദേശപത്രികയോടൊപ്പം ഹാജരാക്കുകയും ജാതി സംബന്ധിച്ച സത്യപ്രസ്താവന നാമനിർദ്ദേശ പത്രികയിൽ ഉൾക്കൊള്ളിക്കുകയും വേണം. എന്നാൽ പ്രസ്തുത സ്ഥാനാർത്ഥിയെ നാമനിർദ്ദേശം ചെയ്യുന്നയാൾ പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോപ്പെട്ടവരായിരിക്കണമെന്നില്ല. അയാൾ മത്സരിക്കുവാൻ ഉദ്ദേശിക്കുന്ന നിയോജകമണ്ഡലത്തിലെ വോട്ടർ പട്ടികയിൽ പേരുള്ള ഏതൊരു സമ്മതിദായകനും നാമനിർദ്ദേശം ചെയ്യാവുന്നതാണ്.

*(എസ്.ഇ.സി...96/2015)*

## രാഷ്ട്രീയ കക്ഷികൾക്ക് ചിഹ്നം അനുവദിക്കുന്നതിന് കത്ത് നൽകേണ്ട തീയതി ദീർഘിപ്പിച്ച് വിജ്ഞാപനമായി

രാഷ്ട്രീയ കക്ഷികളുടെ സ്ഥാനാർത്ഥികൾക്ക് പാർട്ടി ചിഹ്നം അനുവദിക്കുന്നതിനുള്ള ശുപാർശ കത്ത് ബന്ധപ്പെട്ട വരണാധികാരിക്ക് സമർപ്പിക്കുന്നതിനുള്ള സമയപരിധി ഒക്ടോബർ 17-ന് വൈകുന്നേരം മൂന്ന് മണി വരെ ദീർഘിപ്പിച്ചുകൊണ്ട് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ വിജ്ഞാപനം പുറപ്പെടുവിച്ചു.

*(എസ്.ഇ.സി...97/2015)*

GRAMS:
KERELECOM
E-mail:
electionker@gmail.com
Website:
www.sec.kerala.gov.in

# പത്രക്കുറിപ്പ്

TELEPHONE:
0471-2338288,2321233
FAX: 0471-2338288
0471-2334130

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

**11th October 2015**

## ചിഹ്നം അനുവദിക്കൽ :
## രാഷ്ട്രീയ കക്ഷി അധികാരപ്പെടുത്തിയവരുടെ വിവരം അറിയിക്കണം

രാഷ്ട്രീയ പാർട്ടി സ്ഥാനാർത്ഥികൾക്ക് ചിഹ്നം അനുവദിക്കുന്നതിനുവേണ്ടി പാർട്ടി അധികാരപ്പെടുത്തിയവരുടെ വിവരം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനെയോ ബന്ധപ്പെട്ട ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥനെയോ/വരണാധികാരിയേയോ/ അടിയന്തിരമായി അറിയിക്കണമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. ഇതിനകം ഇതു സംബന്ധിച്ച് കമ്മീഷന് ലഭിച്ച വിവരങ്ങൾ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കു നൽകിയിട്ടുണ്ട്. പാർട്ടി അധികാരപ്പെടുത്തിയവർ ഒക്ടോബർ 17 നു വൈകുന്നേരം മൂന്നു മണിക്ക് മുമ്പ് ബന്ധപ്പെട്ട വരണാധികാരിക്ക് പാർട്ടി ചിഹ്നം അനുവദിക്കുന്നതിനുള്ള ശുപാർശ കത്ത് നൽകേണ്ടതാണ്. അധികാരപ്പെടുത്തിയയാൾ ഒപ്പിട്ടിട്ടുള്ള കത്തുകൾക്ക് മാത്രമേ സാധുതയുണ്ടായിരിക്കുകയുള്ളുവെന്നും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ അറിയിപ്പിൽ പറയുന്നു.

*(എസ്.ഇ.സി. 91/2015)*

## ഡീഫെയ്സ്മെന്റ് സ്ക്വാഡ് താലൂക്ക് തലത്തിൽ രൂപീകരിക്കാൻ നിർദ്ദേശം

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ പൊതു തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഡീഫെയ്സ്മെന്റ് സ്ക്വാഡ് ബ്ലോക്ക് തലത്തിൽ എന്നതിനു പകരം താലൂക്ക് തലത്തിൽ തഹസിൽദാർമാരുടെ നേതൃത്വത്തിൽ രൂപീകരിക്കണമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വരണാധികാരികളല്ലാത്ത തഹസിൽദാർമാരെ വേണം ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ ഇതിലേയ്ക്ക് നിയോഗിക്കേണ്ടതെന്നും കമ്മീഷൻ വ്യക്തമാക്കി.

*(എസ്.ഇ.സി. 92 /2015)*

(അവസാനിച്ചു)

GRAMS:
KERELECOM
E-mail:
electionker@gmail.com
Website:
www.sec.kerala.gov.in

# പത്രക്കുറിപ്പ്

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

TELEPHONE:
0471-2338288,2321233
FAX: 0471-2338288
0471-2334130

10th October 2015

## തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തിരഞ്ഞെടുപ്പ് : നാമനിർദ്ദേശപത്രിക സൂക്ഷ്മപരിശോധന ഒക്ടോബർ 15 – ന്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തിരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥികളുടെ നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മപരിശോധന ഒക്ടോബർ 15-ന് ബന്ധപ്പെട്ട വരണാധികാരികൾ നിർവ്വഹിക്കും. സൂക്ഷ്മ പരിശോധനാ സമയത്ത് സ്ഥാനാർത്ഥിക്കും, തിരഞ്ഞെടുപ്പ് ഏജന്റുമാർക്കും, സ്ഥാനാർത്ഥിയുടെ ഒരു നിർദ്ദേശ കനും സ്ഥാനാർത്ഥി രേഖാമൂലം അധികാരപ്പെടുത്തിയ വ്യക്തിക്കും ഹാജരാകാവുന്നതാണ്. സൂക്ഷ്മപരിശോധനാ സമയത്ത് എല്ലാ സ്ഥാനാർത്ഥികളുടേയും നാമനിർദ്ദേശപത്രികകൾ പരിശോധിക്കുന്നതിന് ഇവർക്ക് സൗകര്യം ലഭിക്കും. ഒരു സ്ഥാനാർത്ഥിയുടെ യോഗ്യതയും അയോഗ്യതയും നാമനിർദ്ദേശപത്രിക പരിശോധനക്കായി നിശ്ചയിച്ച ദിവസവുമായി ബന്ധപ്പെടുത്തിയാണ് പരിശോധിക്കുന്നത്. എന്നാൽ നാമനിർദ്ദേശപത്രിക സമർപ്പിക്കുന്ന ദിവസം സ്ഥാനാർത്ഥിക്ക് 21 വയസ്സ് പൂർത്തിയായിരിക്കണം.

ഗുരുതരമായ ന്യൂനതകൾ ഉണ്ടെങ്കിൽ മാത്രമേ നാമനിർദ്ദേശപത്രിക നിരസിക്കുവാൻ പാടുള്ളൂ. വെറും സാങ്കേതിക പിശകുകളും എഴുത്ത് പിശകുകളും അവഗണിക്കുന്നതാണ്. തിരഞ്ഞെടുപ്പ് വർഷം, വാർഡിന്റെ പേര്, വോട്ടർ പട്ടികയിലെ നമ്പർ, ചിഹ്നത്തിന്റെ തിരഞ്ഞെടുക്കൽ, വയസ്സ്, പേര് എന്നിവയിലെ ചില പൊരുത്തക്കേടുകൾ തുടങ്ങി നിസ്സാര കാരണങ്ങൾ പരിശോധനയിൽ അവഗണിക്കും. തെറ്റുകളിൽ പലതും പത്രിക സമർപ്പിക്കുന്ന സമയത്ത് തിരുത്താൻ കഴിയുന്നവ ആണെങ്കിൽ തിരുത്തിക്കേണ്ടതാണ്. മത്സരിക്കുന്നതിനുള്ള ഡെപ്പോസിറ്റ് യഥാവിധി കെട്ടിവെച്ചുവെന്ന് വരണാധികാരി ഉറപ്പ് വരുത്തേണ്ടതാണ്.

*(എസ്.ഇ.സി.. 88/2015)*

## നാമനിർദ്ദേശപത്രിക നിരസിക്കുന്നതിനുള്ള കാരണങ്ങൾ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തിരഞ്ഞെടുപ്പിന് സ്ഥാനാർത്ഥികളുടെ നാമനിർദ്ദേശ പത്രിക നിരസിക്കുന്നതിനുള്ള മതിയായ കാരണങ്ങൾ കേരള പഞ്ചായത്ത് രാജ് ആക്റ്റിലും കേരള മുനിസിപ്പാലിറ്റി ആക്റ്റിലും വ്യക്തമാക്കിയിട്ടുണ്ട്. ഇതനുസരിച്ച് നാമനിർദ്ദേശപത്രിക സമർപ്പിച്ച് സ്ഥാനാർത്ഥി ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനത്തിലെ അംഗമാകാൻ നിയമാനുസൃതം യോഗ്യനല്ലെന്നോ ആ സ്ഥാനാർത്ഥി അപ്രകാരം ബന്ധപ്പെട്ട പഞ്ചായത്തിലെയോ മുനിസിപ്പാലിറ്റിയിലെയോ അംഗമാകുന്ന കാര്യത്തിൽ അയോഗ്യനാണെന്നോ വ്യക്തമായാൽ നാമ നിർദ്ദേശപത്രിക നിരസിക്കപ്പെടുന്നതാണ്.

നാമനിർദ്ദേശപത്രിക സമർപ്പിക്കുന്നതിന് വിജ്ഞാപനം ചെയ്യപ്പെട്ട ഏതെങ്കിലും ദിവസങ്ങളിൽ മൂന്ന് മണിക്ക് ശേഷം സമർപ്പിക്കുവാൻ പാടില്ല. സ്ഥാനാർത്ഥിക്കോ അല്ലെങ്കിൽ അദ്ദേഹത്തെ നാമനിർദ്ദേശം ചെയ്യുന്നയാളോ അല്ലാതെ മറ്റാരെങ്കിലും നാമനിർദ്ദേശപത്രിക സമർപ്പിക്കരുത്.

(തുടരുന്നു.....1/2)

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ പത്രക്കുറിപ്പ്** **(10.10.2015)**

നാമനിർദ്ദേശപത്രിക നിശ്ചിത 2-ാം നമ്പർ ഫോറത്തിൽ തന്നെ സമർപ്പിക്കേണ്ടതാണ്. നാമനിർദ്ദേശപത്രികയിൽ സ്ഥാനാർത്ഥിയും നാമനിർദ്ദേശം ചെയ്തയാളും ഒപ്പിട്ടിരിക്കേണ്ടതാണ്. സ്ഥാനാർത്ഥി മത്സരിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ഏതെങ്കിലും നിയോജകമണ്ഡലം (വാർഡിലെ) വോട്ടർ ആയിരിക്കേണ്ടതും എന്നാൽ നാമനിർദ്ദേശം ചെയ്യുന്നയാൾ സ്ഥാനാർത്ഥി മത്സരിക്കുന്ന നിയോജകമണ്ഡലത്തിലെയോ വാർഡിലെയോ വോട്ടർ ആയിരിക്കേണ്ടതാണ്.

ഒരാൾ ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ഒന്നിലധികം നിയോജകമണ്ഡലങ്ങളിലേയ്ക്ക് നാമനിർദ്ദേശ പത്രിക സമർപ്പിക്കാൻ പാടില്ല. കൂടാതെ സ്ഥാനാർത്ഥി യഥാവിധി പണം കെട്ടിവെയ്ക്കുകയും, സത്യപ്രതിജ്ഞ അല്ലെങ്കിൽ ദൃഢപ്രതിജ്ഞ എടുക്കുകയും വേണം. വനിതയ്ക്കോ പട്ടികജാതിയ്ക്കോ പട്ടികവർഗ്ഗത്തിനോ ആയി സംവരണം ചെയ്തിട്ടുള്ള നിയോജകമണ്ഡലത്തിലേയ്ക്ക് ഈ വിഭാഗത്തിൽപ്പെടാത്തവർ പത്രിക സമർപ്പിക്കരുത്. സ്ഥാനാർത്ഥി നാമനിർദ്ദേശപത്രികയിൽ വയസ്സ് കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്. സ്ഥാനാർത്ഥി വേറെ ഏതെങ്കിലും നിയോജകമണ്ഡലത്തിലെ സമ്മതിദായകനായിരിക്കുന്നിടത്ത് ബന്ധപ്പെട്ട വോട്ടർ പട്ടികയോ, പ്രസക്ത ഭാഗമോ, പ്രസക്ത ഭാഗത്തിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പോ നാമനിർദ്ദേശപത്രികക്കൊപ്പമോ അല്ലെങ്കിൽ സൂക്ഷ്മ പരിശോധനാ സമയത്തോ ഹാജരാക്കേണ്ടതുമാണ്. ഒരു സ്ഥാനാർത്ഥി സമർപ്പിച്ച എല്ലാ നാമനിർദ്ദേശപത്രികകളും തള്ളുകയാണെങ്കിൽ അതിനുള്ള കാരണങ്ങൾ ഉടൻ തന്നെ രേഖപ്പെടുത്തി ഉത്തരവിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് നൽകുന്നതാണ്.

ഏതെങ്കിലും ഒരു നാമനിർദ്ദേശപത്രിക സ്വീകരിച്ചിട്ടുണ്ടെങ്കിൽ തള്ളിയ പത്രികകളെ സംബന്ധിച്ച് ഉത്തരവിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സ്ഥാനാർത്ഥി ആവശ്യപ്പെട്ടാൽ നൽകേണ്ടതാണ്. സ്വീകരിക്കപ്പെട്ട നാമനിർദ്ദേശപത്രികളുടെ കാര്യത്തിൽ അവ സ്വീകരിയ്ക്കാനിടയായ കാരണങ്ങൾ വരണാധികാരി വ്യക്തമാക്കണമെന്നില്ല. എന്നാൽ ഒരു നാമനിർദ്ദേശ പത്രിക സ്വീകരിപ്പെടുന്നതിൽ ആക്ഷേപം ഉന്നയിച്ചിട്ടുള്ള സംഗതികളിൽ പ്രസ്തുത ആക്ഷേപം നിരസിച്ചുകൊണ്ട് എന്തുകൊണ്ട് പത്രിക സ്വീകരിക്കപ്പെട്ടു എന്ന കാര്യം വരണാധികാരി വ്യക്തമാക്കേണ്ടതുണ്ട്.

*(എസ്.ഇ.സി.. 89/2015)*

## ഗ്രാമപഞ്ചായത്ത് വാർഡുകൾ ബന്ധിപ്പിക്കുന്നതിന് സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകി

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള പൊതുതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ത്രിതല പഞ്ചായത്തുകളുടെ പോളിംഗ്, കൗണ്ടിംഗ് തുടങ്ങിയ പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ അവയുടെ വാർഡുകളുമായി ബന്ധിപ്പിക്കേണ്ടതുണ്ട്. ഇതിനായി അതാത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ ബന്ധപ്പെട്ട വെബ്സൈറ്റിൽ പ്രവേശിച്ച് വേണം ഇവയുടെ വാർഡുകൾ ബന്ധിപ്പിക്കേണ്ടത്. ഇതിലേയ്ക്ക് ഗ്രാമപഞ്ചായത്തിന്റെ ഓരോ വാർഡിലും ക്ലിക്ക് ചെയ്യുമ്പോൾ നിലവിലുള്ള ബ്ലോക്ക് പഞ്ചായത്തിന്റെയും ജില്ലാ പഞ്ചായത്തിന്റെയും വാർഡുകൾ ലഭ്യമാകും. അവ പരിശോധിച്ച് ആവശ്യമെങ്കിൽ തിരുത്തൽ വരുത്തി confirm ചെയ്യണമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും നിർദ്ദേശം നൽകി. പുനഃക്രമീകരിച്ച സ്ഥാപനങ്ങളിലെ വാർഡുകളുടെ വിവരം delimitation.lsgelection.kerala.gov.in എന്ന സൈറ്റിൽ ലഭ്യമാണ് എന്നും അറിയിപ്പിൽ പറയുന്നു.

*(എസ്.ഇ.സി.. 90/2015)*

**(അവസാനിച്ചു)**

GRAMS:
KERELECOM
E-mail:
electionker@gmail.com
Website:
www.sec.kerala.gov.in

# പത്രക്കുറിപ്പ്

TELEPHONE:
0471-2338288,2321233
FAX: 0471-2338288
0471-2334130

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

9th October 2015

## സ്ഥാനാർത്ഥികളുടെ യോഗ്യതകളും അയോഗ്യതകളും സംബന്ധിച്ച വിശദീകരണങ്ങൾ

തദ്ദേശഭരണ തിരഞ്ഞെടുപ്പിന് മത്സരിക്കുന്ന സ്ഥാനാർത്ഥികളുടെ യോഗ്യതകളും അയോഗ്യതകളും പൊതു അവബോധത്തിനായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ പ്രസിദ്ധപ്പെടുത്തി. ഇത് ആധികാരിക രേഖയായി കണക്കാക്കാതെ ബന്ധപ്പെട്ട നിയമങ്ങളും ചട്ടങ്ങളും പരിശോധിച്ച് യോഗ്യതകളും അയോഗ്യതകളും തീരുമാനിക്കുന്നത് അതാത് വരണാധികാരികളുടെ ചുമതലയാണെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു.

ഏതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഒരംഗമായി തിരഞ്ഞെടുക്കപ്പെടാനായി മത്സരിക്കുന്ന ഒരാൾക്ക് പ്രസ്തുത തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ഏതെങ്കിലും വാർഡിലെ (നിയോജകമണ്ഡലത്തിലെ) വോട്ടർ പട്ടികയിൽ പേരുണ്ടായിരിക്കണം. എന്നാൽ പ്രസ്തുത സ്ഥാനാർത്ഥിയെ നാമനിർദ്ദേശം ചെയ്യുന്നയാൾ സ്ഥാനാർത്ഥി മത്സരിക്കുന്ന വാർഡിലെ വോട്ടർ പട്ടികയിൽ പേരുള്ള ഒരാളായിരിക്കണം. കൂടാതെ നാമനിർദ്ദേശ പത്രിക സമർപ്പിക്കുന്ന തീയതിയിൽ സ്ഥാനാർത്ഥിക്ക് 21 വയസ്സ് പൂർത്തിയായിരിക്കുകയും വേണം. ഏതെങ്കിലും സംവരണ സീറ്റിൽ മത്സരിക്കുന്നയാൾ ആ സംവരണ വിഭാഗത്തിൽപ്പെട്ട ആളായിരിക്കേണ്ടതും, അതു സംബന്ധിച്ച് നിശ്ചിത അധികാരിയിൽ നിന്നും സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതുമാണ്.

സംസ്ഥാന സർക്കാരിന്റേയോ. കേന്ദ്ര സർക്കാരിന്റേയോ, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലേയോ അല്ലെങ്കിൽ സർക്കാരോ ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനമോ നിയന്ത്രിക്കുന്ന ഒരു കോർപ്പറേഷനിലോ അല്ലെങ്കിൽ സംസ്ഥാന സർക്കാരിനോ, കേന്ദ്ര സർക്കാരിനോ. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനോ 51 ശതമാനത്തിൽ കുറയാതെ ഓഹരിയുള്ള ഏതെങ്കിലും കമ്പനിയിലോ, സംസ്ഥാനത്തെ ഏതെങ്കിലും ബോർഡിലോ, സർവ്വകലാശാലയിലോ ഉള്ള ഉദ്യോഗസ്ഥരും ജീവനക്കാരും സ്ഥാനാർത്ഥിയാകുന്നതിന് അയോഗ്യനാണ്. ജീവനക്കാർ എന്നതിൽ പാർട്ട്ടൈം ജീവനക്കാരും, ഓണറേറിയും കൈപ്പറ്റുന്ന ജീവനക്കാരും ഉൾപ്പെടുന്നതാണ്. എന്നാൽ അംഗണവാടി ജീവനക്കാർക്കും, ആശാവർക്കർമാർക്കും, സാക്ഷരതാ പ്രേരകർക്കും അയോഗ്യത ഉണ്ടായിരിക്കുന്നതല്ല.

കമ്പനിയെന്നതിൽ സഹകരണ സംഘങ്ങളും ഉൾപ്പെടും എന്നുള്ളതിനാൽ സർക്കാരിനോ, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനോ 51 ശതമാനത്തിൽ കുറയാതെ ഓഹരിയുള്ള സഹകരണ സംഘങ്ങളും ഉൾപ്പെടുന്നതാണ്. എന്നാൽ സർക്കാരിന് 51 ശതമാനം ഓഹരിയില്ലാത്ത പ്രാഥമിക സർവ്വീസ് സഹകരണ സംഘങ്ങളിലെ ജീവനക്കാർക്ക് മത്സരിക്കുന്നതിന് അയോഗ്യത ഉണ്ടായിരിക്കുന്നതല്ല. കെ.എസ്സ്.ആർ.റ്റി.സിയിലെ ജീവനക്കാർക്കും, എംപാനൽ കണ്ടക്ടർമാർക്കും മത്സരിക്കുവാൻ അയോഗ്യത ഉണ്ടായിരിക്കുന്നതാണ്. കൂടാതെ ഇലക്ട്രിസിറ്റി ബോർഡ്, കേരളത്തിലെ സർവ്വകലാശാലാ ജീവനക്കാർ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലൂടെ 179 ദിവസത്തേയ്ക്കു നിയമിക്കപ്പെടുന്ന താത്കാലിക ജീവനക്കാർ എന്നിവർ സ്ഥാനാർത്ഥിയാകുവാൻ അയോഗ്യരാണ്.

(തുടരുന്നു.....1/4)

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ പത്രക്കുറിപ്പ്** (09.10.2015)

കുടുംബശ്രീ അയൽകൂട്ടങ്ങളുടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അപ്പക്സ് സംഘമായ കമ്മ്യൂണിറ്റി ഡവലപ്മെന്റ് സൊസൈറ്റികളുടെ ചെയർപേഴ്സൺമാരെ ജീവനക്കാരായി കരുതുവാൻ കഴിയില്ലാത്തതിനാൽ തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിന് അയോഗ്യത ഉണ്ടായിരിക്കുന്നതല്ല. എന്നാൽ അവിടത്തെ സി.ഡി.എസ്സ് അക്കൗണ്ടന്റുമാർക്ക് തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിന് അയോഗ്യത ഉണ്ടായിരിക്കുന്നതാണ്.

സർക്കാരുമായോ തദ്ദേശ സ്വയംഭരണ സ്ഥാപനമായോ നിലവിലുള്ള കരാറിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിൽ ഒരാൾ അയോഗ്യനാണ്. അപ്രകാരമുള്ള ഒരാൾ അയോഗ്യനായി കരുതണമെങ്കിൽ നിലവിൽ കരാർ ഉണ്ടായിരിക്കണം. മുമ്പ് ഏതെങ്കിലും കരാറിലോ, പണിയിലോ അവകാശമുണ്ടായിരുന്നു എന്ന കാരണത്താൽ അയോഗ്യത ഉണ്ടായിരിക്കുന്നതല്ല. കൂടാതെ സമൂഹത്തിന്റെ നന്മയ്ക്കുവേണ്ടി ഒരു കരാറുകാരൻ എന്ന നിലയിലല്ലാതെ സമൂഹത്തിന്റെയോ സ്പോൺസറിന്റെയോ ഒരു പ്രതിനിധി എന്ന നിലയിൽ പഞ്ചായത്തിലെയോ മുനിസിപ്പാലിറ്റിയിലെയോ ഏതെങ്കിലും സഹായകരമായ പണി ഏറ്റെടുക്കൽ അയോഗ്യതയല്ല. മാത്രമല്ല പഞ്ചായത്തിന്റെ ഒരു കെട്ടിടമോ കടമുറിയോ വ്യാപാരാവശ്യത്തിനു വാടക വ്യവസ്ഥയിലോ പാട്ട വ്യവസ്ഥയിലോ ഏറ്റെടുത്തിട്ടുണ്ടെങ്കിലും അയോഗ്യത ഉണ്ടായിരിക്കുന്നതല്ല.

സർക്കാരിലേയ്ക്കോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കോ ഏതെങ്കിലും കുടിശിക്കക്കാരനാണെങ്കിൽ അയോഗ്യനാണ്. എന്നാൽ കുടിശ്ശികക്കാരനായി കണക്കാക്കണമെങ്കിൽ അത് സംബന്ധിച്ച് ഒരു ബില്ലോ നോട്ടീസോ നല്കുകയും അതിൽ വല്ല സമയവും നിർദ്ദേശിച്ചിട്ടുണ്ടെങ്കിൽ ആ സമയം കഴിയുകയും വേണം. ബാങ്കുകൾക്കോ ഏതെങ്കിലും സർവ്വീസ് സഹകരണ സംഘങ്ങൾക്കോ നല്കാനുള്ള കുടിശിക സർക്കാരിനോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിനോ നൽകുവാനുള്ള കുടിശികയായി കരുതാൻ കഴിയില്ല. ബാങ്കുകൾ, കെ.എഫ്.സി, കെ.എസ്.എഫ്.ഇ മുതലായവക്ക് കൊടുക്കുവാനുള്ള കുടിശിക റവന്യൂ റിക്കവറി വഴിയാണ് നടത്തുന്നതെങ്കിൽകൂടിയും അത് കുടിശികയായി പരിഗണിക്കാൻ കഴിയുകയില്ല. സർക്കാരിനോ ഏതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനത്തിനോ നൽകുവാനുള്ള കുടിശികയ്ക്ക് ഇൻസ്റ്റാൾമെന്റ് അനുവദിച്ചിട്ടുണ്ടെങ്കിൽ അതിൽപ്പറയുന്ന ഗഡുക്കൾ മുടങ്ങിയിട്ടുണ്ടെങ്കിൽ മാത്രമേ കുടിശികക്കാരനായി കണക്കാക്കി അയോഗ്യത ഉണ്ടാകുകയുള്ളൂ.

1951-ലെ ജനപ്രാതിനിത്യ നിയമത്തിലെ 8-ാം വകുപ്പിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും കുറ്റത്തിനു ശിക്ഷിക്കപ്പെട്ടതോ അല്ലെങ്കിൽ സാൻമാർഗ്ഗിക ദൂഷ്യം ഉൾപ്പെട്ട ഒരു കുറ്റത്തിന് മൂന്നു മാസത്തിൽ കുറയാതെയുള്ള ഒരു കാലത്തേയ്ക്ക് തടവുശിക്ഷ വിധിക്കപ്പെട്ടിട്ടുള്ളതോ ആയ ഒരാൾക്ക് അയോഗ്യത ഉണ്ടായിരിക്കുന്നതാണ്. ശിക്ഷിക്കപ്പെട്ടാൽ ജയിൽ മോചിതനായ ശേഷം ആറു കൊല്ലം വരെ അയോഗ്യതയുണ്ടായിരിക്കുന്നതാണ്. ശിക്ഷ നടപ്പിലാക്കുന്നത് അപ്പീൽ കോടതി സ്റ്റേ നൽകയിട്ടുണ്ടെങ്കിലും കുറ്റസ്ഥാപനം (കൺവിക്ഷൻ) സ്റ്റേ ചെയ്യാത്ത കാലത്തോളം അയോഗ്യത ഉണ്ടായിരിക്കുന്നതാണ്. അപേക്ഷ സൂക്ഷ്മ പരിശോധന നടത്തുന്ന ദിവസത്തിലെ സ്ഥിതിയാണ് യോഗ്യതയ്ക്കും അയോഗ്യതക്കും കണക്കാക്കുക. ഏതെങ്കിലും കേസുകളിൽ പ്രതിയായതുകൊണ്ട് മാത്രം ഒരാൾക്ക് തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിനു അയോഗ്യതയില്ല.

(തുടരുന്നു.....2/4)

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ പത്രക്കുറിപ്പ്** (09.10.2015)

അഴിമതിയ്ക്കോ കൂറില്ലായ്മയ്ക്കോ ഉദ്യോഗത്തിൽ നിന്നും പിരിച്ചുവിടപ്പെട്ട ഏതൊരു ഉദ്യോഗസ്ഥനും പിരിച്ചുവിടപ്പെട്ട തീയതി മുതൽ 5 വർഷത്തേയ്ക്ക് അയോഗ്യത ഉണ്ടായിരിക്കുന്നതാണ്. കേരള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ (കൂറുമാറ്റ നിരോധനം) ആക്ടിലെ വ്യവസ്ഥപ്രകാരം അയോഗ്യനാക്കപ്പെടുകയും അയോഗ്യനാക്കപ്പെട്ട തീയതി മുതൽ 6 വർഷം കഴിയാതിരിക്കുകയും ചെയ്യുന്ന സംഗതിയിൽ അയോഗ്യനാണ്. എന്നാൽ അതേ സംബന്ധിച്ച് ഹൈക്കോടതിയിൽ സ്റ്റേ ഉത്തരവുണ്ടെങ്കിൽ ആ ഉത്തരവ് പരിശോധിച്ച് വരണാധികാരി തീരുമാനമെടുക്കേണ്ടതാണ്.

സർക്കാരുമായുള്ള ഏതെങ്കിലും കരാറിലോ ലേലത്തിനോ വീഴ്ച വരുത്തുന്നതിന്റെ ഫലമായി ബ്ലാക്ക് ലിസ്റ്റിൽപ്പെടുത്തിയിട്ടുണ്ടെങ്കിൽ അയോഗ്യനായിരിക്കുന്നതാണ്.

തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ധനമോ മറ്റു വസ്തുക്കളോ നഷ്ടപ്പെടുത്തുകയോ, പാഴാക്കുകയോ, ദുർവിനിയോഗം ചെയ്യുകയോ ചെയ്തിട്ടുണ്ടെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനുവേണ്ടിയുള്ള ഓംബുഡ്സ്മാൻ കണ്ടെത്തിയിട്ടുണ്ടെങ്കിലും അയാൾ അയോഗ്യനാണ്. ഓരാൾ ബധിരമൂകനാണെങ്കിലും അയോഗ്യനാണ്.

അഭിഭാഷകനായി പ്രാക്ടീസ് ചെയ്യുന്നതിൽ നിന്നും വിലക്കപ്പെട്ടിട്ടുണ്ടെങ്കിൽ അയോഗ്യനാണ്. സർക്കാർ അഭിഭാഷകർക്ക് കൂടാതെ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥപാനത്തിനുവേണ്ടി പ്രതിഫലം പറ്റുന്ന ഒരു അഭിഭാഷകനായി ജോലിയിലേർപ്പെട്ടിരിക്കുന്ന ആളും സ്ഥാനാർത്ഥിയായി മത്സരിക്കുന്നതിനു അയോഗ്യത ഉണ്ടായിരിക്കുന്നതാണ്.

ഏതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ തിരഞ്ഞെടുപ്പിൽ മത്സരിച്ചതിനുശേഷം തിരഞ്ഞെടുപ്പു ചെലവുകണക്കു സമർപ്പിച്ചിട്ടില്ലാത്തവർക്ക് കമ്മീഷൻ അയോഗ്യനാക്കുന്ന തീയതിമുതൽ 5 വർഷക്കാലം തിരഞ്ഞെടുപ്പിൽ മത്സരിക്കുവാൻ അയോഗ്യരാണ്. എന്നാൽ ഗ്രാമസഭയുടേയൊ വാർഡ് സഭയുടേയൊ യോഗം വിളിച്ച് കൂട്ടുന്നതിനു വീഴ്ച വരുത്തുകയോ അല്ലെങ്കിൽ പ്രസ്തുത തദ്ദേശസ്വയംഭരണ സ്ഥാപനത്തത്തന്റേയോ അതിന്റെ സ്റ്റാന്റിംഗ് കമ്മിറ്റികളുടേയോ യോഗങ്ങളിൽ ഹാജരാകാതിരിക്കുകയോ ചെയ്തതിലുണ്ടായിട്ടുള്ള അയോഗ്യത പ്രസ്തുത തദ്ദേശ സ്ഥാപനത്തിന്റെ കമ്മിറ്റിയുടേയോ കൗൺസിലന്റേയോ കാലാവധിവരെ മാത്രമേ ഉണ്ടായിരിക്കുകയുള്ളു. ഈ പൊതു തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിന് അവർക്ക് അയോഗ്യത യില്ല. ഇവയെല്ലാം സൂചനകൾ മാത്രമാണെന്നും സ്ഥാനാർത്ഥികൾ ഇക്കാര്യത്തിലുള്ള നിയമ വ്യവസ്ഥകൾ പരിശോധിച്ച് നാമനിർദ്ദേശം സമർപ്പിക്കേണ്ടതാണെന്നും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ വ്യക്തമാക്കി.

ഓരാൾക്ക് ഒരു പഞ്ചായത്തിന്റെ അല്ലെങ്കിൽ ഒരു മുനിസിപ്പാലിറ്റിയുടെ ഒരു നിയോജകമണ്ഡലം (വാർഡ്) ലേക്കു മാത്രമെ മത്സരിക്കുവാൻ പാടുള്ളൂ. ഒന്നിൽ കൂടുതൽ വാർഡിലോയ്ക്കു മത്സരിച്ചാൽ അയാളുടെ എല്ലാ നാമനിർദ്ദേശ പത്രികകളും നിരസിക്കുന്നതാണ്. നാമനിർദ്ദേശ പത്രികകളോടൊപ്പം സമർപ്പിക്കുന്ന 2എ ഫാറത്തിലെ എല്ലാ കോളങ്ങളും പൂരിപ്പിച്ചിട്ടുണ്ടെന്ന് സ്ഥാനാർത്ഥികൾ ഉറപ്പാക്കേണ്ടതാണ്. സ്ഥാനാർത്ഥിയുടെ യോഗ്യതയും അയോഗ്യതയും സംബന്ധിച്ച് വരണാധികാരി അർദ്ധ നീതിന്യായ സ്വഭാവമുള്ള ആളെന്ന നിലക്ക് സ്വന്തമായി തീരുമാനമെടുക്കേണ്ടതാണെന്നും വിശദീകരണത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

*(എസ്.ഇ.സി.. 86/2015)*

**(തുടരുന്നു.....3/4)**

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ പത്രക്കുറിപ്പ്** (09.10.2015)

# അതിർത്തി പ്രദേശങ്ങളിൽ മദ്യനിരോധനത്തിന് നടപടിയെടുക്കാൻ അഭ്യർത്ഥിച്ചു

തദ്ദേശഭരണ പൊതുതിരഞ്ഞെടുപ്പ് ദിനത്തോടും വോട്ടെണ്ണൽ ദിനത്തോടും അനുബന്ധിച്ച് സംസ്ഥാനത്ത് മദ്യനിരോധനം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും അതിർത്തി പ്രദേശങ്ങളിൽ നിന്ന് അനധികൃത മദ്യ കടത്ത് നടക്കാൻ നാധ്യതയുള്ളതിനാൽ സമീപ സംസ്ഥാനങ്ങളിലെ ചീഫ് സെക്രട്ടറിമാരുമായി ബന്ധപ്പെട്ട് അവിടങ്ങളിലും പ്രസ്തുത ദിവസങ്ങളിൽ മദ്യ നിരോധനമേർപ്പെടുത്തുന്ന കാര്യം പരിശോധിക്കണമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ചീഫ് സെക്രട്ടറിയോട് അഭ്യർത്ഥിച്ചു.

*(എസ്.ഇ.സി.. 87/2015)*

GRAMS:
KERELECOM
E-mail:
electionker@gmail.com
Website:
www.sec.kerala.gov.in

# പത്രക്കുറിപ്പ്

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

TELEPHONE:
0471-2338288,2321233
FAX: 0471-2338288
0471-2334130

8th October 2015

## ആന്റി ഡീഫെയ്സ്മെന്റ് സ്ക്വാഡ് രൂപീകരിക്കുവാൻ നിർദ്ദേശം

തദ്ദേശഭരണ പൊതുതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് രാഷ്ട്രീയ കക്ഷികളും സ്ഥാനാർത്ഥികളും നടത്തുന്ന തിരഞ്ഞെടുപ്പ് പ്രചാരണ പരിപാടികൾ നിയമപരമാണോ അല്ലയോ എന്ന് പരിശോധിക്കുന്നതിനായി ആന്റി ഡീഫെയ്സ്മെന്റ് സ്ക്വാഡ് രൂപീകരിക്കുവാൻ തിരഞ്ഞെടുപ്പ് കമ്മീഷൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകി. ജില്ലാ തലത്തിൽ, വരണാധികാരിയല്ലാത്ത അസിസ്റ്റന്റ് കളക്ടറുടേയോ, സബ് കളക്ടറുടേയോ, ഡെപ്യൂട്ടി കളക്ടറുടേയോ നേതൃത്വത്തിലുള്ള ഒരു സ്ക്വാഡും ബ്ലോക്ക് തലത്തിൽ, ബ്ലോക്ക് തല ഡെവലപ്മെന്റ് ഓഫീസറുടെ നേതൃത്വത്തിൽ ഒരു സ്ക്വാഡും രൂപീകരിക്കേണ്ടതാണ്.

നോട്ടീസുകൾ, ബാനറുകൾ, ബോർഡുകൾ, പോസ്റ്ററുകൾ, ചുവരെഴുത്തുകൾ, മൈക്ക് അനൗൺസ്മെന്റ്, മീറ്റിംഗുകൾ മറ്റ് പ്രചാരണ പരിപാടികൾ എന്നിവയുടെ നിയമസാധുത സ്ക്വാഡ് പരിശോധിക്കേണ്ടതാണ്. കൂടാതെ നിയമപരമല്ലാത്ത പ്രചാരണ പരിപാടികൾ ഉടൻ നിർത്തിവയ്പിക്കേണ്ടതും പോസ്റ്ററുകളോ ബോർഡുകളോ നീക്കം ചെയ്യാൻ നിർദ്ദേശിക്കേണ്ടതുമാണ്. ഇത്തരത്തിലുള്ള നിർദ്ദേശങ്ങൾ പാലിക്കുന്നില്ലെങ്കിൽ അവ നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിയ്ക്കുകയും ചെലവുകൾ ബന്ധപ്പെട്ടവരിൽ നിന്ന് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിയ്ക്കേണ്ടതുമാണ്. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ധനകാര്യ നിരീക്ഷകൻ ആന്റി ഡീഫെയ്സ്മെന്റ് സ്ക്വാഡിന്റെ ശ്രദ്ധയിൽപ്പെടുത്തി നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

ജില്ലാ തലത്തിലും ബ്ലോക്ക് തലത്തിലും ആന്റി ഡീഫെയ്സ്മെന്റ് സ്ക്വാഡ് രൂപീകരിച്ചുകൊണ്ട് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ ഉത്തരവ് പുറപ്പെടുവിക്കുകയും പകർപ്പ് കമ്മീഷനിൽ ലഭ്യമാക്കേണ്ടതുമാണെന്ന് കമ്മീഷൻ നിർദ്ദേശിച്ചു.

*(എസ്.ഇ.സി.. 83/2015)*

## പോളിംഗ് സ്റ്റേഷനുകളിൽ സെക്ടറൽ ഓഫീസർമാരെ നിയമിക്കും

തദ്ദേശഭരണ സ്ഥാപനങ്ങളിലെ പൊതുതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പോളിംഗ് സ്റ്റേഷനുകളിലെ പ്രവർത്തനങ്ങൾ വിലയിരുത്തി പുരോഗതി റിപ്പോർട്ട് ചെയ്യുന്നതിനും ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുമായി ബന്ധപ്പെട്ട തകരാറുകൾ പരിഹരിക്കുന്നതിനുമായി സെക്ടറൽ ഓഫീസർമാരെ നിയോഗിക്കാൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ തീരുമാനിച്ചു.

ഒരു പഞ്ചായത്തിലെ 20 പോളിംഗ് സ്റ്റേഷനുകളിലേക്കായി ഒരു സെക്ടറൽ ഓഫീസറേയും, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവിടങ്ങളിലെ 20 പോളിംഗ് സ്റ്റേഷനുകളിലേയ്ക്ക് ഒന്ന് വീതം സെക്ടറൽ ഓഫീസർമാരെയുമാണ് നിയമിക്കുക. വില്ലേജ് ഓഫീസർ, സ്പെഷ്യൽ വില്ലേജ് ഓഫീസർ എന്നിവരെയാണ് സെക്ടറൽ ഓഫീസർമാരായി നിയോഗിക്കുക. ആവശ്യമെങ്കിൽ മറ്റ് വകുപ്പുകളിലെ ജൂനിയർ സൂപ്രണ്ടുമാരേയും പരിഗണിക്കും. വോട്ടെടുപ്പിന് രണ്ട് ദിവസം മുമ്പ് മുതൽ പോളിംഗിന് ശേഷം സാധനങ്ങൾ തിരികെ സ്ട്രോംഗ് റൂമിൽ സൂക്ഷിക്കുന്നത് വരെയായിരിക്കും സെക്ടറൽ ഓഫീസർമാരുടെ പ്രവർത്തനസമയം.

ഓരോ സെക്ടറൽ ഓഫീസർമാരും വോട്ടെടുപ്പിന് മുമ്പ് തന്നെ അതത് പോളിംഗ് സ്റ്റേഷനുകൾ സന്ദർശിച്ച് വോട്ടെടുപ്പിന് ആവശ്യമായ സജ്ജീകരണങ്ങൾ പൂർത്തിയാക്കിയിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്. കൂടാതെ പോളിംഗിന് തലേ ദിവസം എല്ലാ പോളിംഗ് സ്റ്റേഷനുകളും സന്ദർശിച്ച് പോളിംഗ് ഉദ്യോഗസ്ഥരെല്ലാം പോളിംഗ് സ്റ്റേഷനിൽ എത്തിയിട്ടുണ്ടോ എന്നും, ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ ഉൾപ്പെടെയുള്ള തിരഞ്ഞെടുപ്പ് സാമഗ്രികൾ ലഭിച്ചിട്ടുണ്ടോയെന്നും ഉറപ്പുവരുത്തേണ്ടതാണ്. പോളിംഗ് സ്റ്റേഷനുകളിൽ ഏ തെങ്കിലും പോളിംഗ്

(തുടരുന്നു.....1/2)

സാധനങ്ങളുടെ കുറവുണ്ടാകുന്ന സാഹചര്യത്തിൽ അവ ഉടൻ തന്നെ ലഭ്യമാക്കാനുള്ള നടപടി സ്വീകരിയ്ക്കേണ്ടതും, ഇതിനാവശ്യമായിവരുന്ന ഫോറങ്ങളും തിരഞ്ഞെടുപ്പ് സാമഗ്രികളും എല്ലായ്പ്പോഴും വാഹനത്തിൽ കരുതിയിരിക്കേണ്ടതുമാണ്.

ഏതെങ്കിലും പോളിംഗ് സ്റ്റേഷനിൽ അടിയന്തിര സാഹചര്യത്തിൽ പുതിയ മെഷീൻ ആവശ്യമായി വന്നാൽ അവ ഉടൻ തന്നെ ലഭ്യമാക്കി റിട്ടേണിംഗ് ഓഫീസറുമായി ബന്ധപ്പെട്ട് കാൻഡിഡേറ്റ് സെറ്റിംഗ് നടത്തുന്നതിനുള്ള നടപടി സ്വീകരിയ്ക്കേണ്ടതാണ്. കൂടാതെ ഓരോ രണ്ട് മണിക്കൂർ ഇടവിട്ട് പ്രസ്തുത പോളിംഗ് സ്റ്റേഷനുകൾ സന്ദർശിക്കുകയും പ്രവർത്തനങ്ങൾ വിലയിരുത്തി പോളിംഗ് പുരോഗതി ശേഖരിച്ച് റിട്ടേണിംഗ് ഓഫീസറെ അറിയിക്കേണ്ടതുമാണ്. പോളിംഗ് സ്റ്റേഷനിലോ അവയുടെ പരിസരത്തോ എന്തെങ്കിലും തർക്കങ്ങൾ ഉണ്ടായാൽ പോലീസുമായി ബന്ധപ്പെട്ട് അവ പരിഹരിക്കാൻ ശ്രമിക്കേണ്ടതാണ്. ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ, വരണാധികാരി, ബന്ധപ്പെട്ട പോളിംഗ് സ്റ്റേഷനുകളിലെ പ്രിസൈഡിംഗ് ഓഫീസർമാർ, പ്രദേശത്ത് ക്രമസമാധാന ചുമതലയുള്ള പോലീസ് ഉദ്യോഗസ്ഥൻമാർ എന്നിവരുടെ മൊബൈൽ നമ്പറുകൾ സെക്ടറൽ ഓഫീസർമാർ ശേഖരിക്കേണ്ടതാണ്. ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥനാണ് സെക്ടറൽ ഓഫീസർമാരെ നിയമിക്കുക.

*(എസ്.ഇ.സി.. 84/2015)*

## തദ്ദേശഭരണ തിരഞ്ഞെടുപ്പിൽ അയോഗ്യരാക്കപ്പെട്ടവരുടെ പട്ടിക പ്രസിദ്ധീകരിച്ചു

തദ്ദേശഭരണ സ്ഥാപനങ്ങളിലെ തിരഞ്ഞെടുപ്പുകളിൽ മത്സരിക്കുന്നതിൽ നിന്നോ, അംഗം ആയിരിക്കുന്നതിൽ നിന്നോ ഒഴിവാക്കപ്പെട്ടവരുടെ പട്ടിക സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ പ്രസിദ്ധീകരിച്ചു.

വിവിധ ജില്ലകളിലെ ത്രിതല പഞ്ചായത്തുകളിലേയ്ക്ക് 2014 ജനുവരി ഒന്ന് മുതൽ കഴിഞ്ഞ മേയ് 31 വരെ നടന്ന ഉപതിരഞ്ഞെടുപ്പിൽ അയോഗ്യരായവരുടെ പട്ടികയാണ് പ്രസിദ്ധീകരിച്ചിരിക്കുന്നത്. തിരഞ്ഞെടുപ്പ് സംബന്ധിച്ച കണക്കുകൾ യഥാസമയത്ത് സമർപ്പിക്കാത്തവർക്കെതിരെയാണ് നടപടി. പരിധിയിൽ കൂടുതൽ തുക ചെലവാക്കിയവരും ഇതിൽ ഉൾപ്പെടുന്നു.

തിരുവനന്തപുരം (എട്ട്), കൊല്ലം (രണ്ട്), പത്തനംതിട്ട (പതിനൊന്ന്), ആലപ്പുഴ (മൂന്ന്), കോട്ടയം (രണ്ട്), ഇടുക്കി (എട്ട്), എറണാകുളം (നാല്), തൃശ്ശൂർ (എട്ട്), പാലക്കാട് (ഒന്ന്) വീതം സ്ഥാനാർത്ഥികളെയാണ് അയോഗ്യരാക്കിയത്. അയോഗ്യരാക്കിയവരുടെ പട്ടിക സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റിൽ (www.sec.kerala.gov.in) പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഉത്തരവ് തീയതിമുതൽ അഞ്ച് വർഷത്തേക്ക് പ്രസ്തുത സ്ഥാനർത്ഥികളുടെ അയോഗ്യത തുടരുന്നതാണ്.

*(എസ്.ഇ.സി.. 85/2015)*

GRAMS:
KERELECOM
E-mail:
electionker@gmail.com
Website:
www.sec.kerala.gov.in

# പത്രക്കുറിപ്പ്

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

TELEPHONE:
0471-2338288,2321233
FAX: 0471-2338288
0471-2334130

7th October 2015

## തദ്ദേശഭരണ തിരഞ്ഞെടുപ്പ് വിജ്ഞാപനം പുറപ്പെടുവിച്ചു

സംസ്ഥാനത്തെ തദ്ദേശഭരണ തിരഞ്ഞെടുപ്പിനുള്ള വിജ്ഞാപനം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ബുധനാഴ്ച (07.10.2015) പുറപ്പെടുവിച്ചു. തിരുവനന്തപുരം, കൊല്ലം, ഇടുക്കി, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ഏഴ് ജില്ലകളിൽ നവംബർ രണ്ടിനും, പത്തനംതിട്ട, കോട്ടയം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം എന്നീ ജില്ലകളിൽ നവംബർ അഞ്ചിനുമായിരിക്കും തിരഞ്ഞെടുപ്പ്. ഇത് സംബന്ധിച്ച് സംസ്ഥാന സർക്കാരും ജി.ഒ.(പി) 316/2015/ത.സ്വ.ഭ.വ നമ്പർ പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. രാവിലെ ഏഴ് മണി മുതൽ വൈകുന്നേരം അഞ്ച് മണി വരെയാണ് വോട്ടെടുപ്പ് സമയം. നാമനിർദ്ദേശ പത്രിക ബന്ധപ്പെട്ട വരണാധികാരികൾ ബുധനാഴ്ച മുതൽ സ്വീകരിച്ച് തുടങ്ങി. ഒക്ടോബർ 14 ആണ് നാമനിർദ്ദേശ പത്രിക സമർപ്പിക്കുന്നതിനുള്ള അവസാന ദിവസം. ഒക്ടോബർ 15-ന് സൂക്ഷ്മപരിശോധന നടക്കും. സ്ഥാനാർത്ഥിത്വം പിൻവലിക്കുന്നതിനുള്ള അവസാന തീയതി ഒക്ടോബർ 17 ആണ്. തിരഞ്ഞെടുപ്പ് നവംബർ 17-ന് പൂർത്തിയാകുമെന്നും വിജ്ഞാപനത്തിൽ പറയുന്നു.

*(എസ്.ഇ.സി. 79/2015)*

## മാതൃകാ പെരുമാറ്റച്ചട്ടം നടപ്പിലാക്കുന്നതിന് നിർദ്ദേശം നൽകി

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് നടക്കുന്ന തിരഞ്ഞെടുപ്പിന്റെ പ്രഖ്യാപനം ഒക്ടോബർ മൂന്നിന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നടത്തിയതോടെ സംസ്ഥാനത്ത് മാതൃകാ പെരുമാറ്റച്ചട്ടം നിലവിൽ വന്നു. രാഷ്ട്രീയകക്ഷികളും സ്ഥാനാർത്ഥികളും അധികാരസ്ഥാനങ്ങളിലിരിക്കുന്നവരും സമ്മതിദായകരെ സ്വാധീനിക്കുകയോ പ്രീണിപ്പിക്കുകയോ പ്രീതിപ്പെടുത്തുകയോ ചെയ്യുന്ന നടപടി സ്വീകരിക്കുന്നതിൽ നിന്നും അവരെ തടയുന്നതിനും അതു വഴി തിരഞ്ഞെടുപ്പ് സ്വതന്ത്രവും നീതിപൂർവ്വകവുമായി നടത്തുന്നതിനുമാണ് മാതൃകാ പെരുമാറ്റച്ചട്ടം നിലവിൽ വരുത്തുന്നത്.

സർക്കാർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ജനപ്രതിനിധികൾ, രാഷ്ട്രീയ പാർട്ടികൾ എന്നിവർ അവരുടെ നേട്ടങ്ങൾ, നടപ്പിലാക്കിയ പദ്ധതികൾ തുടങ്ങിയവയുടെ പരസ്യങ്ങൾ, ബാനറുകൾ, ബോർഡുകൾ, ഹോർഡിംഗുകൾ, എൽ.ഇ.ഡി. ഡിസ്പ്ലേ എന്നിവ സമ്മതിദായകരെ സ്വാധീനിക്കാവുന്ന തരത്തിൽ പൊതു സ്ഥലങ്ങളിലും റോഡിന്റെ വശങ്ങളിലും സ്ഥാപനങ്ങളുടെ പരിസരത്തും സ്ഥാപിച്ചിട്ടുള്ളതായി കമ്മീഷന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും ഇവ അടിയന്തിരമായി നീക്കം ചെയ്യുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകണമെന്നും ആവശ്യപ്പെട്ടുകൊണ്ട് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ചീഫ് സെക്രട്ടറിക്ക് കത്ത് നൽകി.

സർക്കാരിന്റേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും നേട്ടങ്ങളും നടപ്പിലാക്കിയ പദ്ധതികളും സംബന്ധിച്ച് അച്ചടി, ദൃശ്യ, ശ്രാവ്യ മാധ്യമങ്ങളിലൂടെ നൽകുന്ന പരസ്യങ്ങൾ നിർത്തുവാനും കത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിലേക്കാവശ്യമായ പോലീസ് സഹായം ലഭ്യമാക്കാൻ ജില്ലാ പോലീസ് മേധാവികൾക്കും, സിറ്റി പോലീസ് കമ്മീഷണമാർക്കും നിർദ്ദേശം നൽകാൻ സംസ്ഥാന പോലീസ് മേധാവിയോട് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ സത്വര നടപടികൾ സ്വീകരിയ്ക്കാൻ എല്ലാ ജില്ലാ കളക്ടർമാർക്കും തദ്ദേശഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്കും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശം നൽകി.

*(എസ്.ഇ.സി. 80/2015)*

*(തുടരുന്നു...)*

# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ പത്രക്കുറിപ്പ് 07.10.2015

## മാതൃകാ പെരുമാറ്റ ചട്ട ലംഘനം പരിശോധിക്കാൻ ജില്ലാതല സമിതി

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള പൊതുതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് രാഷ്ട്രീയ കക്ഷികളും മത്സരിക്കുന്ന സ്ഥാനാർത്ഥികളും മാതൃകാപെരുമാറ്റച്ചട്ടം പാലിക്കുന്നുവെന്ന് ഉറപ്പുവരുത്താനും ചട്ടലംഘനം പരിശോധിയ്ക്കുവാനും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ജില്ലാ കളക്ടറർമാർക്ക് നിർദ്ദേശം നൽകി. ഇതിനായി ജില്ലാ കളക്ടർ അധ്യക്ഷനായി അംഗീകൃത രാഷ്ട്രീയ കക്ഷി പ്രതിനിധികളുടെ സ്റ്റാൻഡിംഗ് കമ്മിറ്റി രൂപീകരിയ്ക്കുവാൻ കമ്മീഷൻ എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകി. ഇതു സംബന്ധിച്ച് റിപ്പോർട്ട് കമ്മീഷന് സമർപ്പിയ്ക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്.

*(എസ്.ഇ.സി.. 81/2015)*

## തിരഞ്ഞെടുപ്പ് പ്രചാരണത്തിന് ഫ്ളക്സ് ഒഴിവാക്കണമെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ

തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള പൊതു തിരഞ്ഞെടുപ്പു പ്രചാരണത്തിന് പി.വി.സി ഫ്ളക്സ് ഒഴിവാക്കണമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ അഭ്യർത്ഥിച്ചു. തിരഞ്ഞെടുപ്പ് കാലത്ത് സംസ്ഥാനത്തൊട്ടാകെ പ്രചാരണ പ്രവർത്തനങ്ങൾക്കായി പോളിവിനൈൽ ക്ലോറൈഡ് ഫ്ളക്സ് വലിയ തോതിൽ ഉപയോഗിക്കാറുണ്ട്. എന്നാൽ ഇവ പുനഃചംക്രമണം ചെയ്യാൻ സാധിക്കാത്തതും കത്തിക്കുമ്പോൾ ഡയോക്സിൻ, ഫ്യൂറാൻ പോലുള്ള ക്യാൻസർജന്യമായ വിഷരാസ പദാർത്ഥങ്ങൾ പുറംതള്ളുന്നതും മാരക രോഗങ്ങൾ മാത്രമല്ല ഭൂമിയിലെ ജീവന്റെ നിലനില്പിനുതന്നെ ഇതു ഭീഷണിയാണ്.

ഇത്തരം പ്രതിബന്ധങ്ങൾ സൃഷ്ടിക്കുന്ന ഫ്ളക്സ് ബോർഡുകൾക്ക് പകരം അതേ ഗുണമേന്മയിലും വിലയിലും ലഭിക്കുന്ന റീസൈക്കിൾ ചെയ്യാവുന്ന പോളി എത്തലീൻ, തുണി, പേപ്പർ തുടങ്ങിയ പ്രകൃതി സൗഹാർദ്ദ വസ്തുക്കൾ മാത്രം ഉപയോഗിച്ച് പ്രചാരണം നടത്തണമെന്ന് എല്ലാ രാഷ്ട്രീയ കക്ഷികളോടും തിഞ്ഞെടുപ്പു കമ്മീഷൻ അഭ്യർത്ഥിച്ചു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് 2015-ൽ നടത്തുന്ന പൊതുതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നതിനായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ വിളിച്ചു ചേർത്ത എല്ലാ രാഷ്ട്രീയകക്ഷി പ്രതിനിധികളുടെയും യോഗത്തിൽ ഫ്ളക്സ് ഒഴിവാക്കാൻ തീരുമാനിച്ചിരുന്നു. പൊതു സ്ഥലങ്ങളിലും പൊതു വീഥികളുടെ വശങ്ങളിലും പരസ്യാർത്ഥം ഫ്ളക്സ് ബോർഡുകൾ പ്രദർശിപ്പിക്കുന്നതുമൂലം പാരിസ്ഥിതിക ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പി.വി.സി ഫ്ളക്സ് ബോർഡുകളുടെ ഉപയോഗത്തിൽ നിയന്ത്രണങ്ങളേർപ്പെടുത്തിക്കൊണ്ട് 2014 നവംബറിൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നതായും തിരഞ്ഞെടുപ്പ് കമ്മീഷൻ വ്യക്തമാക്കി.

*(എസ്.ഇ.സി.. 82/2015)*

GRAMS:
KERELECOM
E-mail:
electionker@gmail.com
Website:
www.sec.kerala.gov.in

# പത്രക്കുറിപ്പ്

TELEPHONE:
0471-2338288,2321233
FAX: 0471-2338288
0471-2334130

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

6th October 2015

## നാമനിർദ്ദേശ പത്രിക സമർപ്പണം ഇന്ന് ആരംഭിക്കും

തദ്ദേശഭരണ തിരഞ്ഞെടുപ്പിനുള്ള നാമനിർദ്ദേശ പത്രിക ഇന്ന് (ഒക്ടോബർ ഏഴ്) മുതൽ രാവിലെ 11 മണിയ്ക്കും ഉച്ചക്കുശേഷം മൂന്നിനും ഇടയ്ക്ക് ബന്ധപ്പെട്ട വരണാധികാരി മുമ്പാകെ സമർപ്പിയ്ക്കാവുന്നതാണ്. ഒക്ടോബർ 14 ആണ് നാമനിർദ്ദേശ പത്രിക സമർപ്പിക്കുന്നതിനുള്ള അവസാന ദിവസം. നിർദ്ദിഷ്ട ഫാറത്തിലാണ് നാമനിർദ്ദേശ പത്രിക സമർപ്പിക്കേണ്ടത്. എല്ലാ വരണാധികാരികളുടെ പക്കലും, തദ്ദേശഭരണ സ്ഥാപനങ്ങളിലും, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റിലും (www.sec.kerala.gov.in) നാമനിർദ്ദേശ പത്രിക ഫാറം ലഭ്യമാണ്.

സ്ഥാനാർത്ഥിയോ, നാമനിർദ്ദേശം ചെയ്യുന്ന ആളോ നേരിട്ട് ഓഫീസിൽ ഹാജരായി വരണാധികാരിയ്ക്കോ ഇതിലേയ്ക്ക് നിയോഗിക്കപ്പെട്ട അസിസ്റ്റന്റ് വരണാധികാരയ്ക്കോ നാമനിർദ്ദേശ പത്രിക സമർപ്പിക്കേണ്ടതാണ്. ഒരു സ്ഥാനാർത്ഥിക്ക് വേണ്ടി പരമാവധി മൂന്ന് നാമനിർദ്ദേശ പത്രിക സമർപ്പിയ്ക്കാവുന്നതാണ്. എന്നാൽ നിക്ഷേപ തുക ഒന്നിൽ കൂടുതൽ നൽകേണ്ടതില്ല

ഗ്രാമപഞ്ചായത്തിൽ 1,000/- ഉം, ബ്ലോക്ക് പഞ്ചായത്തിൽ 2,000/-ഉം, ജില്ലാ പഞ്ചായത്തിൽ 3,000/-ഉം, മുനിസിപ്പാലിറ്റിയിൽ 2,000/- ഉം, മുനിസിപ്പൽ കോർപ്പറേഷനിൽ 3,000/-ഉം രൂപയാണ് കെട്ടിവെക്കേണ്ട തുക. പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോപെട്ട സ്ഥാനാർത്ഥികൾക്ക് കെട്ടിവെയ്ക്കേണ്ട തുക അങ്ങനെയുള്ള നിയോജകമണ്ഡലത്തിലേയ്ക്ക്/വാർഡിലേയ്ക്ക് നിശ്ചയിച്ചിട്ടുള്ള തുകയുടെ അൻപത് ശതമാനം ആയിരിക്കും. ഗ്രാമപഞ്ചായത്തിൽ 10,000/-ഉം, ബ്ലോക്ക് പഞ്ചായത്തിൽ 30,000/-ഉം, ജില്ലാ പഞ്ചായത്തിൽ 60,000/-ഉം, മുനിസിപ്പാലിറ്റിയിൽ 30,000/-ഉം, മുനിസിപ്പൽ കോർപ്പറേഷനിൽ 60,000/-ഉം രൂപയാണ് ചെലവഴിക്കാവുന്നത തുക.

*(എസ്.ഇ.സി. 71/2015)*

## ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് സ്ഥാനങ്ങളുടെ സംവരണം

പ്രസിഡന്റ് സ്ഥാനങ്ങൾ സ്ത്രീകൾക്കായി സംവരണം ചെയ്തിട്ടില്ലാത്ത 470 ഗ്രാമപഞ്ചായത്തുകളിലെ വൈസ് പ്രസിഡന്റ് സ്ഥാനങ്ങൾ സ്ത്രീകൾക്കായി സംവരണം ചെയ്തുകൊണ്ട് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ വിജ്ഞാപനം പുറപ്പെടുവിച്ചു. കേരള പഞ്ചായത്ത് രാജ് ആക്ടിലെ 153-ാം വകുപ്പ് (4എ) പ്രകാരമാണ് ഈ നടപടി

*(എസ്.ഇ.സി. 72/2015)*

## ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് സ്ഥാനങ്ങളുടെ സംവരണം

പ്രസിഡന്റ് സ്ഥാനങ്ങൾ സ്ത്രീകൾക്കായി സംവരണം ചെയ്തിട്ടില്ലാത്ത 75 ബ്ലോക്ക് പഞ്ചായത്തുകളിലെ വൈസ് പ്രസിഡന്റ് സ്ഥാനങ്ങൾ സ്ത്രീകൾക്കായി സംവരണം ചെയ്തുകൊണ്ട് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ വിജ്ഞാപനം പുറപ്പെടുവിച്ചു. കേരള പഞ്ചായത്ത് രാജ് ആക്ടിലെ 153-ാം വകുപ്പ് (4എ) പ്രകാരമാണ് ഈ നടപടി

*(എസ്.ഇ.സി. 73/2015)*

...2/

## ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് സംവരണം

പ്രസിഡന്റ് സ്ഥാനങ്ങൾ സ്ത്രീകൾക്കായി സംവരണം ചെയ്തിട്ടില്ലാത്ത തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, കോഴിക്കോട്, മലപ്പുറം, കണ്ണൂർ, കാസർഗോഡ് ജില്ലാ പഞ്ചായത്തുകളിലെ വൈസ് പ്രസിഡന്റ് സ്ഥാനങ്ങൾ സ്ത്രീകൾക്കായി സംവരണം ചെയ്തുകൊണ്ട് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ വിജ്ഞാപനം പുറപ്പെടുവിച്ചു.

*(എസ്.ഇ.സി. 74/2015)*

## കോർപ്പറേഷൻ ഡെപ്യൂട്ടി മേയർ സ്ഥാനങ്ങളുടെ സംവരണം

മേയർ സ്ഥാനങ്ങൾ സ്ത്രീകൾക്കായി സംവരണം ചെയ്തിട്ടില്ലാത്ത തിരുവനന്തപുരം, കൊല്ലം, കോഴിക്കോട്, ഡെപ്യൂട്ടി മേയർ സ്ഥാനങ്ങൾ സ്ത്രീകൾക്കായി സംവരണം ചെയ്തുകൊണ്ട് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ വിജ്ഞാപനം പുറപ്പെടുവിച്ചു.

*(എസ്.ഇ.സി. 75/2015)*

## നഗരസഭ ഡെപ്യൂട്ടി ചെയർപേഴ്സൺ സംവരണം

ചെയർപേഴ്സൺ സ്ഥാനങ്ങൾ സ്ത്രീകൾക്കായി സംവരണം ചെയ്തിട്ടില്ലാത്ത 43 മുനിസിപ്പാലിറ്റികളിലെ ഡെപ്യൂട്ടി ചെയർപേഴ്സൺ സ്ഥാനങ്ങൾ സ്ത്രീകൾക്കായി സംവരണം ചെയ്തുകൊണ്ട് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ വിജ്ഞാപനം പുറപ്പെടുവിച്ചു.

*(എസ്.ഇ.സി. 76/2015)*

## ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സംവരണത്തിൽ ഭേദഗതി

പട്ടിക വർഗ്ഗ സ്ത്രീ സംവരണമായി പ്രഖ്യാപിച്ചിരുന്ന കോഴിക്കോട് വാണിമേൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സ്ഥാനം പട്ടിക വർഗ്ഗ സംവരണമായി മാറ്റിയും പട്ടിക വർഗ്ഗ സംവരണമായി പ്രഖ്യാപിച്ചിരുന്ന കോട്ടയം മേലുകാവ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സ്ഥാനം പട്ടിക വർഗ്ഗ സ്ത്രീ സംവരണമായി മാറ്റിയും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ വിജ്ഞാപനം ഭേദഗതി ചെയ്തു.

*(എസ്.ഇ.സി. 77/2015)*

## തിരഞ്ഞെടുപ്പ് ഡ്യൂട്ടിയിൽ നിന്നും ഒഴിവാക്കി

തദ്ദേശഭരണ തിരഞ്ഞെടുപ്പ് ഡ്യൂട്ടിയ്ക്ക് നിയോഗിക്കുന്നതിനായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഏർപ്പെടുത്തിയിട്ടുള്ള ഇ-ഡ്രോപ്പ് സംവിധാനത്തിൽ നിന്നും സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ (എസ്.ബി.ടി) ഉദ്യോഗ സ്ഥരെ ഒഴിവാക്കാനും ആരോഗ്യം, നീതിന്യായ വകുപ്പിലെ ഭരണ വിഭാഗത്തിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്താനും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻമാർക്കും നിർദ്ദേശം നൽകി. സംസ്ഥാന ബിവറേജസ് കോർപ്പറേഷന്റെ ഔട്ട്ലെറ്റുകളിൽ ജോലി ചെയ്യുന്നവരേയും തിരഞ്ഞെടുപ്പ് ഡ്യൂട്ടിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

*(എസ്.ഇ.സി. 78/2015)*

GRAMS: KERELECOM
E-mail: electionker@gmail.com
Website: www.sec.kerala.gov.in

# പത്രക്കുറിപ്പ്

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

TELEPHONE: 0471-2338288,2321233
FAX: 0471-2338288
0471-2334130

5th October 2015

## ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സംവരണം : വിജ്ഞാപനം ഭേദഗതി ചെയ്തു

സംസ്ഥാനത്തെ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സ്ഥാനങ്ങളിൽ വനിതാ സംവരണം ചെയ്ത് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഒക്ടോബർ ഒന്നിന് പുറപ്പെടുവിച്ച വിജ്ഞാപനത്തിൽ മൂന്ന് സ്ഥാപനങ്ങളുടെ കാര്യത്തിൽ ഭേദഗതി വരുത്തിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചു. ഭേദഗതി അനുസരിച്ച് തിരുവനന്തപുരം മംഗലപുരത്തിന് പകരം അണ്ടൂർക്കോണവും, ആലപ്പുഴ ചുനക്കരയ്ക്ക് പകരം ചെട്ടിക്കുളങ്ങരയും, കാസർഗോഡ് ബെള്ളൂരിന് പകരം ചെങ്ങളയും ഗ്രാമ പഞ്ചായത്തുകളിലെ പ്രസിഡന്റ് സ്ഥാനം വനിതകൾക്കായി സംവരണം ചെയ്തു.

*(എസ്.ഇ.സി. 68/2015)*

## വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നതിന് അവസാന ദിവസം ലഭിച്ച അപേക്ഷകൾ 31472

തദ്ദേശഭരണ തിരഞ്ഞെടുപ്പിനുള്ള വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നതിനും, ഉൾക്കുറിപ്പുകൾ തിരുത്തുന്നതിനും, മണ്ഡലം മാറുന്നതിനുമായി അനുവദിച്ചിരുന്ന ഓൺലൈൻ സൗകര്യ സമയപരിധി അവസാനിച്ചു. ഇന്ന് (ഒക്ടോബർ 5) 34,242 വോട്ടർമാർ ഈ സൗകര്യം ഉപയോഗപ്പെടുത്തി. ഇതിൽ 31,472 എണ്ണം പേർ ചേർക്കുന്നതിനും, 195 എണ്ണം തെറ്റുകൾ തിരുത്തുന്നതിനും 2,575 എണ്ണം നിയോജകമണ്ഡലം മാറുന്നതിനുമുള്ള അപേക്ഷയായിരുന്നു. ചട്ട പ്രകാരമുള്ള നേർവിചാരണയ്ക്കുശേഷം ഈ അപേക്ഷകളിന്മേൽ ബന്ധപ്പെട്ട ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ ഉചിതമായ തീരുമാനമെടുക്കുന്നതാണ്.

പേര് ചേർക്കുന്നതിനും തിരുത്തുന്നതിനും നിയമ പ്രകാരം വോട്ടർമാർക്ക് അനുവദിക്കാൻ കഴിയുന്ന അവസാന അവസരമായിരുന്നു ഇന്ന്. അന്തിമ വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചതിനുശേഷവും പൊതു താൽപര്യാർത്ഥം കഴിഞ്ഞ മാസം 23 മുതൽ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഓൺലൈൻ സൗകര്യം വീണ്ടും ലഭ്യമാക്കിയിരുന്നു. മൊത്തം 3,57,610 അപേക്ഷകളാണ് ഇക്കാലയളവിൽ പേര് ചേർക്കുന്നതിന് പുതുതായി ലഭിച്ചത്. പട്ടികയിലെ ഉൾക്കുറിപ്പുകൾ തിരുത്തുന്നതിന് 3,148 ഉം , നിയോജകമണ്ഡലം മാറുന്നതിന് 45,179 ഉം അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്.

*(എസ്.ഇ.സി. 69/2015)*

(തുടരുന്നു.......1/2)

# ഏറ്റവും കൂടുതൽ വോട്ടർമാർ മലപ്പുറത്ത് കുറവ് വയനാട്ടിൽ

ഒടുവിൽ പ്രസിദ്ധീകരിച്ച വോട്ടർ പട്ടിക പ്രകാരം വരുന്ന തദ്ദേശഭരണ തിരഞ്ഞെടുപ്പിൽ ഏറ്റവും കൂടുതൽ വോട്ടർമാർ മലപ്പുറം ജില്ലയിൽ. ഏറ്റവും കുറവ് വയനാട്ടിലാണ്. മലപ്പുറത്തെ 28,76,835 വോട്ടർമാരിൽ 14,64,309 പേർ സ്ത്രീകളും 14,12,517 പേർ പുരുഷൻമാരും 9 പേർ ഭിന്നലിംഗക്കാരുമാണ്. വയനാട്ടിലെ 5,71,392 വോട്ടർമാരിൽ 2,90,167 പേർ സ്ത്രീകളും 2,81,224 പേർ പുരുഷൻമാരും ഒരാൾ ഭിന്ന ലിംഗത്തിലും ഉൾപ്പെടുന്നു. ഇതര ജില്ലകളിലെ വോട്ടർമാരുടെ എണ്ണം ചുവടെ. ജില്ല, സ്ത്രീ, പുരുഷൻ, ഭിന്നലിംഗം, ആകെ വോട്ടർമാർ എന്ന ക്രമത്തിൽ

തിരുവനന്തപുരം - 13,70,545 - 12,19,917 - 08 - 25,90,470

കൊല്ലം - 10,59,160 - 9,52,129 - 07 - 20,11,296

പത്തനംതിട്ട - 5,29,730 - 4,66,441 - 00 - 9,96,171

ആലപ്പുഴ - 8,57,726 - 7,71,847 - 03 -16,29, 576

കോട്ടയം - 7,61,723 - 7,36,307 - 03 - 14,98,033

ഇടുക്കി - 4,25,177 - 4,19,821 - 02 - 8,45,000

എറണാകുളം - 12,02,082 - 11,60,793 - 18 - 23,62,893

തൃശ്ശൂർ - 12,71,570 - 11,49,468 - 13 - 24,21,051

പാലക്കാട് - 10,88,599 - 10,26,591 - 09 - 21,15,199

കോഴിക്കോട് - 11,73,664 -10,87,401 - 04 -22,61,069

കണ്ണൂർ - 9,98,359 - 8,64,217 - 04 - 18,62,580

കാസർഗോഡ് - 4,88,490 - 4,58,442 - 01 - 9,46,933

വോട്ടർ പട്ടികയിലുള്ള മൊത്തം 2,49,88,498 വോട്ടർമാരിൽ 1,29,81,301 പേർ സ്ത്രീകളും, 1,20,07,115 പേർ പുരുഷൻമാരും, 82 പേർ ഭിന്നലിംഗക്കാരുമാണ്.

*(എസ്.ഇ.സി. 70/2015)*

GRAMS: KERELECOM
E-mail: electionker@gmail.com
Website: www.sec.kerala.gov.in

# പത്രക്കുറിപ്പ്

TELEPHONE: 0471-2338288,2321233
FAX: 0471-2338288
0471-2334130

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

3rd October 2015

## തദ്ദേശഭരണ തിരഞ്ഞെടുപ്പ് നവംബർ രണ്ടിനും അഞ്ചിനും

തദ്ദേശഭരണ തിരഞ്ഞെടുപ്പ് നവംബർ രണ്ട്, അഞ്ച് തീയതികളിൽ നടക്കുമെന്ന് തിരഞ്ഞെടുപ്പ് കമ്മീഷണർ കെ. ശശിധരൻ നായർ അറിയിച്ചു. തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട തീയതികൾ പ്രഖ്യാപിക്കുന്നതിന് ഇന്ന് (ഒക്ടോബർ 3) വിളിച്ചുചേർത്ത വാർത്താ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

തിരുവനന്തപുരം, കൊല്ലം, ഇടുക്കി, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ നവംബർ രണ്ടിനും, പത്തനംതിട്ട, കോട്ടയം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം ജില്ലകളിൽ നവംബർ അഞ്ചിനുമാണ് വോട്ടെടുപ്പ്. രാവിലെ 7 മുതൽ വൈകുന്നേരം 6 മണി വരെയാണ് പോളിംഗ്. വോട്ടെണ്ണലും ഫലപ്രഖ്യാപനവും നവംബർ 7 ന് നടക്കും. തദ്ദേശസ്ഥാപനങ്ങളിലെ 35,000-ത്തോളം പോളിംഗ് സ്റ്റേഷനുകളിൽ ഒരേസമയം വോട്ടിംഗിനുള്ള സുരക്ഷാക്രമീകരണങ്ങളൊരുക്കുന്നതിലെ പ്രായോഗിക വൈഷമ്യങ്ങൾ കണക്കിലെടുത്താണ് വോട്ടെടുപ്പ് രണ്ട് ദിവസമായി നടത്തുന്നത്.

തിരഞ്ഞെടുപ്പ് വിജ്ഞാപനം പുറപ്പെടുവിക്കുന്ന ഒക്ടോബർ 7 മുതൽ നാമനിർദ്ദേശ പത്രിക സമർപ്പിക്കാം. ഒക്ടോബർ 14 വരെ പത്രിക സ്വീകരിക്കും. സൂക്ഷ്മ പരിശോധന ഒക്ടോബർ 15-ന്. പത്രിക പിൻവലിക്കാനുള്ള അവസാന ദിവസം ഒക്ടോബർ 17 ആണ്. തിരഞ്ഞെടുപ്പ് പ്രഖ്യാപിച്ചതിനാൽ മാതൃകാ പെരുമാറ്റ ചട്ടം നിലവിൽ വന്നു.

സംസ്ഥാനത്തെ 941 ഗ്രാമപഞ്ചായത്തുകളിലെ 15,962 ഉം, ആകെയുള്ള 152 ബ്ലോക്ക് പഞ്ചായത്തുകളിലെ 2,076 ഉം 14 ജില്ലാ പഞ്ചായത്തുകളിലെ 331 ഉം, ആകെയുള്ള 86 മുനിസിപ്പാലിറ്റികളിലെ 3,088 ഉം, 6 കോർപ്പറേഷനുകളിലെ 414 ഉം വാർഡുകളിലുമാണ് തിരഞ്ഞെടുപ്പ്. കണ്ണൂർ ജില്ലയിൽ മട്ടന്നൂർ നഗരസഭയിലെ തിരഞ്ഞെടുപ്പ് 2012-ൽ നടന്നതിനാൽ അവിടെ 2017-ലേ തിരഞ്ഞെടുപ്പ് നടക്കൂ.

ത്രിതല പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും വോട്ടിംഗ് യന്ത്രമുപയോഗിച്ചാണ് വോട്ടെടുപ്പ്. ത്രിതല പഞ്ചായത്തുകളിലേയ്ക്ക് മൾട്ടിപോസ്റ്റ് ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകൾ ഉപയോഗിച്ചാണ് തിരഞ്ഞെടുപ്പ് നടത്തുന്നത്. ത്രിതല പഞ്ചായത്തുകളിലേയ്ക്ക് ആദ്യമായാണ് വോട്ടിംഗ് യന്ത്രം ഉപയോഗിക്കുന്നത്. ഇപ്രാവശ്യം ഫോട്ടോ പതിച്ച വോട്ടർപട്ടികയാണ് ഉപയോഗിക്കുന്നത്. വോട്ടർപട്ടികയിൽ പേര് ചേർക്കുന്നതിനും ആക്ഷേപം സമർപ്പിക്കുന്നതിനും മറ്റുമുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള സൗകര്യം എൻ.

ഐ.സി.യുമായി ചേർന്ന് ഏർപ്പെടുത്തിയിരുന്നു. ഏകദേശം രണ്ടര കോടി വോട്ടർമാർ വോട്ടർപട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്. പ്രവാസികൾക്ക് വോട്ടർപട്ടികയിൽ പേര് ഉൾപ്പെടുത്തുന്നതിനുള്ള സൗകര്യവും ഏർപ്പെടുത്തിയിരുന്നു. അതിൻപ്രകാരം പ്രവാസികൾ പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്. ഭിന്നലിംഗത്തിൽപ്പെട്ട 82 പേരും പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്.

തിരഞ്ഞെടുപ്പ് സുഗമമായി നടത്താനുള്ള പ്രാരംഭപ്രവർത്തനങ്ങൾ പൂർത്തിയായി. എല്ലാ തദ്ദേശസ്ഥാപനങ്ങളിലും സംവരണ വാർഡുകൾ നറുക്കെടുപ്പിലൂടെ തീരുമാനിച്ചു. തിരഞ്ഞെടുപ്പിനുശേഷം നിലവിൽ വരുന്ന ഭരണ സമിതിയിലെ അദ്ധ്യക്ഷസ്ഥാനത്തിന്റെ സംവരണം നിശ്ചയിച്ച് വിജ്ഞാപനം കമ്മീഷൻ പുറപ്പെടുവിച്ചു. നാഷണൽ ഇൻഫർമാറ്റിക് സെന്ററിന്റെ സഹായത്തോടെ ഇ-ഡ്രോപ്പ് എന്ന സാങ്കേതികവിദ്യ ഉപയോഗിച്ചാണ് തിരഞ്ഞെടുപ്പ് ജോലിക്കായി രണ്ട് ലക്ഷത്തോളം ഉദ്യോഗസ്ഥരെ നിയോഗിക്കുക.

ഗ്രാമപഞ്ചായത്തിൽ 1,000/- ഉം, ബ്ലോക്ക് പഞ്ചായത്തിൽ 2,000/-ഉം, ജില്ലാ പഞ്ചായത്തിൽ 3,000/-ഉം, മുനിസിപ്പാലിറ്റിയിൽ 2,000/- ഉം, മുനിസിപ്പൽ കോർപ്പറേഷനിൽ 3,000/-ഉം രൂപയാണ് കെട്ടിവെക്കേണ്ട തുക. പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോപെട്ട സ്ഥാനാർത്ഥികൾക്ക് കെട്ടിവെയ്ക്കേണ്ട തുക അങ്ങനെയുള്ള നിയോജകമണ്ഡലത്തിലേയ്ക്ക്/വാർഡിലേയ്ക്ക് നിശ്ചയിച്ചിട്ടുള്ള തുകയുടെ അൻപത് ശതമാനം ആയിരിക്കും. ഗ്രാമപഞ്ചായത്തിൽ 10,000/-ഉം, ബ്ലോക്ക് പഞ്ചായത്തിൽ 30,000/-ഉം, ജില്ലാ പഞ്ചായത്തിൽ 60,000/-ഉം, മുനിസിപ്പാലിറ്റിയിൽ 30,000/-ഉം, മുനിസിപ്പൽ കോർപ്പറേഷനിൽ 60,000/-ഉം രൂപയാണ് ചെലവഴിക്കാവുന്നത തുക.

സമാധാനപരവും നിഷ്പക്ഷവുമായ പോളിംഗ് ഉറപ്പ് വരുത്താൻ എല്ലാ രാഷ്ട്രീയ കക്ഷികളുടേയും സഹകരണം തിരഞ്ഞെടുപ്പ് കമ്മീഷണർ അഭ്യർത്ഥിച്ചു.

*(എസ്.ഇ.സി. 67/2015)*

GRAMS:
KERELECOM
E-mail:
electionker@gmail.com
Website:
www.sec.kerala.gov.in

# പത്രക്കുറിപ്പ്

TELEPHONE:
0471-2338288,2321233
FAX: 0471-2338288
0471-2334130

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്‍**

**2nd October 2015**

## കോര്‍പ്പറേഷന്‍ നഗരസഭ അധ്യക്ഷന്മാരുടെ സംവരണം നിശ്ചയിച്ചു

സംസ്ഥാനത്തെ ആറു മുനിസിപ്പല്‍ കോര്‍പ്പറേഷനുകളില്‍ കൊച്ചി, തൃശ്ശൂര്‍, കണ്ണൂര്‍ എന്നിവടങ്ങളിലെ മേയര്‍ സ്ഥാനം സ്ത്രീകള്‍ക്കായി സംവരണം ചെയ്തുകൊണ്ട് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്‍ വിജ്ഞാപനം ചെയ്തു. സംസ്ഥാനത്തെ 87 മുനിസിപ്പല്‍ കൗണ്‍സിലുകളിലെ ചെയര്‍പേഴ്സണ്‍ സ്ഥാനങ്ങളില്‍ 44 സ്ഥാനങ്ങള്‍ സ്ത്രീകള്‍ക്കും, ആറ് എണ്ണം പട്ടികജാതി വിഭാഗത്തില്‍പ്പെട്ടവര്‍ക്കും അതില്‍ മൂന്ന് എണ്ണം പട്ടികജാതി വിഭാഗത്തിലെ സ്ത്രീകള്‍ക്കും ഒരെണ്ണം പട്ടിക വര്‍ഗ്ഗ വിഭാഗത്തിനും സംവരണം ചെയ്തിട്ടുണ്ട്. മാനന്തവാടിയാണ് പട്ടിക വര്‍ഗ്ഗങ്ങള്‍ക്കായി സംവരണം ചെയ്തിട്ടുള്ള ഏക നഗരസഭ. പട്ടിക ജാതി സ്ത്രീകള്‍ക്കായി പന്തളം, തൃക്കാക്കര, വടക്കാഞ്ചേരി നഗരസഭകള്‍ സംവരണം ചെയ്തു. പട്ടിക ജാതികള്‍ക്കായി കോട്ടയം, ഇരിങ്ങാലക്കുട, കൊണ്ടോട്ടി നഗരസഭകള്‍ സംവരണം ചെയ്തിട്ടുണ്ട്. സ്ത്രീകള്‍ക്കായി സംവരണം ചെയ്തിട്ടുള്ള നഗരസഭകള്‍ ഇനി പറയുന്നു. നെയ്യാറ്റിന്‍കര, വര്‍ക്കല, കരുനാഗപ്പള്ളി, അടൂര്‍, പത്തനംതിട്ട, മാവേലിക്കര, പാല, തൊടുപുഴ, തൃപ്പൂണ്ണിത്തുറ, മൂവാറ്റുപുഴ, കോതമംഗലം, പെരുമ്പാവൂര്‍, ആലുവ, കളമശ്ശേരി, അങ്കമാലി, ഏലൂര്‍, മരട്, ചാലക്കുടി, ഗുരുവായൂര്‍, കുന്നംകുളം, ഷൊര്‍ണ്ണൂര്‍, പാലക്കാട്, മലപ്പുറം, മഞ്ചേരി, നിലമ്പൂര്‍, കല്‍പ്പറ്റ, മട്ടന്നൂര്‍, കാസറഗോഡ്, കൊട്ടാരക്കര, ഹരിപ്പാട്, ചെര്‍പ്പുളശ്ശേരി, മണ്ണാര്‍ക്കാട്, താനൂര്‍, പരപ്പനങ്ങാടി, വളാഞ്ചേരി, തിരൂരങ്ങാടി, പയ്യോളി, കൊടുവള്ളി, പാനൂര്‍, ആന്തൂര്‍, ഫറോക്ക്.

*(എസ്.ഇ.സി. 66/2015)*

GRAMS:
KERELECOM
E-mail:
electionker@gmail.com
Website:
www.sec.kerala.gov.in

# പത്രക്കുറിപ്പ്

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

TELEPHONE:
0471-2338288,2321233
FAX: 0471-2338288
0471-2334130

1st October 2015

## ഗ്രാമസഭ കൂടാത്തതിന് ആറ് ഗ്രാമപഞ്ചായത്തംഗങ്ങളെ അയോഗ്യരാക്കി

കേരള പഞ്ചായത്ത് രാജ് ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ഗ്രാമസഭ വിളിച്ചു കൂട്ടാതിരുന്ന പാലക്കാട് നെല്ലായ ഗ്രാമപഞ്ചായത്തിലെ ആറ് അംഗങ്ങളെ പഞ്ചായത്തംഗങ്ങളായി തുടരുന്നതിൽ അയോഗ്യത കൽപ്പിച്ച് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ കെ. ശശിധരൻ നായർ ഉത്തരവായി. പഞ്ചായത്തംഗങ്ങളായ സക്കീർ ഹുസൈൻ, മരയ്ക്കാർ മൗലവി, എ.മൊയ്തീൻ കുട്ടി, കെ.റെയിഹനാത്ത്, വി.പി. മുഹമ്മദ് ഇബ്രാഹിം, എൻ. ജനാർദ്ദനൻ എന്നിവർക്കാണ് അയോഗ്യത. ഇത് സംബന്ധിച്ച് നെല്ലായ ഗ്രാമപഞ്ചായത്തിലെ വോട്ടർമാരായ ഹബീബുള്ള, എ. അബ്ദുൾ മുനീർ, ഷാജഹാൻ, ഹനീഫ, എം.ടി.അബ്ദുൾ സമദ്, അനീഷ് കുമാർ എന്നിവർ സമർപ്പിച്ച വ്യത്യസ്ഥ ഹർജികളിന്മേലാണ് തിരഞ്ഞെടുപ്പ് കമ്മീഷൻ വിധി ന്യായം പുറപ്പെടുവിച്ചിട്ടുള്ളത്. മൂന്നു മാസത്തിലൊരിക്കൽ ഗ്രാമസഭ കൂടുന്നതിൽ തുടർച്ച യായി മൂന്നു തവണ വീഴ്ച വരുത്തിയാൽ ബന്ധപ്പെട്ട അംഗം അയോഗ്യനാകുമെന്ന കേരള പഞ്ചായത്ത് രാജ് ആക്ടിലെ 35(1) (പി) വകുപ്പ് പ്രകാരമാണ് ഉത്തരവ്.

*(എസ്.ഇ.സി. 63/2015)*

## തിരഞ്ഞെടുപ്പ് ഫാറങ്ങൾ കൈപ്പറ്റണം

തദ്ദേശഭരണ തിരഞ്ഞെടുപ്പിനാവശ്യമായ സ്റ്റാറ്റ്യൂട്ടറി ഫാറങ്ങൾ ഒക്ടോബർ അഞ്ചിനകം ബന്ധപ്പെട്ട ഗവൺമെന്റ് പ്രസ്സുകളിൽ നിന്നും കൈപ്പറ്റുന്നതിന് നടപടി സ്വീകരിയ്ക്കാൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകി. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ല കൾക്കുള്ളത് മണ്ണന്തല ഗവൺമെന്റ് പ്രസ്സിലും, കോട്ടയം, ഇടുക്കി, ആലപ്പുഴ, എറണാകുളം ജില്ലകൾക്കു ള്ളത് എറണാകുളം ഗവൺമെന്റ് പ്രസ്സിലും, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട് ജില്ല കൾക്കുള്ളത് ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സിലും, കണ്ണൂർ, കാസർഗോഡ് ജില്ലകൾക്കുള്ളത് കണ്ണൂർ ഗവൺമെന്റ് പ്രസ്സിലുമാണ് തയ്യാറാക്കിയിട്ടുള്ളത്.

*(എസ്.ഇ.സി. 64/2015)*

## ജില്ലാ പഞ്ചായത്ത് സംവരണ മണ്ഡലങ്ങൾക്കുള്ള നറുക്കെടുപ്പ് ഒക്ടോബർ മൂന്നിന്

സംസ്ഥാനത്തെ ജില്ലാ പഞ്ചായത്തുകളിലേയ്ക്ക് നടക്കുന്ന പൊതുതിരഞ്ഞെടുപ്പിൽ ഓരോ ജില്ലാ പഞ്ചായത്തിനും പട്ടിക ജാതികൾക്കും, പട്ടിക വർഗ്ഗങ്ങൾക്കും, സ്ത്രീകൾക്കും സംവരണം ചെയ്തിട്ടു ള്ളത്രയും എണ്ണം സ്ഥാനങ്ങൾ ആവർത്തന ക്രമമനുസരിച്ച് ഏത് നിയോജകമണ്ഡലങ്ങൾക്കാണ് നൽകേണ്ട തെന്ന് ഒക്ടോബർ 3-ന് രാവിലെ പത്ത് മണിക്ക് അതാത് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽവെച്ച് നറുക്കെടുപ്പിലൂടെ തീരുമാനിക്കുന്നതാണ്. ഇതിനായി അതാത് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻമാരെ (ജില്ലാ കളക്ടർമാരെ) അധികാരപ്പെടുത്തിക്കൊണ്ട് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ വിജ്ഞാപനം ചെയ്തു.

*(എസ്.ഇ.സി. 65/2015)*

GRAMS:
KERELECOM
E-mail:
electionker@gmail.com
Website:
www.sec.kerala.gov.in

# പത്രക്കുറിപ്പ്

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

TELEPHONE:
0471-2338288,2321233
FAX: 0471-2338288
0471-2334130

30th September 2015

## ത്രിതല പഞ്ചായത്തുകളിലെ പ്രസിഡന്റ് സ്ഥാനങ്ങളുടെ സംവരണം : എണ്ണം നിശ്ചയിച്ചു

തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പ് നടക്കുന്ന ത്രിതല പഞ്ചായത്തുകളിലെ പ്രസിഡന്റ് സ്ഥാനങ്ങളിലെ സംവരണത്തിനുള്ള എണ്ണം നിശ്ചയിച്ചു. ഗ്രാമപഞ്ചായത്തുകളിലെ ആകെയുള്ള 941 പ്രസിഡന്റ് സ്ഥാനങ്ങളിൽ വനിതകൾക്ക് 471 ഉം പെതുവിഭാഗത്തിന് 470 സ്ഥാനങ്ങളാവും ലഭിക്കുക. വനിതാ സംവരണ സ്ഥാനങ്ങളിലും പൊതുവിഭാഗത്തിലും പട്ടിക ജാതികൾക്ക് 46 ഉം പട്ടിക വർഗ്ഗത്തിന് എട്ടും ലഭിയ്ക്കും. ബ്ലോക്ക് പഞ്ചായത്തുകളിലെ ആകെയുള്ള 152 പ്രസിഡന്റ് സ്ഥാനങ്ങളിൽ വനിതകൾക്ക് 77 സ്ഥാനങ്ങൾ ലഭിയ്ക്കും. ഇതിൽ എട്ട് എണ്ണം പട്ടിക ജാതികൾക്കും രണ്ട് എണ്ണം പട്ടിക വർഗ്ഗങ്ങൾക്കും ഉള്ളതാണ്. പൊതുവിഭാഗത്തിൽ നിന്ന് ഏഴ് എണ്ണം പട്ടിക ജാതികൾക്കും ഒരെണ്ണം പട്ടിക വർഗ്ഗത്തിനും ലഭിയ്ക്കും. ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 14 സ്ഥാനങ്ങളിൽ വനിതകൾക്ക് ഏഴെണ്ണം ലഭിയ്ക്കും. പൊതു വിഭാഗത്തിലെ ഒരെണ്ണം പട്ടിക ജാതികൾക്കായി സംവരണം ചെയ്തിട്ടുണ്ട്.

*(എസ്.ഇ.സി. 61/2015)*

## തിരഞ്ഞെടുപ്പ് ഡ്യൂട്ടിയിൽ നിന്നും ഒഴിവാക്കപ്പെട്ടവരുടെ വിശദാംശങ്ങൾ

തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പ് ഡ്യൂട്ടിയ്ക്കായി നിയോഗിക്കുന്നതിൽ നിന്നും ഒഴിവാക്കേണ്ട വിഭാഗങ്ങളുടെ വിശദാംശങ്ങൾ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കും നൽകി. ഇതനുസരിച്ച് ഉദ്യോഗസ്ഥ വിന്യാസത്തിനായുള്ള ഇ-ഡ്രോപ്പ് സംവിധാനത്തിൽ അംഗനവാടി വർക്കേഴ്സ്/ആയമാർ എന്നിവരേയും സ്വാശ്രയ സ്ഥാപനങ്ങൾ, സ്വകാര്യ സ്കൂളുകൾ. പ്രാഥമിക സഹകരണ സംഘം, രജിസ്ട്രേഷൻ കൂടാതെ പ്രവർത്തിക്കുന്ന സൊസൈറ്റികൾ എന്നിവിടങ്ങളിലേയും ജീവനക്കാരെ ഒഴിവാക്കിയിട്ടുണ്ട്. പോലീസ്, ഫയർ & റെസ്ക്യൂ സർവ്വീസ്, ആരോഗ്യ വകുപ്പ് തുടങ്ങിയ അവശ്യ സർവ്വീസുകളിൽപ്പെടുന്ന ഉദ്യോഗസ്ഥരും തിരഞ്ഞെടുപ്പ് ഡ്യൂട്ടിയിൽ നിന്നും ഒഴിവാക്കപ്പെട്ടവരിൽ ഉൾപ്പെടുന്നു. നീതി ന്യായ വകുപ്പ് ഉദ്യോഗസ്ഥർ, പുരോഹിതന്മാർ എന്നിവരാണ് ഒഴിവാക്കപ്പെട്ട മറ്റ് രണ്ട് വിഭാഗങ്ങൾ.

മിക്കവാറും എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഡ്യൂട്ടിയ്ക്ക് നിയോഗിക്കേണ്ട ഉദ്യോഗസ്ഥരുടെ സ്ഥാപന വിവരങ്ങൾ തിരഞ്ഞെടുപ്പ് കമ്മീഷന്റെ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്തിട്ടുണ്ട്. ഉദ്യോഗസ്ഥരെ ഷറ്റിയുള്ള വിവരങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങൾ അപ്‌ലോഡ് ചെയ്യുന്നതിലുള്ള കൃത്യത പരിശോധിക്കുന്നതിന് അതാതു അഡീഷണൽ ജില്ലാ മജിസ്ട്രേറ്റുമാരെ തിരഞ്ഞെടുപ്പ് കമ്മീഷൻ ചുമതലപ്പെടുത്തിയിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളിൽ നേരിട്ട് പരിശോധിച്ചതിന്മേലുള്ള ഇവരുടെ ദിനം പ്രതിയുള്ള റിപ്പോർട്ട് കമ്മീഷന് ലഭ്യമാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

*(എസ്.ഇ.സി. 62/2015)*

GRAMS:
KERELECOM
E-mail:
electionker@gmail.com
Website:
www.sec.kerala.gov.in

# പത്രക്കുറിപ്പ്

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

TELEPHONE:
0471-2338288,2321233
FAX: 0471-2338288
0471-2334130

29th September 2015

## ഉദ്യോഗസ്ഥരുടെ തിരഞ്ഞെടുപ്പ് ഡ്യൂട്ടി : സമയപരിധി പുനഃക്രമീകരിച്ചു

തദ്ദേശഭരണ തിരഞ്ഞെടുപ്പ് ഡ്യൂട്ടിയ്ക്കായുള്ള ഉദ്യോഗസ്ഥരുടെ വിവരശേഖരണത്തിന് സമയപരിധി പുനഃക്രമീകരിച്ചുകൊണ്ട് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകി. പുതുക്കിയ സമയക്രമം അനുസരിച്ച് സ്ഥാപനങ്ങൾ ഉദ്യോഗസ്ഥരെപ്പറ്റിയുള്ള ഡാറ്റാ ശേഖരണവും, ഡാറ്റാ എൻട്രിയും നിശ്ചിത വെബ്സൈറ്റിൽ (www.edrop.gov.in) ഒക്ടോബർ ഒൻപതിനകം അപ്‌ലോഡ് ചെയ്യേണ്ടതാണ്. ഒക്ടോബർ 12 വരെ ജില്ലാ ഭരണകൂടം ബന്ധപ്പെട്ട ജില്ലയുടെ അപ്‌ലോഡ് ചെയ്ത ഡാറ്റ കൾ പരിശോധിക്കും. ഉദ്യോഗസ്ഥർക്കുള്ള ഡ്യൂട്ടി സ്ഥലം നിശ്ചയിച്ചുകൊണ്ടുള്ള നടപടികൾ 15-ന് മുമ്പും നിയമന ഉത്തരവുകളുടെ വിതരണം 19-ന് മുമ്പും പൂർത്തിയാക്കാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഒക്ടോബർ 26-ന് മുമ്പ് തന്നെ പരിശീലന / റിഹേഴ്സൽ ക്ലാസ്സുകൾ സംഘടിപ്പിക്കണം. കമ്മീഷൻ നൽകിയിട്ടുള്ള സമയക്രമം കൃത്യമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കണമെന്നും വീഴ്ച വരുത്തുന്നവർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുമെന്നും ഉദ്യോഗസ്ഥർക്കുള്ള അറിയിപ്പിൽ പറയുന്നു.

*(എസ്.ഇ.സി. 59/2015)*

## മുനിസിപ്പാലിറ്റികളിലെ ചെയർപേഴ്സൺ, മേയർ സ്ഥാനങ്ങളിലെ സംവരണം

സംസ്ഥാനത്തെ മുനിസിപ്പാലിറ്റികളിലേയും കോർപ്പറേഷനുകളിലേയും ചെയർപേഴ്സൺ/മേയർ സ്ഥാനങ്ങളിൽ നിശ്ചിത എണ്ണം സ്ത്രീകൾക്കും പട്ടിക ജാതി പട്ടിക വർഗ്ഗങ്ങൾക്കും വേണ്ടി സംവരണം ചെയ്തു. ഇതനുസരിച്ച് ആകെയുള്ള 87 മുനിസിപ്പാലിറ്റി സ്ഥാനങ്ങളിൽ 44 എണ്ണം പട്ടിക ജാതിയിൽപ്പെടു ന്നവരുൾപ്പെടെയുള്ള സ്ത്രീകൾക്കായി സംവരണം ചെയ്തിട്ടുണ്ട്. പട്ടിക ജാതി വിഭാഗങ്ങൾക്ക് സംവരണം ചെയ്യപ്പെട്ടിട്ടുള്ള ആകെ സ്ഥാനങ്ങളുടെ എണ്ണം ആറും ആ വിഭാഗത്തിലെ സ്ത്രീകൾക്ക് സംവരണം ചെയ്യപ്പെട്ടിട്ടുള്ള ആകെ സ്ഥാനങ്ങളുടെ എണ്ണം മൂന്നും ആണ്. ഒരു സ്ഥാനം പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കായി സംവരണം ചെയ്തിട്ടുണ്ട്. ആറ് കോർപ്പറേഷൻ സ്ഥാനങ്ങൾ ഉള്ളതിൽ മൂന്ന് എണ്ണം സ്ത്രീകൾക്കായി സംവരണം ചെയ്തിട്ടുണ്ട്.

*(എസ്.ഇ.സി. 60/2015)*

GRAMS:
KERELECOM
E-mail:
electionker@gmail.com
Website:
www.sec.kerala.gov.in

# പത്രക്കുറിപ്പ്

TELEPHONE:
0471-2338288,2321233
FAX: 0471-2338288
0471-2334130

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

**28th September 2015**

## ബ്ലോക്ക് പഞ്ചായത്ത് സംവരണം : നറുക്കെടുപ്പ് തീയതി വിജ്ഞാപനം ചെയ്തു

തദ്ദേശഭരണ തിരഞ്ഞെടുപ്പിൽ ഓരോ ബ്ലോക്ക് പഞ്ചായത്തിലും പട്ടിക ജാതികൾക്കും, പട്ടിക വർഗങ്ങൾക്കും, സ്ത്രീകൾക്കുമുള്ള സംവരണ മണ്ഡലങ്ങൾ ഒക്ടോബർ ഒന്നിന് രാവിലെ പത്ത് മണിക്ക് നറുക്കെടുപ്പിലൂടെ തീരുമാനിക്കുന്നതിന് അതാതു ജില്ലാ കളക്ടർമാരെ അധികാരപ്പെടുത്തിക്കൊണ്ട് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ വിജ്ഞാപനം പുറപ്പെടുവിച്ചു. സംവരണം ചെയ്തിട്ടുള്ള സ്ഥാനങ്ങൾ ആവർത്തന ക്രമമനുസരിച്ച് ഏത് നിയോജകമണ്ഡലങ്ങൾക്കാണ് നൽകേണ്ടതെന്ന് അന്നേ ദിവസം അതാതു കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടക്കുന്ന നറുക്കെടുപ്പിൽ തീരുമാനിക്കുന്നതാണ്.

*(എസ്.ഇ.സി. 57/2015)*

## പുതിയ തദ്ദേശഭരണ സ്ഥാപനങ്ങിലെ വോട്ടർ പട്ടിക പുനഃക്രമീകരിക്കാൻ നിർദ്ദേശം നൽകി

സംസ്ഥാനത്ത് പുതിയതായി രൂപീകരിച്ച 28 മുനിസിപ്പാലിറ്റികളിലും കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷനിലും പുനഃസംഘടിപ്പിക്കപ്പെട്ട കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ, തളിപ്പറമ്പ്, നീലേശ്വരം മുനിസിപ്പാലിറ്റികൾ, കാർത്തികപ്പള്ളി, പള്ളിപ്പാട്, ചിങ്ങോലി (ആലപ്പുഴ), തൃക്കടീരി, തെങ്കര(പാലക്കാട്), പടന്ന (കാസർഗോഡ്) ഗ്രാമപഞ്ചായത്തുകൾ എന്നീ സ്ഥാപനങ്ങളിലും 2015-ലെ പുതിയ വാർഡു വിഭജനം അനുസരിച്ച് അന്തിമ വോട്ടർപട്ടിക പുനഃക്രമീകരിക്കാൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ തീരുമാനിച്ചു. പുതിയതായി രൂപീകരിച്ചതോ പുനഃസംഘടിപ്പിച്ചതോ ആയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അവയുടെ മാതൃസ്ഥാപനങ്ങൾ സെപ്റ്റംബർ ഏഴിന് പ്രസിദ്ധീകരിച്ച അന്തിമ വോട്ടർപട്ടിക അടിസ്ഥാനമാക്കിയാകും വോട്ടർപട്ടിക ക്രമീകരിച്ച് തയ്യാറാക്കുക. പുതിയതായി രൂപീകരിച്ച സ്ഥാപനങ്ങളിൽ തിരഞ്ഞെടുപ്പ് കമ്മീഷൻ ചുമതലപ്പെടുത്തിയ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ/അസിസ്റ്റന്റ് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്കാണ് ഇതിനുള്ള ചുമതല നൽകിയിട്ടുള്ളത്.

വോട്ടർപട്ടിക ക്രമീകരിക്കുന്നതിനുള്ള ഓൺലൈൻ സൗകര്യം നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ ലഭ്യമാക്കിയിട്ടുണ്ട്. ഇത്തരത്തിൽ പുതിയതായി രൂപീകരിച്ചതും പുനഃസംഘടിപ്പിച്ചതുമായ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ ആ സ്ഥാപനത്തിലെ നിലവിലെ വാർഡുകളിലെ ഓരോ പോളിംഗ് സ്റ്റേഷനിലെയും വോട്ടർമാരെ പുതിയ വാർഡുവിഭജന ഉത്തരവിലെ അതിർത്തികൾ പ്രകാരം തിരഞ്ഞെടുത്ത് പുതിയ വാർഡുകളിലെ പോളിംഗ് സ്റ്റേഷനിലേയ്ക്ക് ഓൺലൈനിലൂടെ മാറ്റണം. അത്തരത്തിൽ നിലവിലെ എല്ലാ പോളിംഗ് സ്റ്റേഷനിലെയും വോട്ടർമാരെ പുതിയ വാർഡുകളിലേയ്ക്ക് മാറ്റിയതിന് ശേഷം പുതിയ വാർഡുകളിലെ ക്രമീകരിച്ച വോട്ടർ പട്ടിക അന്തിമ പട്ടികയായി സെപ്റ്റംബർ 30-ന് പ്രസിദ്ധീകരിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണെന്നും കമ്മീഷൻ നിർദ്ദേശം നൽകി ഒക്ടോബർ ഒന്ന് മുതൽ അഞ്ച് വരെ വോട്ടർമാരെ ചേർക്കുന്നതിനും നീക്കം ചെയ്യുന്നതിനുമുള്ള ഓൺലൈൻ സൗകര്യം വീണ്ടും ഏർപ്പെടുത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

*(എസ്.ഇ.സി. 58/2015)*

GRAMS:
KERELECOM
E-mail:
electionker@gmail.com
Website:
www.sec.kerala.gov.in

# പത്രക്കുറിപ്പ്

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

TELEPHONE:
0471-2338288,2321233
FAX: 0471-2338288
0471-2334130

25th September 2015

## തിരഞ്ഞെടുപ്പ് ഡ്യൂട്ടിയ്ക്കായുള്ള ഉദ്യോഗസ്ഥരുടെ വിവരശേഖരണം ആരംഭിച്ചു

തദ്ദേശഭരണ തിരഞ്ഞെടുപ്പ് ഡ്യൂട്ടിയ്ക്കായുള്ള ഉദ്യോഗസ്ഥരുടെ വിവരശേഖരണം സംസ്ഥാന മൊട്ടുക്ക് ആരംഭിച്ചു. സെപ്റ്റംബർ 20-ലെ നില അനുസരിച്ചാണ് വെബ് അധിഷ്ഠിത സംവിധാനമായ ഇ-ഡ്രോപ്പിലൂടെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ വിവരങ്ങൾ ശേഖരിക്കുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകിയിട്ടുള്ള ഉദ്യോഗസ്ഥ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഓരോ ഓഫീസുകൾക്കും സ്ഥാപനങ്ങൾക്കും പ്രത്യേകം പ്രത്യേകം യൂസർ ഐ.ഡി. യും പാസ്‌വേർഡും നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ മുഖേന ലഭ്യമാക്കിയിട്ടുണ്ട്. അതു ഉപയോഗിച്ച് ഓരോ സ്ഥാപനവും ഉദ്യോഗസ്ഥരുടെ വിവരങ്ങൾ ഓൺലൈനായി രേഖപ്പെടുത്തുന്ന നടപടിയ്ക്കാണ് ഇന്ന് തുടക്കം കുറിച്ചിട്ടുള്ളത്. ഒക്ടോബർ അഞ്ചു വരെയാണ് ഇതിന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സമയം അനുവദിച്ചിട്ടുള്ളത്.

തദ്ദേശഭരണ തിരഞ്ഞെടുപ്പിൽ ഉദ്യോഗസ്ഥരെ ഡ്യൂട്ടിയ്ക്ക് നിയോഗിക്കുന്നതിനായി ഇക്കഴിഞ്ഞ 16, 17 തീയതികളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ജില്ലാ തല പരിശീലനം നൽകിയിരുന്നു. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാർക്കായിരുന്നു പരിശീലനം. സർക്കാർ വകുപ്പുകൾ, സ്റ്റാറ്റ്യൂട്ടറി ബോഡികൾ, കോർപ്പറേഷനുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സർക്കാർ എയ്ഡഡ് സ്കൂളുകൾ തുടങ്ങിയ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരെയാണ് തിരഞ്ഞെടുപ്പ് ഡ്യൂട്ടിയ്ക്കായി നിയോഗിക്കുക. സംസ്ഥാനമൊട്ടുക്ക് 38,000 ത്തോളം വരുന്ന പോളിംഗ് സ്റ്റേഷനുകളിലായി ഒരു ലക്ഷത്തി അറുപതി നായിരത്തോളം ഉദ്യോഗസ്ഥരെയാണ് തിരഞ്ഞെടുപ്പ് ഡ്യൂട്ടിയ്ക്ക് മാത്രമായി ആവശ്യമായിട്ടുള്ളത്.

*(എസ്.ഇ.സി. 56/2015)*

GRAMS: KERELECOM
E-mail: electionker@gmail.com
Website: www.sec.kerala.gov.in

# പത്രക്കുറിപ്പ്

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

TELEPHONE: 0471-2338288,2321233
FAX: 0471-2338288
0471-2334130

23rd September 2015

**Late Press Release**

## സ്ഥലംമാറ്റ ഉത്തരവ് മരവിപ്പിക്കാൻ ഹയർ സെക്കണ്ടറി ഡയറക്ടർക്ക് നിർദ്ദേശം നൽകി

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ ഉത്തരവ് ലംഘിച്ച് അദ്ധ്യാപകരെ സ്ഥലം മാറ്റിക്കൊണ്ടുള്ള ഹയർ സെക്കണ്ടറി ഡയറക്ടറുടെ ഉത്തരവ് മരവിപ്പിക്കാൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശം നൽകി. സ്ഥലംമാറ്റ ഉത്തരവിനെത്തുടർന്ന് ഇതിനോടകം ആരെയെങ്കിലും സ്ഥലം മാറ്റിയിട്ടുണ്ടെങ്കിൽ അവർ നേരത്തെ ജോലി നോക്കിയിരുന്ന സ്ഥാനത്തേക്കും സ്ഥലത്തേക്കും തിരികെ കൊണ്ടു വരുന്നതിനുള്ള നടപടി സ്വീകരിയ്ക്കണമെന്നും ഹയർ സെക്കണ്ടറി ഡയറക്ടർക്ക് കമ്മീഷൻ നിർദ്ദേശം നൽകി.

തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്ക് നടക്കുന്ന പൊതുതിരഞ്ഞെടുപ്പിന്റെ സുഗമമായ നടത്തിപ്പിനുവേണ്ടി തിരഞ്ഞെടുപ്പ് പ്രക്രിയ പൂർത്തിയാകുന്നതുവരെ ഉദ്യോഗസ്ഥരുടെ സ്ഥലം മാറ്റം വിലക്കിക്കൊണ്ട് ഇക്കഴിഞ്ഞ തിങ്കളാഴ്ച തിരഞ്ഞെടുപ്പ് കമ്മീഷൻ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

*(എസ്.ഇ.സി. 55/2015)*

## പോളിംഗ് സാമഗ്രികളുടെ വിതരണം തുടങ്ങി

തദ്ദേശഭരണ പൊതുതിരഞ്ഞെടുപ്പിനാവശ്യമായ പോളിംഗ് സാമഗ്രികൾ, ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കുള്ള കൈപുസ്തകങ്ങൾ എന്നിവ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ആരംഭിച്ചു. റിട്ടേണിംഗ് ഓഫീസർമാർക്കും പ്രിസൈഡിംഗ് ഓഫീസർമാർക്കുമുള്ള മെറ്റൽ സീലുകൾ, റബ്ബർ സീലുകൾ, പോസ്റ്റൽ ബാലറ്റ് പേപ്പർ സീലുകൾ എന്നിവയുടെ വിതരണമാണ് ആരംഭിച്ചിട്ടുള്ളത്. തിരഞ്ഞെടുപ്പിനാവശ്യമായ നോൺ സ്റ്റാറ്റ്യൂട്ടറി ഫോറങ്ങളുടെ അച്ചടിയ്ക്ക് പ്രിന്റിംഗ് വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയവ തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് വിതരണം ചെയ്യാൻ കമ്മീഷൻ അച്ചടി വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകി.

*(എസ്.ഇ.സി. 51/2015)*

## തിരഞ്ഞെടുപ്പിനുള്ള ഉദ്യോഗസ്ഥരുടെ വിന്യാസം : നടപടികൾ ആരംഭിച്ചു

തദ്ദേശഭരണ തിരഞ്ഞെടുപ്പിന് ഉദ്യോഗസ്ഥരെ വിന്യസിക്കുന്നതിനുള്ള നടപടികൾ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ആരംഭിച്ചു. നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ രൂപം നൽകിയിട്ടുള്ള ഇ-ഡ്രോപ്പ് എന്ന വെബ് അധിഷ്ഠിത സംവിധാനത്തിലൂടെയാണ് ഉദ്യോഗസ്ഥ വിന്യാസം നിർവ്വഹിക്കുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകിയിട്ടുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഓരോ ഓഫീസുകൾക്കും സ്ഥാപനങ്ങൾക്കും പ്രത്യേകം പ്രത്യേകം യൂസർ ഐ.ഡി യും എൻ.ഐ.സി നൽകിയിട്ടുണ്ട്. അത് ഉപയോഗിച്ച് ഓരോ സ്ഥാപനവും ഉദ്യോഗസ്ഥരുടെ വിവരങ്ങൾ ഓൺലൈനായി രേഖപ്പെടുത്തണം. സെപ്റ്റംബർ 25 മുതൽ ഒക്ടോബർ 15 വരെയാണ് ഇതിന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സമയം അനുവദിച്ചിട്ടുള്ളത്. സെപ്റ്റംബർ 30 മുതൽ ജില്ലാ കളക്ടറേറ്റുകളിൽ ഇതു സംബന്ധിച്ച പരിശോധനകൾ ആരംഭിക്കും. ഒക്ടോബർ പതിനെട്ടോടുകൂടി നിയമന ഉത്തരവുകൾ നൽകാനാണ് കമ്മീഷൻ ഉദ്ദേശിക്കുന്നത്. ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനവുമായി യോജിച്ച് ഒക്ടോബർ 26 മുതൽ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

*(എസ്.ഇ.സി. 52/2015)*

## പുതിയ നഗരസഭകളിലെ തിരഞ്ഞെടുപ്പ് രജിസ്ട്രേഷൻ ഓഫീസർമാരെ നിയമിച്ച് ഉത്തരവായി

സംസ്ഥാനത്ത് പുതിയതായി രൂപീകരിച്ച 28 നഗരസഭകളിലെയും ഒരു മുനിസിപ്പൽ കോർപ്പറേഷനിലെയും തിരഞ്ഞെടുപ്പ് രജിസ്ട്രേഷൻ ഓഫീസർമാരേയും, അസിസ്റ്റന്റ് തിരഞ്ഞെടുപ്പ് ഓഫീസർമാരേയും താത്കാലിക അടിസ്ഥാനത്തിൽ നിശ്ചയിച്ചും ചുമതലപ്പെടുത്തിയും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഉത്തരവായി. പുതുതായി രൂപീകരിച്ച തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങളുടെ ഭാഗമായി അവിടങ്ങളിൽ പുതിയ വാർഡുകളുടെ അടിസ്ഥാനത്തിൽ വോട്ടർ പട്ടിക പുന:ക്രമീകരിച്ച് തയ്യാറാക്കേണ്ടതുണ്ട്. സെക്രട്ടറിമാരോ, മറ്റ് ഉദ്യോഗസ്ഥരൊ പ്രസ്തുത സ്ഥാപനങ്ങൾക്കായി നിയമിക്കപ്പെട്ടിട്ടില്ലാത്ത സാഹചര്യത്തിലാണ് തിരഞ്ഞെടുപ്പ് കമ്മീഷന്റെ നടപടി. പുതിയ തദ്ദേശഭരണ സ്ഥപാനങ്ങളുടെയും ബന്ധപ്പെട്ട തിരഞ്ഞെടുപ്പ് രജിസ്ട്രേഷൻ ഓഫീസർമാരുടേയും വിശദാംശങ്ങൾ ചുവടെ.

**തുടരുന്നു.....1/3**

| ക്രമ നമ്പർ | പുതിയ മുനിസിപ്പാലിറ്റിയുടെ പേര് | ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ | അസിസ്റ്റന്റ് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ |
|---|---|---|---|
| 1 | കൊട്ടാരക്കര | സെക്രട്ടറി, കൊട്ടാരക്കര ഗ്രാമപഞ്ചായത്ത് | ജൂനിയർ സൂപ്രണ്ട് & അസിസ്റ്റന്റ് സെക്രട്ടറി, കൊട്ടാരക്കര ഗ്രാമപഞ്ചായത്ത് |
| 2 | പന്തളം | സെക്രട്ടറി, പന്തളം ഗ്രാമപഞ്ചായത്ത് | ജൂനിയർ സൂപ്രണ്ട് & അസിസ്റ്റന്റ് സെക്രട്ടറി, പന്തളം ഗ്രാമപഞ്ചായത്ത് |
| 3 | ഹരിപ്പാട് | സെക്രട്ടറി, ഹരിപ്പാട് ഗ്രാമപഞ്ചായത്ത് | ജൂനിയർ സൂപ്രണ്ട് & അസിസ്റ്റന്റ് സെക്രട്ടറി, ഹരിപ്പാട് ഗ്രാമപഞ്ചായത്ത് = അസിസ്റ്റന്റ് സെക്രട്ടറി, കാർത്തികപ്പള്ളി, ചിങ്ങോലി, പള്ളിപ്പാട് ഗ്രാമപഞ്ചായത്തുകൾ |
| 4 | ഏറ്റുമാനൂർ | സെക്രട്ടറി, ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത് | ജൂനിയർ സൂപ്രണ്ട് & അസിസ്റ്റന്റ് സെക്രട്ടറി ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത് |
| 5 | ഈരാറ്റുപേട്ട | സെക്രട്ടറി, ഈരാറ്റുപേട്ട ഗ്രാമപഞ്ചായത്ത് | ജൂനിയർ സൂപ്രണ്ട് & അസിസ്റ്റന്റ് സെക്രട്ടറി ഈരാറ്റുപേട്ട ഗ്രാമപഞ്ചായത്ത് |
| 6 | കട്ടപ്പന | സെക്രട്ടറി, കട്ടപ്പന ഗ്രാമപഞ്ചായത്ത് | ജൂനിയർ സൂപ്രണ്ട് & അസിസ്റ്റന്റ് സെക്രട്ടറി കട്ടപ്പന ഗ്രാമപഞ്ചായത്ത് |
| 7 | പിറവം | സെക്രട്ടറി, പിറവം ഗ്രാമപഞ്ചായത്ത് | ജൂനിയർ സൂപ്രണ്ട് & അസിസ്റ്റന്റ് സെക്രട്ടറി പിറവം ഗ്രാമപഞ്ചായത്ത് |
| 8 | കൂത്താട്ടുകുളം | സെക്രട്ടറി, കൂത്താട്ടുകുളം ഗ്രാമപഞ്ചായത്ത് | ജൂനിയർ സൂപ്രണ്ട് & അസിസ്റ്റന്റ് സെക്രട്ടറി ത്താട്ടുകുളം ഗ്രാമപഞ്ചായത്ത് |
| 9 | വടക്കാഞ്ചേരി | സെക്രട്ടറി, വടക്കാഞ്ചേരി ഗ്രാമപഞ്ചായത്ത് | ജൂനിയർ സൂപ്രണ്ട് & അസിസ്റ്റന്റ് സെക്രട്ടറി വടക്കാഞ്ചേരി ഗ്രാമപഞ്ചായത്ത് & മുണ്ടത്തിക്കോട് ഗ്രാമപഞ്ചായത്ത് |
| 10 | പട്ടാമ്പി | സെക്രട്ടറി, പട്ടാമ്പി ഗ്രാമപഞ്ചായത്ത് | ജൂനിയർ സൂപ്രണ്ട് & അസിസ്റ്റന്റ് സെക്രട്ടറി പട്ടാമ്പി ഗ്രാമപഞ്ചായത്ത് |
| 11 | ചെർപ്പുളശ്ശേരി | സെക്രട്ടറി, ചെർപ്പുളശ്ശേരി ഗ്രാമപഞ്ചായത്ത് | ജൂനിയർ സൂപ്രണ്ട് & അസിസ്റ്റന്റ് സെക്രട്ടറി ചെർപ്പുളശ്ശേരി ഗ്രാമപഞ്ചായത്ത്. അസിസ്റ്റന്റ് സെക്രട്ടറി, തൃക്കടീരി ഗ്രാമപഞ്ചായത്ത്. |
| 12 | മണ്ണാർക്കാട് | സെക്രട്ടറി, മണ്ണാർക്കാട് ഗ്രാമപഞ്ചായത്ത് | ജൂനിയർ സൂപ്രണ്ട് & അസിസ്റ്റന്റ് സെക്രട്ടറി മണ്ണാർക്കാട് ഗ്രാമപഞ്ചായത്ത്. അസിസ്റ്റന്റ് സെക്രട്ടറി, തെങ്കര ഗ്രാമപഞ്ചായത്ത്. |
| 13 | താനൂർ | സെക്രട്ടറി, താനൂർ ഗ്രാമപഞ്ചായത്ത് | ജൂനിയർ സൂപ്രണ്ട് & അസിസ്റ്റന്റ് സെക്രട്ടറി താനൂർ ഗ്രാമപഞ്ചായത്ത് |
| 14 | പരപ്പനങ്ങാടി | സെക്രട്ടറി, പരപ്പനങ്ങാടി ഗ്രാമപഞ്ചായത്ത് | ജൂനിയർ സൂപ്രണ്ട് & അസിസ്റ്റന്റ് സെക്രട്ടറി പരപ്പനങ്ങാടി ഗ്രാമപഞ്ചായത്ത് |
| 15 | വളാഞ്ചേരി | സെക്രട്ടറി, വളാഞ്ചേരി ഗ്രാമപഞ്ചായത്ത് | ജൂനിയർ സൂപ്രണ്ട് & അസിസ്റ്റന്റ് സെക്രട്ടറി വളാഞ്ചേരി ഗ്രാമപഞ്ചായത്ത് |
| 16 | തിരൂരങ്ങാടി | സെക്രട്ടറി, തിരൂരങ്ങാടി ഗ്രാമപഞ്ചായത്ത് | ജൂനിയർ സൂപ്രണ്ട് & അസിസ്റ്റന്റ് സെക്രട്ടറി തിരൂരങ്ങാടി ഗ്രാമപഞ്ചായത്ത് |
| 17 | പയ്യോളി | സെക്രട്ടറി, പയ്യോളി ഗ്രാമപഞ്ചായത്ത് | ജൂനിയർ സൂപ്രണ്ട് & അസിസ്റ്റന്റ് സെക്രട്ടറി പയ്യോളി ഗ്രാമപഞ്ചായത്ത് |
| 18 | രാമനാട്ടുകര | സെക്രട്ടറി, രാമനാട്ടുകര ഗ്രാമപഞ്ചായത്ത് | ജൂനിയർ സൂപ്രണ്ട് & അസിസ്റ്റന്റ് സെക്രട്ടറി രാമനാട്ടുകര ഗ്രാമപഞ്ചായത്ത് |
| 19 | കൊടുവള്ളി | സെക്രട്ടറി, കൊടുവള്ളി ഗ്രാമപഞ്ചായത്ത് | ജൂനിയർ സൂപ്രണ്ട് & അസിസ്റ്റന്റ് സെക്രട്ടറി കൊടുവള്ളി ഗ്രാമപഞ്ചായത്ത് |
| 20 | മുക്കം | സെക്രട്ടറി, മുക്കം ഗ്രാമപഞ്ചായത്ത് | ജൂനിയർ സൂപ്രണ്ട് & അസിസ്റ്റന്റ് സെക്രട്ടറി മുക്കം ഗ്രാമപഞ്ചായത്ത് |
| 21 | മാനന്തവാടി | സെക്രട്ടറി, മാനന്തവാടി ഗ്രാമപഞ്ചായത്ത് | ജൂനിയർ സൂപ്രണ്ട് & അസിസ്റ്റന്റ് സെക്രട്ടറി മാനന്തവാടി ഗ്രാമപഞ്ചായത്ത് |
| 22 | സുൽത്താൻബത്തേരി | സെക്രട്ടറി, സുൽത്താൻബത്തേരി ഗ്രാമപഞ്ചായത്ത് | ജൂനിയർ സൂപ്രണ്ട് & അസിസ്റ്റന്റ് സെക്രട്ടറി സുൽത്താൻബത്തേരി ഗ്രാമപഞ്ചായത്ത് |
| 23 | ഇരിട്ടി | സെക്രട്ടറി, കീഴൂർ- ചാവശ്ശേരി ഗ്രാമപഞ്ചായത്ത് | ജൂനിയർ സൂപ്രണ്ട് & അസിസ്റ്റന്റ് സെക്രട്ടറി കീഴൂർ- ചാവശ്ശേരി ഗ്രാമപഞ്ചായത്ത് |

**തുടരുന്നു.....2/3**

| | | | |
|---|---|---|---|
| 24 | പാനൂർ | സെക്രട്ടറി, പാനൂർ ഗ്രാമപഞ്ചായത്ത് | ജൂനിയർ സൂപ്രണ്ട് & അസിസ്റ്റന്റ് സെക്രട്ടറി പാനൂർ ഗ്രാമപഞ്ചായത്ത് |
| 25 | ശ്രീകണ്ഠപുരം | സെക്രട്ടറി, ശ്രീകണ്ഠപുരം ഗ്രാമ പഞ്ചായത്ത് | ജൂനിയർ സൂപ്രണ്ട് & അസിസ്റ്റന്റ് സെക്രട്ടറി ശ്രീകണ്ഠപുരം ഗ്രാമപഞ്ചായത്ത് |
| 26 | കൊണ്ടോട്ടി | സെക്രട്ടറി, കൊണ്ടോട്ടി ഗ്രാമ പഞ്ചായത്ത് | ജൂനിയർ സൂപ്രണ്ട് & അസിസ്റ്റന്റ് സെക്രട്ടറി കൊണ്ടോട്ടി & നെടിയിരുപ്പ് ഗ്രാമപഞ്ചായത്തുകൾ |
| 27 | ഫറോക്ക് | സെക്രട്ടറി, ഫറോക്ക് ഗ്രാമപ ഞ്ചായത്ത് | ജൂനിയർ സൂപ്രണ്ട് & അസിസ്റ്റന്റ് സെക്രട്ടറി ഫറോക്ക് ഗ്രാമപഞ്ചായത്ത് |
| 28 | ആന്തൂർ | സെക്രട്ടറി, തളിപ്പറമ്പ് മുനി സിപ്പാലിറ്റി | മുനിസിപ്പൽ എഞ്ചിനീയർ & റവന്യൂ ഓഫീസർ, തളിപ്പറമ്പ് മുനിസിപ്പാലിറ്റി |
| 29 | കണ്ണൂർ കോർപ്പറേഷൻ | സെക്രട്ടറി, കണ്ണൂർ മുനി സിപ്പാലിറ്റി | മുനിസിപ്പൽ എഞ്ചിനീയർ & റവന്യൂ ഓഫീസർ, കണ്ണൂർ മുനിസിപ്പാലിറ്റി; സെക്രട്ടറി, പള്ളിക്കുന്ന്, പുഴാതി, എടക്കാട്, എടയാവൂർ, ചേലോറ ഗ്രാമപഞ്ചായത്തുകൾ |

*(എസ്.ഇ.സി. 53/2015)*

## പുതിയ തദ്ദേശഭരണ സ്ഥാപനങ്ങളിലെ സംവരണത്തിന് മാർഗ്ഗനിർദ്ദേശം നൽകി

പുതതായി രൂപീകരിച്ച കോർപ്പറേഷൻ/മുനിസിപ്പാലിറ്റികളിലെ സംവരണ വാർഡുകൾ നിശ്ചയിക്കുമ്പോൾ അവംലബിക്കേണ്ട നടപടിക്രമം സംബന്ധിച്ച് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് മാർഗ്ഗനിർദ്ദേശം നൽകി. ഇതനുസരിച്ച് പുതുതായി രൂപീകരിക്കപ്പെട്ട തദ്ദേശഭരണ സ്ഥാപനം എന്ന നിലയിൽ ആദ്യമായി സ്ത്രീകൾ, പട്ടിക ജാതി സ്ത്രീകൾ, പട്ടിക വർഗ്ഗ സ്ത്രീകൾ, പട്ടിക ജാതി, പട്ടിക വർഗ്ഗം എന്നീ ക്രമത്തിൽ അതത് തദ്ദേശഭരണ സ്ഥാപനത്തിന് നിശ്ചയിച്ചിട്ടുള്ള സംവരണ സ്ഥാനങ്ങൾ നറുക്കെടുപ്പിലൂടെ തീരുമാനിക്കേണ്ടതാണ്. പുതിയ തദ്ദേശഭരണ സ്ഥാപനങ്ങൾ രൂപീകരിക്കുന്നതിന് മുമ്പ് അവ ഉൾപ്പെട്ടിരുന്ന തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിലവിലുണ്ടായിരുന്ന സംവരണ നിയോജക മണ്ഡലങ്ങൾ സംബന്ധിച്ച വിവരങ്ങൾ ഇവിടങ്ങളിൽ ഇപ്പോൾ പരിഗണിക്കേണ്ടതില്ലെന്ന് മാർഗ്ഗനിർദ്ദേശത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

*(എസ്.ഇ.സി. 54/2015)*

**(അവസാനിച്ചു)**

GRAMS:
KERELECOM
E-mail:
electionker@gmail.com
Website:
www.sec.kerala.gov.in

# പത്രക്കുറിപ്പ്

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

TELEPHONE:
0471-2338288,2321233
FAX: 0471-2338288
0471-2334130

22nd September 2015

## വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നതിനുള്ള ഓൺലൈൻ സംവിധാനം വീണ്ടും ഏർപ്പെടുത്തി

വോട്ടർ പട്ടികയിൽ പേര് ഉൾപ്പെടുത്തുന്നതിനും ഉൾക്കുറിപ്പുകൾ തിരുത്തുന്നതിനുമുള്ള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ ഓൺലൈൻ സംവിധാനം ഇന്ന് വൈകുന്നേരം മുതൽ (സെപ്റ്റംബർ 23) വീണ്ടും പ്രവർത്തന സജ്ജമാകും. പേര് ഉൾപ്പെടുത്തുന്നതിനുള്ള ഫോറം നാല്, ഉൾക്കുറിപ്പിലെ വിശദാംശത്തിനെതിരെയുള്ള ആക്ഷേപത്തിനുള്ള ഫോറം ആറ്, ഉൾക്കുറിപ്പിന്റെ സ്ഥാനമാറ്റത്തിനുള്ള ഫോറം ഏഴ് എന്നീ ഓൺലൈൻ സൗകര്യങ്ങളാണ് പുന:സ്ഥാപിക്കുന്നത്. മുമ്പ് ഓൺലൈനിലൂടെയും അല്ലാതെയും ലഭിച്ച അപേക്ഷകളിന്മേൽ തുടർ നടപടികൾക്കായി താൽക്കാലികമായി നിർത്തിവച്ചിരുന്ന സംവിധാനമാണ് ഇപ്പോൾ പുന:സ്ഥാപിക്കുന്നത്. വോട്ടർ പട്ടികയിൽ നിന്നും പേര് നീക്കം ചെയ്യുന്നതിനുള്ള എട്ടാം നമ്പർ ഫോറത്തിലെ അപേക്ഷകൾ പേരിട്ടോ, തപാലിലൂടെയോ വേണം ബന്ധപ്പെട്ട ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർക്ക് സമർപ്പിക്കേണ്ടത്. ഇത്തരം അപേക്ഷകൾ ഒക്ടോബർ അഞ്ച് വരെ ബന്ധപ്പെട്ട ഓഫീസുകളിൽ സ്വീകരിയ്ക്കുന്നതാണ്. ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ സ്വീകരിയ്ക്കുന്ന ഉത്തരവിന്മേലുള്ള അപ്പീലുകൾ ഉത്തരവ് തീയതി മുതൽ 15 ദിവസത്തിനകം ബന്ധപ്പെട്ട ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന് (ജില്ലാ കളക്ടർ) ആണ് നൽകേണ്ടത്. അപ്പീൽ അപേക്ഷകളിന്മേൽ 10 രൂപയുടെ ഫീസ് നേരിട്ട് അയയ്ക്കുയോ, കോർട്ട് ഫീ സ്റ്റാമ്പ് മുഖേനയോ ഒടുക്കേണ്ടതുണ്ട്.

പ്രവാസി വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നതിനുള്ള അപേക്ഷകളിലും സമയബന്ധിതമായ തുടർ നടപടികൾ സ്വീകരിയ്ക്കുന്നതിന് എല്ലാ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്കും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശം നൽകിയിട്ടുണ്ട്. പുതുതായി രൂപീകരിച്ചതോ പുനസംഘടിപ്പിച്ചതോ ആയ തദ്ദേശഭരണ സ്ഥാപാനങ്ങളിൽ വാർഡ് വിഭജനം പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ മേൽ സൂചിപ്പിച്ചിട്ടുള്ള സൗകര്യങ്ങൾ ലഭ്യമാകുകയുള്ളൂ. അത്തരം സ്ഥാപനങ്ങളിൽ അന്തിമ വോട്ടർ പട്ടിക പുനക്രമീകരണം നടത്തി പ്രസിദ്ധീകരിക്കുന്നതിനുള്ള നിർദ്ദേശം പിന്നാലെ പുറപ്പെടുവിക്കുന്നതാണെന്നും തിരഞ്ഞെടുപ്പ് കമ്മീഷൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുള്ള നിർദ്ദേശങ്ങളിൽ പറയുന്നു.

*(എസ്.ഇ.സി. 49/2015)*

## പുതിയ വോട്ടർമാർക്ക് തിരിച്ചറിയൽ കാർഡ്

സംസ്ഥാനത്തെ മട്ടന്നൂർ നഗരസഭ ഒഴികെയുള്ള എല്ലാ ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷനുകളിലെ ഫോട്ടോ പതിച്ച വോട്ടർപട്ടികയിൽ പുതുതായി പേർ ഉൾപ്പെടുത്തിയ വോട്ടർമാർക്ക് മാത്രമായി തിരിച്ചറിയൽ കാർഡ് നൽകുന്നതിന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ തീരുമാനിച്ചു. ബന്ധപ്പെട്ട വോട്ടർക്ക് നേരിട്ടോ രജിസ്റ്റേർഡ് തപാൽ മാർഗ്ഗമോ ലാമിനേറ്റ് ചെയ്ത തിരിച്ചറിയൽ കാർഡ് നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കാൻ എല്ലാ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്കും കമ്മീഷൻ നിർദ്ദേശം നൽകി.

പുതുതായി രൂപീകരിച്ചതോ പുന:സംഘടിപ്പിക്കപ്പെട്ടതോ ആയ തദ്ദേശഭരണ സ്ഥാപനങ്ങളിൽ വോട്ടർപട്ടികയുടെ ക്രമീകരണം പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യുകയുള്ളൂ. തദ്ദേശഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും ഇതിനാവശ്യമായ തുക വിനിയോഗിക്കാവുന്നതാണെന്നും കമ്മീഷൻ അറിയിച്ചു.

*(എസ്.ഇ.സി. 50/2015)*

GRAMS: KERELECOM
E-mail: electionker@gmail.com
Website: www.sec.kerala.gov.in

# പത്രക്കുറിപ്പ്

TELEPHONE: 0471-2338288,2321233
FAX: 0471-2338288
0471-2334130

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

19th September 2015

## ഗ്രാമപഞ്ചായത്ത്, നഗരസഭ സംവരണ വാർഡുകൾ നിശ്ചയിക്കുന്നതിനുള്ള സമയക്രമം പ്രഖ്യാപിച്ചു

തദ്ദേശഭരണ തിരഞ്ഞെടുപ്പിൽ ഓരോ ഗ്രാമപഞ്ചായത്തും, നഗരസഭയും പട്ടികജാതികൾക്കും പട്ടിക വർഗ്ഗങ്ങൾക്കും സ്ത്രീകൾക്കും സംവരണം ചെയ്തിട്ടുള്ള വാർഡുകൾ നറുക്കെടുപ്പിലൂടെ തീരുമാനിക്കുന്ന തിന് സമയക്രമം നിശ്ചയിച്ചുകൊണ്ടുള്ള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ വിജ്ഞാപനമായി. ഗ്രാമപ ഞ്ചായത്തുകളിൽ ബന്ധപ്പെട്ട ജില്ലാ കളക്ടറെയും നഗരസഭകളിൽ നഗരകാര്യ ജോയിന്റ് ഡയറക്ടറെയുമാണ് നറുക്കെടുപ്പിലൂടെ സംവരണ വാർഡുകൾ തീരുമാനിക്കുന്നതിന് തിരഞ്ഞെടുപ്പ് കമ്മീഷൻ അധികാരപ്പെടു ത്തിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ.

| ക്രമ നമ്പർ | സംവരണ നിയോജകമണ്ഡലങ്ങളുടെ നറുക്കെടുപ്പ് നടത്തുന്നതിന് നിശ്ചയിച്ചിട്ടുള്ള ഗ്രാമ പഞ്ചായത്തുകൾ ഉൾപ്പെടുന്ന ബ്ലോക്ക് പഞ്ചായത്തുകൾ | സ്ഥലം | തീയതി, സമയം |
|---|---|---|---|
| | തിരുവനന്തപുരം ജില്ല | | |
| 1 | പാറശ്ശാല<br>പെരുങ്കടവിള<br>അതിയന്നൂർ<br>നേമം<br>പോത്തൻകോട് | കളക്ടറേറ്റ് കോൺഫറൻസ് ഹാൾ, തിരുവനന്തപുരം | 2015 സെപ്റ്റംബർ, 25 രാവിലെ 10 മണി |
| 2 | വെള്ളനാട്<br>നെടുമങ്ങാട്<br>വാമനപുരം<br>കിളിമാനൂർ<br>ചിറയിൻകീഴ്<br>വർക്കല | കളക്ടറേറ്റ് കോൺഫറൻസ് ഹാൾ, തിരുവനന്തപുരം | 2015 സെപ്റ്റംബർ, 26 രാവിലെ 10 മണി |
| | കൊല്ലം ജില്ല | | |
| 3 | വെട്ടിക്കവല<br>പത്തനാപുരം<br>അഞ്ചൽ<br>കൊട്ടാരക്കര<br>ചടയമംഗലം | കളക്ടറേറ്റ് കോൺഫറൻസ് ഹാൾ, കൊല്ലം | 2015 സെപ്റ്റംബർ, 23 രാവിലെ 10 മണി |
| 4 | ചിറ്റുമല<br>ചവറ<br>മുഖത്തല<br>ഇത്തിക്കര<br>ഓച്ചിറ<br>ശാസ്താംകോട്ട | കളക്ടറേറ്റ് കോൺഫറൻസ് ഹാൾ, കൊല്ലം | 2015 സെപ്റ്റംബർ, 25 രാവിലെ 10 മണി |

തുടരുന്നു......1/

| | | | |
|---|---|---|---|
| | പത്തനംതിട്ട ജില്ല | | |
| | മല്ലപ്പള്ളി<br>പുളിക്കീഴ്<br>കോയിപ്രം<br>ഇലന്തൂർ | കളക്ടറേറ്റ് കോൺഫറൻസ് ഹാൾ, പത്തനംതിട്ട | 2015 സെപ്റ്റംബർ, 23 രാവിലെ 10 മണി |
| 6 | റാന്നി<br>കോന്നി<br>പന്തളം<br>പറക്കോട് | കളക്ടറേറ്റ് കോൺഫറൻസ് ഹാൾ, പത്തനംതിട്ട | 2015 സെപ്റ്റംബർ, 26 രാവിലെ 10 മണി |
| | ആലപ്പുഴ ജില്ല | | |
| 7 | തൈക്കാട്ടുശ്ശേരി<br>പട്ടണക്കാട്<br>കഞ്ഞിക്കുഴി<br>ആര്യാട്<br>അമ്പലപ്പുഴ<br>ചമ്പക്കുളം | കളക്ടറേറ്റ് കോൺഫറൻസ് ഹാൾ, ആലപ്പുഴ | 2015 സെപ്റ്റംബർ, 25 രാവിലെ 10 മണി |
| 8 | വെളിയനാട്<br>ചെങ്ങന്നൂർ<br>ഹരിപ്പാട്<br>മാവേലിക്കര<br>ഭരണിക്കാവ്<br>മുതുകുളം | കളക്ടറേറ്റ് കോൺഫറൻസ് ഹാൾ, ആലപ്പുഴ | 2015 സെപ്റ്റംബർ, 26 രാവിലെ 10 മണി |
| | കോട്ടയം ജില്ല | | |
| 9 | വൈക്കം<br>കടുത്തുരുത്തി<br>ഏറ്റുമാനൂർ<br>ഉഴവൂർ<br>ളാലം<br>ഈരാറ്റുപേട്ട | കളക്ടറേറ്റ് കോൺഫറൻസ് ഹാൾ, കോട്ടയം | 2015 സെപ്റ്റംബർ, 25 രാവിലെ 10 മണി |
| 10 | പാമ്പാടി<br>പള്ളം<br>മാടപ്പള്ളി<br>വാഴൂർ<br>കാഞ്ഞിരപ്പള്ളി | കളക്ടറേറ്റ് കോൺഫറൻസ് ഹാൾ, കോട്ടയം | 2015 സെപ്റ്റംബർ, 26 രാവിലെ 10 മണി |
| | ഇടുക്കി ജില്ല | | |
| 11 | അടിമാലി<br>ദേവികുളം<br>നെടുങ്കണ്ടം<br>ഇളംദേശം<br>ഇടുക്കി<br>കട്ടപ്പന<br>തൊടുപുഴ<br>അഴുത | കളക്ടറേറ്റ് കോൺഫറൻസ് ഹാൾ, ഇടുക്കി | 2015 സെപ്റ്റംബർ, 25 രാവിലെ 10.30 മണി |
| | എറണാകുളം ജില്ല | | |
| 12 | പറവൂർ<br>ആലങ്ങാട്<br>അങ്കമാലി<br>കൂവപ്പടി<br>വാഴക്കുളം<br>ഇടപ്പള്ളി<br>വൈപ്പിൻ | കളക്ടറേറ്റ് കോൺഫറൻസ് ഹാൾ, എറണാകുളം | 2015 സെപ്റ്റംബർ, 26 രാവിലെ 10 മണി |

തുടരുന്നു......2/

| | | | |
|---|---|---|---|
| 13 | പള്ളുരുത്തി<br>മുളന്തുരുത്തി<br>വടവുകോട്<br>കോതമംഗലം<br>പാമ്പാക്കുട<br>പാറക്കടവ്<br>മൂവാറ്റുപുഴ | കളക്ടറേറ്റ് കോൺഫറൻസ് ഹാൾ, എറണാകുളം | 2015 സെപ്റ്റംബർ, 28 രാവിലെ 10 മണി |
| തൃശ്ശൂർ ജില്ല | | | |
| 14 | ചാവക്കാട്<br>ചൊവ്വന്നൂർ<br>വടക്കാഞ്ചേരി<br>പഴയന്നൂർ<br>ഒല്ലൂർക്കര<br>പുഴയ്ക്കൽ<br>മുല്ലശ്ശേരി<br>തളിക്കുളം | കളക്ടറേറ്റ് കോൺഫറൻസ് ഹാൾ, തൃശ്ശൂർ | 2015 സെപ്റ്റംബർ, 25 രാവിലെ 10 മണി |
| 15 | അന്തിക്കാട്<br>ചേർപ്പ്<br>കൊടകര<br>ഇരിങ്ങാലക്കുട<br>വെള്ളാങ്ങല്ലൂർ<br>മതിലകം<br>മാള<br>ചാലക്കുടി | കളക്ടറേറ്റ് കോൺഫറൻസ് ഹാൾ, തൃശ്ശൂർ | 2015 സെപ്റ്റംബർ, 26 രാവിലെ 10 മണി |
| പാലക്കാട് ജില്ല | | | |
| 16 | തൃത്താല<br>പട്ടാമ്പി<br>ഒറ്റപ്പാലം<br>ശ്രീകൃഷ്ണപുരം<br>മണ്ണാർക്കാട്<br>അട്ടപ്പാടി<br>പാലക്കാട്<br>കുഴൽമന്ദം<br>ചിറ്റൂർ<br>കൊല്ലങ്കോട്<br>നെന്മാറ<br>ആലത്തൂർ<br>മലമ്പുഴ | മുനിസിപ്പൽ ടൗൺ ഹാൾ, പാലക്കാട് | 2015 സെപ്റ്റംബർ, 26 രാവിലെ 9 മണി |
| മലപ്പുറം ജില്ല | | | |
| 17 | നിലമ്പൂർ<br>കൊണ്ടോട്ടി<br>വണ്ടൂർ<br>അരീക്കോട്<br>മലപ്പുറം<br>കാളികാവ്<br>പെരിന്തൽമണ്ണ<br>മങ്കട | കളക്ടറേറ്റ് കോൺഫറൻസ് ഹാൾ, മലപ്പുറം | 2015 സെപ്റ്റംബർ, 25 രാവിലെ 10 മണി |
| 18 | കുറ്റിപ്പുറം<br>വേങ്ങര<br>തിരൂരങ്ങാടി<br>താനൂർ<br>തിരൂർ<br>പൊന്നാനി<br>പെരുമ്പടപ്പ് | കളക്ടറേറ്റ് കോൺഫറൻസ് ഹാൾ, മലപ്പുറം | 2015 സെപ്റ്റംബർ, 26 രാവിലെ 10 മണി |

തുടരുന്നു......3/

| | | | |
|---|---|---|---|
| കോഴിക്കോട് ജില്ല | | | |
| 19 | വടകര<br>തുണേരി<br>കുന്നുമ്മൽ<br>തോടന്നൂർ<br>മേലടി<br>പേരാമ്പ്ര | കളക്ടറേറ്റ് കോൺഫറൻസ് ഹാൾ, കോഴിക്കോട് | 2015 സെപ്റ്റംബർ, 25 രാവിലെ 10 മണി |
| 20 | ബാലുശ്ശേരി<br>പന്തലായനി<br>ചേളന്നൂർ<br>കൊടുവള്ളി<br>കുന്നമംഗലം<br>കോഴിക്കോട് | കളക്ടറേറ്റ് കോൺഫറൻസ് ഹാൾ, കോഴിക്കോട് | 2015 സെപ്റ്റംബർ, 26 രാവിലെ 10 മണി |
| വയനാട് ജില്ല | | | |
| 21 | കൽപ്പറ്റ<br>മാനന്തവാടി<br>പനമരം<br>സുൽത്താൻ ബത്തേരി | കളക്ടറേറ്റ് കോൺഫറൻസ് ഹാൾ, വയനാട് | 2015 സെപ്റ്റംബർ, 25 രാവിലെ 10 മണി |
| കണ്ണൂർ ജില്ല | | | |
| 22 | പയ്യന്നൂർ<br>കല്ല്യാശ്ശേരി<br>തളിപ്പറമ്പ്<br>ഇരിക്കൂർ<br>കണ്ണൂർ<br>എടക്കാട് | കളക്ടറേറ്റ് കോൺഫറൻസ് ഹാൾ, കണ്ണൂർ | 2015 സെപ്റ്റംബർ, 25 രാവിലെ 10 മണി |
| 23 | തലശ്ശേരി<br>പാനൂർ<br>കൂത്തുപറമ്പ്<br>ഇരിട്ടി<br>പേരാവൂർ | കളക്ടറേറ്റ് കോൺഫറൻസ് ഹാൾ, കണ്ണൂർ | 2015 സെപ്റ്റംബർ, 26 രാവിലെ 10 മണി |
| കാസറഗോഡ് ജില്ല | | | |
| 24 | പരപ്പ<br>കാസറഗോഡ്<br>മഞ്ചേശ്വരം<br>നീലേശ്വരം<br>കാഞ്ഞങ്ങാട്<br>കാറഡുക്ക | കളക്ടറേറ്റ് മെയിൻ കോൺഫറൻസ് ഹാൾ, കാസറഗോഡ് | 2015 സെപ്റ്റംബർ, 28 രാവിലെ 10 മണി |

തുടരുന്നു......4/

## നഗരസഭകളിലെ നറുക്കെടുപ്പ് തീയതിയുടെ വിശദാംശങ്ങൾ ചുവടെ

| ക്രമ നമ്പർ | മുനിസിപ്പാലിറ്റിയുടെ പേര് | സ്ഥലം | തീയതി, സമയം |
|---|---|---|---|
| | **റീജിയണൽ ജോയിന്റ് ഡയറക്ടർ : ദക്ഷിണ മേഖല** | | |
| 1 | നെയ്യാറ്റിൻകര | ടി.എം. വർഗ്ഗീസ് മെമ്മോറിയൽ ഹാൾ, കൊല്ലം | 28.09.2015 രാവിലെ 10 മണി |
| 2 | നെടുമങ്ങാട് | ,, | ,, |
| 3 | അആറ്റിങ്ങൽ | ,, | ,, |
| 4 | വർക്കല | ,, | ,, |
| 5 | പരവൂർ | ,, | ,, |
| 6 | കരുനാഗപ്പള്ളി | ,, | ,, |
| 7 | കൊട്ടാരക്കര | ,, | ,, |
| 8 | പുനലൂർ | ,, | ,, |
| 9 | പത്തനംതിട്ട | ,, | ,, |
| 10 | അടൂർ | ,, | ,, |
| 11 | പന്തളം | ,, | ,, |
| 12 | തിരുവല്ല | ,, | ,, |
| | | | |
| 1 | കായംകുളം | ടി.എം. വർഗ്ഗീസ് മെമ്മോറിയൽ ഹാൾ, കൊല്ലം | 29.09.2015 രാവിലെ 10 മണി |
| 2 | മാവേലിക്കര | ,, | ,, |
| 3 | ചെങ്ങന്നൂർ | ,, | ,, |
| 4 | ചേർത്തല | ,, | ,, |
| 5 | ഹരിപ്പാട് | ,, | ,, |
| 6 | ആലപ്പുഴ | ,, | ,, |
| 7 | ചങ്ങനാശ്ശേരി | ,, | ,, |
| 8 | കോട്ടയം | ,, | ,, |
| 9 | വൈക്കം | ,, | ,, |
| 10 | പാല | ,, | ,, |
| 11 | ഈരാറ്റുപേട്ട | ,, | ,, |
| 12 | ഏറ്റുമാനൂർ | ,, | ,, |

| | | | |
|---|---|---|---|
| | **റീജിയണൽ ജോയിന്റ് ഡയറക്ടർ : കൊച്ചി** | | |
| 1 | കട്ടപ്പന | കൊച്ചി കോർപ്പറേഷൻ ടൗൺ ഹാൾ | 28.09.2015 രാവിലെ 10 മണി |
| 2 | തൊടുപുഴ | ,, | ,, |
| 3 | കോതമംഗലം | ,, | ,, |
| 4 | മൂവ്വാറ്റുപുഴ | ,, | ,, |
| 5 | പെരുമ്പാവൂർ | ,, | ,, |
| 6 | ആലുവ | ,, | ,, |
| 7 | അങ്കമാലി | ,, | ,, |
| 8 | വടക്കൻ പറവൂർ | ,, | ,, |
| 9 | ഏലൂർ | ,, | ,, |
| 10 | തൃക്കാക്കര | ,, | ,, |
| 11 | മരട് | ,, | ,, |
| 12 | തൃപ്പൂണിത്തുറ | ,, | ,, |

തുടരുന്നു......5/

| | | | |
|---|---|---|---|
| 13 | കൂത്താട്ടുകുളം | കൊച്ചി കോർപ്പറേഷൻ ടൗൺ ഹാൾ | 28.09.2015 രാവിലെ 10 മണി |
| 14 | പിറവം | ,, | ,, |
| 15 | കളമശ്ശേരി | ,, | ,, |
| | | | |
| 1 | വടക്കാഞ്ചേരി | ,, | 29.09.2015 രാവിലെ 10 മണി |
| 2 | കുന്നംകുളം | ,, | ,, |
| 3 | ഗുരുവായൂർ | ,, | ,, |
| 4 | ചാവക്കാട് | ,, | ,, |
| 5 | ഇരിങ്ങാലക്കുട | ,, | ,, |
| 6 | കൊടുങ്ങല്ലൂർ | ,, | ,, |
| 7 | ചാലക്കുടി | ,, | ,, |
| 8 | പാലക്കാട് | ,, | ,, |
| 9 | ചിറ്റൂർ | ,, | ,, |
| 10 | ഒറ്റപ്പാലം | ,, | ,, |
| 11 | ഷൊർണ്ണൂർ | ,, | ,, |
| 12 | പട്ടാമ്പി | ,, | ,, |
| 13 | മണ്ണാർക്കാട് | ,, | ,, |
| 14 | ചെർപ്പുളശ്ശേരി | ,, | ,, |

| **റീജിയണൽ ജോയിന്റ് ഡയറക്ടർ : ഉത്തര മേഖല** | | | |
|---|---|---|---|
| 1 | കാസർഗോഡ് | കോർപ്പറേഷൻ ജൂബിലി ടൗൺ ഹാൾ, കണ്ണംകുളം, കോഴിക്കോട് | 28.09.2015 രാവിലെ 10 മണി |
| 2 | കാഞ്ഞങ്ങാട് | ,, | ,, |
| 3 | നിലേശ്വരം | ,, | ,, |
| 4 | പയ്യന്നൂർ | ,, | ,, |
| 5 | കൂത്തുപറമ്പ് | ,, | ,, |
| 6 | തലശ്ശേരി | ,, | ,, |
| 7 | തളിപ്പറമ്പ് | ,, | ,, |
| 8 | ആന്തൂർ | ,, | ,, |
| 9 | ശ്രീകണ്ഠപുരം | ,, | ,, |
| 10 | പാനൂർ | ,, | ,, |
| 11 | ഇരിട്ടി | ,, | ,, |
| 12 | വടകര | ,, | ,, |
| 13 | കൊയിലാണ്ടി | ,, | ,, |
| 14 | ഫറുഖ് | ,, | ,, |
| 15 | മുക്കം | ,, | ,, |
| 16 | കൊടുവള്ളി | ,, | ,, |
| 17 | രാമനാട്ടുകര | ,, | ,, |
| 18 | പയ്യോളി | ,, | ,, |

| | | | |
|---|---|---|---|
| | | | |
| 1 | കൽപ്പറ്റ | ,, | 29.09.2015 രാവിലെ 10 മണി |
| 2 | സുൽത്താൻ ബത്തേരി | ,, | ,, |
| 3 | മാനന്തവാടി | ,, | ,, |
| 4 | മലപ്പുറം | ,, | ,, |

തുടരുന്നു......6/

| | | | |
|---|---|---|---|
| 5 | മഞ്ചേരി | കോർപ്പറേഷൻ ജൂബിലി ടൗൺ ഹാൾ, കണ്ണംകുളം, കോഴിക്കോട് | 28.09.2015 രാവിലെ 10 മണി |
| 6 | തിരൂർ | ,, | ,, |
| 7 | പെരിന്തൽമണ്ണ | ,, | ,, |
| 8 | പൊന്നാനി | ,, | ,, |
| 9 | നിലമ്പൂർ | ,, | ,, |
| 10 | കോട്ടക്കൽ | ,, | ,, |
| 11 | കൊണ്ടോട്ടി | ,, | ,, |
| 12 | തിരൂരങ്ങാടി | ,, | ,, |
| 13 | വളാഞ്ചേരി | ,, | ,, |
| 14 | പരപ്പനങ്ങാടി | ,, | ,, |
| 15 | താനൂർ | ,, | ,, |

*(എസ്.ഇ.സി. 47/2015)*

## തദ്ദേശഭരണ തിരഞ്ഞെടുപ്പ് മുന്നൊരുക്കങ്ങൾ പോലീസ് മേധാവിയുമായി ചർച്ച ചെയ്തു

നവംബറിൽ നടക്കുന്ന തദ്ദേശഭരണ തിരഞ്ഞെടുപ്പിന്റെ മുന്നൊരുക്കങ്ങൾ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ കെ. ശശിധരൻ നായർ സ്റ്റേറ്റ് പോലീസ് മേധാവി ടി.പി. സെൻകുമാറുമായി ചർച്ച ചെയ്തു. തിരുവനന്തപുരത്തെ കമ്മീഷൻ ആസ്ഥാനത്ത് ഇന്ന് (സെപ്റ്റംബർ 19) നടന്ന യോഗത്തിൽ ഇന്റലിജൻസ് അഡീഷണൽ ഡി.ജി.പി ഹേമചന്ദ്രൻ, ഹെഡ് ക്വാർട്ടേഴ്സ് അഡീഷണൽ ഡി.ജി.പി അരുൺ കുമാർ സിൻഹ, ഹെഡ് ക്വാർട്ടേഴ്സ് അഡീഷണൽ എ.ഐ.ജി. സോമശേഖരൻ, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിലെ ഉന്നത ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

തിരഞ്ഞെടുപ്പിനാവശ്യമായ പോലീസ് സേനയുടെ എണ്ണം, ചെലവ്, സേനാ വിന്യാസം, പ്രശ്ന സാധ്യത യുള്ള ബൂത്തുകളുടെ നിർണ്ണയം തുടങ്ങിയ കാര്യങ്ങൾ യോഗം ചർച്ച ചെയ്തു. സംസ്ഥാനത്ത് നിന്നും എണ്ണം പോലീസ് ലഭ്യമല്ലാത്ത സാഹചര്യത്തിൽ കർണ്ണാടക, തമിഴ്നാട് പോലീസ് സേനാംഗങ്ങളേയും ഡ്യൂട്ടിക്ക് നിയോഗിക്കുന്നതാണ്. എക്സൈസ്, വനം, മോട്ടോർ വാഹനം എന്നീ വകുപ്പുദ്യോഗസ്ഥരേയും ഡ്യൂട്ടിക്ക് നിയോഗിക്കും. ഹോം ഗാർഡ്സ്, 18 വയസ്സിനു മുകളിലുള്ള എൻ.സി.സി കാഡറ്റുകൾ, വിരമിച്ച പോലീസ് ഉദ്യോഗസ്ഥർ വിമുക്ത ഭടൻമാർ എന്നിവരുടെ സേവനവും തിരഞ്ഞെടുപ്പിന് ലഭ്യമാക്കാൻ യോഗത്തിൽ തീരുമാനിച്ചു. തിരഞ്ഞെടുപ്പിന് മുന്നോടിയായി കോടതി വാറന്റ് നടപ്പാക്കൽ, ഗുണ്ടകളുടെ കരുതൽ തടങ്കൽ, തുടങ്ങിയ നടപടികൾ ത്വരിതപ്പെടുത്തുമെന്ന് ഡി.ജി.പി. അറിയിച്ചു.

കഴിഞ്ഞ തദ്ദേശഭരണ തിരഞ്ഞെടുപ്പിൽ നാലായിരത്തോളം പ്രശ്ന ബാധിത ബൂത്തുകൾ ഉണ്ടായിരുന്നതായി പോലീസ് മേധാവി അറിയിച്ചു. ഇത്തവണയും പ്രശ്ന സാധ്യതയുള്ള മേഖലകളിൽ പോലീസ് വീഡിയോ ചിത്രീകരണം ഉണ്ടായിരിക്കും. അത്തരം ബൂത്തുകളും മേഖലകളും സംബന്ധിച്ച് വിശദാംശങ്ങൾ സമർപ്പിക്കാൻ എല്ലാ ജില്ലാ പോലീസ് മേധാവികളോടും ആവശ്യപ്പെടുന്നതാണ്. ഒരു ബൂത്തിന് ഒരു പോലീസിനേയും രണ്ട് ബൂത്തുകൾക്ക് ഒരു പോലീസിനേയും ഒരു സ്പെഷ്യൽ പോലീസ് ഉദ്യോഗസ്ഥനേയും ആകും നിയോഗിക്കുക. പ്രശ്ന സാധ്യതയുള്ളിടത്ത് നാല് പോലീസിനേയും ആനുപാതികമായ സ്പെഷ്യൽ പോലീസിനേയും വിന്യസിക്കും. തിരഞ്ഞെടുപ്പ് ദിവസത്തെ ക്രമസമാധാനത്തിനായി സമീപപ്രദേശങ്ങളിലെ ബൂത്തുകളെ സംയോജിപ്പിച്ചുകൊണ്ട് ഗ്രൂപ്പ് പട്രോളിംഗും അപായങ്ങളും അത്യാഹിതങ്ങളും കൈകാര്യം ചെയ്യുന്നതിന് സർക്കിൾ ഇൻവെസ്റ്റിഗേഷൻ ടീമും ഉണ്ടായിരിക്കും, പോളിംഗ്, വോട്ടെണ്ണൽ ദിവസങ്ങളോടനുബന്ധിച്ച് മദ്യ നിരോധനം ഫലപ്രദമാക്കുന്നതിനായി അതിർത്തികളിലുള്ള പരിശോധന കർശനമാക്കുന്നതാണ്.

*(എസ്.ഇ.സി. 48/2015)*

**(അവസാനിച്ചു)**

GRAMS: KERELECOM
E-mail: electionker@gmail.com
Website: www.sec.kerala.gov.in

# പത്രക്കുറിപ്പ്

TELEPHONE: 0471-2338288,2321233
FAX: 0471-2338288
0471-2334130

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

18th September 2015

## സംവരണ വാർഡുകൾ നിശ്ചയിക്കുന്നതിന് നറുക്കെടുപ്പിനുള്ള സമയക്രമത്തിന് വിജ്ഞാപനമായി

തദ്ദേശഭരണ തിരഞ്ഞെടുപ്പിന് ഓരോ തദ്ദേശഭരണ സ്ഥാപനവും പട്ടികജാതികൾക്കും പട്ടിക വർഗ്ഗങ്ങൾക്കും സ്ത്രീകൾക്കും സംവരണം ചെയ്തിട്ടുള്ള വാർഡുകൾ നറുക്കെടുപ്പിലൂടെ തീരുമാനിക്കുന്നതിന് സമയക്രമം നിശ്ചയിച്ചുകൊണ്ടുള്ള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ വിജ്ഞാപനമായി. കോർപ്പറേഷനുകളിൽ നഗരകാര്യ ഡയറക്ടറേയും മുനിസിപ്പാലിറ്റികളിൽ ബന്ധപ്പെട്ട നഗരകാര്യ ജോയിന്റ് ഡയറക്ടറേയും ഗ്രാമപഞ്ചായത്തുകളിൽ ബന്ധപ്പെട്ട ജില്ലാ കളക്ടറേയുമാണ് നറുക്കെടുപ്പിലൂടെ സംവരണ വാർഡുകൾ തീരുമാനിക്കുന്നതിന് അധികാരപ്പെടുത്തിയിട്ടുള്ളത്.

തിരുവനന്തപുരം, കൊല്ലം മുനിസിപ്പൽ കോർപ്പറേഷനുകളിലെ നറുക്കെടുപ്പ് സെപ്റ്റംബർ 26-ന് രാവിലെ 10-ന് തിരുവനന്തപുരം നന്തൻകോട് സ്വരാജ് ഭവന്റെ ആറാം നിലയിലെ കോൺഫറൻസ് ഹാളിലും, കൊച്ചി, തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷനുകളുടേത് സെപ്റ്റംബർ 28-ന് ഉച്ചക്ക് 2 മണിക്ക് കൊച്ചി കോർപ്പറേഷൻ ടൗൺ ഹാളിലും, കോഴിക്കോട് കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷനുകളുടേത് സെപ്റ്റംബർ 29-ന് ഉച്ചക്ക് 2 മണിക്ക് കോഴിക്കോട് കോർപ്പറേഷൻ ജൂബിലി ടൗൺ ഹാളിലും നടക്കുന്നതാണ്.

തെക്കൻ മേഖലയിൽ ഉൾപ്പെടുന്ന മുനിസിപ്പാലിറ്റികളുടെ നറുക്കെടുപ്പ് സെപ്റ്റംബർ 28, 29 തീയതികളിൽ കൊല്ലം ടി.എം. വർഗ്ഗീസ് സ്മാരക ഗ്രന്ഥശാല ഹാളിലും, പാലക്കാട് ജില്ലയിലെ എല്ലാ മുനിസിപ്പാലിറ്റികളും ഉൾപ്പെടെ മദ്ധ്യ മേഖലയിലെ മുനിസിപ്പാലിറ്റികളുടെ നറുക്കെടുപ്പ് അന്നേ ദിവസം കൊച്ചി കോർപ്പറേഷൻ ടൗൺ ഹാളിലും വടക്കൻ മേഖലയിലെ മുനിസിപ്പാലിറ്റികളുടെ നറുക്കെടുപ്പ് കോഴിക്കോട് കോർപ്പറേഷൻ ജൂബിലി ടൗൺ ഹാളിലും രാവിലെ 10 മണിക്ക് നടത്തുന്നതാണ്.

ഗ്രാമപഞ്ചായത്തുകളിലെ സംവരണ വാർഡുകൾ നറുക്കെടുപ്പിലൂടെ നിശ്ചയിക്കുന്ന നടപടി സെപ്റ്റംബർ 23-ന് ആരംഭിക്കുന്നതാണ്.

*(എസ്.ഇ.സി. 46/2015)*

GRAMS:
KERELECOM
E-mail:
electionker@gmail.com
Website:
www.sec.kerala.gov.in

# പത്രക്കുറിപ്പ്

TELEPHONE:
0471-2338288,2321233
FAX: 0471-2338288
0471-2334130

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

18th September 2015

## ഏറ്റവും കൂടുതൽ ഗ്രാമപഞ്ചായത്ത് വാർഡുകൾ മലപ്പുറത്ത് കുറവ് വയനാട്ടിൽ

വരുന്ന തദ്ദേശഭരണ തിരഞ്ഞെടുപ്പിൽ ഏറ്റവും കൂടുതൽ ഗ്രാമപഞ്ചായത്ത് വാർഡുകൾ ഉള്ള ജില്ല മലപ്പുറം. നവംബറിൽ തിരഞ്ഞെടുപ്പ് നടക്കുന്ന സംസ്ഥാനത്തെ ആകെയുള്ള 941 ഗ്രാമപഞ്ചായത്തുകളിലെ 94 ഗ്രാമപഞ്ചായത്തുകൾ മലപ്പുറത്താണ്. മൊത്തം 1778 ഗ്രാമപഞ്ചായത്ത് വാർഡുകളാണ് ഇവിടെയുള്ളത്. വയനാട്ടിൽ 23 ഗ്രാമപഞ്ചായത്തുകളിലായി മൊത്തം 413 വാർഡുകളിൽ തിരഞ്ഞെടുപ്പ് നടക്കും. സംസ്ഥാനമൊട്ടാകെ 15962 ഗ്രാമപഞ്ചായത്ത് വാർഡുകളിൽ ഇക്കുറി തിരഞ്ഞെടുപ്പ് നടക്കും. ഇതര ജില്ലകളിലെ തിരഞ്ഞെടുപ്പ് നടക്കുന്ന ആകെ ഗ്രാമപഞ്ചായത്തുകളുടെ എണ്ണം ചുവടെ. ആകെ ഗ്രാമപഞ്ചായത്തുകൾ, വാർഡുകൾ എന്ന ക്രമത്തിൽ.

തിരുവനന്തപുരം - 73 - 1299
കൊല്ലം - 68 - 1234
പത്തനംതിട്ട - 53 - 788
ആലപ്പുഴ - 72 - 1169
കോട്ടയം - 71 - 1140
ഇടുക്കി - 52 - 792
എറണാകുളം - 82 - 1338
തൃശ്ശൂർ - 86 - 1465
പാലക്കാട് - 88 - 1490
കോഴിക്കോട് - 70 - 1226
കണ്ണൂർ - 71 - 1166
കാസർഗോഡ് - 38 - 664

കഴിഞ്ഞ തദ്ദേശഭരണ പൊതുതിരഞ്ഞെടുപ്പ് നടന്ന 2010-ൽ ആകെ 978 ഗ്രാമപഞ്ചായത്തുകളിലായി 16680 വാർഡുകളാണ് ഉണ്ടായിരുന്നത്. വിവിധ ജില്ലകളിൽ 2010-ൽ തിരഞ്ഞെടുപ്പ് നടന്ന ഗ്രാമപഞ്ചായത്തുകളുടെ എണ്ണം ചുവടെ ആകെ ഗ്രാമപഞ്ചായത്തുകൾ, വാർഡുകൾ, എന്ന ക്രമത്തിൽ.

തിരുവനന്തപുരം - 73 - 1299
കൊല്ലം - 70 - 1274
പത്തനംതിട്ട - 54 -811
ആലപ്പുഴ - 73 - 1186
കോട്ടയം - 73 - 1180
ഇടുക്കി - 53 - 814
എറണാകുളം - 84 - 1369
തൃശ്ശൂർ - 88 -1501
പാലക്കാട് - 91 - 1542
മലപ്പുറം - 100 -1902
കോഴിക്കോട് - 75 -1335
വയനാട് - 25 - 459
കണ്ണൂർ - 81 - 1345
കാസർഗോഡ് - 38 - 663

*(എസ്.ഇ.സി. 45/2015)*

GRAMS:
KERELECOM
E-mail:
electionker@gmail.com
Website:
www.sec.kerala.gov.in

# പത്രക്കുറിപ്പ്

TELEPHONE:
0471-2338288,2321233
FAX: 0471-2338288
0471-2334130

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

17th September 2015

## വോട്ടർപട്ടിക തയ്യാറാക്കുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്തു

വോട്ടർപട്ടിക തയ്യാറാക്കുന്നതിൽ വീഴ്ച വരുത്തിയ കണ്ണൂർ ജില്ലയിലെ എരിഞ്ഞോളി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി കെ. രത്നാകരനേയും വേങ്ങാട് ഗ്രാമപഞ്ചായത്തിലെ ഹെഡ് ക്ലാർക്ക് ദിനേശൻ പാറയിലിനേയും അന്വേഷണ വിധേയമായി സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തു കൊണ്ട് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഉത്തരവായി. വരുന്ന തദ്ദേശ ഭരണ തിരഞ്ഞെടുപ്പിനുള്ള ഫോട്ടോ പതിച്ച വോട്ടർ പട്ടിക തയ്യാറാക്കുന്നതിന് സംസ്ഥാന തിരഞ്ഞെടുപ്പ് ക്മീഷൻ ബന്ധപ്പെട്ട എല്ലാ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്കും നിർദ്ദേശങ്ങൾ നൽകിയിരുന്നു. വേങ്ങാട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയായിരുന്ന വേളയിൽ പ്രസ്തുത ഗ്രാമപഞ്ചായത്ത് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ കൂടിയായിരുന്ന കെ. രത്നാകരൻ വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നതിനും ഒഴിവാക്കു ന്നതിനും ഉൾക്കുറിപ്പ് തിരുത്തുന്നതിനുമായി ലഭിച്ച അപേക്ഷകളിന്മേൽ ഹിയറിംഗ് നടത്തിയെങ്കിലും അത് ഓൺലൈനായി യഥാസമയം അംഗീകരിക്കാതെ സ്ഥലം മാറി പോകുകയുണ്ടായി. തുടർന്ന് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസറുടെ ചുമതല വഹിച്ചിരുന്ന ഹെഡ് ക്ലാർക്ക് ദിനേശൻ പാറയിൽ ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കുകയോ വിവരം മേലധികാരികളുടെ ശ്രദ്ധയിൽ പ്പെടുത്തുകയോ ചെയ്തില്ല. ഇക്കാരണങ്ങളാൽ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിശ്ചയിച്ച തീയതിയിൽ വേങ്ങാട് ഗ്രാമപഞ്ചായത്തിലെ അന്തിമ വോട്ടർ പട്ടിക തയ്യാറാക്കി പ്രസിദ്ധീകരിക്കാൻ കഴിഞ്ഞില്ല. ഇത് സംബന്ധിച്ച് കണ്ണൂർ ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ നടത്തിയ അന്വേഷ ണത്തിലും ഉദ്യോഗസ്ഥരുടെ ഗുരുതരമായ വീഴ്ച കണ്ടെത്തിയിരുന്നു.

*(എസ്.ഇ.സി. 44/2015)*

GRAMS:
KERELECOM
E-mail:
electionker@gmail.com
Website:
www.sec.kerala.gov.in

# പത്രക്കുറിപ്പ്

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

TELEPHONE:
0471-2338288,2321233
FAX: 0471-2338288
0471-2334130

15th September 2015

## തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പ്:

## വോട്ടെണ്ണൽ കേന്ദ്രങ്ങൾ നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

## വ്യക്തമാക്കി തിരഞ്ഞെടുപ്പ് കമ്മീഷൻ

തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പിനുവേണ്ട സ്വീകരണ/വിതരണ കേന്ദ്രങ്ങളും വോട്ടെണ്ണൽ കേന്ദ്രങ്ങളും നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കിക്കൊണ്ട് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശങ്ങൾ നൽകി. ആവശ്യമായ യാത്രാസൗകര്യം, വൈദ്യുതി, കുടിവെള്ളം, ടോയിലറ്റ് സൗകര്യം,ഇന്റർനെറ്റ് വാർത്താവിനിമയ സൗകര്യം എന്നിവ മേൽ ആവശ്യങ്ങൾക്ക് വേണ്ടിയുള്ള കേന്ദ്രങ്ങളിൽ ലഭ്യമാക്കേണ്ടതാണ്.

ബ്ലോക്ക് പഞ്ചായത്ത് തലത്തിലായിരിക്കും ത്രിതല പഞ്ചായത്തുകളെ സംബന്ധിച്ച് വിതരണ/ സ്വീകരണ/വോട്ടെണ്ണൽ കേന്ദ്രങ്ങൾ നിശ്ചയിക്കുക. ഒരു ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള എല്ലാ ഗ്രാമ പഞ്ചായത്തുകൾക്കും ഒരു സ്ഥാപനത്തിൽവേണം പ്രസ്തുത കേന്ദ്രങ്ങൾ നിശ്ചയിക്കേണ്ടത്. ഒരു ബ്ലോക്ക് പഞ്ചായ ത്തിനുവേണ്ടി നിശ്ചയിക്കുന്ന സ്ഥാപനത്തിൽ ഓരോ ഗ്രാമപഞ്ചായത്തിനും ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ സൂക്ഷിക്കുന്നതിന് ബ്ലോക്ക് തലത്തിൽ സ്ട്രോങ് റൂമുകൾ ഉണ്ടായിരിക്കണം. ഒരേ കെട്ടിടത്തിലെ അടുത്തടുത്തുള്ള മുറികൾ വേണം ഇതിലേയ്ക്ക് നിശ്ചയിക്കേണ്ടത്. ഇതിനു പുറമെ എല്ലാ പഞ്ചായത്തുകളിലേയും ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകളിൽ ''കാൻഡിഡേറ്റ് സെറ്റ് '' ചെയ്യുന്നതിന് പര്യാപ്തമായ ഒന്നോ അതിലധികമോ ഹാളുകൾ ഉണ്ടായിരിക്കണം. ഓരോ ഗ്രാമപഞ്ചായത്തിലേയും 10-പോളിംഗ് സ്റ്റേഷനുകൾക്ക് ഒരു കൗണ്ടർ എന്ന നിലയ്ക്ക് സ്വീകരണ വിതരണങ്ങൾ നിശ്ചയിക്കുന്നതിന് ആവശ്യമായ മുറികളോ ഹാളുകളോ ലഭ്യമാക്കണം. ഇത്തരത്തിൽ നിശ്ചയിക്കുന്ന സ്വീകരണ വിതരണ കേന്ദ്രങ്ങൾ തന്നെയാണ് വോട്ടെണ്ണൽ കേന്ദ്രങ്ങളായും ഉപയോഗിക്കേണ്ടത്. കൗണ്ടിങ്ങിനു ബ്ലോക്ക് തലത്തിൽ പ്രത്യേക ഹാളുകളോ മുറികളോ ഉണ്ടായിരിക്കണം. സ്വീകരണ/വിതരണ കേന്ദ്രങ്ങ ളായി നിശ്ചയിച്ചിട്ടുള്ള ഹാളുകളും/മുറികളും ഇതിലേയ്ക്കായി ഉപയോഗിക്കാവുന്നതാണ്. എല്ലാ കെട്ടിടങ്ങളും കഴിവതും താഴത്തെ നിലയിലായിരിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. മുനിസിപ്പാലിറ്റി/കോർപ്പറേഷനുകളെ സംബന്ധിച്ച് ഓരോ സ്ഥാപനത്തിനും പ്രത്യേകം സ്വീകരണ/വിതരണ/വോട്ടെണ്ണൽ കേന്ദ്രമാണ് നിശ്ചയിക്കേണ്ടത്. തിരഞ്ഞെടുപ്പ് സാധനങ്ങൾ സൂക്ഷിക്കുന്നതിനുള്ള സുരക്ഷിതത്വം, വാഹന പാർക്കിംഗ് സൗകര്യം തുടങ്ങിയവ കൂടി പരിഗണിക്കേണ്ടതാണെന്ന് നിർദ്ദേശങ്ങളിൽ പറയുന്നു.

*(എസ്.ഇ.സി. 42/2015)*

## തിരഞ്ഞെടുപ്പ് കമ്മീഷന്റെ ജില്ലാ കളക്ടർമാരുമായുള്ള യോഗം ഇന്ന് (സെപ്റ്റംബർ 16)

തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പിന്റെ മുന്നൊരുക്കങ്ങൾ വിലയിരുത്തുന്നതിനായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ കെ. ശശിധരൻ നായർ വിളിച്ചു കൂട്ടിയിട്ടുള്ള ജില്ലാ കളക്ടർമാരുടെ യോഗം ഇന്ന് (സെപ്റ്റംബർ 16) ഉച്ചയ്ക്ക് ശേഷം 2-മണിക്ക് തൈയ്ക്കാട് ഗവൺമെന്റ് ഗസ്റ്റ് ഹൗസിൽ ചേരുന്നതാണ്.

*(എസ്.ഇ.സി. 43/2015)*

| GRAMS: KERELECOM<br>E-mail: electionker@gmail.com<br>Website: www.sec.kerala.gov.in | പത്രക്കുറിപ്പ് | TELEPHONE: 0471-2338288,2321233<br>FAX: 0471-2338288<br>0471-2334130 |
|---|---|---|
| | കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ | 14th September 2015 |

## തദ്ദേശഭരണ തിരഞ്ഞെടുപ്പ് : മുന്നൊരുക്കങ്ങൾ അവലോകനം ചെയ്യാൻ ബുധനാഴ്ച ജില്ലാ കളക്ടർമാരുടെ യോഗം

തദ്ദേശസ്വയംഭരണ പൊതു തിരഞ്ഞെടുപ്പിന്റെ മുന്നൊരുക്കങ്ങൾ അവലോകനം ചെയ്യുന്നതിനായി സെപ്റ്റംബർ 16-ന് (ബുധനാഴ്ച) ഉച്ചയ്ക്ക് രണ്ട് മണിക്ക് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ ജില്ലാ കളക്ടർ മാരുടെ യോഗം നടത്തുന്നതാണ്. തിരുവനന്തപുരം തൈയ്ക്കാട് ഗവ. ഗസ്റ്റ് ഹൗസിൽ കൂടുന്ന യോഗത്തിൽ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ കെ. ശശിധരൻ നായർ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ കൂടിയായ ജില്ലാ കളക്ടർമാരുമായി ചർച്ച നടത്തും.

വോട്ടർ പട്ടികയുടെ പ്രസിദ്ധീകരണം, സംവരണ വാർഡുകളുടെ തിരഞ്ഞെടുപ്പ്, തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരുടെ നിയമനം, വോട്ടെണ്ണൽ സംവിധാനം, വരണാധികാരികളുടെ നിയമനം, ജില്ലാ കൺട്രോൾ റൂമുകളുടെ രൂപീകരണം, പെരുമാറ്റച്ചട്ട നിരീക്ഷണത്തിനായുള്ള സമിതികളുടെ രൂപീകരണം, ഉദ്യോഗസ്ഥരുടെ പരിശീലനം, വാഹന സൗകര്യങ്ങൾ ലഭ്യമാക്കൽ, പോളിംഗ് സ്റ്റേഷൻ നിർണ്ണയം, സ്റ്റേഷനറി/അച്ചടി സാമഗ്രികളുടെ വിതരണം, ഫലപ്രഖ്യാപന സംവിധാനം, വിദൂര മേഖലയിലെ പോളിംഗ് സ്റ്റേഷനുകൾ, സെൻസിറ്റീവ് പോളിംഗ് ബൂത്തുകളുടെ നിർണ്ണയം, തിരഞ്ഞെടുപ്പ് പ്രചാരണങ്ങളുടെ നിയന്ത്രണം തുടങ്ങിയ വിഷയങ്ങൾ യോഗം ചർച്ച ചെയ്യും.

*(എസ്.ഇ.സി. 40/2015)*

## തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരുടെ നിയമനത്തിനായുള്ള ഇ – ഡ്രോപ്പ് പദ്ധതിയുടെ പരിശീലനം സെപ്റ്റംബർ 16 – ന് തുടങ്ങും

തദ്ദേശസ്വയംഭരണ പൊതു തിരഞ്ഞെടുപ്പിൽ തിരഞ്ഞെടുപ്പ് ഡ്യൂട്ടിക്ക് നിയോഗിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള ഇ-ഡ്രോപ്പ് പദ്ധതിയുടെ ജില്ലാതല പരിശീലനം സെപ്റ്റംബർ 16,17 തീയതികളിൽ നടക്കുന്നതാണ്. നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററിന്റെ (എൻ.ഐ.സി) ഉദ്യോഗസ്ഥർ പരിശീലനത്തിന് സാങ്കേതിക നേതൃത്വം നൽകും. തദ്ദേശഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാർക്കാണ് പരിശീലനം. പരിശീലന പരിപാടിയുടെ ജില്ലാ തല നോഡൽ ഓഫീസറായി അതാതു അഡീഷണൽ ജില്ലാ മജിസ്ട്രേറ്റുമാരെ (എ.ഡി.എം) സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ചുമതലപ്പെടുത്തിയിട്ടുണ്ട്. സർക്കാർ വകുപ്പുകൾ, സ്റ്റാറ്റ്യൂട്ടറി ബോഡികൾ, കോർപ്പറേഷനുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, എയ്ഡഡ് സ്കൂൾ എന്നിവിടങ്ങളിലെ ഉദ്യോഗസ്ഥരെയാണ് തിരഞ്ഞെടുപ്പ് ഡ്യൂട്ടിക്കായി നിയോഗിക്കുക. ഇവരുടെ പട്ടിക തയ്യാറാക്കൽ, നിയമനം തുടങ്ങിയ കാര്യങ്ങളാണ് ഇ-ഡ്രോപ്പ് സംവിധാനം വഴി നിർവ്വഹിക്കുക. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനു വേണ്ടി എൻ.ഐ.സി യാണ് ഇ-ഡ്രോപ്പ് സംവിധാനത്തിന്റെ സോഫ്റ്റ്വെയർ രൂപകൽപന ചെയ്തിട്ടുള്ളത്.

*(എസ്.ഇ.സി. 41/2015)*

GRAMS:
KERELECOM
E-mail:
electionker@gmail.com
Website:
www.sec.kerala.gov.in

# പത്രക്കുറിപ്പ്

TELEPHONE:
0471-2338288,2321233
FAX: 0471-2338288
0471-2334130

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

11th September 2015

## വോട്ടിംഗ് യന്ത്രങ്ങളുടെ രണ്ടാംഘട്ട പരിശോധന 14ന് തുടങ്ങും

വരുന്ന തദ്ദേശസ്വയംഭരണ പൊതു തിരഞ്ഞെടുപ്പിന് ഉപയോഗിക്കുന്ന വോട്ടിംഗ് യന്ത്രങ്ങളുടെ രണ്ടാം ഘട്ട പരിശോധനയ്ക്ക് സെപ്റ്റംബർ 14-ന് തുടക്കം കുറിയ്ക്കും. വോട്ടിംഗ് യന്ത്രത്തിന്റെ നിർമ്മാതാക്കളായ ഇലക്ട്രോണിക് കോർപ്പറേഷൻ ഓഫ് ഇന്ത്യയിലെ ഉദ്യോഗസ്ഥരും ബന്ധപ്പെട്ട തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരും സംയുക്തമായാണ് പരിശോധന നടത്തുക. വോട്ടിംഗ് യന്ത്രത്തിന്റെ ആദ്യഘട്ട പരിശോധന സംസ്ഥാനമൊട്ടുക്ക് ഇതിനകം പൂർത്തിയാക്കിയിട്ടുണ്ട്. മൊത്തം 37,551 കൺട്രോൾ യൂണിറ്റുകളും 1,12,653 ബാലറ്റ് യൂണിറ്റുകളും ഉൾപ്പെടുന്ന മൾട്ടിപോസ്റ്റ് യന്ത്രങ്ങളാണ് വിവിധ ജില്ലകളിലെ ത്രിതല പഞ്ചായത്തുകൾക്കായി വിതരണം ചെയ്തിട്ടുള്ളത്. അതാതു ജില്ലാ കളക്ടർമാരുടെ ചുമതലയിലാണ് ഇവ ഇപ്പോൾ സൂക്ഷിച്ചിട്ടുള്ളത്. നഗരസഭ, കോർപ്പറേഷൻ തിരഞ്ഞെടുപ്പുകൾക്കായി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷന്റെ പതിനായിരത്തോളം സിംഗിൾ പോസ്റ്റ് യന്ത്രങ്ങൾ ലഭിച്ചിട്ടുണ്ട്. ഇവ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, പാലക്കാട്, മലപ്പുറം ജില്ലകളിലാവും ഉപയോഗിക്കുക. ഇതു കൂടാതെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ പക്കലുള്ള ആയിരത്തിൽപരം സിംഗിൾ പോസ്റ്റ് യന്ത്രങ്ങളും ഇത്തവണ ഉപയോഗത്തിലുണ്ടാവും. ഗ്രാമപഞ്ചായത്തുകൾക്ക് വെള്ളയും, ബ്ലോക്ക് പഞ്ചായത്തുകൾക്ക് പിങ്കും, ജില്ലാ പഞ്ചായത്തുകൾക്ക് ആകാശ നീല നിറത്തിലുമുള്ള ബാ

ലറ്റ് യൂണിറ്റുകളാണ് ഉപയോഗിക്കുക. വിവിധ ജില്ലകൾക്ക് വിതരണം ചെയ്തിട്ടുള്ള മൾട്ടിപോസ്റ്റ് വോട്ടിംഗ് യന്ത്രങ്ങളുടെ വിവരം ചുവടെ.

| ക്രമ നമ്പർ | ജില്ല | എണ്ണം | |
|---|---|---|---|
| | | കൺട്രോൾ യൂണിറ്റ് | ബാലറ്റ് യൂണിറ്റ് |
| 1 | തിരുവനന്തപുരം | 2901 | 8703 |
| 2 | കൊല്ലം | 2800 | 8400 |
| 3 | പത്തനംതിട്ട | 1720 | 5160 |
| 4 | ആലപ്പുഴ | 2350 | 7050 |
| 5 | കോട്ടയം | 2450 | 7350 |
| 6 | ഇടുക്കി | 2050 | 6150 |
| 7 | എറണാകുളം | 3000 | 9000 |
| 8 | തൃശ്ശൂർ | 3450 | 10350 |
| 9 | പാലക്കാട് | 3500 | 10500 |
| 10 | മലപ്പുറം | 5000 | 15000 |
| 11 | കോഴിക്കോട് | 2930 | 8790 |
| 12 | വയനാട് | 950 | 2850 |
| 13 | കണ്ണൂർ | 2750 | 8250 |
| 14 | കാസർഗോഡ് | 1700 | 5100 |
| **ആകെ** | | **37551** | **112653** |

*(എസ്.ഇ.സി. 39/2015)*

GRAMS:
KERELECOM
E-mail:
electionker@gmail.com
Website:
www.sec.kerala.gov.in

# പത്രക്കുറിപ്പ്

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

TELEPHONE:
0471-2338288,2321233
FAX: 0471-2338288
0471-2334130

10th September 2015

## പോളിംഗ് സ്റ്റേഷൻ നിശ്ചയിക്കുന്നതിന് വിശദാംശങ്ങൾ അറിയിയ്ക്കാൻ നിർദ്ദേശം

വരുന്ന തദ്ദേശസ്വയംഭരണ പൊതു തിരഞ്ഞെടുപ്പിൽ പുതുതായി രൂപീകരിക്കപ്പെട്ടതോ പുനസംഘടിപ്പിക്കപ്പെട്ടതോ ആയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പോളിംഗ് സ്റ്റേഷനുകൾ നിശ്ചയിക്കുന്നതിന് വിശദാംശങ്ങൾ അറിയിക്കാൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ കൂടിയായ എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകി. മൂന്നു ദിവസത്തിനകം വിവരങ്ങൾ ലഭ്യമാക്കാനാണ് നിർദ്ദേശം.

ഓരോ വാർഡിനും കുറഞ്ഞത് ഒരു പോളിംഗ് സ്റ്റേഷനെങ്കിലും നിശ്ചയിക്കണം. ഗ്രാമപഞ്ചായത്തുകളിൽ പരമാവധി 1100-ഉം മുനിസിപ്പാലിറ്റി/കോർപ്പറേഷനുകളിൽ 1500-ഉം വോട്ടർമാർക്ക് ഒരു പോളിംഗ് സ്റ്റേഷൻ എന്ന ക്രമത്തിൽ വേണം ക്രമീകരിക്കേണ്ടത്. വോട്ടർമാരുടെ സൗകര്യം പരിഗണിച്ച് വേണം പോളിംഗ് സ്റ്റേഷൻ നിശ്ചയിക്കേണ്ടത്. സർക്കാർ/തദ്ദേശ സ്വയം ഭരണ സ്ഥാപനം/പൊതുമേഖല സ്ഥാപനങ്ങൾ എന്നിവയുടെ കെട്ടിടങ്ങൾ ലഭ്യമാണെങ്കിൽ അവയ്ക്ക് മുൻഗണന നൽകണം. സ്ഥല സൗകര്യം, വൈദ്യുതി, കുടിവെള്ളം, ശൗചാലയം, യാത്രാ സൗകര്യം എന്നിവ ഉറപ്പാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കെട്ടിട നമ്പറുകളുടെ അടിസ്ഥാനത്തിൽ പോളിംഗ് പ്രദേശം കൂടി ജില്ലാ കളക്ടർമാർ നിശ്ചയിക്കേണ്ടതാണ്.

പുതുതായി രൂപീകരിക്കപ്പെട്ട 28-മുനിസിപ്പാലിറ്റികളിലും കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷനിലും പുന:സംഘടിപ്പിക്കപ്പെട്ട മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും വാർഡു വിഭജനം പൂർത്തിയാക്കി സംസ്ഥാന ഡീലിമിറ്റേഷൻ കമ്മീഷൻ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിലാണ് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഇപ്പോൾ നിർദ്ദേശം നൽകിയിട്ടുള്ളത്. പുതിയതോ പുന:സംഘടിപ്പിക്കപ്പെട്ടതോ ആയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പുതിയ വാർഡു വിഭജന പ്രകാരം പോളിംഗ് സ്റ്റേഷനുകൾ നിശ്ചയിക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാർ മുഖേനയാണ് വിവരങ്ങൾ ശേഖരിക്കുക.

കൊട്ടാരക്കര, പന്തളം, ഹരിപ്പാട്, ഏറ്റുമാനൂർ, ഈരാറ്റുപേട്ട, കട്ടപ്പന, പിറവം, കൂത്താട്ടുകുളം, വടക്കാഞ്ചേരി, പട്ടാമ്പി, ചെർപ്പുളശ്ശേരി, മണ്ണാർക്കാട്, താനൂർ, പരപ്പനങ്ങാടി, വളാഞ്ചേരി, തിരൂരങ്ങാടി, പയ്യോളി, രാമനാട്ടുകര, കൊടുവള്ളിമുക്കം, കൊണ്ടോട്ടി, ഫറോക്ക്, മാനന്തവാടി, സുൽത്താൻ ബത്തേരി, ഇരിട്ടി, പാനൂർ, ശ്രീകണ്ഠാപുരം, ആന്തൂർ എന്നിവയാണ് പുതുതായി രൂപീകരിച്ചിട്ടുള്ള മുനിസിപ്പാലിറ്റികൾ. കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ, തളിപ്പറമ്പ്, നീലേശ്വരം മുനിസിപ്പാലിറ്റികൾ, പടന്ന, പള്ളിപ്പാട്, കാർത്തികപ്പള്ളി, ചിങ്ങോലി, തൃക്കടീരി, തെങ്കര ഗ്രാമപഞ്ചായത്തുകൾ എന്നിവയാണ് പുനർരൂപീകരിച്ചിട്ടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ. കണ്ണൂരാണ് പുതുതായി രൂപീകരിച്ചിട്ടുള്ള ഏക മുനിസിപ്പൽ കോർപ്പറേഷൻ.

*(എസ്.ഇ.സി. 38/2015)*

| GRAMS: KERELECOM<br>E-mail: electionker@gmail.com<br>Website: www.sec.kerala.gov.in | പത്രക്കുറിപ്പ് | TELEPHONE: 0471-2338288,2321233<br>FAX: 0471-2338288<br>0471-2334130 |
|---|---|---|
| | കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ | 8th September 2015 |

# ഏറ്റവും കൂടുതൽ വോട്ടർമാർ മലപ്പുറത്ത് കുറവ് വയനാട്ടിൽ

ഒടുവിൽ പ്രസിദ്ധീകരിച്ച വോട്ടർ പട്ടിക പ്രകാരം വരുന്ന തദ്ദേശഭരണ തിരഞ്ഞെടുപ്പിൽ ഏറ്റവും കൂടുതൽ വോട്ടർമാർ മലപ്പുറം ജില്ലയിൽ. ഏറ്റവും കുറവ് വയനാട്ടിലാണ്. മലപ്പുറത്തെ 28,76,835 വോട്ടർമാരിൽ 14,64,309 പേർ സ്ത്രീകളും 14,12,517 പേർ പുരുഷൻമാരും 9 പേർ ഭിന്നലിംഗക്കാരുമാണ്. വയനാട്ടിലെ 5,71,392 വോട്ടർമാരിൽ 2,90,167 പേർ സ്ത്രീകളും 2,81,224 പേർ പുരുഷൻമാരും ഒരാൾ ഭിന്നലിംഗത്തിലും ഉൾപ്പെടുന്നു. ഇതര ജില്ലകളിലെ വോട്ടർമാരുടെ എണ്ണം ചുവടെ. ജില്ല, സ്ത്രീ, പുരുഷൻ, ഭിന്നലിംഗം, ആകെ വോട്ടർമാർ എന്ന ക്രമത്തിൽ

തിരുവനന്തപുരം - 13,70,545 - 12,19,917 - 08 - 25,90,470

കൊല്ലം - 10,59,160 - 9,52,129 - 07 - 20,11,296

പത്തനംതിട്ട - 5,29,730 - 4,66,441 - 00 - 9,96,171

ആലപ്പുഴ - 8,57,726 - 7,71,847 - 03 -16,29, 576

കോട്ടയം - 7,61,723 - 7,36,307 - 03 - 14,98,033

ഇടുക്കി - 4,25,177 - 4,19,821 - 02 - 8,45,000

എറണാകുളം - 12,02,082 - 11,60,793 - 18 - 23,62,893

തൃശ്ശൂർ - 12,71,570 - 11,49,468 - 13 - 24,21,051

പാലക്കാട് - 10,88,599 - 10,26,591 - 09 - 21,15,199

കോഴിക്കോട് - 11,73,664 -10,87,401 - 04 -22,61,069

കണ്ണൂർ - 9,98,359 - 8,64,217 - 04 - 18,62,580

കാസർഗോഡ് - 4,88,490 - 4,58,442 - 01 - 9,46,933

വോട്ടർ പട്ടികയിലുള്ള മൊത്തം 2,49,88,498 വോട്ടർമാരിൽ 1,29,81,301 പേർ സ്ത്രീകളും, 1,20,07,115 പേർ പുരുഷൻമാരും, 82 പേർ ഭിന്നലിംഗക്കാരുമാണ്.

*(എസ്.ഇ.സി. 37/2015)*

GRAMS:
KERELECOM
E-mail:
electionker@gmail.com
Website:
www.sec.kerala.gov.in

# പത്രക്കുറിപ്പ്

TELEPHONE:
0471-2338288,2321233
FAX: 0471-2338288
0471-2334130

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

**4th September 2015**

## സർവ്വകക്ഷി യോഗം

വരുന്ന തദ്ദേശഭരണ പൊതുതിരഞ്ഞെടുപ്പിനോടുനുബന്ധിച്ചുള്ള നടപടികൾ വിശദീകരിക്കുന്നതിന് സെപ്റ്റംബർ ഏഴിന് സർവ്വകക്ഷി യോഗം കൂടുന്നതിന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ തീരുമാനിച്ചു. അന്നേ ദിവസം രാവിലെ 11-ന് തൈയ്ക്കാട് ഗവ. ഗസ്റ്റ് ഹൗസിൽ ആയിരിക്കും യോഗം ചേരുക.

## തിരഞ്ഞെടുപ്പ് ചിഹ്നം അനുവദിച്ചു

കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടി അരവിന്ദാക്ഷൻ വിഭാഗത്തിന് ടെലിവിഷനും, സി.പി. ജോൺ വിഭാഗത്തിന് നക്ഷത്രവും അനുവദിച്ചുകൊണ്ട് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ കെ. ശശിധരൻ നായർ ഉത്തരവായി. തൃണമൂൽ കോൺഗ്രസ്സിന് പൂവും പുല്ലും ചിഹ്നവും അനുവദിച്ചു.

*(എസ്.ഇ.സി. 36/2015)*

| | | |
|---|---|---|
| GRAMS: KERELECOM<br>E-mail: electionker@gmail.com<br>Website: www.sec.kerala.gov.in | **പത്രക്കുറിപ്പ്** | TELEPHONE: 0471-2338288,2321233<br>FAX: 0471-2338288<br>0471-2334130 |
| | **കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ** | **17th August 2015** |


# തദ്ദേശഭരണ തിരഞ്ഞെടുപ്പ് : ഉദ്യോഗസ്ഥരുടെ സ്ഥലം മാറ്റം വിലക്കി

തദ്ദേശഭരണ പൊതുതിരഞ്ഞെടുപ്പിന് മുന്നോടിയായി സംസ്ഥാന സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്റ്റാറ്റ്യൂട്ടറി ബോർഡുകൾ/കോർപ്പറേഷനുകൾ എന്നിവിടങ്ങളിലെ ഉദ്യോഗസ്ഥരേയും ഓഫീസർമാരേയും തിരഞ്ഞെടുപ്പ് പ്രക്രിയ പൂർത്തിയാകുന്നതുവരെ സ്ഥലം മാറ്റരുതെന്ന് നിർദ്ദേശിച്ചുകൊണ്ട് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ കെ. ശശിധരൻ നായർ ചീഫ് സെക്രട്ടറിക്ക് കത്ത് നൽകി. ഇന്ന് മുതൽ (ആഗസ്റ്റ് 17) ഇത് പ്രാബല്യത്തിലാക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. പോളിംഗ് ഉദ്യോഗസ്ഥർ, റിട്ടേണിംഗ് ഓഫീസർമാർ, അസിസ്റ്റന്റ് റിട്ടേണിംഗ് ഓഫീസർമാർ, ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ, അസിസ്റ്റന്റ് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ എന്നിവരുടെ ചുമതലകൾ നിർവ്വഹിക്കുന്ന ഉദ്യോഗസ്ഥരുടെ ഒഴിവുകൾ ഉണ്ടെങ്കിൽ അവ എത്രയും പെട്ടെന്ന് നികത്തണമെന്നും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ നിർദ്ദേശിച്ചിട്ടുണ്ട്. സ്ഥലം മാറ്റം അനിവാര്യമായ കേസുകളിൽ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ മുൻകൂർ അനുമതി വാങ്ങിയിരിക്കണം.

നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററിന്റെ (എൻ.ഐ.സി) 'ഇ ഡ്രോപ്പ്' (ഇലക്ട്രോണിക്കലി ഡിപ്ലോയിംഗ് റാൻഡമലി ഫോർ പോളിംഗ്) എന്ന വെബ് അധിഷ്ഠിത സംവിധാനത്തിലൂടെ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനുള്ള നടപടികൾ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ആരംഭിച്ചു.

*(എസ്.ഇ.സി. 35/2015)*

GRAMS:
KERELECOM
E-mail:
electionker@gmail.com
Website:
www.sec.kerala.gov.in

# പത്രക്കുറിപ്പ്

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

TELEPHONE:
0471-2338288,2321233
FAX: 0471-2338288
0471-2334130

12th August 2015

## തിരഞ്ഞെടുപ്പ് ചിഹ്നം മരവിപ്പിച്ച് ഉത്തരവായി

കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടി (സി.എം.പി)-ക്ക് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ അനുവദിച്ചിരുന്ന തിരഞ്ഞെടുപ്പ് ചിഹ്നം മരവിപ്പിച്ചുകൊണ്ട് ഉത്തരവായി. രാഷ്ട്രീയ കക്ഷിയായി രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിയിലുണ്ടായിട്ടുള്ള ഭിന്നതകളെ തുടർന്ന് സി.പി. ജോണും കെ.ആർ. അരവിന്ദാക്ഷനും തിരഞ്ഞെടുപ്പ് ചിഹ്നമായ 'വിമാനം' അവകാശപ്പെട്ടുകൊണ്ട് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനെ സമീപിച്ചിരുന്നു. ചിഹ്നം ഉപയോഗിക്കുന്നത് സംബന്ധിച്ച് തർക്കം ഉണ്ടായതിനെ തുടർന്നാണ് കേരള പഞ്ചായത്ത് രാജ് ആക്ടിലെ 12-ാം ചട്ടം (തിരഞ്ഞെടുപ്പ് നടത്തിപ്പ്) പ്രകാരം ചിഹ്നം അനുവദിച്ചത് മരവിപ്പിച്ചുകൊണ്ട് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ കെ. ശശിധരൻ നായർ ഉത്തരവായിട്ടുള്ളത്.

*(എസ്.ഇ.സി. 34/2015)*

GRAMS:
KERELECOM
E-mail:
electionker@gmail.com
Website:
www.sec.kerala.gov.in

# പത്രക്കുറിപ്പ്

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

TELEPHONE:
0471-2338288,2321233
FAX: 0471-2338288
0471-2334130

5th August 2015

## കരട് വോട്ടർ പട്ടിക : പരിശോധനയും നേർവിചാരണയും ആഗസ്റ്റ് 10 – ന് പൂർത്തിയാക്കാൻ നിർദ്ദേശം

വരുന്ന തദ്ദേശഭരണ പൊതുതിരഞ്ഞെടുപ്പിനായുള്ള കരട് വോട്ടർ പട്ടികയിന്മേൽ ലഭിച്ചിട്ടുള്ള അപേക്ഷകളുടേയും ആക്ഷേപങ്ങളുടേയും പരിശോധന നേർവിചാരണ എന്നിവ ആഗസ്റ്റ് 10-ന് പൂർത്തിയാക്കാൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ബന്ധപ്പെട്ട എല്ലാ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്കും നിർദ്ദേശം നൽകി. ഇതോടനുബന്ധിച്ച് ഔദ്യോഗിക വെബ് സൈറ്റിലെ ഡാറ്റ അപ്ഡേഷനും പൂർത്തിയാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

നിലവിൽ ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ പേര് ഉൾപ്പെട്ടിട്ടുള്ള വോട്ടർമാരെ മറ്റൊരു സ്ഥാപനത്തിലെ വോട്ടർ പട്ടികയിൽ പുതുതായി ഉൾപ്പെടുത്തുമ്പോൾ നിലവിലുള്ള സ്ഥാപനത്തിൽ നിന്നും ആ വോട്ടർമാരെ ഒഴിവാക്കുന്നതിനുള്ള ഓൺലൈൻ നടപടികളും ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ കൈകൊള്ളണം. ഏതെങ്കിലും വാർഡിൽ നിന്ന് വോട്ടർമാരെ ഒഴിവാക്കുന്നതിന് അഞ്ചാം നമ്പർ ഫാറത്തിൽ ലഭിക്കുന്ന അപേക്ഷകളിന്മേൽ നേരിൽ കേട്ടും, അന്വേഷണത്തിലൂടെയും ഉത്തമ ബോധ്യമുള്ള പക്ഷം മാത്രമേ കരട് വോട്ടർ പട്ടികയിൽ നിന്നും പേര് ഒഴിവാക്കാൻ പാടുള്ളൂവെന്നും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശിച്ചിട്ടുണ്ട്.

*(എസ്.ഇ.സി. 33/2015)*

GRAMS:
KERELECOM
E-mail:
electionker@gmail.com
Website:
www.sec.kerala.gov.in

# പത്രക്കുറിപ്പ്

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

TELEPHONE:
0471-2338288,2321233
FAX: 0471-2338288
0471-2334130

24th July 2015

## പ്രവാസികൾക്ക് ഇ – ബാലറ്റ്/ ഇ – വോട്ടിംഗ് ഏർപ്പെടുത്താൻ നിർവാഹമില്ലെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

വരുന്ന തദ്ദേശസ്വയം ഭരണ പൊതുതിരഞ്ഞെടുപ്പിൽ പ്രവാസികൾക്ക് ഇ-ബാലറ്റ്/ ഇ-വോട്ടിംഗ് ഏർപ്പെടുത്തുന്നതിന് നിർവാഹമില്ലെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സംസ്ഥാന സർക്കാരിനെ അറിയിച്ചു. ഇത് സംബന്ധിച്ച് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ അഭിപ്രായം ആരാഞ്ഞുകൊണ്ടുള്ള സംസ്ഥാന സർക്കാരിന്റെ കത്തിനുള്ള മറുപടിയിലാണ് ഇക്കാര്യം അറിയിച്ചിട്ടുള്ളത്. എന്നാൽ പ്രവാസികൾക്ക് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ ഇപ്പോൾ നടപ്പാക്കിയിട്ടുള്ള വോട്ടു ചെയ്യുവാനുള്ള സൗകര്യം തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ തിരഞ്ഞെടുപ്പിൽ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഏർപ്പെടുത്തുന്നതാണ്.

പ്രവാസികൾക്ക് നേരിട്ടെത്തി വോട്ട് ചെയ്യുന്നതിനുള്ള സംവിധാനത്തിനു ബദലായുള്ള നിർദ്ദേശങ്ങൾ സുപ്രീംകോടതിയുടെ പരിഗണനയിലാണ്. സുപ്രീംകോടതി വിധി ഇക്കാര്യത്തിൽ നിർണ്ണായകമാണെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ചൂണ്ടിക്കാട്ടുന്നു. ഈ വർഷം നവംബർ ഒന്നിന് പുതിയ ഭരണ സമിതികൾ തദ്ദേശഭരണ സ്ഥാപനങ്ങളിൽ ചുമതലയേൽക്കേണ്ടതുള്ളതിനാൽ പൊതുതിരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള ചുരുങ്ങിയ സമയപരിധിക്കുള്ളിൽ നിഷ്പക്ഷവും കുറ്റമറ്റതും സുതാര്യവുമായ രീതിയിൽ പ്രവാസികൾക്ക് വോട്ടുകൾ രേഖപ്പെടുത്തുന്നതിനും അതു കൃത്യമായി എണ്ണുന്നതിനും ഇ-ബാലറ്റ്/ ഇ-വോട്ടിംഗ് സംവിധാനം ഏർപ്പെടുത്തുന്നത് പ്രായോഗികമല്ല.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 22000-ൽപരം നിയോജകമണ്ഡലങ്ങളിലായി ഒരു ലക്ഷത്തിൽപരം സ്ഥാനാർത്ഥികൾ വരുന്ന പൊതുതിരഞ്ഞെടുപ്പിൽ ഉണ്ടാകുമെന്നാണ് കരുതുന്നത്. ഇത്തരം ബൃഹത്തായ ഒരു തിരഞ്ഞെടുപ്പിൽ ഓരോ നിയോജക മണ്ഡലത്തിലെയും ബാലറ്റുപേപ്പറുകൾ പ്രവാസി വോട്ടർമാർക്ക് ലഭ്യമാക്കുകയും അവർക്ക് ഇ-ബാലറ്റ്/ഇ-വോട്ടിംഗ് വഴി വോട്ട് രേഖപ്പെടുത്തുവാൻ സൗകര്യം ഒരുക്കുകയും ചെയ്യുക എന്നത് ഇനി അവശേഷിക്കുന്ന രണ്ട് മാസങ്ങൾകൊണ്ട് നടപ്പാക്കാൻ കഴിയില്ലെന്ന് കത്തിൽ പറയുന്നു.

പുതിയ ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവയുടെ രൂപീകരണത്തിൽ ഉണ്ടായ കാലതാമസം കാരണം അവയുടെ ഡീലിമിറ്റേഷൻ നടപടികൾ പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. അത്തരം സ്ഥാപനങ്ങളുടെ വാർഡ്/നിയോജകമണ്ഡല വിഭജനവും അവയുടെ അതിർത്തി നിർണ്ണയവും പൂർത്തീകരിച്ചശേഷം വോട്ടർപട്ടിക പുനർവിന്യസിച്ച് പ്രസിദ്ധീകരിക്കേണ്ടതും പുതിയ പോളിംഗ് ബൂത്തുകൾ സ്ഥാപിക്കേണ്ടതും അതുമായി ബന്ധപ്പെട്ട നടപടികൾ എല്ലാം ചെയ്യേണ്ടതായിട്ടുമുണ്ട്. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ ഡീലിമിറ്റേഷൻ കമ്മീഷന്റെ ചെയർമാൻ ആയതിനാൽ അടിയന്തിരമായി

ചെയ്യതുതീർക്കേണ്ട ഡീലിമിറ്റേഷൻ നടപടികളിൽ ഇപ്പോൾ പൂർണ്ണമായും ഏർപ്പെടേണ്ടിവന്നിരിക്കുന്നു. കൂടാതെ കേരളത്തിലെ 152 ബ്ലോക്ക് പഞ്ചായത്തുകളും പുനർരൂപീകരിച്ചുകൊണ്ട് പ്രിലിമിനറി നോട്ടിഫിക്കേഷൻ മാത്രമാണ് ഇതുവരെ പുറപ്പെടുവിച്ചിട്ടുള്ളത്. അവയുടെ ഫൈനൽ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് അംഗങ്ങളുടെ എണ്ണം സർക്കാർ നിശ്ചയിച്ച് അറിയിച്ചതിനുശേഷം മാത്രമേ അത്തരം സ്ഥാപനങ്ങളുടെ ഡീലിമിറ്റേഷൻ നടത്തുവാനും അതിനുശേഷം ജില്ലാപഞ്ചായത്തുകളുടെ ഡിവിഷനുകളുടെ അതിർത്തി പുനർനിർണ്ണയിച്ച് അവയുടേയും വോട്ടർപട്ടിക തയ്യാറാക്കിയതിനും ശേഷം മാത്രമേ തിരഞ്ഞെടുപ്പിനുള്ള നോട്ടിഫിക്കേഷൻ നടപടികളിലേക്ക് പോകുവാൻ സാധിക്കുകയുള്ളു. ഈ സാഹചര്യത്തിൽ ഇ-ബാലറ്റ്/ഇ-വോട്ടിംഗ് സംവിധാനം ഏർപ്പെടുത്തുന്നത് പ്രായോഗികമോ സാദ്ധ്യമോ അല്ല.

കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 74, 74എ വകുപ്പുകളും കേരള മുനിസിപ്പാലിറ്റി ആക്ടിലെ 130, 130എ വകുപ്പുകളും പ്രകാരം പേപ്പർ ബാലറ്റ് വഴിയോ ഇ.വി.എം വഴിയോ മാത്രമേ വോട്ട് ചെയ്യാൻ വ്യവസ്ഥ ചെയ്തിട്ടുള്ളു. കൂടാതെ തിരഞ്ഞെടുപ്പ് ഡ്യൂട്ടിയിലുള്ളവർക്ക് പോസ്റ്റൽ ബാലറ്റിനുള്ള വ്യവസ്ഥയും ഉണ്ട്. എന്നാൽ ഇ- ബാലറ്റ്/ ഇ-വോട്ടിംഗ് അനുവദിച്ചുകൊണ്ട് 1994-ലെ കേരള പഞ്ചായത്ത്‌രാജ് ആക്ട്, 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് എന്നിവയിൽ ആവശ്യമായ ഭേദഗതികളും അപ്രകാരമുള്ള ഇ-ബാലറ്റ്/ഇ-വോട്ടിംഗ്-ന്റെ വിശദാംശങ്ങളും നടപടിക്രമങ്ങളും വ്യവസ്ഥ ചെയ്തുകൊണ്ട് കേരള പഞ്ചായത്ത് രാജ്, കേരള മുനിസിപ്പാലിറ്റി തിരഞ്ഞെടുപ്പ് നടപടി ചട്ടങ്ങളും ഭേദഗതിചെയ്യേണ്ടതായിട്ടുണ്ട്. അപ്രകാരം ഭേദഗതി ചട്ടങ്ങൾ പുറപ്പെടുവിക്കുന്നതിനു മുമ്പായി വിശദമായ ചർച്ചകളും പരിശോധനകളും ആവശ്യവുമാണ്. അവയെല്ലാം ഈ സന്ദർഭത്തിൽ പ്രായോഗികമല്ല.

കേരളത്തിലെ പ്രവാസി ജനസംഖ്യയിൽ നല്ലൊരുഭാഗം തൊഴിലാളി സമൂഹവും കംപ്യൂട്ടർ പരിഞ്ജാനം കുറഞ്ഞവരും ഏതെങ്കിലും സ്പോൺസർമാരുടെ കീഴിൽ ജോലി ചെയ്യുന്നവരുമെന്നാണ് മനസിലാക്കുന്നത്. ഇ- ബാലറ്റ്/ ഇ-വോട്ടിംഗ് സംവിധാനം ഏർപ്പെടുത്തുമ്പോൾ അവർ സ്വയമായിട്ടാണ് അവരുടെ സമ്മതിദാനാവകാശം വിനിയോഗിക്കുന്നത് എന്നത് ഉറപ്പുവരുത്തേണ്ട ചുമതല തിരഞ്ഞെടുപ്പ് കമ്മീഷനുണ്ട്. അവരുടെ സമ്മതിദാനാവകാശം ദുരുപയോഗം ചെയ്യാൻകഴിയാത്ത വിധത്തിൽ കുറ്റമറ്റരീതിയിലുമുള്ള ഒരു സാങ്കേതിക സംവിധാനം തയ്യാറാക്കുന്നതിന് വിശദമായ പഠനവും പരിശോധനയും ആവശ്യമാണ്. ഡീലിമിറ്റേഷൻ പൂർത്തിയാക്കി തിരഞ്ഞെടുപ്പ് നടത്തുന്നതുപോലും ഒരു വലിയ വെല്ലുവിളിയായിരിക്കെ ഇ-ബാലറ്റ്/ഇ-വോട്ടിംഗ് ഏർപ്പെടുത്തുന്നതിനുള്ള സമയമോ സാവകാശമോ ഇല്ലാത്ത അവസ്ഥയാണുള്ളത്.

ഏറെനാളുകളായി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ ഇക്കാര്യത്തിൽ നിയമപരവും സാങ്കേതികവുമായ കാര്യങ്ങൾ പരിശോധിച്ച് വരികയാണെങ്കിലും തീരുമാനത്തിലെത്തിയിട്ടില്ല എന്നാണ് മനസ്സിലാക്കുന്നത്. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന് ആശ്രയിക്കാവുന്നതും അടിസ്ഥാനമാക്കാവുന്നതുമായ തരത്തിലുള്ള ഒരു ദൃഷ്ടാന്തമോ മാതൃകയോ ഇല്ലാതിരിക്കെ രണ്ടുമാസങ്ങൾ മാത്രം പൊതുതിരഞ്ഞെടുപ്പിന് അവശേഷിക്കുന്ന ഈ സന്ദർഭത്തിൽ പ്രവാസികൾക്ക് ഇ-ബാലറ്റ്/ഇ-വോട്ടിംഗ് സംവിധാനം ഏർപ്പെടുത്തുന്നത് അപ്രായോഗികമാണെന്നാണ് തിരഞ്ഞെടുപ്പ് കമ്മീഷൻ സർക്കാരിനെ അറിയിച്ചിട്ടുള്ളത്.

*(എസ്.ഇ.സി. 32/2015)*

GRAMS:
KERELECOM
E-mail:
electionker@gmail.com
Website:
www.sec.kerala.gov.in

# പത്രക്കുറിപ്പ്

TELEPHONE:
0471-2338288,2321233
FAX: 0471-2338288
0471-2334130

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

21st July 2015

## തദ്ദേശഭരണ തിരഞ്ഞെടുപ്പിൽ സുതാര്യതയും കൃത്യതയും ഉറപ്പാക്കണം – സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ

വരുന്ന തദ്ദേശഭരണ തിരഞ്ഞെടുപ്പിൽ സുതാര്യതയും കൃത്യതയും ഉറപ്പാക്കുന്നതിന് തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ ജാഗ്രത പാലിയ്ക്കണമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ കെ. ശശിധരൻ നായർ നിർദ്ദേശിച്ചു. പൊതുതിരഞ്ഞെടുപ്പിനോടനുബന്ധിച്ച് ഉദ്യോഗസ്ഥർക്കുള്ള പരിശീലന പരിപാടി ഇന്ന് (ജൂലൈ 22) തിരുവനന്തപുരം തൈയ്ക്കാട് റസ്റ്റ് ഹൗസ് കോൺഫറൻസ് ഹാളിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. തിരഞ്ഞെടുപ്പ് പ്രക്രിയ ഏറെ സങ്കീർണ്ണമായതിനാൽ കുറ്റമറ്റ രീതിയിലുള്ള തിരഞ്ഞെടുപ്പ് ഉറപ്പാക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഏറെ ജാഗ്രത പുലർത്തേണ്ടതുണ്ട്. തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരുടെ നടപടികൾ യുക്തിഭദ്രവും നിയമവിധേയവുമായിരിക്കണം. ഇതിന് തിരഞ്ഞെടുപ്പ് നിയമങ്ങളും, ചട്ടങ്ങളും സംബന്ധിച്ച് ശരിയായ അവബോധം നേടേണ്ടതാണ്. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ ആഭിമുഖ്യത്തിൽ ഉദ്യോഗസ്ഥർക്കായി നടത്തി വന്ന പരിശീലന പരിപാടി കൂടുതൽ വിപുലമാക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതായി തിരഞ്ഞെടുപ്പ് കമ്മീഷണർ അറിയിച്ചു.

ഓരോ ജില്ലക്കും ഒരു നോഡൽ പരിശലകനേയും, മുന്നു ജില്ലാ പരിശീലകരേയും ലഭ്യമാക്കുന്നതിനുള്ള പരിപാടിയാണ് ഇന്ന് തിരുവനന്തപുരത്ത് സംഘടിപ്പിച്ചത്. റവന്യൂ, പഞ്ചായത്ത്, നഗരകാര്യ വകുപ്പുകളിലെ തിരഞ്ഞെടുക്കപ്പെട്ട ഉദ്യോഗസ്ഥർ പരിപാടിയിൽ പങ്കെടുത്തു. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറി പി. ഗീത, കെ.ടി. ജോർജ്, സൂര്യനാരായണൻ എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി. തിരഞ്ഞെടുപ്പ് നടപടിക്രമങ്ങളും, മൾട്ടിപോസ്റ്റ് ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രത്തിന്റെ പ്രവർത്തനവും സംബന്ധിച്ചായിരുന്നു പരിശീലനം. ഇപ്പോൾ പരിശീലനം ലഭിച്ചവരുടെ നേതൃത്വത്തിൽ ജില്ലാ തലത്തിൽ കൂടുതൽ പരിശീലന പരിപാടികൾ സംഘടിപ്പിക്കാനാണ് കമ്മീഷൻ ലക്ഷ്യമിട്ടിട്ടുള്ളത്.

*(എസ്.ഇ.സി. 31/2015)*

| | | |
|---|---|---|
| GRAMS: KERELECOM<br>E-mail: electionker@gmail.com<br>Website: www.sec.kerala.gov.in | **പത്രക്കുറിപ്പ്** | TELEPHONE: 0471-2338288,2321233<br>FAX: 0471-2338288<br>0471-2334130 |
| | **കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ** | **22nd July 2015** |

## തദ്ദേശഭരണ തിരഞ്ഞെടുപ്പ് : ആദ്യഘട്ട പരിശീലനം ഇന്ന്

വരുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള പൊതുതിരഞ്ഞെടുപ്പിനോടനുബന്ധിച്ച് ഉദ്യോഗസ്ഥർക്കായുള്ള ഏകദിന പരിശീലന പരിപാടിയുടെ ആദ്യ ഘട്ടത്തിന് ഇന്ന് (ജൂലൈ 22) തുടക്കമാകും. തിരുവനന്തപുരം തൈയ്ക്കാട് റസ്റ്റ് ഹൗസ് കോൺഫറൻസ് ഹാളിൽ രാവിലെ 10-ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ കെ. ശശിധരൻ നായർ പരിപാടി ഉദ്ഘാടനം ചെയ്യും. ഓരോ ജില്ലയ്ക്കും ഒരു നോഡൽ പരിശീലകനേയും മൂന്ന് ജില്ലാ പരിശീലകരേയും ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെയാണ് പരിപാടി സംഘടിപ്പിച്ചിരിക്കുന്നത്. തിരഞ്ഞെടുപ്പ് നടപടിക്രമങ്ങളും, മൾട്ടി പോസ്റ്റ് ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രത്തിന്റെ പ്രവർത്തനവും സംബന്ധിച്ചാണ് പരിശീലനം നൽകുന്നത്.

*(എസ്.ഇ.സി. 30/2015)*

| GRAMS: KERELECOM<br>E-mail: electionker@gmail.com<br>Website: www.sec.kerala.gov.in | **പത്രക്കുറിപ്പ്** | TELEPHONE: 0471-2338288,2321233<br>FAX: 0471-2338288<br>0471-2334130 |
| --- | --- | --- |
| | കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ | 20th July 2015 |


# വോട്ടർപട്ടികയിൽ പേര് ചേർക്കൽ : ഓൺലൈൻ സൗകര്യം 25 വരെ നീട്ടി

വരുന്ന തദ്ദേശസ്വയംഭരണ പൊതുതിരഞ്ഞെടുപ്പിനായുള്ള വോട്ടർപട്ടികയിൽ പേര് ചേർക്കുന്നതിനും നിലവിലുള്ള കരട് വോട്ടർപട്ടികയിലെ തെറ്റുകൾ തിരുത്തുന്നതിനുമുള്ള ഓൺലൈൻ സൗകര്യം ജൂലൈ 25 വരെ നീട്ടിയതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ അറിയിച്ചു. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ www.lsgelection.kerala.gov.in എന്ന വെബ്സൈറ്റിലാണ് ഓൺലൈൻ സൗകര്യം ഏർപ്പെടുത്തിയിട്ടുള്ളത്. ഓൺലൈൻ സൗകര്യങ്ങൾ ജൂലൈ 20 വരെയാണ് കമ്മീഷൻ നേരത്തെ അനുവദിച്ചിരുന്നത്.

*(എസ്.ഇ.സി. 29/2015)*

GRAMS:
KERELECOM
E-mail:
electionker@gmail.com
Website:
www.sec.kerala.gov.in

# പത്രക്കുറിപ്പ്

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

TELEPHONE:
0471-2338288,2321233
FAX: 0471-2338288
0471-2334130

17th July 2015

## തദ്ദേശഭരണ തിരഞ്ഞെടുപ്പ് : പേര് ചേർക്കാൻ വീണ്ടും അവസരം നൽകും

വരുന്ന തദ്ദേശസ്വയംഭരണ പൊതുതിരഞ്ഞെടുപ്പിനായുള്ള വോട്ടർപട്ടികയിൽ പേര് ചേർക്കുന്നതിന് വീണ്ടും അവസരം നൽകുമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ അറിയിച്ചു. നിലവിലുള്ള ഓൺലൈൻ സൗകര്യം ജൂലൈ 20-ന് ശേഷം താത്ക്കാലികമായി നിറുത്തിവെയ്ക്കും. ഇപ്പോൾ പ്രസിദ്ധീകരിച്ചിട്ടുള്ള കരട് വോട്ടർ പട്ടിക ക്രമീകരിക്കുന്നതിന്റെ ഭാഗമായാണ് ഓൺലൈൻ സൗകര്യം താത്ക്കാലികമായി നിറുത്തിവെയ്ക്കുന്നത്. ജൂലൈ 20-ന് ശേഷം ഇതുവരെ ലഭിച്ചിട്ടുള്ള ആക്ഷേപങ്ങൾ പരിശോധിച്ച് ഉചിതമായ പരിഷ്കരണം നടത്തുന്നതിന് ബന്ധപ്പെട്ട എല്ലാ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്കും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഉദ്യോഗസ്ഥർക്ക് ഇതിനുള്ള സൗകര്യം നിർദ്ദിഷ്ട വെബ്സൈറ്റിൽ പുനഃസ്ഥാപിക്കുന്നതാണ്. കരട് വോട്ടർ പട്ടിക പുനഃക്രമീകരിച്ചതിനുശേഷമായിരിക്കും വോട്ടർമാർക്ക് പേര് ചേർക്കുന്നതിനും തെറ്റുകൾ തിരുത്താനുമുള്ള ഓൺലൈൻ സൗകര്യം അടുത്ത മാസം വീണ്ടും ലഭ്യമാക്കുക.

*(എസ്.ഇ.സി. 28/2015)*

GRAMS:
KERELECOM
E-mail:
electionker@gmail.com
Website:
www.sec.kerala.gov.in

# പത്രക്കുറിപ്പ്

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

TELEPHONE:
0471-2338288,2321233
FAX: 0471-2338288
0471-2334130

13th July 2015

## തദ്ദേശഭരണ തിരഞ്ഞെടുപ്പ് : ജൂലൈ 20 വരെ പേര് ചേർക്കാം

വരുന്ന തദ്ദേശസ്വയംഭരണ പൊതുതിരഞ്ഞെടുപ്പിനായുള്ള വോട്ടർപട്ടികയിൽ പേര് ചേർക്കുന്നതിനുള്ള ഓൺലൈൻ സൗകര്യം ജൂലൈ 20 വരെ നീട്ടി. 2015 ജനുവരി ഒന്നിന് 18 വയസ്സ് തികഞ്ഞ ഇപ്പോൾ പ്രസിദ്ധീകരിച്ചിട്ടുള്ള കരട് വോട്ടർ പട്ടികയിൽ പേരില്ലാത്തവർക്ക് ഈ സൗകര്യം പ്രയോജനപ്പെടുത്താവുന്നതാണ്. നിശ്ചിത ജനനതീയതിയ്ക്കുശേഷമുള്ളവരെ വോട്ടർ പട്ടികയിൽ ഉൾപ്പെടുന്നതല്ല. നിലവിലുള്ള കരട് വോട്ടർ പട്ടികയിലുള്ള വോട്ടർമാർക്ക് സ്ഥലംമാറ്റം, തെറ്റുതിരുത്തൽ എന്നിവയ്ക്ക് അപേക്ഷിക്കുന്നതിനും ഓൺലൈൻ സൗകര്യം ലഭ്യമാണ്. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ www.lsgelection.kerala.gov.in എന്ന വെബ്സൈറ്റിലാണ് ഓൺലൈൻ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത്.

*(എസ്.ഇ.സി. 27/2015)*

GRAMS:
KERELECOM
E-mail:
electionker@gmail.com
Website:
www.sec.kerala.gov.in

# പത്രക്കുറിപ്പ്

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

TELEPHONE:
0471-2338288,2321233
FAX: 0471-2338288
0471-2334130

30th June 2015

## പ്രസിഡന്റും വൈസ് പ്രസിഡന്റുമടക്കം അഞ്ചുപേരെ അയോഗ്യരാക്കി

കൂറുമാറ്റ നിരോധന നിയമം ലംഘിച്ചതിന് പാലക്കാട് ചിറ്റൂർ ബ്ലോക്ക് പഞ്ചായത്തിലെ പ്രസിഡന്റും വൈസ് പ്രസിഡന്റുമടക്കം അഞ്ച് സോഷ്യലിസ്റ്റ് ജനത (ഡെമോക്രാറ്റിക്) അംഗങ്ങളെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ കെ. ശശിധരൻ നായർ അയോഗ്യരാക്കി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിൽ നിന്ന് ഇവരെ ആറ് വർഷത്തേയ്ക്ക് വിലക്കിയിട്ടുമുണ്ട്. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ. ചെന്താമര, വൈസ് പ്രസിഡന്റ് ശാന്തിനി, അംഗങ്ങളായ എം. സുരേഷ് ബാബു, എ. പീറ്റർ ബാബു, കെ. മരഗതം എന്നിവരെയാണ് അയോഗ്യരാക്കിയിട്ടുള്ളത്.

സോഷ്യലിസ്റ്റ് ജനത (ഡെമോക്രാറ്റിക്) പാർട്ടി നേതാവ് എം.പി. വീരേന്ദ്രകുമാർ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന് മുമ്പ് സമർപ്പിച്ച അഞ്ച് വ്യത്യസ്ത ഹർജികളിലാണ് പൊതുവിധിന്യായം. യു.ഡി.എഫിന്റെ പ്രസിഡന്റിന് എതിരെ എൽ.ഡി.എഫ് കൊണ്ടു വന്ന അവിശ്വാസപ്രമേയത്തെ യു.ഡി.എഫ് ഘടക കക്ഷിയായ എസ്.ജെ (ഡി) യിലെ 5 അംഗങ്ങൾ അനുകൂലിച്ച് വോട്ട് ചെയ്തിരുന്നു. തുടർന്ന് കെ. ചെന്താമര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റായി. പ്രസിഡന്റ് സ്ഥാനം ഒഴിയണമെന്ന എസ്.ജെ (ഡി) പാർട്ടിയുടെ സംസ്ഥാന കമ്മിറ്റി തീരുമാനം അനുസരിക്കാത്തതിനെ തുടർന്ന് പ്രസിഡന്റിനെതിരെ ബ്ലോക്ക് പഞ്ചായത്തിൽ അവിശ്വാസപ്രമേയം അവതരിപ്പിച്ചു. പ്രസ്തുത പ്രമേയത്തെ അനുകൂലിക്കണമെന്ന പാർട്ടി വിപ്പ് ലംഘിച്ച അഞ്ച് എസ്.ജെ.(ഡി) അംഗങ്ങളേയും അയോഗ്യരാക്കണമെന്ന ഹർജിക്കാരന്റെ വാദം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ അംഗീകരിച്ചു. ഹർജിക്കാരന് വേണ്ടി അഡ്വ. വി.എസ്. രതീഷ് കുമാറും എതിർകക്ഷികൾക്ക് വേണ്ടി അഡ്വ. കല്ലമ്പലം ശ്രീകുമാറും കമ്മീഷനിൽ ഹാജരായി.

*(എസ്.ഇ.സി. 26/2015)*

| | | |
|---|---|---|
| GRAMS: KERELECOM<br>E-mail: electionker@gmail.com<br>Website: www.sec.kerala.gov.in | # പത്രക്കുറിപ്പ് | TELEPHONE: 0471-2338288,2321233<br>FAX: 0471-2338288<br>0471-2334130 |
| | കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ | 23rd June 2015 |


## വെള്ളമുണ്ട ഗ്രാമപഞ്ചായത്തിലെ അഞ്ച് അംഗങ്ങളെ അയോഗ്യരാക്കി

കൂറുമാറ്റ നിയമം ലംഘിച്ചതിന് വയനാട് ജില്ലയിലെ വെള്ളമുണ്ട ഗ്രാമപഞ്ചായത്തിലെ അഞ്ച് യു.ഡി.എഫ് അംഗങ്ങളെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ കെ.ശശിധരൻ നായർ അയോഗ്യരാക്കി. തദ്ദേശഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിൽ നിന്ന് ഇവരെ ആറു വർഷത്തേക്ക് വിലക്കിയിട്ടുമുണ്ട്. പി.മുഹമ്മദ്, കൊയ്രമ്മ കളത്തിൽ, ശാരദാ അച്ചാപ്പൻ, ലീലാ ഭാസ്ക്കരൻ, ഗ്രേസി ബെന്നി എന്നിവരെയാണ് അയോഗ്യരാക്കിയിട്ടുള്ളത്. അതേ ഗ്രാമപഞ്ചായത്തിലെ മറ്റൊരംഗമായ സി.എച്ച്. അഷറഫിന്റെ നാലും, ടി.കെ മമ്മൂട്ടിയുടെ രണ്ടും വ്യത്യസ്ത ഹർജികളിലാണ് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ പൊതുവിധിന്യായം പ്രഖ്യാപിച്ചത്. വെള്ളമുണ്ട ഗ്രാമപഞ്ചായത്തംഗം സുലേഖ കെനിക്കകീഴാറ്റക്കെതിരെ സമർപ്പിച്ച ഹർജി കൂറുമാറ്റ നിരോധന നിയമലംഘനമാണെന്ന വാദം കമ്മീഷൻ തള്ളി. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് , വൈസ് പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ ഔദ്യോഗിക സ്ഥാനാർത്ഥിക്ക് അനുകൂലമായി നിലപാട് സ്വീകരിക്കണമെന്ന പാർട്ടി വിപ്പുകൾ ലംഘിച്ചതിനെ തുടർന്നാണ് കൂറുമാറ്റനിരോധന നിയമലംഘനത്തിന് ഇവരെ അയോഗ്യരാക്കിയിട്ടുള്ളത്.

*(എസ്.ഇ.സി. 25/2015)*

GRAMS:
KERELECOM
E-mail:
electionker@gmail.com
Website:
www.sec.kerala.gov.in

# പത്രക്കുറിപ്പ്

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

TELEPHONE:
0471-2338288,2321233
FAX: 0471-2338288
0471-2334130

11th June 2015

## തദ്ദേശഭരണ തിരഞ്ഞെടുപ്പ്: വോട്ടർപട്ടികയിൽ പേര് ചേർക്കാൻ സൗകര്യമൊരുക്കും

തദ്ദേശസ്വയംഭരണ പൊതുതിരഞ്ഞെടുപ്പിനായുള്ള വോട്ടർപട്ടികയിൽ പേരു ചേർക്കുന്നതിനുള്ള സൗകര്യം വൈകാതെ ഏർപ്പെടുത്തുമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. 2015 ജനുവരി ഒന്നിന് 18 വയസ്സ് തികഞ്ഞ ഇപ്പോൾ പ്രസിദ്ധീകരിച്ചിട്ടുള്ള കരട് വോട്ടർ പട്ടികയിൽ പേരില്ലാത്തവർക്ക് ഈ സൗകര്യം പ്രയോജനപ്പെടുത്താവുന്നതാണ്. നിലവിലുള്ള കരട് വോട്ടർ പട്ടികയിലുള്ള വോട്ടർമാർക്ക് സ്ഥലം മാറ്റം, തെറ്റുതിരുത്തൽ എന്നിവയ്ക്ക് അപേക്ഷിക്കുന്നതിനും സംവിധാനം ഏർപ്പെടുത്തും. ഇതു സംബന്ധിച്ച സമയക്രമം പ്രഖ്യാപിക്കുന്ന മുറയ്ക്ക് വോട്ടർമാർക്ക് ഓൺലൈനിലൂടെ അപേക്ഷ സമർപ്പിക്കുന്നതിനുള്ള സൗകര്യമാകും ഏർപ്പെടുത്തുക. വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നതിനും മാറ്റങ്ങൾ വരുത്തുന്നതിനുമായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനെ നിരവധി വോട്ടർമാർ സമീപിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിലാണ് ഈ വിശദീകരണം.

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ വെബ്സൈറ്റായ www.sec.kerala.gov.in, സംസ്ഥാന സർക്കാരിന്റെ വെബ് പോർട്ടലായ www.kerala.gov.in, സംസ്ഥാന പബ്ലിക് റിലേഷൻസ് വകുപ്പിന്റെ വെബ്സൈറ്റായ www.prd.kerala.gov.in എന്നിവയിൽ കരട് വോട്ടർ പട്ടിക പരിശോധിക്കുന്നതിനുള്ള ലിങ്ക് ഏർപ്പെടുത്തിയിട്ടുണ്ട്.

*(എസ്.ഇ.സി. 24/2015)*

GRAMS:
KERELECOM
E-mail:
electionker@gmail.com
Website:
www.sec.kerala.gov.in

# പത്രക്കുറിപ്പ്

TELEPHONE:
0471-2338288,2321233
FAX: 0471-2338288
0471-2334130

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

30th May 2015

## തദ്ദേശഭരണ തിരഞ്ഞെടുപ്പ്: കരട് വോട്ടർ പട്ടിക ജൂൺ ഒന്നിന്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് ഒക്ടോബറിൽ നടക്കുന്ന പൊതുതിരഞ്ഞെടുപ്പിനുള്ള കരട് വോട്ടർപട്ടിക ജൂൺ ഒന്നിന് പ്രസിദ്ധീകരിക്കും. ഈ വർഷം ജനുവരി-1 അടിസ്ഥാന യോഗ്യത തീയതി യാക്കി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ പ്രസിദ്ധീകരിച്ച ഫോട്ടോ പതിച്ച വോട്ടർ പട്ടികയിലെ മുഴുവൻ വോട്ടർമാരേയും തദ്ദേശഭരണ സ്ഥാപനങ്ങളിലെ നിലവിലുള്ള വാർഡടിസ്ഥാനത്തിൽ പുനഃക്രമീകരിച്ചാണ് പട്ടിക തയ്യാറാക്കിയിട്ടുള്ളത്. നാഷണൽ ഇൻഫോർമാറ്റിക് സെന്ററിന്റെ സാങ്കേതിക സഹായത്തോടെ ഹൗസ് വെരിഫിക്കേഷൻ ഉദ്യോഗസ്ഥരെ നിയോഗിച്ചാണ് പുനഃക്രമീകരണം പൂർത്തിയാക്കിയത്.

തദ്ദേശഭരണ തിരഞ്ഞെടുപ്പിലും ഈ വർഷം ജനുവരി ഒന്നിന് 18 വയസ്സ് പൂർത്തിയായവർക്കാണ് വോട്ടവകാശം. ഇതേ യോഗ്യതാ തീയതിയായി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷന്റെ വോട്ടർപട്ടികയിൽ പേര് ചേർത്ത മുഴുവൻ വോട്ടർമാരേയും കരട് പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പേര് ചേർക്കാൻ കഴിയാത്ത വർക്കും തിരുത്തലുകൾ, സ്ഥലമാറ്റം എന്നിവ ആഗ്രഹിക്കുന്നവർക്കും ജൂൺ 10-ന് ശേഷം കമ്മീഷൻ പ്രസിദ്ധീകരിക്കുന്ന സമയക്രമ പട്ടിക അനുസരിച്ച് അതിനുള്ള അവസരം ലഭിക്കും. വോട്ടർ പട്ടിക എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും പരിശോധനയ്ക്ക് ലഭിയ്ക്കും. കമ്മീഷൻ വെബ്സൈറ്റായ www.lsgelection.kerala.gov.in-ലും പട്ടിക ലഭ്യമാണ്. അംഗീകൃത രാഷ്ട്രീയ കക്ഷികൾക്കും നിയമസഭയിൽ പ്രാതിനിധ്യമുള്ള രാഷ്ട്രീയ കക്ഷികൾക്കും പട്ടികയുടെ കോപ്പി സൗജന്യമായി ലഭ്യമാക്കും. മറ്റ് രാഷ്ട്രീയ കക്ഷികൾക്കും, വ്യക്തികൾക്കും നിശ്ചിത നിരക്കിൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപന ങ്ങളിൽ നിന്ന് പട്ടിക ലഭിയ്ക്കും

ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും സെക്രട്ടറിമാരും, കോർപ്പറേഷനുകളിൽ അഡീഷണൽ സെക്രട്ടറിമാരുമാണ് തിരഞ്ഞെടുപ്പ് രജിസ്ട്രേഷൻ ഉദ്യോഗസ്ഥർ. പേര് ചേർക്കാനും, തിരുത്തലുകൾക്കും, സ്ഥാനമാറ്റത്തിനുമുള്ള അപേക്ഷ ഓൺ ലൈൻ മുഖേന നൽകാവുന്നതാണ്. എന്നാൽ പേര് നീക്കം ചെയ്യുന്നതിനുള്ള അപേക്ഷ നേരിട്ട് സമർപ്പിക്കണം

*(എസ്.ഇ.സി. 23/2015)*

GRAMS:
KERELECOM
E-mail:
electionker@gmail.com
Website:
www.sec.kerala.gov.in

# പത്രക്കുറിപ്പ്

TELEPHONE:
0471-2338288,2321233
FAX: 0471-2338288
0471-2334130

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

27th May 2015

## ഉപതിരഞ്ഞെടുപ്പ് ഫലങ്ങൾ

മെയ് 26-ന് നടന്ന തദ്ദേശഭരണ സ്ഥാപനങ്ങളിലെ പത്തു മണ്ഡലങ്ങളിലേയ്ക്ക് നടന്ന ഉപ തിരഞ്ഞെടുപ്പിൽ യു.ഡി.എഫ് അഞ്ചിടത്തും എൽ.ഡി.എഫ് നാലിടത്തും ആം ആദ്മി പാർട്ടി ഒരിടത്തും വിജയിച്ചു. വിജയിച്ച സ്ഥാനാർത്ഥികൾ - ജില്ല, തദ്ദേശസ്വയംഭരണ സ്ഥാപനം, വാർഡ്, വിജയിച്ച സ്ഥാനാർത്ഥി, കക്ഷി ബന്ധം, ഭൂരിപക്ഷം എന്ന ക്രമത്തിൽ

**കൊല്ലം**- ഇടമുളയ്ക്കൽ - നടുക്കുന്ന് - ഗംഗാധരൻ പിള്ള - സി.പി.എം- 15, **പത്തനംതിട്ട** - കടപ്ര - ഉഴത്തിൽ - അനിയൻ തോമസ് ജോർജ്ജ് - സി.പി.എം - 10, **ആലപ്പുഴ** - ചേർത്തല വടക്ക് - ചമ്പക്കാട് - ടോം ഇളശ്ശേരിൽ - എ.എ.പി-3, **ആലപ്പുഴ–** ബുധനൂർ - കടമ്പൂർ - ഉഷാ ഭാസി - ഐ.എൻ.സി- 45, **കോട്ടയം** - പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് - കിടങ്ങൂർ സൗത്ത് - ജ്യോതി ബാലകൃഷ്ണൻ - സി.പി.ഐ - 198, **ഇടുക്കി** - രാജകുമാരി - രാജകുമാരി വടക്ക് -ടിസ്സി. എം.കെ - ഐ.എൻ.സി- 95, **എറണാകുളം** - കടുങ്ങല്ലൂർ - പടിഞ്ഞാറെ കടുങ്ങല്ലൂർ സെൻട്രൽ - ഗീതാ സലിം കുമാർ - ഐ.എൻ.സി - 85, **തൃശ്ശൂർ** - കയ്പമംഗലം - മഹാത്മ നഗർ - ജിനൂപ് അബ്ദുറഹിമാൻ - ഐ.എൻ.സി- 248, **മലപ്പുറം** - എടരിക്കോട് - അമ്പലവട്ടം - പൂക്കാട്ട് കുഞ്ഞലവി - എൽ.ഡി.എഫ് സ്വതന്ത്രൻ - 36, **കോഴിക്കോട്**- ചേളന്നൂർ- പള്ളിപ്പൊയിൽ - ബനീഷ് താഴോളി മീതൽ - ഐ.എൻ.സി - 142.

*(എസ്.ഇ.സി. 22/2015)*

GRAMS:
KERELECOM
E-mail:
electionker@gmail.com
Website:
www.sec.kerala.gov.in

# പത്രക്കുറിപ്പ്

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

TELEPHONE:
0471-2338288,2321233
FAX: 0471-2338288
0471-2334130

19th May 2015

## കൊല്ലങ്കോട് പഞ്ചായത്തിലെ നാലംഗങ്ങളെ അയോഗ്യരാക്കി

കൂറുമാറ്റ നിരോധന നിയമം ലംഘിച്ചതിന് പാലക്കാട് ജില്ലയിലെ കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിലെ നാല് യു.ഡി.എഫ്. അംഗങ്ങളെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ കെ.ശശിധരൻ നായർ അയോഗ്യരാക്കി. തദ്ദേശഭരണ സ്ഥാപനങ്ങളിലെ തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിൽ നിന്ന് ഇവരെ ആറു വർഷത്തേയ്ക്ക് വിലക്കിയിട്ടുമുണ്ട്. കെ.സി. വിജയകുമാരി, നസീമ, പ്രതിഭ, ആർ. പത്മനാഭൻ എന്നിവരെയാണ് അയോഗ്യരാക്കിയിട്ടുള്ളത്. മറ്റൊരു ഗ്രാമപഞ്ചായത്തംഗമായ ടി. വിശ്വനാഥൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച നാല് വ്യത്യസ്ഥ ഹർജികളിന്മേലാണ് തീരുമാനം.

ആകെ 18 അംഗങ്ങളുള്ള കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിൽ എൽ.ഡി.എഫിനും യു.ഡി.എഫിനും ഒൻപത് വീതം അംഗങ്ങളാണുള്ളത്. നറുക്കെടുപ്പിലൂടെ പ്രസിഡന്റായ യു.ഡി.എഫിലെ പ്രതിഭ പാർട്ടി നിർദ്ദേശം ലംഘിച്ച് രാജി വെച്ചു. തുടർന്ന് വൈസ് പ്രസിഡന്റായിരുന്ന കെ. ഗുരുവായൂരപ്പനെതിരെ എൽ.ഡി.എഫ് അവിശ്വാസപ്രമേയം അവതരിപ്പിച്ചു. പാർട്ടി വിപ്പ് ലംഘിച്ച് യു.ഡി.എഫ് അംഗങ്ങൾ അവിശ്വാസ പ്രമേയത്തെ അനുകൂലിച്ചതിനെ തുടർന്ന് യു.ഡി.എഫിന് ഇവിടെ ഭരണം നഷ്ടപ്പെട്ടു. പാർട്ടി തീരുമാനത്തിനും നിർദ്ദേശത്തിനുമെതിരായി പ്രവർത്തിച്ച യു.ഡി.എഫിലെ ആർ. പത്മനാഭൻ, എൽ.ഡി.എഫ് പിന്തുണയോടെ വൈസ് പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടു. പാർട്ടി വിപ്പ് ലംഘിച്ച പഞ്ചായത്തംഗങ്ങളുടെ നടപടി കൂറുമാറ്റമാണെന്ന ഹർജിക്കാരന്റെ വാദം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ അംഗീകരിച്ചു. ഹർജിക്കാരനു വേണ്ടി അഡ്വക്കേറ്റുമാരായ ഹാഷിം ബാബുവും, എസ്. സജിതയും കമ്മീഷന് മുമ്പിൽ ഹാജരായി.

*(എസ്.ഇ.സി. 21/2015)*

GRAMS:
KERELECOM
E-mail:
electionker@gmail.com
Website:
www.sec.kerala.gov.in

# പത്രക്കുറിപ്പ്

TELEPHONE:
0471-2338288,2321233
FAX: 0471-2338288
0471-2334130

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്‍

11th May 2015

## തിരഞ്ഞെടുപ്പ് കമ്മീഷനില്‍ ഒഴിവ്

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ തിരുവനന്തപുരം ഓഫീസില്‍ ഓഫീസ് അറ്റന്റന്റിന്റെ ഒരു ഒഴിവിലേയ്ക്ക് ഡെപ്യൂട്ടേഷന്‍ വ്യവസ്ഥയില്‍ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു.

സംസ്ഥാന സര്‍ക്കാര്‍ വകുപ്പുകള്‍ (സെക്രട്ടേറിയറ്റ് ഉള്‍പ്പെടെ), പൊതുമേഖലാ സ്ഥാപനങ്ങള്‍ എന്നിവിടങ്ങളില്‍ സമാന തസ്തികയില്‍ ജോലി ചെയ്യുന്നവര്‍ക്ക് അപേക്ഷിക്കാം. കേരള സര്‍വീസ് ചട്ടങ്ങളില്‍ നിര്‍ദ്ദേശിച്ച പ്രകാരമുള്ള അപേക്ഷ, വകുപ്പ് തലവന്‍ മുഖേന സെക്രട്ടറി, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്‍, കോര്‍പ്പറേഷന്‍ ബില്‍ഡിംഗ്സ്, എല്‍.എം.എസ്. ജംഗ്ഷന്‍, വികാസ് ഭവന്‍. പി.ഒ., തിരുവനന്തപുരം, പിന്‍-695033 എന്ന വിലാസത്തില്‍ ജൂണ്‍ 04-നകം ലഭിച്ചിരിക്കണം.

(എസ്.ഇ.സി. 20/2015)

GRAMS:
KERELECOM
E-mail:
electionker@gmail.com
Website:
www.sec.kerala.gov.in

# പത്രക്കുറിപ്പ്

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

TELEPHONE:
0471-2338288,2321233
FAX: 0471-2338288
0471-2334130

30th April 2015

## തദ്ദേശഭരണ ഉപതിരഞ്ഞെടുപ്പിന് വിജ്ഞാപനമായി

മെയ് 26-ന് നടക്കുന്ന 12 തദ്ദേശഭരണ മണ്ഡലങ്ങളിലേയ്ക്കുള്ള ഉപതിരഞ്ഞെടുപ്പിന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഇന്ന് (ഏപ്രിൽ 30) വിജ്ഞാപനം പുറപ്പെടുവിച്ചു. നാമനിർദ്ദേശ പത്രിക സമർപ്പിയ്ക്കുന്നതിനുള്ള അവസാന തീയതി മെയ് ഏഴാണ്. മെയ് എട്ടിന് സൂക്ഷ്മപരിശോധന നടക്കും. സ്ഥാനാർത്ഥിത്വം പിൻവലിക്കുന്നതിനുള്ള അവസാന തീയതി മെയ് 11 ആയിരിക്കും. മെയ് 27-ന് രാവിലെ എട്ടുമണിയ്ക്ക് വോട്ടെണ്ണൽ നടക്കും. ഉപതിരഞ്ഞെടുപ്പ് നടക്കുന്ന തദ്ദേശഭരണ മണ്ഡലങ്ങൾ ചുവടെ. ജില്ല, തദ്ദേശഭരണ സ്ഥാപനം, വാർഡ് എന്ന ക്രമത്തിൽ

കൊല്ലം - ഇടമുളയ്ക്കൽ - നടുക്കുന്ന്
പത്തനംതിട്ട - കടപ്ര - ഉഴത്തിൽ
ആലപ്പുഴ - ചേർത്തല തെക്ക് - ചമ്പക്കാട്
ആലപ്പുഴ - ബുധനൂർ - കടമ്പൂർ
കോട്ടയം - പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് - കിടങ്ങൂർ സൗത്ത്
ഇടുക്കി - രാജകുമാരി - രാജകുമാരി നോർത്ത്
എറണാകുളം - കടുങ്ങല്ലൂർ - പടിഞ്ഞാറെ കടുങ്ങല്ലൂർ സെൻട്രൽ
തൃശ്ശൂർ - കയ്പമംഗലം - മഹാത്മ നഗർ
മലപ്പുറം - മങ്കട ബ്ലോക്ക് പഞ്ചായത്ത് - കൂട്ടിലങ്ങാടി
മലപ്പുറം - എടരിക്കോട് - അമ്പലവട്ടം
മലപ്പുറം - തലയ്ക്കാട് - കോലുപാലം
കോഴിക്കോട് - ചേളന്നൂർ - പള്ളിപ്പൊയിൽ

ഉപതിരഞ്ഞെടുപ്പ് നടക്കുന്ന ഗ്രാമപഞ്ചായത്തുകളിൽ ഒട്ടാകെയും, ബ്ലോക്ക് പഞ്ചായത്തുകളിൽ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് മണ്ഡലങ്ങളിലും മാതൃകാപെരുമാറ്റച്ചട്ടം ബാധകമാണ്.

(എസ്.ഇ.സി. 19/2015)

GRAMS:
KERELECOM
E-mail:
electionker@gmail.com
Website:
www.sec.kerala.gov.in

# പത്രക്കുറിപ്പ്

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

TELEPHONE:
0471-2338288,2321233
FAX: 0471-2338288
0471-2334130

25th April 2015

## തദ്ദേശഭരണ തിരഞ്ഞെടുപ്പ്: രാഷ്ട്രീയ കക്ഷി പ്രതിനിധി യോഗം ഏപ്രിൽ 27 – ന്

സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്ക് ഈ വർഷം നടക്കുന്ന പൊതുതിരഞ്ഞെടുപ്പിൽ മൾട്ടി പോസ്റ്റ് ഇലക്ട്രോണിക് വോട്ടിംഗ് മെഷീന്റെ ഉപയോഗം, ഫോട്ടോ പതിച്ച വോട്ടർ പട്ടിക ഏർപ്പെടുത്തൽ തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഏപ്രിൽ 27 - ന് രാഷ്ട്രീയ കക്ഷി പ്രതിനിധികളുടെ യോഗം നടത്തുന്നതാണ്. അന്നു രാവിലെ 11 - ന് തൈയ്ക്കാട് ഗവൺമെന്റ് ഗസ്റ്റ് ഹൗസിൽ കൂടുന്ന യോഗത്തിൽ ദേശീയ, സംസ്ഥാന രാഷ്ട്രീയ കക്ഷികളുടേയും, കേരള നിയമസഭയിൽ പ്രാതിനിധ്യമുള്ള രാഷ്ട്രീയ കക്ഷികളുടേയും പ്രതിനിധികൾ പങ്കെടുക്കും. സംസ്ഥാനത്ത് ആദ്യമായി ത്രിതല പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ ഉപയോഗിക്കാൻ പോകുന്ന മൾട്ടി പോസ്റ്റ് ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രത്തിന്റെ പ്രവർത്തനങ്ങളുടെ ഡിമോൺസ്ട്രേഷനും ഇതോടൊപ്പം ഉണ്ടായിരിക്കും.

(എസ്.ഇ.സി. 18/2015)

GRAMS:
KERELECOM
E-mail:
electionker@gmail.com
Website:
www.sec.kerala.gov.in

# പത്രക്കുറിപ്പ്

TELEPHONE:
0471-2338288,2321233
FAX: 0471-2338288
0471-2334130

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

22nd April 2015

## ഡീലിമിറ്റേഷൻ കമ്മീഷൻ മേഖലാ യോഗങ്ങൾ 24 – ന് തുടങ്ങും

സംസ്ഥാനത്തെ തദ്ദേശഭരണസ്ഥാപനങ്ങളുടെ പുനർവിഭജനത്തിന്റെ ഭാഗമായി സംസ്ഥാന ഡീലിമിറ്റേഷൻ കമ്മീഷന്റെ മേഖലാ യോഗങ്ങൾ ഏപ്രിൽ 24 ന് ആരംഭിക്കും. അന്നേ ദിവസം രാവിലെ പത്തിന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ കെ. ശശിധരൻ നായരുടെ അദ്ധ്യക്ഷതയിൽ കണ്ണൂർ കളക്ടറേറ്റിൽ ചേരുന്ന യോഗത്തിൽ കാസർഗോഡ്, കണ്ണൂർ, വയനാട്, കോഴിക്കോട് ജില്ലകളുടെ കളക്ടർമാർ, ഇലക്ഷൻ വിഭാഗം ഡെപ്യൂട്ടി കളക്ടർമാർ, നഗരകാര്യ വകുപ്പ് ജോയിന്റ് ഡയറക്ടർമാർ, പഞ്ചായത്ത് വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർമാർ എന്നിവർ പങ്കെടുക്കും. തുടർന്ന് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാരുമായും ഡീലിമിറ്റേഷൻ കമ്മീഷൻ അദ്ധ്യക്ഷൻ കൂടിയായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ ചർച്ച നടത്തും. മലപ്പുറം, പാലക്കാട്, തൃശ്ശൂർ, എറണാകുളം, ഇടുക്കി ജില്ലകൾക്ക് വേണ്ടി 25 - ന് തൃശൂർ കിലയിലും കോട്ടയം, ആലപ്പുഴ, പത്തനംതിട്ട, കൊല്ലം, തിരുവനന്തപുരം ജില്ലകൾക്ക് വേണ്ടി 28 - ന് കൊല്ലം കളക്ടറേറ്റിലും മേഖലാ യോഗം ചേരുന്നതാണ്.

(എസ്.ഇ.സി. 17/2015)

GRAMS:
KERELECOM
E-mail:
electionker@gmail.com
Website:
www.sec.kerala.gov.in

# പത്രക്കുറിപ്പ്

TELEPHONE:
0471-2338288,2321233
FAX: 0471-2338288
0471-2334130

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്‍

20th April 2015

## ഡീ ലിമിറ്റേഷന്‍ കമ്മീഷന്‍ ഓഫീസ് പ്രവര്‍ത്തനം ആരംഭിച്ചു

സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പുനര്‍വിഭജനത്തിനായുള്ള ഡീ ലിമിറ്റേഷന്‍ കമ്മീഷന്റെ ഓഫീസ് തിരുവനന്തപുരത്ത് പാളയം എല്‍.എം.എസ് കോമ്പൗണ്ടിലെ സി.ഡബ്ല്യു.സി. ബില്‍ഡിംഗില്‍ പ്രവര്‍ത്തന മാരംഭിച്ചു. ഓഫീസിന്റെ ഉദ്ഘാടനം കമ്മീഷന്റെ അദ്ധ്യക്ഷന്‍ കൂടിയായ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണര്‍ കെ. ശശിധരന്‍ നായര്‍ നിര്‍വ്വഹിച്ചു. ഡീ ലിമിറ്റേഷന്‍ കമ്മീഷന്‍ അംഗങ്ങളായ തദ്ദേശഭരണ വകുപ്പ് പ്രിന്‍സിപ്പല്‍ സെക്രട്ടറി ജയിംസ് വര്‍ഗ്ഗീസ്, ആരോഗ്യ വകുപ്പ് പ്രിന്‍സിപ്പല്‍ സെക്രട്ടറി ഡോ. കെ. ഇളങ്കോവന്‍, പൊതുഭരണ വകുപ്പ് സെക്രട്ടറി കെ.ആര്‍. ജ്യോതിലാല്‍, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിലെ ഉന്നത ഉദ്യോഗസ്ഥര്‍ എന്നിവര്‍ ചടങ്ങില്‍ പങ്കെടുത്തു. ഡീ ലിമിറ്റേഷന്‍ കമ്മീഷന്റെ ഔപചാരിക യോഗവും ഇതോടൊപ്പം നടന്നു. പഞ്ചായത്ത് വകുപ്പ് ജോയിന്റ് ഡയറക്ടര്‍ സി.എന്‍. ബാബുവാണ് ഡീ ലിമിറ്റേഷന്‍ കമ്മീഷന്‍ സെക്രട്ടറി. ഓഫീസ് ഫോണ്‍ നമ്പര്‍ 0471- 2720450.

(എസ്.ഇ.സി. 15/2015)

## തദ്ദേശഭരണ തിരഞ്ഞെടുപ്പ്: ചുമതലകള്‍ സമയബന്ധിതമായി നിര്‍വഹിക്കാന്‍ നിര്‍ദ്ദേശം

വരുന്ന തദ്ദേശഭരണ തിരഞ്ഞെടുപ്പിന്റെ നിര്‍വഹണ ഉദ്യോഗസ്ഥര്‍ ബന്ധപ്പെട്ട ചുമതലകള്‍ സമയബന്ധിത മായി നിര്‍വഹിക്കുവാന്‍ ജാഗ്രത പുലര്‍ത്തണമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണര്‍ കെ. ശശിധരന്‍ നായര്‍ നിര്‍ദ്ദേശിച്ചു. കളക്ടറേറ്റുകളിലെ ഇലക്ഷന്‍ വിഭാഗം ഉദ്യോഗസ്ഥരുമായി തിരഞ്ഞെടുപ്പ് മുന്നൊരുക്കങ്ങള്‍ സംബന്ധിച്ച കാര്യങ്ങള്‍ അവലോകനം ചെയ്യുന്നതിനായി തിരുവനന്തപുരത്ത് ചേര്‍ന്ന യോഗത്തില്‍ സംസാരിക്കുകയാ യിരുന്നു തിരഞ്ഞെടുപ്പ് കമ്മീഷണര്‍. ഫോട്ടോ പതിച്ച വോട്ടര്‍ പട്ടിക തയ്യാറാക്കല്‍, പോളിംഗ് സ്റ്റേഷനുകളുടേയും, ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രങ്ങളുടേയും ക്രമീകരണം തുടങ്ങിയ വിഷയങ്ങള്‍ യോഗത്തില്‍ചര്‍ച്ച ചെയ്തു. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്‍ സെക്രട്ടറി പി. ഗീത, അഡീഷണല്‍ സെക്രട്ടറി ഫ്രാന്‍സിസ് ഡിക്രൂസ് എന്നിവര്‍ സംസാരിച്ചു.

(എസ്.ഇ.സി. 16/2015)

GRAMS:
KERELECOM
E-mail:
electionker@gmail.com
Website:
www.sec.kerala.gov.in

# പത്രക്കുറിപ്പ്

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

TELEPHONE:
0471-2338288,2321233
FAX: 0471-2338288
0471-2334130

8th April 2015

## ഉപതിരഞ്ഞെടുപ്പ് ഫലം

സംസ്ഥാനത്തെ തദ്ദേശഭരണസ്ഥാപനങ്ങളിലെ 26 വാർഡുകളിൽ ഏപ്രിൽ 8-ന് നടന്ന ഉപതിരഞ്ഞെടുപ്പിൽ എൽ.ഡി.എഫ് 13 ഉം, യു.ഡി.എഫ് 12 ഉം സ്വതന്ത്ര സ്ഥാനാർത്ഥി ഒരിടത്തും വിജയിച്ചു.

വിജയിച്ച സ്ഥാനാർത്ഥികൾ - ജില്ല, തദ്ദേശസ്വയംഭരണ സ്ഥാപനം, വാർഡ്, വിജയിച്ച സ്ഥാനാർത്ഥി, കക്ഷി ബന്ധം, ഭൂരിപക്ഷം എന്ന ക്രമത്തിൽ

**എറണാകുളം** - ആലുവ മുനിസിപ്പാലിറ്റി - സ്നേഹാലയം - പി.ടി. പ്രഭാകരൻ - സി.പി.ഐ (എം) - 82

**തിരുവനന്തപുരം** - ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത് - കടയ്ക്കാവൂർ - സുലേഖ - സി.പി.ഐ (എം)- 1037

**കോഴിക്കോട്** - മേലടി - പുറക്കാട്- രാജീവൻ കൊടലൂർ- ഐ.എൻ.സി- 151

**ഗ്രാമപഞ്ചായത്തുകൾ** :

**തിരുവനന്തപുരം:** മാറനല്ലൂർ- കിളിക്കോട്ടുകോണം- ബിജു. ജി- സി.പി.ഐ.(എം)- 57 മാറനല്ലൂർ- മാറനല്ലൂർ- ജയകുമാർ. റ്റി- സി.പി.ഐ (എം)- 154 **കൊല്ലം**: അലയമൺ- കരുകോൺ- ഗീതാകുമാരി- സി.പി.ഐ.(എം)- 247, തൃക്കരുവ- കാഞ്ഞാവെളി- അനിൽകുമാർ വാസുദേവൻ- ഐ.എൻ.സി- 100, **ഇടുക്കി:** പാമ്പാടുംപാറ- കല്ലാർ- ആയിഷ അയൂബ്- ഐ.എൻ.സി- 65, പാമ്പാടുംപാറ- താന്നിമൂട്- കെ. എൻ. ചെല്ലമ്മ- സി.പി.ഐ.(എം)- 94 , പാമ്പാടുംപാറ- മുണ്ടിയെരുമ- കെ.എം. ഷാജി- സി.പി. ഐ.(എം)- 11, പാമ്പാടുംപാറ- തൂക്കുപാലം- റ്റി.റ്റി. സോമൻ- ഐ.എൻ.സി- 71, പാമ്പാടുംപാറ- മന്നാക്കുടി- റൂബി ജോസഫ്- ഐ.എൻ.സി- 102, **എറണാകുളം**- തുറവൂർ- തുറവൂർവെസ്റ്റ്- കെ.പി. ജോസ്- ഐ.എൻ.സി- 127, തിരുമാറാടി - മണ്ണത്തൂർ പടിഞ്ഞാറ്- ജെസ്സി ജോണി- സ്വതന്ത്ര- 17, ഒലിയപ്പുറം വടക്ക്- നെവിൻ ജോർജ്ജ്- ഐ.എൻ.സി- 29, തിരുമാറാടി വടക്ക്- സനിൽമോൻ ചന്ദ്രൻ- സി.പി.ഐ- 111, എറണാകുളം - വാളകം- വാളകം- രാമകൃഷ്ണൻ കുഞ്ഞൻ- സി.പി.ഐ (എം) സ്വതന്ത്രൻ- 46, **തൃശ്ശൂർ**: - അടാട്ട് - മുതുവറ- സന്ധ്യ ഷാജികുമാർ- ഐ.എൻ.സി- 87, മാള- ചക്കാംപറമ്പ്- പി.ഒ. ഷാജി- സി.പി.ഐ (എം)- 117, **പാലക്കാട്** - കടമ്പഴിപ്പുറം- പുലാപ്പറ്റ- പി.കെ. ജോൺ- ഐ.എൻ.സി- 45, **മലപ്പുറം**: ഊർങ്ങാട്ടിരി- പനമ്പ്ലാവ്- ബീന വിൻസെന്റ്- കേരള കോൺഗ്രസ്സ് (എം)- 184, ഏലംകുളം - കിഴുങ്ങത്തോൾ- ആറ്റുപുറത്ത് മന നാരായണ ഭട്ടതിരിപ്പാട്- സി.പി.ഐ (എം)- 181, **കോഴിക്കോട്**: - തിക്കോടി- പുറക്കാട്- പ്രേമ ബാലകൃഷ്ണൻ- ഐ.എൻ.സി- 164, **കണ്ണൂർ**: പാപ്പിനിശ്ശേരി- പാപ്പിനിശ്ശേരി സെൻട്രൽ- പോള രാജൻ- സി.പി.ഐ (എം)- 500, **കാസർഗോഡ്** - പടന്ന - അഴിത്തല ഓരി- സി. വി. വത്സല- സി.പി.ഐ (എം)- 390, വലിയപറമ്പ- മാടക്കാൽ - സുഹറ. കെ- ഐ.എൻ.സി- 84

(എസ്.ഇ.സി. 14/2015)

GRAMS:
KERELECOM
E-mail:
electionker@gmail.com
Website:
www.sec.kerala.gov.in

# പത്രക്കുറിപ്പ്

TELEPHONE:
0471-2338288,2321233
FAX: 0471-2338288
0471-2334130

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

8th April 2015

## തദ്ദേശ ഉപതിരഞ്ഞെടുപ്പിൽ 65.87 ശതമാനം പോളിംഗ്

സംസ്ഥാനത്തെ തദ്ദേശഭരണസ്ഥാപനങ്ങളിലെ 26 വാർഡുകളിൽ ഇന്ന് (ഏപ്രിൽ 8) നടന്ന ഉപ തിരഞ്ഞെടുപ്പിൽ ശരാശരി 65.87 ശതമാനം പോളിംഗ് രേഖപ്പെടുത്തി. ഉപതിരഞ്ഞെടുപ്പ് നടന്ന വാർഡുകളിലെ പോളിംഗ് ശതമാനം ബ്രാക്കറ്റിൽ

ആലുവ മുനിസിപ്പാലിറ്റി - സ്നേഹാലയം (69.60)

**ബ്ലോക്ക് പഞ്ചായത്തുകൾ: ജില്ല – ബ്ലോക്ക് – മണ്ഡലം ക്രമത്തിൽ**

തിരുവനന്തപുരം - ചിറയിൻകീഴ് - കടയ്ക്കാവൂർ (45.34)

കോഴിക്കോട് - മേലടി - പുറക്കാട് (66.03)

**ഗ്രാമപഞ്ചായത്തുകൾ** : **ജില്ല – ഗ്രാമപഞ്ചായത്ത് – മണ്ഡലം ക്രമത്തിൽ**

**തിരുവനന്തപുരം**: മാറനല്ലൂർ- കിളിക്കോട്ടുകോണം (71.18), മാറനല്ലൂർ (70.79), **കൊല്ലം**: അലയമൺ- കരുകോൺ (66.23), തൃക്കരുവ - കാഞ്ഞാവെളി (80.93), **ഇടുക്കി**: പാമ്പാടുംപാറ- കല്ലാർ (70.13) , താന്നിമൂട് (62.35), മുണ്ടിയെരുമ (66.43), തൂക്കുപാലം (62.97), മന്നാക്കുടി (70.06), **എറണാകുളം**- തുറവൂർ- തുറവൂർവെസ്റ്റ് (70.01), തിരുമാറാടി -മണ്ണത്തൂർപടിഞ്ഞാറ് (71.89), ഒലിയപ്പുറം വടക്ക് (71.68), തിരുമാറാടി വടക്ക് (74.95) , എറണാകുളം - വാളകം- വാളകം (76.55), **തൃശ്ശൂർ**: - അടാട്ട് - മുതുവറ (80.99), തൃശ്ശൂർ - മാള - ചക്കാംപറമ്പ് (78.61), **പാലക്കാട്** - കടമ്പഴിപ്പുറം - പുലാപ്പറ്റ (82.71), **മലപ്പുറം**: ഊർങ്ങാട്ടിരി - പനംപ്ലാവ് (70.20), മലപ്പുറം - ഏലംകുളം - കിഴുങ്ങത്തോൾ (80.07), **കോഴിക്കോട്**: - തിക്കോടി - പുറക്കാട് (74.80) , **കണ്ണൂർ**: പാപ്പിനിശ്ശേരി - പാപ്പിനിശ്ശേരി സെൻട്രൽ (64), **കാസർഗോഡ്** - പടന്ന - അഴിത്തല ഓരി (87.65), കാസർകോഡ് - വലിയപറമ്പ - മാടക്കാൽ (82.51).

വോട്ടെണ്ണൽ നാളെ (ഏപ്രിൽ 9) രാവിലെ എട്ട് മണിയ്ക്ക് ആരംഭിക്കും. നാളെ തന്നെ ഫലപ്രഖ്യാപനവും ഉണ്ടാകും.

(എസ്.ഇ.സി. 13/2015)

| | | |
|---|---|---|
| GRAMS: KERELECOM<br>E-mail: electionker@gmail.com<br>Website: www.sec.kerala.gov.in | **പത്രക്കുറിപ്പ്**<br>കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ | TELEPHONE: 0471-2338288,2321233<br>FAX: 0471-2338288<br>0471-2334130<br>**6th April 2015** |



## 26 തദ്ദേശഭരണ മണ്ഡലങ്ങളിൽ ഏപ്രിൽ 8 ന് ഉപതിരഞ്ഞെടുപ്പ്

സംസ്ഥാനത്തെ 26 തദ്ദേശഭരണ മണ്ഡലങ്ങളിൽ ഏപ്രിൽ 8-ന് നടക്കുന്ന ഉപതിരഞ്ഞെടുപ്പിൽ രാവിലെ ഏഴ് മണി മുതൽ വൈകുന്നേരം 5 വരെ വോട്ട് രേഖപ്പെടുത്താം.

ഉപതിരഞ്ഞെടുപ്പിന് വോട്ട് രേഖപ്പെടുത്തുന്നതിനായി പോളിംഗ് സ്റ്റേഷനുകളിൽ പ്രവേശിക്കുന്നതിന് നിർദ്ദിഷ്ട തിരിച്ചറിയൽ കാർഡോ രേഖയോ ഹാജരാക്കണമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശിച്ചു. കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള തിരിച്ചറിയൽ കാർഡ്, പാസ്പോർട്ട്, ഡ്രൈവിംഗ് ലൈസൻസ്, പാൻ കാർഡ്, ഫോട്ടോ പതിച്ചിട്ടുള്ള എസ്.എസ്.എൽ.സി ബുക്ക്, ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും തിരഞ്ഞെടുപ്പ് തീയതിയ്ക്ക് ആറുമാസകാലയളവിന് മുമ്പു വരെ നൽകിയിട്ടുള്ള ഫോട്ടോ പതിച്ച പാസ്ബുക്ക് എന്നിവയിൽ ഏതെങ്കിലും ഒന്ന് പ്രിസൈഡിംഗ് ഓഫീസറുടേയോ അദ്ദേഹം അധികാരപ്പെടുത്തിയിട്ടുള്ള പോളിംഗ് ഓഫീസറുടേയോ മുമ്പാകെ ഹാജരാക്കേണ്ടതാണ്.

*ഉപതിരഞ്ഞെടുപ്പ് നടക്കുന്ന തദ്ദേശഭരണ മണ്ഡലങ്ങൾ :*

*ആലുവ മുനിസിപ്പാലിറ്റി* - സ്നേഹാലയം

*ബ്ലോക്ക് പഞ്ചായത്തുകൾ : ജില്ല - ബ്ലോക്ക് പഞ്ചായത്ത് - മണ്ഡലം ക്രമത്തിൽ*

തിരുവനന്തപുരം - ചിറയിൻകീഴ്- കടയ്ക്കാവൂർ, കോഴിക്കോട് - മേലടി - പുറക്കാട്,

*ഗ്രാമപഞ്ചായത്തുകൾ : ജില്ല - ഗ്രാമപഞ്ചായത്ത് - മണ്ഡലം ക്രമത്തിൽ*

തിരുവനന്തപുരം - മാറനല്ലൂർ- കിളിക്കോട്ടുകോണം, മാറനല്ലൂർ, കൊല്ലം- അലയമൺ- കരുകോൺ, കൊല്ലം - തൃക്കരുവ - കാഞ്ഞാവെളി, ഇടുക്കി- പാമ്പാടുംപാറ , താന്നിമൂട്, മുണ്ടിയെരുമ, തൂക്കുപാലം, മന്നാക്കുടി, എറണാകുളം- തുറവൂർ- തുറവൂർ വെസ്റ്റ്, എറണാകുളം- തിരുമാറാടി, മണ്ണത്തൂർപടിഞ്ഞാറ്, ഒലിയപ്പുറം വടക്ക്, തിരുമാറാടി വടക്ക് , എറണാകുളം - വാളകം- വാളകം, തൃശ്ശൂർ - അടാട്ട് - മുതുവറ, തൃശ്ശൂർ - മാള - ചക്കാംപറമ്പ്, പാലക്കാട് - കടമ്പഴിപ്പുറം - പുലാപ്പറ്റ, മലപ്പുറം - ഊർങ്ങാട്ടിരി - പനംപ്ലാവ്, മലപ്പുറം - ഏലംകുളം - കിഴുങ്ങത്തോൾ, കോഴിക്കോട് - തിക്കോടി - പുറക്കാട് , കണ്ണൂർപാപ്പിനിശ്ശേരി - പാപ്പിനിശ്ശേരി സെൻട്രൽ, കാസർഗോഡ് - പടന്ന - അഴിത്തല ഓരി, കാസർകോഡ് - വലിയപറമ്പ - മാടക്കാൽ.

(എസ്.ഇ.സി. 12/2015)

GRAMS:
KERELECOM
E-mail:
electionker@gmail.com
Website:
www.sec.kerala.gov.in

# പത്രക്കുറിപ്പ്

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

TELEPHONE:
0471-2338288,2321233
FAX: 0471-2338288
0471-2334130

**20th March 2015**

## വെൽഫയർ പാർട്ടി ഓഫ് ഇന്ത്യയ്ക്ക് തിരഞ്ഞെടുപ്പ് ചിഹ്നം അനുവദിച്ചു

വെൽഫയർ പാർട്ടി ഓഫ് ഇന്ത്യയ്ക്ക് ഗ്യാസ് സിലിണ്ടർ ചിഹ്നം അനുവദിച്ച് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഉത്തരവായി. പാർട്ടിയുടെ സ്റ്റേറ്റ് പ്രസിഡന്റ് ഹമീദ് വാണിയമ്പലം നൽകിയ അപേക്ഷയിന്മേലാണ് കമ്മീഷന്റെ നടപടി. കേരള പഞ്ചായത്ത് രാജ് തിരഞ്ഞെടുപ്പ് നടത്തിപ്പ് ചട്ടങ്ങളിലെ 12-ാം വകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായാണ് ചിഹ്നം അനുവദിച്ചിട്ടുള്ളത്.

*(എസ്.ഇ.സി. 11/2015)*

GRAMS:
KERELECOM
E-mail:
electionker@gmail.com
Website:
www.sec.kerala.gov.in

# പത്രക്കുറിപ്പ്

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

TELEPHONE:
0471-2338288,2321233
FAX: 0471-2338288
0471-2334130

20th March 2015

## തദ്ദേശഭരണ തിരഞ്ഞെടുപ്പ് : പുതിയ വോട്ടർമാരെ കൂടി ഉൾപ്പെടുത്താൻ നടപടി

ഈ വർഷം ജനുവരി ഒന്ന് യോഗ്യതാ തീയതിയാക്കി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ നിയമസഭാ മണ്ഡലങ്ങളിലെ വോട്ടർപട്ടികയിൽ ചേർത്തിട്ടുള്ള വോട്ടർമാരെ കൂടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തിരഞ്ഞെടുപ്പിനുള്ള വോട്ടർപട്ടികയിൽ ഉൾപ്പെടുത്താൻ നടപടി. ഇത് സംബന്ധിച്ച നിർദ്ദേശം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ എല്ലാ ജില്ലാ കളക്ടർമാർക്കും നൽകി. നാഷണൽ ഇൻഫോർമാറ്റിക് സെന്റർ (എൻ.ഐ.സി) ഓൺ ലൈനിലൂടെ ലഭ്യമാക്കിയിട്ടുള്ള പുതിയ വോട്ടർമാരെ കൂടി ഫീൽഡ് വെരിഫിക്കേഷൻ നടത്തി വാർഡ് തലത്തിൽ ക്രമീകരിക്കാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. മാർച്ച് 28-ന് മുമ്പ് ഇത് പൂർത്തിയാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

*(എസ്.ഇ.സി. 10/2015)*

GRAMS:
KERELECOM
E-mail:
electionker@gmail.com
Website:
www.sec.kerala.gov.in

# പത്രക്കുറിപ്പ്

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

TELEPHONE:
0471-2338288,2321233
FAX: 0471-2338288
0471-2334130

19th March 2015

## കൂറുമാറിയ അംഗങ്ങളെ അയോഗ്യരാക്കി

പാർട്ടി വിപ്പ് ലംഘിച്ച് അവിശ്വാസപ്രമേയത്തെ പിന്തുണച്ച മൂന്ന് ഗ്രാമപഞ്ചായത്ത് അംഗങ്ങളെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ കെ. ശശിധരൻ നായർ അയോഗ്യരാക്കി. കൊല്ലം ജില്ലയിലെ മൺട്രോ തുരുത്ത് ഗ്രാമപഞ്ചായത്തിലെ കോൺഗ്രസ് അംഗങ്ങളായ ഉഷാ ഷൈലോക്ക്, രാജേന്ദ്രൻ, ഒ. വൽസല എന്നിവർക്കാണ് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ അയോഗ്യത കൽപ്പിച്ചത്. തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്ക് തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിന് ഇവരെ ആറ് വർഷത്തേയ്ക്ക് വിലക്കിയിട്ടുമുണ്ട്. അതേ ഗ്രാമപഞ്ചായത്തിലെ മറ്റൊരംഗമായ കെ. രാധാകൃഷ്ണൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച മൂന്ന് വ്യത്യസ്ത ഹർജികളിന്മേലാണ് തീർപ്പ് ഉണ്ടായിട്ടുള്ളത്.

കഴിഞ്ഞ വർഷം ഏപ്രിൽ 24-ന് യു.ഡി.എഫ് മുന്നണിയിൽപ്പെട്ട ഗ്രാമപഞ്ചായത്ത് പ്രസിഡന്റായിരുന്ന എസ്.ശോഭക്കെതിരെ സി.പി.ഐ.(എം) അവിശ്വാസ പ്രമേയം അവതരിപ്പിച്ചിരുന്നു. പാർട്ടി വിപ്പ് ലംഘിച്ച് പ്രമേയത്തെ അനുകൂലിച്ചതിനെത്തുടർന്ന് പ്രസിഡന്റിന് സ്ഥാനം നഷ്ടപ്പെടുകയുണ്ടായി. വിപ്പ് ലംഘിച്ച് പ്രമേയത്തെ അനുകൂലിച്ച കോൺഗ്രസ് അംഗങ്ങളുടെ നടപടി കൂറുമാറ്റ നിരോധന നിയമത്തിന്റെ ലംഘനമാണെന്ന ഹർജിക്കാരന്റെ വാദം കമ്മീഷൻ അംഗീകരിച്ചു. ഹർജിക്കാരനുവേണ്ടി അഡ്വ. എസ്. പി. സോഹൻലാലാണ് കമ്മീഷന് മുമ്പിൽ വാദിച്ചത്.

*(എസ്.ഇ.സി. 08/2015)*

## കേരള കോൺഗ്രസ് ജേക്കബ് വിഭാഗത്തിന് തിരഞ്ഞെടുപ്പ് ചിഹ്നം അനുവദിച്ചു

കേരള കോൺഗ്രസ് ജേക്കബ് വിഭാഗത്തിന് ബാറ്ററി ടോർച്ച് ചിഹ്നം അനുവദിച്ച് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഉത്തരവായി. ജേക്കബ് വിഭാഗം കേരള കോൺഗ്രസ് ചെയർമാൻ അഡ്വ. ജോണി നെല്ലൂർ നൽകിയ അപേക്ഷയിന്മേലാണ് കമ്മീഷന്റെ നടപടി. കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ ചിഹ്നം അനുവദിച്ചിട്ടില്ലാത്ത രാഷ്ട്രീയകക്ഷികൾക്ക് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ അനുവദിക്കപ്പെടുന്ന ചിഹ്നങ്ങളിൽ നിന്ന് അവരുടെ താത്പര്യപ്രകാരമുള്ളത് സംസ്ഥാനത്ത് ഒട്ടാകെ അനുവദിക്കുന്നതിനുള്ള കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വ്യവസ്ഥകൾ പ്രകാരമാണ് കഴിയുന്നതും ബാറ്ററി ടോർച്ച് ചിഹ്നം അനുവദിക്കണമെന്ന് കമ്മീഷൻ ബന്ധപ്പെട്ട തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്ക് ഉത്തരവ് നൽകിയിട്ടുള്ളത്. ജേക്കബ് വിഭാഗം കേരള കോൺഗ്രസിന് മുമ്പ് അനുവദിച്ചിരുന്ന വിള വെടുക്കുന്ന കർഷകൻ ചിഹ്നം അവർക്ക് നൽകിയിരുന്നത് റദ്ദാക്കികൊണ്ടും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഇതോടൊപ്പം ഉത്തരവായിട്ടുണ്ട്.

*(എസ്.ഇ.സി. 09/2015)*

| | | |
|---|---|---|
| GRAMS: KERELECOM<br>E-mail: electionker@gmail.com<br>Website: www.sec.kerala.gov.in | പത്രക്കുറിപ്പ് | TELEPHONE: 0471-2338288,2321233<br>FAX: 0471-2338288<br>0471-2334130 |
| | കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ | 13th March 2015 |

# ഏപ്രിൽ എട്ടിനുള്ള തദ്ദേശഭരണ ഉപതിരഞ്ഞെടുപ്പിന് വിജ്ഞാപനമായി

ഏപ്രിൽ എട്ടിനു നടക്കുന്ന 26 തദ്ദേശഭരണ മണ്ഡലങ്ങളിലേയ്ക്കുള്ള ഉപതിരഞ്ഞെടുപ്പിന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഇന്ന് (മാർച്ച് 13) വിജ്ഞാപനം പുറപ്പെടുവിച്ചു. മാർച്ച് 20 വരെ നാമ നിർദ്ദേശപത്രിക സമർപ്പിക്കാവുന്നതാണ്. സ്ഥാനാർത്ഥിത്വം പിൻവലിക്കാനുള്ള അവസാന തീയതി മാർച്ച് 23- ആണ്. വോട്ടെണ്ണലും ഫലപ്രഖ്യാപനവും ഏപ്രിൽ ഒൻപതിന് നടക്കും.

ഉപതിരഞ്ഞെടുപ്പ് നടക്കുന്ന തദ്ദേശഭരണ മണ്ഡലങ്ങൾ :

ആലുവ മുനിസിപ്പാലിറ്റി - സ്നേഹാലയം

ബ്ലോക്ക് പഞ്ചായത്തുകൾ : ജില്ല - ബ്ലോക്ക് പഞ്ചായത്ത്- മണ്ഡലം ക്രമത്തിൽ

തിരുവനന്തപുരം - ചിറയിൻകീഴ്- കടയ്ക്കാവൂർ, കോഴിക്കോട് - മേലടി - പുറക്കാട്,

ഗ്രാമപഞ്ചായത്തുകൾ : ജില്ല - ഗ്രാമപഞ്ചായത്ത് - മണ്ഡലം ക്രമത്തിൽ

തിരുവനന്തപുരം - മാറനല്ലൂർ- കിളിക്കോട്ടുകോണം, മാറനല്ലൂർ, കൊല്ലം- അലയമൺ- കരുകോൺ, കൊല്ലം - തൃക്കരുവ - കാഞ്ഞാവെളി, ഇടുക്കി- പാമ്പാടുംപാറ , താന്നിമൂട്, മുണ്ടിയെരുമ, തൂക്കുപാലം, മന്നാക്കുടി, എറണാകുളം- തുറവൂർ- തുറവൂർ വെസ്റ്റ്, എറണാകുളം- തിരുമാറാടി , മണ്ണത്തൂർപടിഞ്ഞാറ്, ഒലിയപ്പുറം വടക്ക്, തിരുമാറാടി വടക്ക് , എറണാകുളം - വാളകം- വാളകം, തൃശ്ശൂർ - അടാട്ട് - മുതുവറ, തൃശ്ശൂർ - മാള - ചക്കാംപറമ്പ്, പാലക്കാട് - കടമ്പഴിപ്പുറം - പുലാപ്പറ്റ, മലപ്പുറം - ഊർങ്ങാട്ടിരി - പനംപ്ലാവ്, മലപ്പുറം - ഏലംകുളം - കിഴുങ്ങത്തോൾ, കോഴിക്കോട് - തിക്കോടി - പുറക്കാട് , കണ്ണൂർപാപ്പിനിശ്ശേരി - പാപ്പിനിശ്ശേരി സെൻട്രൽ, കാസർഗോഡ് - പടന്ന - അഴിത്തല-ഓരി, കാസർകോഡ് - വലിയപറമ്പ - മാടക്കാൽ.

ഉപതിരഞ്ഞെടുപ്പ് നടക്കുന്ന ഗ്രാമപഞ്ചായത്തുകളിൽ ഒട്ടാകെയും ബ്ലോക്ക് പഞ്ചായത്തുകളിൽ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് മണ്ഡലങ്ങളിലും മുനിസിപ്പാലിറ്റിയിൽ തിരഞ്ഞെടുപ്പ് നടക്കുന്ന മണ്ഡലത്തിലും പെരുമാറ്റച്ചട്ടം ബാധകമാണ്.

*(എസ്.ഇ.സി. 07/2015)*

GRAMS:
KERELECOM
E-mail:
electionker@gmail.com
Website:
www.sec.kerala.gov.in

# പത്രക്കുറിപ്പ്

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

TELEPHONE:
0471-2338288,2321233
FAX: 0471-2338288
0471-2334130

10th March 2015

## കൂറുമാറ്റം : വർക്കല നഗരസഭ അദ്ധ്യക്ഷനും നാല് കൗൺസിലർമാർക്കും അയോഗ്യത

കൂറുമാറ്റ നിരോധനനിയമം ലംഘിച്ചതിന് വർക്കല മുനിസിപ്പൽ ചെയർപേഴ്സൺ സൂര്യപ്രകാശിനേയും നാല് കൗൺസിലർമാരെയും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ കെ. ശശിധരൻ നായർ അയോഗ്യരാക്കി.

കൗൺസിലിലെ മറ്റൊരംഗമായ എൻ. അശോകൻ സമർപ്പിച്ച ഹർജിയിലാണ് സൂര്യപ്രകാശിനു പുറമേ കോൺഗ്രസ് അംഗങ്ങളായ എ. ദാവൂദ്, പി.എസ്. വിനയകുമാരി, കെ.ജി. സുരേഷ്, എസ്. സനൂഷ് എന്നിവരെ അയോഗ്യരാക്കിയത്.

കഴിഞ്ഞ പൊതുതിരഞ്ഞെടുപ്പിൽ നഗരസഭയിൽ യു.ഡി.എഫിനു ഭൂരിപക്ഷം ലഭിച്ചപ്പോൾ, ചെയർപേഴ്സണായി കോൺഗ്രസിലെ സൂര്യപ്രകാശ് തിരഞ്ഞെടുക്കപ്പെട്ടു. പിന്നീട് പാർട്ടിയിലെ മറ്റംഗങ്ങളുടെ പരാതിയെ തുടർന്ന് ചെയർപേഴ്സൺ സ്ഥാനമൊഴിയാൻ സൂര്യപ്രകാശിനോട് പാർട്ടി നിർദ്ദേശിച്ചെങ്കിലും അദ്ദേഹം വിസമ്മതിച്ചു. തുടർന്ന് യു.ഡി.എഫ് തന്നെ സൂര്യപ്രകാശിനെതിരെ അവിശ്വാസപ്രമേയം കൊണ്ടുവന്നെങ്കിലും അദ്ദേഹവും മറ്റ് രണ്ട് കോൺഗ്രസ് അംഗങ്ങളും വോട്ടെടുപ്പിൽ നിന്ന് വിട്ടു നിന്നു. അവിശ്വാസപ്രമേയം പാസായതിനെത്തുടർന്ന് ചെയർപേഴ്സൺ സ്ഥാനത്തേയ്ക്ക് വീണ്ടും തിരഞ്ഞെടുപ്പ് നടന്നപ്പോൾ കോൺഗ്രസ് ഔദ്യോഗിക സ്ഥാനാർത്ഥിയായ എ.എ. റൗഫിനെതിരെ, വിമതകൗൺസിലർമാരുടേയും എൽ.ഡി.എഫിന്റേയും പിന്തുണയോടെ മത്സരിച്ച് സൂര്യപ്രകാശ് വീണ്ടും വിജയിക്കുകയായിരുന്നു. കോൺഗ്രസ് ടിക്കറ്റിൽ മത്സരിച്ച് ജയിച്ചശേഷം എതിർപക്ഷത്തിന്റെ പിന്തുണയോടെ ഔദ്യോഗിക സ്ഥാനാർത്ഥിക്കെതിരെ മത്സരിച്ച നടപടി കൂറുമാറ്റമാണെന്ന് വിലയിരുത്തിയ കമ്മീഷൻ സൂര്യപ്രകാശിനേയും അദ്ദേഹത്തെ പിന്തുണച്ച വിമതകൗൺസിലർമാരെയും അയോഗ്യരാക്കി. ഇവരെ തദ്ദേശഭരണ തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിൽ നിന്ന് ആറു വർഷത്തേയ്ക്ക് വിലക്കിയിട്ടുണ്ട്.

*(എസ്.ഇ.സി. 06/2015)*

GRAMS: KERELECOM
E-mail: electionker@gmail.com
Website: www.sec.kerala.gov.in

# പത്രക്കുറിപ്പ്

TELEPHONE: 0471-2338288,2321233
FAX: 0471-2338288
0471-2334130

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

11th February 2015

## കൂറുമാറ്റത്തിന് ഏഴു ഗ്രാമപഞ്ചായത്തംഗങ്ങളെ അയോഗ്യരാക്കി

കൂറുമാറ്റ നിരോധന നിയമം ലംഘിച്ച തൃശൂർ പനച്ചേരി ഗ്രാമപഞ്ചായത്തിലെ ഏഴ് അംഗങ്ങളെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ കെ. ശശിധരൻ നായർ ഇന്ന് (ഫെബ്രുവരി 11) അയോഗ്യരാക്കി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിൽനിന്ന് ഇവരെ ആറു വർഷത്തേക്ക് വിലക്കിയിട്ടുമുണ്ട്. പനച്ചേരി ഗ്രാമപഞ്ചായത്ത് മുൻ പ്രസിഡന്റ് പി.വി. പത്രോസ് സമർപ്പിച്ച ഏഴു വ്യത്യസ്ത ഹർജിയിന്മേലാണ് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ പൊതുവിധി ന്യായം പ്രസ്താവിച്ചത്.

തിരഞ്ഞെടുപ്പിൽ യു.ഡി.എഫ് സ്ഥാനാർത്ഥികളായി നിന്ന് വിജയിച്ച എം.ടി. സന്ദീപ്, റോയി കെ. ദേവസ്സി, കെ.പി. ചാക്കോച്ചൻ, റോസിലി, ഏലിയാമ്മ, ശകുന്തള ഉണ്ണികൃഷ്ണൻ, സിന്ധു സുരേഷ് എന്നിവർക്കാണ് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ അയോഗ്യത കൽപിച്ചത്. പനച്ചേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റായിരുന്ന യു.ഡി.എഫ്-ലെ പി.വി. പത്രോസിനെതിരെ പാർട്ടി നിർദ്ദേശമില്ലാതെ ഇവർ അവിശ്വാസപ്രമേയം അവതരിപ്പിച്ചിരുന്നു. പ്രമേയം ചർച്ച ചെയ്യുന്ന യോഗത്തിൽ നിന്നും വിട്ടു നിൽക്കണമെന്ന പാർട്ടി വിപ്പ് ലംഘിച്ച് ഇവർ അവിശ്വാസപ്രമേയത്തെ അനുകൂലിച്ചതിനെ തുടർന്ന് പ്രമേയം പസ്സാക്കുകയും പി.വി. പത്രോസ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സ്ഥാനത്തുനിന്നും നീക്കം ചെയ്യപ്പെടുകയുമുണ്ടായി. പഞ്ചായത്തംഗങ്ങളുടെ ഈ നടപടി കൂറുമാറ്റ നിരോധനനിയമത്തിന്റെ ലംഘനമാണെന്ന ഹർജിക്കാരന്റെ വാദം കമ്മീഷൻ അംഗീകരിച്ചു. അഡ്വക്കേറ്റുമാരായ വി. ഭുവനചന്ദ്രൻ നായരും, ആർ. രവീന്ദ്രൻ നായരുമാണ് ഹർജിക്കാരനുവേണ്ടി തിരഞ്ഞെടുപ്പ് കമ്മീഷനു മുമ്പിൽ ഹാജരായത്.

*(എസ്.ഇ.സി. 05/2015)*

| GRAMS:<br>KERELECOM<br>E-mail:<br>electionker@gmail.com<br>Website:<br>www.sec.kerala.gov.in | പത്രക്കുറിപ്പ് | TELEPHONE:<br>0471-2338288,2321233<br>FAX: 0471-2338288<br>0471-2334130 |
|---|---|---|
| | കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ | 4th February 2015 |

## സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിൽ ഹാജരാകാതിരുന്നതിന് അയോഗ്യനാക്കി

കൊല്ലം പെരിനാട് ഗ്രാമപപഞ്ചായത്ത് അംഗം വൈ. ആന്റണിയെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ കെ. ശശിധരൻ നായർ അയോഗ്യനാക്കി. പെരിനാട് ഗ്രാമപഞ്ചായത്തിലെ ക്ഷേമകാര്യ സമിതി അംഗമായിരുന്ന വൈ. ആന്റണി അടുത്തടുത്ത മൂന്നു മാസങ്ങളിൽ നടന്ന കമ്മിറ്റി യോഗങ്ങളിൽ തുടർച്ചയായി മൂന്നു തവണ ഹാജരാകാതിരുന്നതിനെ തുടർന്ന് കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 35(കെ) വകുപ്പ് പ്രകാരമാണ് അയോഗ്യനാക്കപ്പെട്ടിട്ടുള്ളത്. അതെ ഗ്രാമപഞ്ചായത്തിലെ മറ്റൊരംഗമായ കെ. സുരേഷ് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനു നൽകിയ ഹർജിയിന്മേലാണ് നടപടി. ഹർജിക്കാരനു വേണ്ടി അഡ്വ. പാരിപ്പള്ളി ആർ. രവീന്ദ്രൻ ഹാജരായി.

*(എസ്.ഇ.സി. 04/2015)*

GRAMS:
KERELECOM
E-mail:
electionker@gmail.com
Website:
www.sec.kerala.gov.in

# പത്രക്കുറിപ്പ്

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

TELEPHONE:
0471-2338288,2321233
FAX: 0471-2338288
0471-2334130

29th January 2015

## തദ്ദേശഭരണ ഉപതിരഞ്ഞെടുപ്പ് ഫലം

ജനുവരി 28-നു നടന്ന ഉപതിരഞ്ഞെടുപ്പിൽ യു.ഡി.എഫ് ആറു സീറ്റിലും എൽ.ഡി.എഫ് നാല് സീറ്റിലും വിജയിച്ചു.

**വിജയിച്ചവരുടെ വിശദാംശങ്ങൾ**

| ജില്ല | തദ്ദേശഭരണ സ്ഥാപനം | മണ്ഡലം | വിജയി | കക്ഷി ബന്ധം | ഭൂരി പക്ഷം |
|---|---|---|---|---|---|
| പത്തനംതിട്ട | ജി. 39 വള്ളിക്കോട് | 08 കിടങ്ങോത്ത് | ലിസി ജോൺസൺ | INC | 129 |
| കോട്ടയം | എം. 16 ചങ്ങനാശ്ശേരി | 21 പെരുന്ന അമ്പലം | സൂര്യ നായർ | IND-CPI(M) | 89 |
| ഇടുക്കി | ബി. 58 ഇടുക്കി | 07 കാമാക്ഷി | ഷേർളി ജോസഫ് | INC | 794 |
| ഇടുക്കി | ജി.48 പെരുവന്താനം | 08 മൂഴിക്കൽ | അയ്യപ്പൻ | INC | 91 |
| എറണാകുളം | ജി.21 രായമംഗലം | 09 കീഴില്ലം വെസ്റ്റ് | ജ്യോതിഷ് കുമാർ | CPI(M) | 176 |
| പാലക്കാട് | ജി. 17 അനങ്ങനടി | 09 പത്തംകുളം | ഒ. സെയ്തലവി | IND | 156 |
| മലപ്പുറം | ബി. 110 മലപ്പുറം | 12 പുത്തൂർ | ശ്യാമള വേലായുധൻ | INC | 354 |
| കണ്ണൂർ | ജി.78 മുഴക്കുന്ന് | 13 നല്ലൂർ | രാമകഷ്ണൻ കാവുംചാലിൽ | INC | 143 |
| കാസർഗോഡ് | ജി.23 അജാനൂർ | 04 മഡിയൻ | എം.എം. അബ്ദുൾ റഹിമാൻ | IUML | 424 |
| കാസർഗോഡ് | ജി. 23 അജാനൂർ | 21 ചിത്താരി | ബി. രാമകൃഷ്ണൻ | IUML | 714 |

ഇടുക്കി ബ്ലോക്ക് പഞ്ചായത്തിലെ കാമാക്ഷി നിയോജകമണ്ഡലത്തിലെ ഗവ. എൽ.പി.എസ്. കരിക്കിൻമേട് എന്ന ബൂത്തിൽ ഉപയോഗിച്ച ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രം തകരാറിലായതിനെ തുടർന്ന് പ്രസ്തുത ബൂത്തിലെ വോട്ടുകൾ ഒഴിവാക്കിയാണ് ഫലം പ്രഖ്യാപിച്ചിട്ടുള്ളത്. പ്രസ്തുത മണ്ഡലത്തിൽ ഷേർളി ജോസഫിന് തൊട്ടടുത്ത എതിർ സ്ഥാനാർത്ഥിയായ ഐ.എൻ.സി. യിലെ മിനി ജയനേക്കാൾ 794 വോട്ടുകൾ ലഭിച്ചു. വോട്ടിംഗ് യന്ത്രം തകരാറിലായ ബൂത്തിലെ മൊത്തം വോട്ടർമാരുടെ എണ്ണം 484 ആയതിനാലാണ് ഷേർളി ജോസഫ് വിജയിച്ചതായി പ്രഖ്യാപിച്ചത്.

*(എസ്.ഇ.സി. 03/2015)*

GRAMS:
KERELECOM
E-mail:
electionker@gmail.com
Website:
www.sec.kerala.gov.in

# പത്രക്കുറിപ്പ്

TELEPHONE:
0471-2338288,2321233
FAX: 0471-2338288
0471-2334130

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

20th January 2015

## കൂറുമാറ്റം : കുന്നത്തൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിനെ അയോഗ്യയാക്കി

കൂറുമാറ്റ നിരോധന നിയമം ലംഘിച്ചതിന് കൊല്ലം ജില്ലയിലെ കുന്നത്തൂർ ഗ്രാമപഞ്ചായത്ത പ്രസിഡന്റ് തങ്കച്ചി സദാനന്ദനെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ കെ. ശശിധരൻ നായർ അയോഗ്യയാക്കി. കുന്നത്തൂർ ഗ്രാമപഞ്ചായത്ത് വൈസ്പ്രസിഡന്റ് കൂടിയായ ബി. സജീവ്, അഡ്വ. കെ. വിനയകുമാർ മുഖേന നൽകിയ ഹർജിയിലാണ് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണറുടെ നടപടി.

എൽ.ഡി.ഡി.എഫ് പിന്തുണയോടെ തിരഞ്ഞെടുക്കപ്പെട്ട തങ്കച്ചി സദാനന്ദൻ കഴിഞ്ഞ വർഷം ജൂൺ ഒൻപതിന് നടന്ന പഞ്ചായത്ത് പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ എൽ.ഡി.എഫ് വിപ്പ് ലംഘിച്ച് യു.ഡി.എഫ് പിന്തുണയോടെ ഗ്രാമപഞ്ചായത്ത് പ്രസിഡന്റായ നടപടി കൂറുമാറ്റമാണെന്ന ഹർജിക്കാരന്റെ വാദം കമ്മീഷൻ അംഗീകരിച്ചു. ഇതിനെ തുടർന്നാണ് ഇവർക്ക് അയോഗ്യത കൽപ്പിച്ചിട്ടുള്ളത്. തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിൽ നിന്ന് ഇവരെ ആറുവർഷത്തേയ്ക്ക് വിലക്കിയിട്ടുണ്ട്.

*(എസ്.ഇ.സി. 02/2015)*

GRAMS:
KERELECOM
E-mail:
electionker@gmail.com
Website:
www.sec.kerala.gov.in

# പത്രക്കുറിപ്പ്

TELEPHONE:
0471-2338288,2321233
FAX: 0471-2338288
0471-2334130

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

16th January 2015

## ജനുവരി 18 – ന് മംഗലപുരം പഞ്ചായത്തിൽ മോക്ക് പോൾ നടത്തും

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ജനുവരി 18 ന് രാവിലെ 10.30 മുതൽ 12.30 വരെ മംഗലപുരം ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ മോക്ക് പോൾ നടത്തുന്നതാണ്. വരുന്ന പൊതുതിരഞ്ഞെടുപ്പിൽ ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ ഉപയോഗിച്ച് മൂന്നു തലത്തിലുള്ള പഞ്ചായത്തുകളിലേയ്ക്കും ഒരേ സമയം വോട്ടെടുപ്പ് നടത്തുന്നതിന്റെ ഭാഗമായിട്ടാണ് മോക്ക് പോൾ നടത്തുന്നത്. പോളിംഗ് സ്റ്റേഷനുകളിൽ വോട്ടെടുപ്പിന് ആവശ്യമായി വരുന്ന സമയം നിർണ്ണയിക്കുന്നതിനും വോട്ടിംഗ് മെഷീന്റെ പ്രവർത്തനങ്ങൾ അപഗ്രഥിക്കുന്നതിനും മോക്ക് പോൾ ഉപകരിക്കും. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ ഈ സംരംഭ ത്തിൽ മംഗലപുരം പഞ്ചായത്ത് വാസികൾക്ക് പങ്കെടുക്കാവുന്നതാണ്. മോക്ക് പോളിന് പഞ്ചായത്തിലെ രാഷ്ട്രീയ കക്ഷിപ്രതിനിധികളുടെയും, ഉദ്യോഗസ്ഥരുടെയും, പൊതുജനങ്ങളുടെയും സഹകരണം കമ്മീ ഷൻ അഭ്യർത്ഥിച്ചു.

മോക്ക് പോൾ നടക്കുന്ന കേന്ദ്രത്തിൽ ഇലക്ട്രോണിക് വോട്ടിംഗ് മെഷീന്റെ ഭാഗമായ ഒരു കൺട്രോൾ യൂണിറ്റും ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് വെവ്വേറെ ബാലറ്റ് യൂണിറ്റുകളും സജ്ജമാ ക്കുന്നതാണ്. വോട്ട് ചെയ്യുന്നതിനായി പ്രത്യേകം തയ്യാറാക്കുന്ന സ്ഥലത്ത് ഗ്രാമ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചാ യത്ത്, ജില്ലാ പഞ്ചായത്ത് എന്നീ ക്രമത്തിൽ മൂന്ന് ബാലറ്റ് യൂണിറ്റുകൾ സജ്ജീകരിക്കും. ഒരോ തലത്തി ലുമുള്ള ബാലറ്റ് യൂണിറ്റിൽ ഒരു സ്ഥാനാർത്ഥിക്ക് വോട്ട് രേഖപ്പെടുത്തുമ്പോൾ ആ സ്ഥാനാർത്ഥിയുടെ പേരിന് നേരെ ഒരു ചുവപ്പ് ലൈറ്റ് തെളിയും. ഇപ്രകാരം മൂന്ന് ബാലറ്റ് യൂണിറ്റുകളിലും വോട്ട് രേഖപ്പെടു ത്തണം. മൂന്നാമത്തെ ബാലറ്റ് യൂണിറ്റിൽ വോട്ട് പൂർത്തിയാകുമ്പോൾ ഒരു നീണ്ട ബീപ് ശബ്ദം കേൾക്കും. ഇതോടെ ഗ്രാമ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നീ മൂന്ന് തലങ്ങളിലേയ്ക്കും വോട്ടിംഗ് പൂർത്തിയാകുന്നതാണ്.

സംസ്ഥാനത്ത് ഈ വർഷം നടക്കുന്ന പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ എല്ലാ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിലും ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ ഉപയോഗിച്ച് തിരഞ്ഞെടുപ്പ് നടത്താൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ തീരുമാനിച്ചിട്ടുണ്ട്. മൂന്ന് തലങ്ങളിലേക്കും ഒരേ സമയം ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ ഉപയോഗിക്കുന്നതിനാൽ സുഗമമായ വോട്ടെടുപ്പ് നടത്തുന്നതിനും അസാധു വോട്ടുകൾ ഇല്ലാതാ ക്കുന്നതിനും സാധിക്കും. ഫല പ്രഖ്യാപനം വളരെ വേഗത്തിൽ നടത്താനും കഴിയും.

*(എസ്.ഇ.സി. 01/2015)*